Newspaper for Malayalees Worldwide ♦Estd.2020

# വാചകം
VACHAKAM

CHICAGO
VOL.4 / ISSUE 14 / PAGES 32
02
ഒക്ടോബർ 2024
ബുധനാഴ്ച
1200 കന്നി 16

www.vachakam.com
news@vachakam.com

01 America | 11 Canada | 12 Keralam | 17 India | 20 Socialmedia | 23 Cinema | 26 Sports | 29 Technology | 30 World



## ഇറാനെതിരെ പുതിയ ഉപരോധത്തിന് ജി 7

# ആണവകേന്ദ്രങ്ങളിൽ ആക്രമണം വേണ്ടെന്ന് ബൈഡൻ

വാഷിംഗ്ടൺ: ഇസ്രായേലിനെതിരായ ഇറാന്റെ മിസൈൽ ആക്രമണത്തെ അപലപിച്ച് അമേരിക്കയും ജി 7 രാജ്യങ്ങളും. ഇറാന്റെ ആക്രമണത്തെക്കുറിച്ച് ചർച്ച ചെയ്യാനും പുതിയ ഉപരോധങ്ങൾ ഉൾപ്പെടുന്ന തിരിച്ചടി ഏകോപിപ്പിക്കാനും പ്രസിഡന്റ് ജോ ബൈഡൻ ജി7 നേതാക്കളുമായി സംസാരിച്ചു.ഇറാൻ ഗതി തെറ്റി എന്ന് ജി7 നേതാക്കളുമായുള്ള ചർച്ചയിൽ ബൈഡൻ പറഞ്ഞു. അതേസമയം ഇറാന്റെ ആണവ കേന്ദ്രങ്ങൾക്കെതിരായ ആക്രമണത്തെ താൻ പിന്തുണയ്ക്കുന്നില്ലെന്നും അദ്ദേഹം സ്ഥിരീകരിച്ചു. ഇസ്രായേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹുവുമായി ഉടൻ സംസാരിക്കുമെന്നും ബൈഡൻ കൂട്ടിച്ചേർത്തു.ചൊവ്വാഴ്ച ഇറാൻ ഇസ്രായേലിലേക്ക് 180 ലധികം മിസൈലുകൾ വിക്ഷേപിച്ചതിന് ശേഷം മിഡിൽ ഈസ്റ്റ് പ്രാദേശിക യുദ്ധത്തിന്റെ വക്കിലാണ്. ഇസ്ര

ശേഷം പേജ് 8ൽ



## ഹെലൻ ചുഴലിക്കാറ്റ്: ഹൃദയാഘാതമരണങ്ങൾക്ക്

# കാരണമാകുമെന്ന് പഠനം



മയാമി: ഹെലൻ ചുഴലിക്കൊടുങ്കാറ്റിലും ഇതിനോടനുബന്ധിച്ചുള്ള കനത്ത മഴയിലും അമേരിക്കയിലെ തെക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ മരിച്ചവരുടെ എണ്ണം 180 ആയി.നോർത്ത് കരോലിനയിൽ 91 പേരാണ് മരിച്ചത്.സൗത്ത് കരോലിനയിൽ 36 പേർക്ക് ജീവൻ നഷ്ടമായി. ജോർജിയയിൽ 25 പേരും ഫ്ലോറിഡയിൽ 17 പേരും ടെന്നേസിയിൽ ഒൻപത് പേരുമാണ് മരിച്ചത്. വിർജിനിയയിൽ രണ്ട് പേർ മരിച്ചു. ചുഴലിക്കാറ്റിനൊപ്പം മറ്റ് അനുബന്ധ രോഗങ്ങളും മരണസംഖ്യ ഇനിയും വർധിപ്പിക്കുമെന്നാണ് പഠനങ്ങൾ സൂചിപ്പിക്കുന്നത്.1930 മുതലുള്ള ഉഷ്ണമേഖലാ കൊടുങ്കാറ്റുകൾ യുഎസിൽ 3.6 ദശലക്ഷത്തിനും 5.2 ദശ

ശേഷം പേജ് 8ൽ

**രണ്ട് സത്യാനന്തരകാലകഥകൾ**
(സി.രാധാകൃഷ്ണൻ എഴുതുന്നു) - പേജ് 05

**കേരളത്തിൽ ഉദ്യോഗം കിനാവിൽ: കണക്കുകളുമായി കേന്ദ്ര സർവേ** പേജ് 15

**അൻവർ എന്ന കോടാലിയും പിണറായി എന്ന പുലിമുരുകനും; സി.പി.എം നേതൃത്വം അമ്പരപ്പിൽ** പേജ് 22

**അനുദിനം പ്രസക്തി ഏറിവരുന്ന ഗാന്ധി** പേജ് 25

**വംശീയ വിദ്വേഷത്തിന്റെ ഇരുണ്ട ചരിത്രത്തിന് വിട** പേജ് 25

ഇ-പേപ്പർ വായിക്കുന്നതിനും ഏറ്റവും പുതിയ വാർത്തകൾ അറിയുന്നതിനും സന്ദർശിക്കുക www.vachakam.com

വാട്ട്സ്ആപ്പ് ഗ്രൂപ്പിൽ അംഗമാകുന്നതിന് ക്യു ആർ കോഡ് സ്കാൻ ചെയ്യൂ

# ചൈനയിൽ നിന്നുള്ള സ്റ്റീൽ, മധുര പലഹാരങ്ങൾ എന്നിവയ്ക്ക് നിരോധനവുമായി യുഎസ്

വാഷിംഗ്ടൺ: ചൈനീസ് സ്റ്റീൽ നിർമ്മാതാക്കളിൽ നിന്നും കൃത്രിമ മധുര പലഹാര നിർമ്മാതാക്കളിൽ നിന്നും സാധനങ്ങൾ ഇറക്കുമതി ചെയ്യുന്നത് നിരോധിക്കുമെന്ന് യുഎസ് ആഭ്യന്തര സുരക്ഷാ വകുപ്പ്. ഇത്തരം തൊഴിലാളികളെ നിർബന്ധിത വേല ചെയ്യിക്കുന്നുവെന്ന റിപ്പോർട്ടുകൾ പ്രചരിക്കുന്നതിനിടെയാണ് യുഎസിന്റെ തീരുമാനം.



ഉയ്ഗൂർ നിർബന്ധിത ലേബർ പ്രിവൻഷൻ ആക്ടിന് കീഴിൽ ഇതാദ്യമായാണ് ഒരു ചൈന ആസ്ഥാനമായുള്ള സ്റ്റീൽ കമ്പനിയെയോ അസ്പാർട്ടേം സ്വീറ്റനർ ബിസിനസ്സിനെയോ യുഎസ് നിയമപാലകർ ലക്ഷ്യമിടുന്നതെന്ന് ഡിഎച്ച്എസ് അറിയിച്ചു.

'ഈ പ്രവർത്തിയിലൂടെ യു.എസ്. വിതരണ ശൃംഖലകളിൽ നിന്ന് നിർബന്ധിത വേല ഇല്ലാതാക്കുന്നതിനും എല്ലാവർക്കുമായുള്ള മനുഷ്യാവകാശ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്നതിലെ ഞങ്ങളുടെ പ്രതിബദ്ധത വീണ്ടും ഉറപ്പിക്കുന്നു,' പോളിസി ഫോർ ഹോംലാൻഡ് സെക്യൂരിറ്റിയുടെ അണ്ടർ സെക്രട്ടറി റോബർട്ട് സിൽവേഴ്സ് പറഞ്ഞു.

സിൻജിയാങ്ങിലെ വംശീയ ഉയ്ഗൂർ ഗ്രൂപ്പിലെ അംഗങ്ങൾക്കും മറ്റ് മുസ്ലീം ന്യൂനപക്ഷങ്ങൾക്കും എതിരെ ബീജിംഗ് നടത്തിയ മനുഷ്യാവകാശ ലംഘനങ്ങൾക്കെതിരെ 2021ൽ പ്രസിഡന്റ് ജോ ബൈഡൻ ഫെഡറൽ നിയമത്തിൽ ഒപ്പുവച്ചിരുന്നു. ചൈനീസ് ഗവൺമെന്റ് ഈ അവകാശവാദങ്ങൾ നുണകളാണെന്ന് പറഞ്ഞ് നിഷേധിച്ചിരുന്നു.

2022 ജൂൺ മുതൽ, സിൻജിയാങ്ങിൽ നിർബന്ധിത തൊഴിലാളികളെ ഉപയോഗിച്ചെന്നോ നിർബന്ധിത തൊഴിലാളികളുമായി ബന്ധിപ്പിച്ചിട്ടുള്ള സാമഗ്രികൾ ഉപയോഗിച്ചെന്നോ ആരോപിക്കപ്പെടുന്ന മൊത്തം 75 കമ്പനികളെ നിരോധന ലിസ്റ്റിൽ യുഎസ് ചേർത്തിട്ടുണ്ട്.

## American Diary — 50 Years Ago

### Frank Robinson Is First Black Manager



CLEVELAND: With the poise that has characterized his career as a slugger of 574 home runs and as a clubhouse leader, Frank Robinson was named today by the Cleveland Indians as major league baseball's first black manager. He received a one-year contract.

At a crowded news conference in Cleveland Stadium, a congratulatory telegram from President Ford was read by Phil Seghi, the Indian' general manager, who chose the 39-year-old Robinson to succeed Ken Aspromonte as the American League team's 28th manager and ninth playermanager, the most of any major league team.

President Ford described Robinson's selection as "welcome news for baseball fans across the nation" and a "tribute to you personally, to your athletic skills and to your unsurpassed leadership." Attending the news conference were Bowie Kuhn, the Commissioner of Baseball, and Lee MacPhail, the president of the American League.

October 03, 1974

# 2006ന് ശേഷം ബെയ്റൂട്ടിൽ ആക്രമണം കടുപ്പിച്ച് ഇസ്രായേൽ; കൂട്ടപ്പലായനം

ബെയ്റൂട്ട്: ലെബനോൻ തലസ്ഥാനമായ ബെയ്റൂട്ടിൽ വ്യോമാക്രമണം ശക്തമാക്കി ഇസ്രായേൽ. ആറ് പേർ മരിച്ചെന്ന് റിപ്പോർട്ട്. ബുധനാഴ്ച തെക്കൻ ലെബനനിൽ ഇസ്രായേൽ സൈന്യവും ഹിസ്ബുല്ലയുമായുണ്ടായ ഏറ്റുമുട്ടലിൽ എട്ട് ഇസ്രായേൽ സൈനികർ കൊല്ലപ്പെട്ടതിന് പിന്നാലെയാണ് ശക്തമായ വ്യോമാക്രമണം ഉണ്ടായത്.



2006 നു ശേഷം ഹിസ്ബുള്ളയും ഇസ്രായേൽ സൈന്യവും തമ്മിൽ നടക്കുന്ന ശക്തമായ ആക്രമണമാണിത്. യുദ്ധ ഭീതിമൂലം ആയിരക്കണക്കിന് ആളുകൾ ലെബനനിൽ നിന്ന് പലായനം ചെയ്തു.

ഹിസ്ബുള്ളയ്ക്കെതിരെ ഇസ്രായേൽ സൈന്യം തെക്കൻ ലെബനനിലേക്ക് കര ഓപ്പറേഷൻ ആരംഭിച്ചതിന് പിന്നാലെ ഇസ്രായേൽ വ്യോമാക്രമണത്തിൽ നിന്ന് രക്ഷപ്പെട്ട ലെബനൻ പൗരന്മാരെ വഹിച്ചുകൊണ്ടുള്ള വിമാനങ്ങൾ സൈപ്രസിൽ എത്തിയിട്ടുണ്ട്.

കഴിഞ്ഞയാഴ്ച ഹിസ്ബുല്ല നേതാവ് ഹസൻ നസ്രല്ല കൊല്ലപ്പെട്ട ദഹിയെയുടെ തെക്കൻ പ്രാന്തപ്രദേശത്തും ഇസ്രായേൽ ശക്തമായ ആക്രമണം നടത്തി. കഴിഞ്ഞ ദിവസമാണ് ലെബനനിൽ ഹിസ്ബുള്ളയുമായുള്ള ഏറ്റുമുട്ടലിൽ എട്ട് സൈനികർ കൊല്ലപ്പെട്ടതായും ഏഴ് പേർക്ക് ഗുരുതരമായി പരുക്കേറ്റതായും ഇസ്രയേൽ ഡിഫെൻസീവ് ഫോഴ്സ് (ഐഡിഎഫ്) അറിയിച്ചത്. ലെബനൻ അതിർത്തി നഗരമായ മെറൂൺ എൽ റാസിൽ റോക്കറ്റുകൾ ഉപയോഗിച്ച് ഇസ്രയേലിന്റെ മൂന്ന് മെർക്കാവ ടാങ്കറുകൾ തകർത്തതായി ഹിസ്ബുള്ളയും അറിയിച്ചിരുന്നു.

അതേസമയം ഇറാന്റെ മിസൈൽ ആക്രമണത്തിന് തിരിച്ചടി നൽകുമെന്ന് ഇസ്രയേലിന്റെ സൈനിക മേധാവി അറിയിച്ചു. 'ഞങ്ങൾ പ്രതികരിക്കും. സുപ്രധാന കേന്ദ്രങ്ങൾ ലക്ഷ്യമാക്കാനും കൃത്യയോടെയും ശക്തിയോടെയും തിരിച്ചടിക്കാനും ഞങ്ങൾക്ക് കഴിയും,' ജെനറൽ സ്റ്റാഫ് ഹെർസി ഹലെവി വ്യക്തമാക്കി.

അതോടൊപ്പം രാജ്യത്ത് ഇസ്രായേൽ സൈനിക ആക്രമണം സൃഷ്ടിച്ച ആഭ്യന്തര അഭയാർത്ഥി പ്രതിസന്ധി പരിഹരിക്കാൻ ലെബനൻ കോടിക്കണക്കിന് ഡോളർ സഹായം അഭ്യർത്ഥിക്കുന്നു. ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി 427 മില്യൺ ഡോളറാണ് ആവശ്യപ്പെടുന്നത്.

Published from Chicago by Vachakam Ltd, 1001 E. Chicago Ave. Ste.151, Naperville Illinois 60540, USA. (Corporate Office).

Chairman & CEO: Jose Chennikkara
Vice Chairman and CEO:
Cyril Chennikkara
Editor: Joshy George
Online Editor: Robins Antony
Overseas Operations Director:
Rosy John.
Contributors:
C. Radhakrishnan
Dr. Sebastian Paul
N.P. Chekutty
Sergey Antony
Antony Chadayammury
Babu Kadalikad

Phone: 1-773-888-2242, 1-773-842-9149
1-773-888-2243 (WhatsApp)
E-Mail: news@vachakam.com
vachakamonline@gmail.com
website www.vachakam.com
(A newspaper (print & online) for Malayalees worldwide)
Cost $1.00 per copy

**Phone Number: 1-773-888-2242**
**1-773-842-9149**
**Email: vachakamonline@gmail.com**

**E-Paper reading**
**visit vachakam.com**

Disclaimer
Vachakam limited assumes no liability for claims assumptions made in advertisements, advertorial & articles.



## ട്രംപിന്റെ തിരഞ്ഞെടുപ്പ് കേസ്; ജാക്ക് സ്മിത്തിന്റെ റിപ്പോർട്ടിലെ സുപ്രധാന വിവരങ്ങൾ പരസ്യമാക്കി യുഎസ് ജില്ലാ ജഡ്ജി

വാഷിംഗ്ടൺ: ട്രംപിന്റെ 2020 ലെ തിരഞ്ഞെടുപ്പ് കേസിൽ പ്രത്യേക അഭിഭാഷകൻ ജാക്ക് സ്മിത്തിന്റെ പ്രധാന ഫയലിംഗിൽ നിന്നുള്ള സുപ്രധാന കാര്യങ്ങൾ പരസ്യമാക്കി യുഎസ് ജില്ലാ ജഡ്ജി താന്യ ചുട്കൻ. 2020 ലെ തിരഞ്ഞെടുപ്പ് അട്ടിമറിക്കാനുള്ള ശ്രമങ്ങളെക്കുറിച്ചുള്ള മുൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപിനെതിരായ അന്വേഷണവുമായി ബന്ധപ്പെട്ട തെളിവുകൾ ഉൾപ്പെടുന്ന പ്രത്യേക ഫയലിലെ സുപ്രധാന വിവരങ്ങളാണ് ജഡ്ജി പരസ്യമാക്കിയത്.

ഏറെ പ്രതീക്ഷയോടെ കാത്തിരിക്കുന്ന 165 പേജുള്ള ഫയലിംഗ്, ഫെഡറൽ പ്രോസിക്യൂട്ടർമാർ അവരുടെ കേസിൽ ശേഖരിച്ച തെളിവുകളുടെ ഏറ്റവും സമഗ്രമായ രൂപമാണ്. ഫെഡറൽ ചാർജുകളിൽ നിന്ന് ട്രംപിന് ഒരു പരിധി വരെ പ്രതിരോധത്തിന് അർഹതയുണ്ടെന്ന് കണ്ടെത്തിയ ജൂലൈയിൽ സുപ്രീം കോടതിയുടെ തീരുമാനം ഇതിൽ ഉൾപ്പെടുന്നു. പുതിയ സംക്ഷിപ്തത്തിൽ, ട്രംപിന്റെ പെരുമാറ്റം സ്വകാര്യ സ്വഭാവമുള്ളതാണെന്നും അതിനാൽ പ്രതിരോധത്തിന്റെ പരിധിയിൽ വരുന്നതല്ലെന്നും പ്രോസിക്യൂട്ടർമാർ വാദിച്ചു.

തിരഞ്ഞെടുപ്പ് ദിവസത്തിന് വളരെ മുമ്പുതന്നെ ട്രംപും അദ്ദേഹത്തിന്റെ സഹായികളും തിരഞ്ഞെടുപ്പ് ഫലങ്ങളെ വെല്ലുവിളിക്കാൻ പദ്ധതിയിട്ടിരുന്നതായും 2021 ജനുവരി 6ന് ഇലക്ടറൽ കോളേജ് വോട്ടുകൾ നിരസിക്കാൻ വൈസ് പ്രസിഡന്റ് മൈക്ക് പെൻസിനെ സമ്മർദ്ദത്തിലാക്കിയതായും റിപ്പോർട്ടിൽ വിവരിക്കുന്നു. 2020 ലെ പ്രസിഡന്റ് തിരഞ്ഞെടുപ്പിൽ പ്രതി തോറ്റപ്പോൾ, ഓഫീസിൽ തുടരാൻ ശ്രമിച്ച് കുറ്റകൃത്യങ്ങളിൽ ഏർപ്പെടുകയായിരുന്നുവെന്ന് സ്മിത്തും സംഘവും റിപ്പോർട്ടിൽ വ്യക്തമാക്കുന്നു.

## റീ...പോളിംഗ്







# ഷിക്കാഗോ സോഷ്യൽ ക്ലബ്ബ് 11–ാമത് നാഷണൽ ചീട്ടുകളി മത്സരം ആവേശോജ്വലമായി

ഷിക്കാഗോ സോഷ്യൽ ക്ലബ്ബിന്റെ 11-ാമത് നാഷണൽ ചീട്ടുകളി മത്സരങ്ങൾക്ക് തിരശ്ശീല വീണപ്പോൾ ജനപങ്കാളിത്തം കൊണ്ട് ശ്രദ്ധേയമായ ഈ നാഷണൽ ചീട്ടുകളി മത്സരങ്ങളിൽ 28 (ലേലം) മത്സ രത്തിൽ ആഷ്‌ലി ജോർജ്ജ്, പ്രിൻസ് ഈപ്പൻ, ഷിനു രാജപ്പൻ എന്നിവരുടെ ടീം ഒന്നാം സമ്മാനമായ സെന്റ് മേരീസ് പെട്രോളിയം സ്പോൺസർ ചെയ്യുന്ന 1501 ഡോളറും കെ.കെ. ചാണ്ടി കൂവക്കാട്ടിൽ മെമ്മോറിയൽ എവർറോളിംഗ് ട്രോഫിയും കരസ്ഥമാക്കി. രണ്ടാം സമ്മാനമായ റോയൽ ഗ്രോസറി & കിച്ചൺ സ്പോൺസർ ചെയ്യുന്ന 751 ഡോളറും എവർറോളിംഗ് ട്രോഫിയും ബെന്നി പടിഞ്ഞാറേൽ, സിബി കദളിമറ്റം, ജിബി കൊല്ലപ്പിള്ളി എന്നിവരുടെ ടീമും, മൂന്നാം സമ്മാനമായ ക്ലിയർ ടാക്സ് കൺസൽട്ടിംഗ് സ്പോൺസർ ചെയ്യുന്ന 501 ഡോളറും എവർറോളിംഗ് ട്രോഫിയും ജോണി പൂത്തുറ & ടീമും, നാലാം സമ്മാനമായ ജോയി നെല്ലാമറ്റം സ്പോൺസർ ചെയ്യുന്ന 251 ഡോളറും ട്രോഫിയും സതീശൻ, ജോൺസൺ, തോമസ് കടിയമ്പള്ളി എന്നിവരുടെ ടീമും കരസ്ഥമാക്കി.

വളരെ വാശിയേറിയ റമ്മി മത്സരത്തിൽ ഒന്നാം സ്ഥാനം ബിജു പെരികലം അർബൻ ക്ലീനേഴ്സ് സ്പോൺസർ ചെയ്യുന്ന 1501 ഡോളറും ട്രോഫിയും കരസ്ഥമാക്കി. രണ്ടാം സ്ഥാനം കറി ലീഫ്സ് സ്പോൺസർ ചെയ്യുന്ന 751 ഡോളറും ട്രോഫിയും ബിജോയി കാപ്പൻ കരസ്ഥമാക്കി. മൂന്നാം സമ്മാനമായ പീറ്റർ കുളങ്ങര സ്പോൺസർ ചെയ്യുന്ന 501 ഡോളറും ട്രോഫിയും അഖൽ കണ്ണന്താനം, നാലാം സമ്മാനമായ സൈമൺ ചക്കാലപടവിൽ സ്പോൺസർ ചെയ്യുന്ന 251 ഡോളറും ട്രോഫിയും ലൂക്കാച്ചൻ പൂഴിക്കുന്നേലും സ്വന്തമാക്കി.

ടെക്നിക്കൽ സൈഡിൽ നമ്മളെ ഹെൽപ് ചെയ്ത സനീഷ് ജോണിന് സോഷ്യൽ ക്ലബ്ബിന്റെ നന്ദി അറിയിക്കുന്നു. അതോടൊപ്പം ഷിക്കാഗോ സോഷ്യൽ ക്ലബ്ബിന്റെ ഈ ജനകീയ ചീട്ടുകളി മത്സരം ഉജ്ജ്വലവിജയമാക്കിത്തന്ന ഷിക്കാഗോയിലെ നല്ലവരായ സുഹൃത്തുക്കൾക്കും, ഈ മത്സരത്തിൽ പങ്കെടുത്ത എല്ലാ ടീമുകൾക്കും, എല്ലാ സ്പോൺസർമാർക്കും നന്ദിയോടൊപ്പം വിജയിച്ച എല്ലാ ടീമുകൾക്കും ആശംസകളും നേരുന്നതായി ഷിക്കാഗോ സോഷ്യൽ ക്ലബ്ബിന്റെ പ്രസിഡന്റ് സിബി കദളിമറ്റം, വൈസ് പ്രസിഡന്റ് ജെസ്സ്മോൻ പുറമഠം, സെക്രട്ടറി സിബി കൈതക്കത്തൊട്ടിയിൽ, ട്രഷറർ ജോമോൻ തൊടുകയിൽ, ജോയിന്റ് സെക്രട്ടറി സാബു പടിഞ്ഞാറേൽ എന്നിവരും ടൂർണമെന്റ് കോ-ഓർഡിനേറ്റേഴ്സായ അഭിലാഷ് നെല്ലാമറ്റം, റോയി മുണ്ടപ്പറമ്പിൽ, പ്രസാദ് വെള്ളിയൻ, ബിജോയി കാപ്പൻ, ലൂക്കാച്ചൻ പൂഴിക്കുന്നേൽ, ജഡ്ജ് അലക്സ് പടിഞ്ഞാറേൽ, മനോജ് അമ്മായികുന്നേൽ, ടെക്നിക്കൽ കോഓർഡിനേറ്റർ മനോജ് വഞ്ചിയിൽ എന്നിവർ സംയുക്തമായി അറിയിച്ചു.

*മാത്യു തട്ടാമറ്റം*

# കൂട്ടായ്മയുടെ വിസ്മയം തീർത്ത് ബെൻസൻവിൽ ഫാമിലി ക്യാമ്പിങ്ങ്

ഷിക്കാഗോ: ബെൻസൻവിൽ തിരുഹൃദയ ക്നാനായ കത്തോലിക്കാ ഇടവക മൂന്ന് ദിവസമായി നടത്തിയ ഫാമിലി ക്യാമ്പിങ്ങ് കൂട്ടായ്മയുടെ അത്ഭുതക്കൂട്ടമായി മാറി. ഈ ഫാമിലി ക്യാമ്പിങ്ങിൽ പങ്കെടുത്ത ഓരോ കുടുംബത്തിനും ഇത് വലിയ സ്നേഹ കൂട്ടായ്മയുടെ അനുഭവം പ്രദാനം ചെയ്തു.



ഇടവക വികാരി ഫാ. തോമസ് മുളവനാൽ, അസി. വികാരി ഫാ. ബിൻസ് ചേത്തലിൽ ക്യാമ്പിങ്ങ് കോർഡിനേറ്റിംങ്ങ് കമ്മറ്റി അംഗങ്ങളായ ജയ്മോൻ നന്തികാട്ട്, സജി ഇറപുറം, സണ്ണി ഇണ്ടിക്കുഴി, തമ്പി ചെമ്മാച്ചേൽ എന്നിവർക്കൊപ്പം ഇടവക കൈക്കാരൻമാരായ തോമസ് നെടുവാമ്പുഴ, മത്തിയാസ് പുല്ലാപ്പള്ളിൽ, സാബു മുത്തോലം, കിഷോർ കണ്ണാല, ജെൻസൻ ഐക്കരപറമ്പിൽ എന്നിവരും എന്റർറ്റയ്ൻമെന്റ് കോർഡിനെറ്റേഴ്സായ ജനിമോൾ ഒറ്റത്തൈയ്ക്കൽ, മോളമ്മ തൊട്ടിച്ചിറയിൽ എന്നിവരും ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകി. മുതിർന്നവർ മുതൽ കൊച്ചു കുട്ടികൾ വരെ ഏറെ ആനന്ദത്തോടെ ഏറ്റെടുത്ത ഫാമിലി ക്യാമ്പിങ്ങ് വരും വർഷങ്ങളിൽ മുടങ്ങാതെ നടത്തണമെന്ന് പങ്കെടുത്ത ഏവരും ഒന്നടങ്കം അഭിപ്രായപ്പെട്ടു.

*ലിൻസ് താന്നിച്ചുവട്ടിൽ പി.ആർ.ഒ*





# ഗ്രെയ്റ്റർ ഷിക്കാഗോ മലയാളി അസോസിയേഷൻ ഓണം ആഘോഷിച്ചു

ഷിക്കാഗോ: ഗ്രെയ്റ്റർ ഷിക്കാഗോ മലയാളി അസോസിയേഷൻസെപ്തംബർ22ന്സീറോമലബാർഅൽഫോൻസാ ഹാളിൽ വച്ച് പ്രൗഢഗംബീരമായി ഓണം ആഘോഷിച്ചു. ചെണ്ട മേളത്തിന്റെ അകമ്പടിയോടുകൂടിമഹാബലിതമ്പുരാനെവരവേറ്റുകൊണ്ടുള്ള ഘോഷയാത്രക്കുശേഷം ജിതേഷ് ചുങ്കത്തിന്റെ അദ്ധ്യക്ഷതയിൽ ഓണാഘോഷപരിപാടികളുടെ ഉദ്ഘാടനവും തുടർന്ന് ഷിക്കാഗോയിൽനിന്നും അമേരിക്കയിലെ ദേശീയ സംഘടനകളായ ഫൊക്കാന ഫോമായിലേക്ക് തെരഞ്ഞെടുക്കപ്പെട്ട നേതാക്കളെ ആദരിക്കുന്ന ചടങ്ങും നടന്നു.

ലോകകേരളസഭാംഗം റോയ് മുളകുന്നം ഓണസന്ദേശം നൽകി കൊണ്ട് ഓണാഘോഷ പരിപാടികൾ ഉദ്ഘാടനംചെയ്തു. ഓണത്തിന്റെസന്ദേശംമനുഷ്യരെല്ലാം ഒന്നാണെന്നും അതുകൊണ്ടു തന്നെ എല്ലാ മലയാളികളും അതുൾകൊണ്ട് പരസ്പരം ജാതിയുടെയും മതത്തിന്റെയും പേരിൽ വെട്ടിവീഴ്ത്താതെ ഒന്നായി മുന്നോട്ട് പോകണമെന്നും അഭിപ്രായപ്പെട്ടു.

മതേതരത്വത്തിന്റേയും സാഹോദര്യത്തിന്റെയും സമത്വത്തിന്റെയും സന്ദേശമായ മനുഷ്യരെല്ലാം ഒന്നുപോലെയാണെന്നുള്ള ഒരു ഭരണകാലഘട്ടത്തിന്റെ ഓർമ്മ പുതുക്കലാണ് ഓണമെങ്കിൽ നമ്മുടെ ഇടയിലുള്ള ചില മലയാളി സംഘടനകളിൽ ജാതി, മത, വർഗീയ ചിന്തകൾ കടന്ന് കയറുന്നതായി കാണുന്നുവെന്നും ആ സംഘടനകളും ഓണം ആഘോഷിക്കുന്നത് ഓണത്തിന്റെ യഥാർത്ഥ സന്ദേശം ഉൾകൊണ്ടുകൊണ്ടാണോ എന്ന് സ്വയം ചിന്തിക്കേണ്ടതാണെന്നും ഈ വക ജാതി മത വർഗ്ഗ ചിന്തകൾക്കതീതമായി രൂപം കൊണ്ട ഗ്രെയ്റ്റർ ഷിക്കാഗോ മലയാളിഅസോസിയേഷന്റെഓണാഘോഷംഉദ്ഘാടനം ചെയ്യുന്നതിൽ അതിയായ സന്തോഷം ഉണ്ടെന്നും പറയുകയുണ്ടായി. തുടർന്ന് ഫൊക്കാനയിലേക്കും ഫോമയിലേക്കും തെരഞ്ഞെടുക്കപ്പെട്ട ഫൊക്കാന ആർ.വി.പി സന്തോഷ് നായർ, ട്രസ്റ്റീ ബോർഡ് വൈസ് ചെയർമാൻ സതീശൻ നായർ, ഫോമാ ആർ.വി.പി ജോൺസൻ കണ്ണൂക്കാടൻ, നാഷണൽ കമ്മറ്റി മെമ്പർ ജോർജ് മാത്യു, അഡ്വൈസറി ബോർഡ് സെക്രട്ടറിജോസ്മണക്കാട്തുടങ്ങിയവർക്ക്സ്വീകരണം നൽകി.

തുടർന്ന് സ്വീകരണങ്ങൾക്കു നന്ദി പറഞ്ഞുകൊണ്ട് സന്തോഷ് നായർ, സതീശൻ നായർ, ജോൺസൻ കണ്ണൂക്കാടൻ, ജോർജ് മാത്യു, ജോസ് മണക്കാട്തുടങ്ങിയവരുംവിവിധസംഘടനകളെപ്രതിനിധീകരിച്ചുകൊണ്ട് ബെന്നി വാച്ചാച്ചിറ, സ്റ്റാൻലി കളരിക്കാമുറി, ടോമിഅമ്പേനാട്ട്, ഡോ.സുനിന ചാക്കോ, ആന്റോ കവലക്കൽ, ജോസ് സൈമൺ മുണ്ടപ്ലാക്കിൽ, സുജിത് കൊനോത്, ജോസ് ചെന്നിക്കര, പോൾ പറമ്പി, ജോർജ് ജോസഫ് കൊട്ടുകാപ്പള്ളി, മേഴ്സി കുര്യാക്കോസ്, സുശീൽ കുമാർ തുടങ്ങിയവർ പ്രസംഗിച്ചു. രവി കുട്ടപ്പൻ മാവേലി മന്നനായി വേഷമിട്ടു. ഗ്രെയ്റ്റർ ഷിക്കാഗോ മലയാളി അസോസിയേഷൻ ഒക്ടോബർ 19ന് നടത്തുന്ന ബാഡ്മിന്റൺ ടൂർണമെന്റിന്റെ സുവനീർ ജോർജ് നെല്ലാമറ്റത്തിനും, ബിജോയ് കാപ്പനും നൽകി കൊണ്ട് മത്സരം നടത്തുന്നതായി ഔദ്യോഗികമായി പ്രഖ്യാപിച്ചു. തുടർന്ന് മാജിക് സംഘടനയുടെ നേതൃത്വത്തിൽ വിവിധയിനം കലാപരിപാടികൾ നടന്നു. എലൈറ്റ് കേറ്ററിംഗിന്റെ ഓണ സദ്യയിൽ നിരവധി കുടുംബങ്ങൾ പങ്കെടുത്തു. ഓണാഘോഷ പരിപാടികൾക്ക് ജോൺസൻ കാരിക്കൽ, സേവ്യർ ഒറവനാകളത്തിൽ, ഫിലിപ്പ് പൗവ്വത്തിൽ, അഖിൽ മോഹൻ, ബോബി തുടങ്ങിയവർ നേതൃത്വം നൽകി. ഷിക്കാഗോ ചെണ്ട ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ നടന്ന ചെണ്ടമേളം കാണികളെ ആവേശഭരിതരാക്കി. ഓണാഘോഷ സമ്മേളനത്തിന് മനോജ് കോട്ടപ്പുറം സ്വാഗതവും ലീസ് ടോം മാത്യു നന്ദിയും പറഞ്ഞു.

# സാഹിത്യവേദി ഒക്ടോബർ 4ന്, ഇടശ്ശേരി കവിതകളിലെ ദ്വന്ദ്വശിൽപ്പങ്ങൾ ചർച്ചാവിഷയം



ഷിക്കാഗോ: സാഹിത്യവേദിയുടെ അടുത്ത സമ്മേളനം ഒക്ടോബർ 4 വെള്ളിയാഴ്ച ഷിക്കാഗോ സമയം വൈകുന്നേരം 7:30ന് സൂം വെബ് കോൺഫറൻസ് വഴിയായി കൂടുന്നതാണ്. (Zoom Meeting Link https://us02web.zoom.us/j/81475259178 Passcode: 2990, Meeting ID: 814 7525 9178) ഇടശ്ശേരിക്കവിതകളിലെ ദ്വന്ദ്വശിൽപ്പങ്ങൾ എന്ന വിഷയത്തിൽ മഹാകവി ഇടശ്ശേരിയുടെ മകനും വിഖ്യാത പരിഭാഷകനുമായ അശോക് കുമാർ ഇടശ്ശേരി പ്രബന്ധം അവതരിപ്പിക്കുന്നതാണ്.

അദ്ദേഹം കോഴിക്കോട് റീജിയണൽ എഞ്ചിനീയറിംഗ് കോളേജിൽ നിന്നും എൻജിനീയറിങ്ങിൽ ബിരുദമെടുത്ത് ഇന്ത്യ, ദുബായ്, ബഹ്റിൻ എന്നിവിടങ്ങളിൽ ജോലി ചെയ്തതിന് ശേഷം തൃശ്ശൂരിൽ സ്ഥിരതാമസമാക്കിയിരിക്കുന്നു. മഹാകവിയുടെ മിക്ക ലേഖനങ്ങളും ഏതാനും ചെറുകഥകളും കവിതകളും ഇംഗ്ലീഷിലേക്ക് പരിഭാഷപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഇ. ഹരികുമാർ, കുട്ടിക്കൃഷ്ണ മാരാർ, എസ്.വി. വേണുഗോപൻ നായർ തുടങ്ങിയവരുടെ നിരവധി ലേഖനങ്ങളും ചെറുകഥകളും ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്തിട്ടുണ്ട്.

കേരള സാഹിത്യ അക്കാഡമിയുടെ മലയാളം ലിറ്റററി സർവ്വേ, കേന്ദ്ര സാഹിത്യ അക്കാഡമിയുടെ ഇന്ത്യൻ ലിറ്ററേറ്റർ എന്നീ പ്രസിദ്ധീകരണങ്ങളിൽ അദ്ദേഹത്തിന്റെ പരിഭാഷകൾ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. www.edasseri.org എന്ന വെബ് സൈറ്റിൽ മിക്ക പരിഭാഷകളും ലഭ്യമാണ്.

മനുഷ്യജീവിതത്തിൽ ദ്വന്ദ്വങ്ങൾ എപ്രകാരം വർത്തിക്കുന്നു എന്നത് 1940 (ഒരു പക്ഷെ അതിനു മുൻപു മുതൽക്ക്) 1968 വരെയുള്ള വർഷങ്ങളിൽ ഇടശ്ശേരിയുടെ ചിന്തക്ക് നിരന്തരം വിധേയമായിട്ടുള്ളതും ഇടശ്ശേരിയുടെ കവിതകളിൽ ആവർത്തിച്ച് വിഷയമായിട്ടുള്ളതും ആണ്. എങ്ങനെയാണ് കവിക്ക് ചിന്തയുടെ ഈ ഒരു ലോകത്തേക്ക് എത്താൻ കഴിയുക? ഇടശ്ശേരി എന്ന കവി ഇതിനെടുത്തത് ഏതാനും വർഷങ്ങൾ അല്ല. പിന്നെയോ ഏകദേശം മൂന്നോ നാലോ പതിറ്റാണ്ടുകൾ! ഈ കാലയളവിലെ നിരന്തരമായ വായനയും മനനവും മനീഷികളുമായുള്ള നിരന്തര ചർച്ചകളുമാണ് ഇടശ്ശേരിയെ മാനവികമായ, മാനുഷികമായ, സാംസ്കാരികമായി ഉന്നതനിലവാരം പുലർത്തുന്ന, തത്വചിന്താപരമായ കവിതകൾ എഴുതാൻ പ്രാപ്തനാക്കിയത്.

ഇത്തരം ദ്വന്ദ്വങ്ങൾ തമ്മിലുള്ള കരണപ്രതികരണങ്ങളിൽ നിന്നാണ് ഇടശ്ശേരിക്കവിതകളിലെ സംസ്കാരം മുന്നോട്ടു പോകാനുള്ള ഊർജ്ജം കൈവരിക്കുന്നത്. ഇതുതന്നെ ആയിരിക്കണം ഇടശ്ശേരിക്കളരി അഥവാ പൊന്നാനിക്കളരി എന്ന പേരിൽ അറിയപ്പെടുന്ന ആശയസംഹിതയും. ചില കവിതകളെ മുൻനിർത്തി ഈ ഒരു ആശയം മുന്നോട്ടുവയ്ക്കാനാണ് ഈ ഉദ്യമം. സെപ്തംബർ മാസ സാഹിത്യവേദിയിൽ പ്രൊഫ. ഫിലിപ്പ് കല്ലട കവിത അവതരിപ്പിക്കുകയും പ്രാർത്ഥനയുടെ പ്രത്യേകതകൾ എന്ന വിഷയത്തെപ്പറ്റി സംസാരിക്കുകയും ചെയ്തിരുന്നു. നാഥന്റെ മുൻപിൽ എന്ന കവിതയും പ്രാർത്ഥനയെപ്പറ്റിയുള്ള ചർച്ചയും സാഹിത്യവേദി അംഗങ്ങൾ വളരെയധികം ആസ്വദിച്ചു.

എല്ലാ സാഹിത്യ സ്നേഹികളേയും ഒക്ടോബർ മാസസാഹിത്യവേദിയിലേക്ക് സഹർഷം സ്വാഗതം ചെയ്യുന്നു.

കൂടുതൽ വിവരങ്ങൾക്ക്: അശോകകുമാർ ഇടശ്ശേരി +91-828-119-5300, പ്രസന്നൻ പിള്ള 630-935-2990, ജോൺ ഇലക്കാട് 773-282-4955.

# ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ യു.എസിലെ പോഷക സംഘടന ഐ.ഒ.സി മാത്രം

Indian National Overseas Congress
USA

ഷിക്കാഗോ: ഇന്ത്യൻ നാഷണൽ കോൺഗ്രസ് എന്ന മഹാ പ്രസ്ഥാനത്തിന്റെ ആഗോള പോഷക സംഘടനയായ ഇന്ത്യൻ ഓവർസീസ് കോൺഗ്രസ് വിവിധ രാജ്യങ്ങളിൽ ശക്തമായി പ്രവർത്തിച്ചു വരുന്നു. അമേരിക്കയിൽ ഐ.ഒ.സി യു.എസ്.എയും അതിന്റെ വിവിധ ചാപ്റ്ററുകളും കഴിഞ്ഞ ഇരുപത്തിയഞ്ചു വർഷമായി പ്രവർത്തിക്കുന്നു.

ഐ.ഒ.സിയുടെ പ്രവർത്തനങ്ങൾ ആഗോള വ്യാപകമായി ചെയർമാൻ സാം പിട്രോഡയുടെ നേതൃത്വത്തിൽ ഏകോപിപ്പിച്ച് പ്രവർത്തനങ്ങൾ നടത്തി വരുന്നു. ഡോ. ആരതി കൃഷ്ണ (എ.ഐ.സി.സി സെക്രട്ടറി) ഓവർസീസ് കോൺഗ്രസിന്റെ സെക്രട്ടറി ഇൻ ചാർജായും പ്രവർത്തിച്ചു വരുന്നു.

കോൺഗ്രസ് പാർട്ടിയുടെ അമേരിക്കയിലെ പ്രവർത്തനങ്ങൾഏകോപിപ്പിക്കുവാൻഐ.ഒ.സി യു.എസ് എ എന്ന സംഘടനയ്ക്കുമാത്രമേ അധികാരവും അംഗീകാരവും ഉള്ളന്ന് ഐ.ഒ.സി വൈസ് ചെയർമാൻ ജോർജ് എബ്രഹാം പറഞ്ഞു. കൂടാതെ ഐ.ഒ.സിയുടെ കേരളാ ഘടനത്തിൽ വിഭാഗീയതയും വിദ്വേഷവും ഒ.ഐ.സി.സി എന്ന സംഘടന നടത്തുന്നതായും അദ്ദേഹം പറഞ്ഞു.

മലയാളികളായ കോൺഗ്രസുകാരുടെ ഇടയിൽ തെറ്റിദ്ധാരണ ഉണ്ടാക്കുകയും ഐ.ഒ.സി വടക്കേ ഇന്ത്യക്കാരുടെതാണെന്നും ഒ.ഐ.സി. മാത്രമാണ് മലയാളികളുടേതെന്നുമുള്ള കുപ്രചരണങ്ങൾ അഴിച്ചുവിട്ടുകൊണ്ടാണ് ചില തല്പര കക്ഷികൾ സമൂഹത്തിൽ പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നത്.

ഒ.ഐ.സി.സി ചില ഗൾഫ് നാടുകളിൽ പ്രവർത്തിക്കുവാൻ മാത്രം തുടങ്ങിയതാണെന്നും അമേരിക്കപോലെയുള്ള വികസിത രാജ്യങ്ങവിൽ ഐ.ഒ.സി മാത്രമാണ് കോൺഗ്രസ് പാർട്ടിയുടെ ഔദ്യോഗിക സംഘടനയെന്നും സാം പിട്രോഡ പറഞ്ഞു.

മലയാളികളുടെ ഇടയിൽ ശ്രദ്ധ നേടുവാൻ ചിലതത്പര കക്ഷികൾ അതും യാതൊരു വിധ കോൺഗ്രസ് പാരമ്പര്യവുമില്ലാത്തവർ ചെയ്യുന്ന പ്രവർത്തികൾ കോൺഗ്രസ് പ്രസ്താനത്തിനു നാണക്കേടും കളങ്കവും ഉണ്ടാക്കുവാനേ സാധിക്കുകയുള്ളൂ. കോൺഗ്രസ് പ്രസ്താനത്തോട്ട് ആത്മാർത്ഥതയും കൂറുമുള്ളവർ ഐ.ഒ.സി എന്ന സംഘനടയോടു ഒത്തൊരുമിച്ച് പ്രവർത്തിക്കുകയും വേണ്ടത് മറിച്ച് സാധാരാണ ജനങ്ങവിൽ വിഭാഗീയത സൃഷ്ടിച്ച് പ്രസ്താനത്തെ തകർക്കുകയല്ല ചെയ്യേണ്ടത്. രാഹുൽഗാന്ധിയുടെ ഡാലസ് സന്ദർശന വേളയിൽ പോലും ഈ കൂട്ടർ പല വിദ്വേഷങ്ങളും പറഞ്ഞു പരത്തിയിരുന്നു.

ഒ.ഐ.സി.സിയുടെ ഗ്ലോബൽ കമ്മിറ്റി പിരിച്ചുവിട്ടതായി കെ.പി.സി.സി ജനറൽ സെക്രട്ടറി അഡ്വ. എം. ലിജുവിന്റെ ഒരു പ്രസ്താവന ഈയിടെ കാണുകയുണ്ടായി. യഥാർത്ഥ കോൺഗ്രസ് പ്രവർത്തകരോട് ഒന്നേ പറയുവാനുള്ളൂ. സ്വന്തം താല്പര്യത്തിനുവേണ്ടി വിഭാഗീയതകൾ സൃഷ്ടിച്ച് വിഘടിച്ചു നിൽക്കാതെ യഥാർത്ഥ കോൺഗ്രസുകാരനായി ഐ.ഒ.സിയോടൊപ്പം ചേർന്നു പ്രവർത്തിക്കുക ഐ.എ.സി കേരളാ ചാപ്റ്റർ ചെയർമാൻ തോമസ് മാത്യവും, പ്രസിഡന്റ് സതീശൻ നായരും ഒരു പത്രക്കുറിപ്പിലൂടെ അറിയിച്ചതാണ്.



കഥയില്ലായ്മകൾ

# രണ്ട് സത്യാനന്തരകാലകഥകൾ



സി. രാധാകൃഷ്ണൻ

മറച്ചു കെട്ടിയ ഒരു വലിയ പന്തലിനകത്തുനിന്ന് അതിഗംഭീരമായ ആരവം കേട്ട് അതെന്താണെന്ന് അന്വേഷിച്ച് ചെന്ന തിരുമേനി കണ്ടത് വാശിയേറിയ ഒരു ഫുട്ബോൾ ടൂർണമെന്റിന്റെ ഫൈനൽ. പന്തിനുവേണ്ടി ഉന്ത് തള്ള് ചവിട്ട് കുത്ത് എല്ലാം. ആരും ജയിക്കുന്നില്ല, തോൽക്കുന്നുമില്ല.

എന്തിന് ഒരു പന്തിനു വേണ്ടി ഇങ്ങനെ കടിപിടി കൂടുന്നു എന്ന് അദ്ദേഹത്തിന് വളരെ കഷ്ടം തോന്നി.

കയ്യിൽ കുറച്ച് കാശുണ്ടായിരുന്നതുമായി കടയിൽ പോയി പത്തുപതിനേട്ടു പന്തുകൾ വാങ്ങി അദ്ദേഹം തിരികെ ഗാലറിയിൽ എത്തിയിട്ടു പറഞ്ഞു:

ഓരോരുത്തർക്കും ഓരോന്ന് കൊടുക്കൂ! ഇഷ്ടപ്പടി കളിച്ചോട്ടെ! ഇത്രയല്ലേ വേണ്ടു! എന്തേ നിങ്ങൾക്ക് ആർക്കും ഈ ബുദ്ധി തോന്നിയില്ല!

എല്ലാവരും ചിരിക്കുന്നത് സന്തോഷം കൊണ്ടാവും എന്ന് തോന്നിയ തിരുമേനി പിന്നെ അവിടെ ഒട്ടും നിന്നില്ല.

ഇദ്ദേഹത്തിന്റെ മറ്റൊരു അനുഭവകഥകൂടി നാട്ടിൽ പാട്ടാണ്. ഒരു കറുത്ത വാവിൻനാൾ പാതിരാത്രി തൊടിയിൽ നാളികേരം ഒന്നിന്




പുറകെ ഒന്നായി വീഴുന്ന ശബ്ദം കേട്ടു. ആ ഇടയ്ക്ക് മോഷണശല്യം വളരെ കൂടുതലായതുകൊണ്ട് തിരുമേനി ഒരു നല്ല ടോർച്ച് വാങ്ങി വെച്ചിരുന്നു. അത് ഉപയോഗിക്കാൻ ഒരു അവസരം കിട്ടിയല്ലോ എന്ന സന്തോഷത്തോടെ അദ്ദേഹം അതുമായി തൊടിയിൽ ഇറങ്ങി. സാമാന്യം വിസ്തീർണ്ണം ഉള്ളതാണ് തൊടി.

തെങ്ങിൽനിന്ന് ഒരാൾ ഇറങ്ങിക്കൊണ്ടിരിക്കുന്നത് ടോർച്ചിന്റെ വെളിച്ചത്തിൽ അദ്ദേഹം കണ്ടു.

'ആരാ അത്?' എന്ന് തിരുമേനി ഉറക്കെ ചോദിച്ചു.

'ഇത് ഞാനല്ലേ തിരുമേനി, തെക്കേലെ നാറാണൻ!'

തിരുമേനി നിയമിച്ച പുതിയ കാവൽക്കാരൻ.

'മോഷ്ടിച്ചാൽ ജയിലിൽ പോകും എന്നറിയില്ലേ നാരാണാ?'

'അയ്യോ, ഞാൻ മോഷ്ടിച്ചൊന്നും ഇല്ലേ!'

'പിന്നെ എന്തിനാ തെങ്ങിൽ കയറിയേ?'

'താളി പറിക്കാനാണേ!'

'പാതിരാത്രിയിൽ ആണോ താളി?'

'രാത്രിയിലാവുമ്പോ ആരും പാളീം പതുങ്ങീമൊന്നും നോക്കാതെ കുളിക്കാലോ പെണ്ണുങ്ങൾക്ക്.'

'അതിന്, തെങ്ങിൽ എവിടുന്നാടോ താളി?'

'അത് മനസ്സിലായത് കേറി നോക്കിയപ്പോ അല്ലേ, അതുകൊണ്ടാണല്ലോ പെട്ടെന്നുതന്നെ ഇറങ്ങിക്കൊണ്ടിരിക്കണത്.'

'ഇത്രയും തേങ്ങ വീണു കിടക്കുന്നതോ? അതെങ്ങനെയാടോ?'

'കള്ളന്മാർക്കാണോ ക്ഷാമം തിരുമേനി! എന്നെ കണ്ടപ്പോ ഓടീതാണ്.'

'ഇനിയിപ്പോ എന്താ ചെയ്യാ? ഇത്രയൊന്നും തേങ്ങ ഇവിടെ അരയ്ക്കാൻ ആവശ്യല്ല്യല്ലോ.'

'ആ വെഷമം വേണ്ട. ഞാൻ കൊണ്ടുപോക്കോളാം!'

അങ്ങനെയൊരു സഹായം കൃത്യസമയത്ത് ചെയ്യാൻ ഒരാളെ കിട്ടിയത് നന്നായി എന്ന ചിന്തയോടെ തിരുമേനി പോയി കിടന്ന് സുഖമായി ഉറങ്ങി എന്നാണ് കഥാശേഷം.

***കുറിപ്പ്: കേരളത്തിലെ ഇപ്പോഴത്തെ രാഷ്ട്രീയ വിശേഷങ്ങളുമായി ഈ കഥകൾക്ക് ഒരു ബന്ധവുമില്ല. ഐനസ്കോയും ബെക്കറ്റും മറ്റും പണ്ടേ എഴുതിവെച്ച 'ഗോദോയെ കാത്ത്' എന്ന് തുടങ്ങിയ അസംബന്ധനാടകങ്ങൾ ആണല്ലോ രാഷ്ട്രീയ രംഗത്ത് ഇപ്പോൾ അവതരിപ്പിക്കപ്പെടുന്നത്.***



# നാശം വിതച്ച് ഹെലൻ: നോർത്ത് കരോലിനയിൽ ആയിരക്കണക്കിന് ആളുകൾക്ക് വെള്ളമില്ല

വാഷിംഗ്ടൺ: ഹെലിൻ ചുഴലിക്കാറ്റിൽ മരിച്ചവരുടെ എണ്ണം 190 ആയി ഉയർന്നു. നൂറുകണക്കിന് ആളുകളെ ഇപ്പോഴും കാണാതായിട്ടുണ്ട്, തെക്കുകിഴക്കൻ സംസ്ഥാനങ്ങളിലുടനീളം വെള്ളപ്പൊക്കത്തിൽ പലരും കുടുങ്ങി. നോർത്ത് കരോലിനയുടെ ചില ഭാഗങ്ങളിൽ വലിയ നാശനഷ്ടമുണ്ടായി. സംസ്ഥാനത്ത് 94 പേരെങ്കിലും മരിച്ചതായാണ് അറിയുന്നത്.

വൈദ്യുതി കണക്ഷനുകൾ പുനഃസ്ഥാപിച്ചുകൊണ്ടിരിക്കുകയാണ്, എന്നാൽ 1.3 ദശലക്ഷം ഊർജ്ജ ഉപഭോക്താക്കൾക്ക് ഇപ്പോഴും ഫ്ളോറിഡ മുതൽ വിർജീനിയ വരെ വൈദ്യുതിയില്ല. പ്രസിഡന്റ് ജോ ബൈഡൻ ഇന്ന് നോർത്ത് കരോലിന സന്ദർശിക്കും. ഡെമോക്രാറ്റിക് പ്രസിഡന്റ് സ്ഥാനാർത്ഥിയായ വൈസ് പ്രസിഡന്റ് കമലാ ഹാരിസ് ജോർജിയയും സന്ദർശിക്കും.

റിപ്പബ്ലിക്കൻ സ്ഥാനാർത്ഥി ഡൊണാൾഡ് ട്രംപ് കഴിഞ്ഞ ദിവസം ജോർജിയ സന്ദർശിച്ചിരുന്നു. നോർത്ത് കരോലിന നാഷണൽ ഗാർഡിനെ ശക്തിപ്പെടുത്തുന്നതിനായി 1,000 സജീവഡ്യൂട്ടി സൈനികരെ വിന്യസിക്കാൻ പ്രതിരോധ വകുപ്പിനോട് നിർദ്ദേശിച്ചതായി ബൈഡൻ പ്രഖ്യാപിച്ചു.

ടാങ്കർ ട്രക്കിൽ പിവിസി പൈപ്പുകൾ ഘടിപ്പിച്ച താൽക്കാലിക ടാപ്പ് സംവിധാനത്തിൽ നിന്ന് ഒരു ഡസനോളം സന്നദ്ധപ്രവർത്തകർ കുടിവെള്ളം വിതരണം ചെയ്തു. സമീപത്ത്, പാത്രങ്ങളോ ജഗ്ഗുകളോ ഇല്ലാത്തവർക്ക് സന്നദ്ധപ്രവർത്തകർ റെഡിടു ഈറ്റ് ഭക്ഷണവും പ്ലാസ്റ്റിക് വാട്ടർ ബാഗുകളും വിതരണം ചെയ്യുന്നുണ്ട്.

# ഷിക്കാഗോ ആസ്ഥാനമായി പ്രവർത്തിക്കുന്ന ഫോമാ സെൻട്രൽ റീജിയന് നവ നേതൃത്വം

ഷിക്കാഗോ: ഫോമ സെൻട്രൽ റീജിയൺ വൈസ് പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട ജോൺസൺ കണ്ണൂക്കാടന്റെ അധ്യക്ഷതയിൽ ഷിക്കാഗോ മലയാളി അസോസിയേഷൻ ഹാളിൽ നടത്തപ്പെട്ട യോഗത്തിൽ അടുത്ത രണ്ടു വർഷത്തേക്കുള്ള ഫോമ സെൻട്രൽ റീജിയൺ കമ്മിറ്റി മെമ്പേഴ്സിനെ തിരഞ്ഞെടുത്തു. തിരഞ്ഞെടുക്കപ്പെട്ട റീജിയണൽ ഭാരവാഹികളും, ഫോമായുടെ നാഷണൽ ഭാരവാഹികളും, ഫോമയെ സ്നേഹിക്കുകയും കരുതുകയും ചെയ്യുന്ന എല്ലാ അംഗ സംഘടനകളുടെ പ്രതിനിധികളും ഷിക്കാഗോയിലെ സാമൂഹ്യ സാംസ്കാരിക രംഗങ്ങളിൽ പ്രവർത്തിക്കുന്ന ഒട്ടനവധി വ്യക്തിത്വങ്ങളും യോഗത്തിൽ പങ്കെടുത്തു.



പ്രസ്തുത യോഗത്തിൽ ഫോമ സെൻട്രൽ റീജന്റെ പ്രവർത്തന ഉദ്ഘാടനം നവംബർ 17-ാതീയതി ആറുമണിക്ക് ഷിക്കാഗോ സെൻമേരിസ് ക്നാനായ കാത്തലിക് ചർച്ച് ഹാളിൽ നടത്തുന്നതിന് തീരുമാനിക്കുകയും എല്ലാവരുടെയും സഹായസഹകരണങ്ങൾ അഭ്യർത്ഥിക്കുകയും ചെയ്തു. പ്രസ്തുത യോഗത്തിൽ ഫോമയുടെ എല്ലാ എക്സിക്യൂട്ടീവ് കമ്മിറ്റി മെമ്പേഴ്സും നാഷണൽ കമ്മറ്റി മെമ്പേഴ്സും പങ്കെടുക്കുന്നതായിരിക്കും.

ഫോമ സെൻട്രൽ റീജണൽ ചെയർമാനായി ആന്റോ കവലക്കലിനെയും സെക്രട്ടറിയായി അച്ചൻകുഞ്ഞ് മാത്യുവിനെയും ട്രഷററായി രാജൻ തലവടിയേയും വൈസ് ചെയർമാനായി രഞ്ജൻ എബ്രഹാമിനെയും ജോയിൻ സെക്രട്ടറിയായി ഡോ. ജീൻ പുത്തൻപുരക്കലിനെയും ജോയിൻ ട്രഷററായി ജോർജ് മാത്യുവിനെയും തിരഞ്ഞെടുത്തു.

റീജണൽ കോർഡിനേറ്റേഴ്സായി സാബു കട്ടപ്പുറത്തിനെയും മനോജ് പ്രഭുവിനെയും, റീജണൽ പബ്ലിക് റിലേഷൻ ചെയർമാനായി ജോൺ പാട്ടപതിയേയും, അഡ്വൈസറി കൗൺസിൽ ചെയർമാനായി സ്റ്റീഫൻ കിഴക്കേക്കുറ്റ്, വൈസ് ചെയർമാനായി സണ്ണി വള്ളിക്കളം, കമ്മിറ്റി മെമ്പറായി ആഷ്‌ലി ജോർജ് എന്നിവരെയും പൊളിറ്റിക്കൽ കമ്മിറ്റി ചെയർമാനായി റോയ് മുളങ്കുന്നത്തേയും തിരഞ്ഞെടുത്തു. കമ്മ്യൂണിറ്റി അഫയേഴ്സ് ചെയർപേഴ്സണായി മേഴ്സി കുര്യാക്കോസിനെയും കോഡിനേറ്ററായി അറ്റോണി ടീന തോമസിനെയും, സീനിയേഴ്സ് ഫോറം ചെയർമാനായി ജോർജ് ജോസഫ് കൊട്ടുകാപള്ളിയെയും കോർഡിനേറ്റേഴ്സായി റോയ് നെടുങ്കോട്ടിലിനെയും തിരഞ്ഞെടുത്തു. വർഗീസ് തോമസിനെയും ഫണ്ട് റേസിംഗ് ചെയർമാൻമാരായി വിനു മാമൂട്ടിൽ, മനോജ് അച്ചേട്ട്, ജിജി പി. സാം എന്നിവരെ പ്രസിഡന്റ് നോമിനേറ്റ് ചെയ്തു.

വുമൺസ് ഫോറം ചെയർപേഴ്സണായി ഡോ. റോസ് വടകരയും വൈസ്ചെയർപേഴ്സണായി ഡോക്ടർ സിബിൾ ഫിലിപ്പിനെയും സെക്രട്ടറിയായി ശാന്തി ജയ്സനേയും ജോയിൻ സെക്രട്ടറിയായി ലിന്റ ജോസ്, ട്രഷററായി ജോയ്സി ചെറിയാൻ, ജോയിന്റ് ട്രഷറർ ലിസി ഇൻഡിക്കുഴി എന്നിവരും തിരഞ്ഞെടുക്കപ്പെട്ടു.

വുമൺസ് ഫോറം കോർഡിനേറ്ററായി ആഗ്നസ് തെങ്ങുമൂട്ടിലിനെയും, സെൻട്രൽ റീജിയൻ കൾച്ചർ കമ്മിറ്റി ചെയർപേഴ്സണായി സാറ അനിലിനെയും, കോ-ചെയറായി ഷന മോഹൻ, വുമൺസ് കൾച്ചറൽ കമ്മിറ്റി കോർഡിനേറ്ററായി ഷൈനി ഹരിദാസ്, വുമൺസ് കമ്മിറ്റി മെമ്പേഴ്സായി ഫിലോമിന കുരിശിങ്കൽ, ബീന ജോർജ്, ഡെൽസി മാത്യു, ജിനു ജോസ്, ജിൽബി സുഭാഷ്, സിനിൽ ഫിലിപ്പ്, ശ്രീജ നിഷാന്ത് എന്നിവരെയും തെരഞ്ഞെടുക്കപ്പെടുകയുണ്ടായി.

പ്രസ്തുത യോഗത്തിൽ യൂത്ത് കോർഡിനേറ്ററായി ഡേവിഡ് ജോസഫ്, കാൽവിൻ കവലക്കൽ, സി.ജെ. മാത്യു, ഡയാന സ്കറിയ, ജോർലി തരിയത്ത് എന്നിവരെയും തെരഞ്ഞെടുത്തു. സെക്രട്ടറി അച്ചൻകുഞ്ഞ് മാത്യു എംസി ആയി പ്രവർത്തിക്കുകയും ചെയർമാൻ ആന്റോ കവലക്കൽ നന്ദി പ്രകാശിപ്പിക്കുകയും ചെയ്തു.

*അച്ചൻകുഞ്ഞ് മാത്യു*

# കേരളത്തനിമയിൽ ഗീതാമണ്ഡലം ഓണാഘോഷം

നന്മയുടെയും സമൃദ്ധിയുടെയും മാനവികതയുടെയും ധർമ്മത്തിന്റെയും സ്നേഹത്തിന്റെയും സന്തോഷത്തിന്റെയും നിറവിൽ ഈ വർഷവും ഗീതാമണ്ഡലത്തോടൊപ്പം ഷിക്കാഗോ മലയാളി സമൂഹം അതി വിപുലമായി ഓണം ആഘോഷിച്ചു.

ഈ വർഷത്തെ ഓണാഘോഷ ഉത്സവം രാധാകൃഷ്ണൻ നമ്പൂതിരിയുടെ കാർമ്മികത്വത്തിൽ രാവിലെ കൃത്യം ഒൻപത് മണിക്ക് വിശേഷാൽ പൂജകളോടെ ആരംഭിച്ചു. തുടർന്ന് നടന്ന ആർപ്പുവിളികളും, നാരായണമന്ത്ര ധ്വനികളാൽ ധന്യമായ ശുഭമുഹൂർത്തത്തിൽ ഷിക്കാഗോ കലാക്ഷേത്ര കലാകാരൻമാരുടെ നേതൃത്വത്തിൽ നടന്ന വാദ്യഘോഷവും തലപൊലികളുടെയും അകമ്പടിയോടെ, തൃക്കാക്കരയപ്പനെ ഗീതാമണ്ഡലം തറവാട്ടിലേക്ക് ആനയിച്ചു കൊണ്ടുവന്നു. അതിനുശേഷം തറവാട്ട് ക്ഷേത്രാങ്കണത്തിൽ വാമനമൂർത്തിക്ക് വിശേഷാൽ പൂജയും, വാമനാവതാര പാരായണവും അഷ്ടോത്തര അർച്ചനയും, നൈവേദ്യ സമർപ്പണവും പുഷ്പാഭിഷേകവും നടത്തി.



തുടർന്ന് ഗീതാമണ്ഡലം മുൻ അധ്യക്ഷൻ ജയചന്ദ്രന്റെ സ്മരണാർത്ഥം സംഘടിപ്പിച്ച 'ഒരു കർമ്മയോഗിയുടെ ജീവിതത്തിലൂടെ' എന്ന പരിപാടി അമേരിക്കൻ ഹൈന്ദവ സംഘടനയുടെ നാഷണൽ പ്രസിഡന്റ് ശ്യാംശങ്കർ ഉദ്ഘാടനം ചെയ്തു. തദവസരത്തിൽ അമേരിക്കയിലെ ഹൈന്ദവ സമൂഹത്തിൽ ജ്വലിച്ചുനിന്ന സൂര്യ തേജസായിരുന്നു ജയ്ചന്ദ്രൻ എന്നും സ്ഥാനമാനങ്ങളോ അംഗീകാരങ്ങളോ കാംക്ഷിക്കാതെ, തന്നിൽ നിക്ഷിപ്തമായ ഉത്തരവാദിത്തങ്ങളെ വളരെ സത്യസന്ധമായും വിജയകരമായും നിർവഹിക്കുന്നതിൽ ബദ്ധശ്രദ്ധനായിരുന്നു ജയ്ചന്ദ്രൻ. വ്യക്തമായ ദിശാബോധവും മാർഗദർശനവും നൽകി, പൊതുപ്രവർത്തന രംഗത്ത് ഒട്ടേറെ പേരെ കൈപിടിച്ചുയർത്തി. അതോടൊപ്പം ഭാരതീയദർശനങ്ങളുടെ പ്രചാരകനും പ്രയോക്താവും ഹൈന്ദവ പ്രസ്ഥാനങ്ങളുടെ മാർഗ്ഗദീപവുമായ മഹത് വ്യക്തി ആയിരുന്നു ജയ്ചന്ദ്രൻ എന്ന് ശ്യാംശങ്കർ തന്റെ ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു.

തുടർന്ന് ഡോ.നിഷാചന്ദ്രന്റെ നേതൃത്വത്തിൽ ഒരുക്കിയ മെഗാ തിരുവാതിരയും, ഷിക്കാഗോയിലെ പ്രമുഖ കലാകാരൻമാർ അവതരിപ്പിച്ച വിവിധ കലാപരിപാടികളും, ഷിക്കാഗോ കലാക്ഷേത്ര അവതരിപ്പിച്ച ചെണ്ടമേളവും ഷിക്കാഗോ മലയാളി സമൂഹത്തിന്റെ ഓർമ്മയിൽ സൂക്ഷിക്കുവാനുള്ള മധുരതരമായ ഓർമ്മയായി മാറ്റുവാൻ കഴിഞ്ഞു. തുടർന്ന് കുട്ടികൾക്കും മുതിർന്നവർക്കുമായി സംഘടിപ്പിച്ച തിരുവോണ ചോദ്യോത്തര മത്സരവും കളികളും, കുട്ടികളുടെ മത്സരിച്ചുള്ള ഊഞ്ഞാൽ ആട്ടവും ഗൃഹാതുരത്വം നിറഞ്ഞ മലയാളിയുടെ കുട്ടിക്കാലത്തേക്കുള്ള മടക്കയാത്രയായിരുന്നു. തുടർന്ന് ഷഡ് രസ പ്രധാനമായ സ്വാദിഷ്ടമായ ഓണസദ്യയാണ് ഈ വർഷം കുടുംബാംഗങ്ങൾക്കായി സ്നേഹപൂർവ്വം വിളമ്പിയത്.



ഈ വർഷത്തെ ഓണാഘോഷം ഇത്രയും മനോഹരവും ഹൃദ്യവുമാക്കുവാൻ കഴിഞ്ഞത്, കുടുംബാംഗങ്ങളുടെ കൂട്ടായ പ്രവർത്തനം ഒന്ന് കൊണ്ട് മാത്രമാണ് എന്നും ഓണാഘോഷ വിജയത്തിനായി പ്രവർത്തിച്ച എല്ലാ പ്രവർത്തകർക്കും ഗീതാമണ്ഡലം ഓണാഘോഷത്തിൽ പങ്കെടുത്ത എല്ലാ കുടുംബാംഗങ്ങൾക്കും, ഏഷ്യാനെറ്റിനും ഈ അവസരത്തിൽ ബൈജു മേനോൻ നന്ദി പ്രകാശിപ്പിച്ചു.

◗ *രഞ്ജിത് ചന്ദ്രശേഖർ*






# കേരളാ കൾച്ചറൽ സെന്റർ ഷിക്കാഗോ ഓണം ആഘോഷിച്ചു

ഷിക്കാഗോ: ഷിക്കാഗോയിലെ ഓണങ്ങളുടെ പരിസമാപ്തി എന്ന നിലയിൽ കേരള കൾച്ചറൽ സെന്റർ ഷിക്കാഗോ ഓണം ആഘോഷിച്ചു. വിപുലങ്ങളായ പല പല ഓണങ്ങളുടെ നടുവിൽ അംഗങ്ങൾക്കുവേണ്ടി മാത്രമായി പരിമിതപ്പെടുത്തി ഓണം ആഘോഷിക്കുകയാണ് ഇക്കുറി ചെയ്തത്.

എന്നിരുന്നാലും അംഗങ്ങളുടെ മാനസിക ഉല്ലാസത്തിനുവേണ്ടി പരമ്പരാഗത ഓണക്കളികളും പരമ്പരാഗത ഓണസദ്യയും ഉണ്ടായിരുന്നു. ചെയർമാൻ പ്രമോദ് സക്കറിയാസ് ഉദ്ഘാടനം ചെയ്ത ഓണാഘോഷം സഹോദരി സംഘടനയുടെ പ്രസിഡന്റ് ആന്റോ കവലയ്ക്കൽ ഓണസന്ദേശം നൽകി.

അംഗങ്ങൾക്കുവേണ്ടി പരിമിതമായി ആഘോഷിച്ച ഓണം സ്വതവേ ബഹളം നിറഞ്ഞതായിരുന്നില്ല എങ്കിലും പങ്കെടുത്തവർ ഹൃദ്യമായി ഓണാഘോഷത്തിന്റെ അനുഭൂതി ആവോളം ആസ്വദിച്ചു.

# ഇന്ത്യൻ ഓവർസീസ് കോൺഗ്രസിന്റെ ഗാന്ധിജയന്തി ആഘോഷം ഒക്ടോബർ 3ന്




ഇന്ത്യൻ ഓവർസീസ് കോൺഗ്രസിന്റെ ആഭിമുഖ്യത്തിൽ ഒക്ടോബർ 3 വ്യാഴാഴ്ച വൈകിട്ട് 7.30ന് ഷിക്കാഗോ മലയാളികൾ ഗാന്ധി ജയന്തി ആഘോഷം സെന്റ് മേരീസ് ക്നാനായ ചർച്ച് ഹാളിൽ (7800 Lympms St. Morton Grove, IL) സംഘടിപ്പിക്കുന്നു.

മുഖ്യാതിഥിയായി ചാണ്ടി ഉമ്മൻ എം.എൽ.എ പങ്കെടുക്കുന്നു.

കൂടുതൽ വിവരങ്ങൾക്ക് സന്തോഷ് നായർ (312-730-5112), തോമസ് മാത്യു (773-509-1947). സതീശൻ നായർ (847-708-3279), ബൈജു കണ്ടത്തിൽ (312-363-8347), ടോബിൻ തോമസ് (773--512-4373). ആന്റോ കവലക്കൽ (630-666-7310), അച്ചൻകുഞ്ഞ് മാത്യു (847-912-2578)



# കെസിഎസിന്റെ ഓണാഘോഷം വർണ്ണാഭമായി




ഷിക്കാഗോ: കെസിഎസ് നടത്തിയ ഓണാഘോഷം, ജനസാന്നിധ്യം കൊണ്ടും, വന്നപ്പകിട്ടാർന്ന കലാപരിപാടികൾ കൊണ്ടും, ഗൗരവമേറിയ, ചർച്ചകൾ കൊണ്ടും വർണ്ണാഭമായി. തൂശനിലയിൽ വിളമ്പിയ ഓണസദ്യയിൽ എണ്ണൂറിൽപരം ആളുകൾ പങ്കെടുത്തു. ചെണ്ടമേളങ്ങളും വാദ്യഘോഷങ്ങളും മുത്തുക്കുടകളും പുലികളിയും ഒക്കെയായി, നടത്തിയ ഘോഷയാത്രയിൽ കെസിഎസ്, കെസിസി നേതാക്കൾക്കൊപ്പം, വിശിഷ്ടാതിഥികളും പങ്കെടുത്തു.

ജിനോയ് കവലക്കലിന്റെ നേതൃത്വത്തിലുള്ള ചെണ്ടക്കാരും, പുലിവേഷം അണിഞ്ഞ കുട്ടികളും, താലപ്പൊലി ഏന്തിയ സ്ത്രീകളും, ഘോഷയാത്രയ്ക്ക് കൊഴുപ്പ് ഏകി. സജി പൂത്തൃക്കയിൽ, പീറ്റർ കുളങ്ങര, റോയ് നെടുംചിറ എന്നിവർ നേതൃത്വം നൽകിയ ഘോഷയാത്രയ്ക്ക് ശേഷം ചിന്നു തോട്ടത്തിന്റെ കൊറിയോഗ്രാഫിയിൽ നടത്തിയ തിരുവാതിര കാണികളുടെ പ്രശംസ പിടിച്ചു പറ്റി.

പിന്നീട് നടന്ന സമ്മേളനത്തിൽ കെസിഎസ് സെക്രട്ടറി സിബു കുളങ്ങര എംസി ആയിരുന്നു. സജി മാലിതുരുത്തിൽ, ലിഡിയ മേൽക്കരപ്പുറം എന്നിവരുടെ ഓണപ്പാട്ടോടെ സമ്മേളനം ആരംഭിച്ചു. കെസിഎസ് വൈസ് പ്രസിഡന്റ് ജിനോ കക്കാട്ടിൽ ഏവർക്കും സ്വാഗതം അരുളി. കെസിഎസ് വിമൻസ് ഫോറം പ്രസിഡന്റ് ടോസ്മി കൈതക്കത്തോട്ടി, നാഷണൽ വുമൺസ് ഫോറം വൈസ് പ്രസിഡന്റ് ഷൈനി വിരുതികുളങ്ങര, യുവജന വേദി നാഷണൽ പ്രസിഡന്റ് ആൽബിൻ പുലികുന്നേൽ, കെസി വൈഎൽഎ നാഷണൽ വൈസ് പ്രസിഡന്റ് ആൽവിൻ പിണർക്കയിൽ, കെസിഎസ് ലെജിസ്ലേറ്റീവ് ചെയർമാൻ അഭിലാഷ് നല്ലാമറ്റം, ലൈസൻ ബോർഡ് ചെയർമാൻ മജു ഓട്ടപള്ളി എന്നിവരും വേദിയിൽ സന്നിഹിതരായിരുന്നു.

കെ.സി.എസ് പ്രസിഡന്റ് ജെയിൻ മാക്കിൽ തന്റെ അധ്യക്ഷ പ്രസംഗത്തിൽ, കെ.സി.എസിന്റെ രണ്ട് വർഷത്തെ പ്രവർത്തനങ്ങളിലെ ജനശ്രദ്ധ, പുതിയ തലമുറ ഉൾപ്പെടെ, ചെറുപ്പക്കാരും വനിതകളും അടക്കം, കെ.സി.എസ് നേതൃത്വത്തിലേക്ക് വരുവാൻ, താൽപര്യം കാണിച്ചത് സ്വാഗതാർഹമാണെന്നും, അവർക്ക് വിജയാശംസകൾ അർപ്പിച്ചതിനോടൊപ്പം ആരോഗ്യപരമായ ഒരു മത്സരം കാഴ്ചവയ്ക്കുവാൻ, അഭ്യർത്ഥിക്കുകയും ഉണ്ടായി.

മലയാള സിനിമ രംഗത്തെ പ്രിയങ്കരി നടി, ആൻ അഗസ്റ്റിൻ മുഖ്യാതിഥിയായിരുന്നു. ഏവർക്കും ഓണാശംസകൾ അറിയിച്ച ആൻ കേരളത്തിൽ നിന്നും വെളിയിലെ തന്റെ ആദ്യത്തെ ഓണം ആണെന്നും, ഇത്തവണ ഷിക്കാഗോയിൽ ആഘോഷിക്കുവാൻ കഴിഞ്ഞതിൽ സന്തോഷമുണ്ടെന്നും പറഞ്ഞു.

സി.പി.ഐ കേരള സംസ്ഥാന സെക്രട്ടറിയും, മുൻ വനം വകുപ്പ് മന്ത്രിയും, മുൻ രാജ്യസഭ എംപി യുമായ സഖാവ് ബിനോയ് വിശ്വം, തന്റെ ആശംസ പ്രസംഗത്തിനിടെ പരിസ്ഥിതി സംരക്ഷിക്കുന്നതിന്റെ പ്രാധാന്യവും സമൃദ്ധിയും സമ്പാദ്യവും മറ്റുള്ളവരുമായി പങ്കുവയ്ക്കുന്നതിനെപ്പറ്റിയും എടുത്തുപറഞ്ഞു. ഇക്കാര്യത്തിൽ ഒരു കമ്മ്യൂണിസ്റ്റുകാരനായ താൻ, മാർപ്പാപ്പയെയാണ് അനുഗമിക്കുന്നതെന്ന് അദ്ദേഹം പറയുകയുണ്ടായി.

സെൻമേരിസ് ക്നാനായ ഇടവക വികാരി ഫാദർ സിജു മുടക്കോടിൽ, ഫാദർ തോമസ് ആനിമൂട്ടിൽ, ഫാദർ ജിതിൻ വല്ലാർകാട്ടിൽ, കെ.സി.സി.എന്നെ പ്രസിഡന്റ് ഷാജി എടാട്ട്, ആർ.വി.പി സ്റ്റീഫൻ കിഴക്കേക്കുറ്റ് എന്നിവരും ആശംസ പ്രസംഗം നടത്തി. കെ.സി.എസ് ട്രഷറർ ബിനോയ് കിഴക്കനടി നന്ദി പ്രഭാഷണം നടത്തി.

അനിത, നിമിഷ, അനീസ് സണ്ണി എന്നിവരുടെ നേതൃത്വത്തിൽ ഒരുക്കിയ പൂക്കളം, ഏറെ ആകർഷകമായിരുന്നു. ചടങ്ങിൽ വച്ച് ഷിക്കാഗോ കെ.സി.എസിലെ മെമ്പർമാർക്കിടയിൽ ആദ്യം ജനിച്ച വരുൺ & ആൽഫി ഇല്ലികുന്നുംപുറത്തു ദമ്പതികളുടെ കുഞ്ഞായ ഹെസ്‌ലിന് വരുണിനു ഫിലിപ്പ് & ചിന്നമ്മ ഞാറവേലിൽ സ്പോൺസർ ചെയ്ത പാരിതോഷികം നൽകി.

കെ.സി.എസ് ബോർഡ് അംഗം അനിൽ മറ്റത്തികുന്നേൽ സൗണ്ട് കൈകാര്യം ചെയ്തു. മീഡിയയ്ക്ക് വേണ്ടി എൻ.ആർ.ഐ റിപ്പോർട്ടർ ബിജു കിഴക്കേക്കുറ്റ്, കെ.വി. ടിവി ലൈവ് സാജു കണ്ണമ്പള്ളി, സജി പണയപ്പറമ്പിൽ, ഏഷ്യാനെറ്റിന് വേണ്ടി അനിൽ മറ്റത്തികുന്നേൽ എന്നിവർ വാർത്തകൾ സംപ്രേഷണം ചെയ്തു. ഡോമിനിക് ചൊള്ളമ്പേൽ ഫോട്ടോഗ്രാഫിയും, ജെ.ബി. ഡെക്കറേഷൻസ്, സ്റ്റേജുമണിയിച്ചൊരുക്കി.

ഇത്തവണത്തെ ഓണത്തിന്റെ കേറ്ററിംഗ് പാർട്ണർ റോയൽ മഹാരാജ ആയിരുന്നു. ഷിക്കാഗോ ചെണ്ട ക്ലബ്ബിന്റെ ഫ്യൂഷൻ ചെണ്ട കാണികളിൽ വിസ്മയമുണർത്തി. ഷിക്കാഗോയിലെ പ്രശസ്ത ഗായകരുടെ ഗാനമേളയും അരങ്ങേറി. കൾച്ചറൽ പരിപാടികൾക്ക് മോഹിൻ മാമ്മൂട്ടിൽ എംസി ആയിരുന്നു.

# ട്രംപിന് തിരിച്ചടി; വരാനിരിക്കുന്ന മെലാനിയയുടെ ഓർമ്മക്കുറിപ്പിൽ ഗർഭച്ഛിദ്രത്തിന് പിന്തുണ

ന്യൂയോർക്ക്: ഗർഭച്ഛിദ്ര സംരക്ഷണം പിൻവലിക്കുന്നതിൽ ഡൊണാൾഡ് ട്രംപിന്റെ പ്രധാന പങ്ക് ഉണ്ടായിരുന്നിട്ടും, മുൻ പ്രഥമ വനിത മെലാനിയ ട്രംപ് തന്റെ പുതിയ ഓർമ്മക്കുറിപ്പിൽ ഗർഭച്ഛിദ്ര അവകാശങ്ങൾക്കായി ശബ്ദ പിന്തുണ വാഗ്ദാനം ചെയ്യുന്നു.

'സ്വന്തം ശരീരം കൊണ്ട് അവൾ എന്താണ് ചെയ്യുന്നതെന്ന് നിർണ്ണയിക്കാൻ സ്ത്രീക്കല്ലാതെ മറ്റാർക്കാണ് അധികാരം?'എന്ന് അവർ ചോദിക്കുന്നു. ദ ഗാർഡിയന് ലഭിച്ച ഒരു അവലോകന




പകർപ്പ് അനുസരിച്ച്, വരാനിരിക്കുന്ന മെലാനിയയിൽ മെലാനിയ ട്രംപ് എഴുതുന്നു. ഒരു സ്ത്രീയുടെ വ്യക്തിസ്വാതന്ത്ര്യത്തിന്റെ മൗലികാവകാശമാണത്. അവളുടെ സ്വന്തം ജീവിതത്തിന്, അവൾ ആഗ്രഹിക്കുന്നുവെങ്കിൽ അവളുടെ ഗർഭം അവസാനിപ്പിക്കാൻ ആ അവകാശം അവൾക്ക് അധികാരം നൽകുന്നു.'

അനാവശ്യ ഗർഭധാരണം അവസാനിപ്പിക്കണമോ എന്ന് തിരഞ്ഞെടുക്കാനുള്ള ഒരു സ്ത്രീയുടെ അവകാശത്തെ നിയന്ത്രിക്കുന്നത് സ്വന്തം ശരീരത്തിന്മേൽ അവളുടെ നിയന്ത്രണം നിഷേധിക്കുന്നതിന് തുല്യമാണ്. തന്റെ ജീവിതത്തിലുടനീളം താൻ ഈ വിശ്വാസം കൊണ്ടുപോയെന്ന് അവൾ മറ്റൊരിടത്ത് എഴുതി. അപകടകരമായ ഗർഭധാരണം അല്ലെങ്കിൽ ബലാത്സംഗം അല്ലെങ്കിൽ അഗമ്യഗമനം എന്നിവ ഉൾപ്പെടെ, ഒരു സ്ത്രീ ഗർഭച്ഛിദ്രം ആഗ്രഹിക്കുന്നതിന് മൗലികാവകാശങ്ങൾക്കപ്പുറം നിരവധി കാരണങ്ങൾ ഉണ്ടെന്ന് പുസ്തകത്തിൽ മെലാനിയ വാദിക്കുന്നു.

അതേസമയം താൻ ഇതുവരെ വായിച്ചിട്ടില്ലെന്ന് മുൻ പ്രസിഡന്റ് ട്രംപ് കഴിഞ്ഞ മാസം പറഞ്ഞ മെലാനിയ ട്രംപിന്റെ ഓർമ്മക്കുറിപ്പ് അടുത്ത ആഴ്ച പുറത്തുവരും.



# ആണവകേന്ദ്രങ്ങളിൽ ആക്രമണം വേണ്ടെന്ന് ബൈഡൻ

(ഒന്നാം പേജ് തുടർച്ച)

യേലും ഹിസ്ബുള്ളയും തമ്മിലുള്ള നയതന്ത്ര ഇടപാട് പരാജയപ്പെട്ടുവെന്നുവേണം മനസിലാക്കാൻ. ഹമാസും ഇസ്രായേലും തമ്മിലുള്ള വെടിനിർത്തലും ബന്ദി ചർച്ചകളും പരാജയപ്പെട്ടു കഴിഞ്ഞു. ഏതാനും ആഴ്ചകൾക്ക് മുമ്പ് വരെ, ചില മുതിർന്ന യുഎസ് ഉദ്യോഗസ്ഥർ തങ്ങളുടെ നയതന്ത്ര, പ്രതിരോധ ശ്രമങ്ങളിലൂടെ ഇസ്രായേലിനെതിരായ വലിയ തോതിലുള്ള ഇറാനിയൻ ആക്രമണത്തെ വിജയകരമായി പരാജയപ്പെടുത്താൻ സഹായിച്ചിട്ടുണ്ടെന്ന് ചില ഉന്നത വൃത്തങ്ങൾ വെളിപ്പെടുത്തുകയുണ്ടായി.

ഇസ്രയേലിൽ നിന്നുള്ള ആവർത്തിച്ചുള്ളപ്രകോപനത്തിന്റെഫലമായാണ് ഇറാൻ ആക്രമണത്തെ ചിത്രീകരിക്കാൻ ശ്രമിച്ചത്. ചൊവ്വാഴ്ചത്തെ മിസൈൽ ആക്രമണങ്ങൾ ഇസ്രായേലി സുരക്ഷയിലും സൈനിക ലക്ഷ്യങ്ങളിലും ശ്രദ്ധ കേന്ദ്രീകരിച്ചുവെന്നും ജൂലൈയിൽ ഇറാന്റെ തലസ്ഥാനമായ ടെഹ്റാനിൽ ഹമാസ് രാഷ്ട്രീയ നേതാവ് ഇസ്മായിൽ ഹനിയേ ഉൾപ്പെടെയുള്ള കമാൻഡർമാരെ ഇസ്രായേൽ കൊലപ്പെടുത്തിയതിനുള്ള മറുപടിയാണിതെന്നും ഇറാന്റെ ഇസ്ലാമിക് റെവല്യൂഷണറി ഗാർഡ് കോർപ്സ് വ്യക്തമാക്കി.

ഇറാന്റെ പുതിയ പ്രസിഡന്റിന്റെ സ്ഥാനാരോഹണ ചടങ്ങിൽ പങ്കെടുത്തശേഷംഹമാസിന്റെപരമോന്നതനേതാവ്കൊല്ലപ്പെട്ടതിനെത്തുടർന്ന്, ടെഹ്റാൻ എങ്ങനെ പ്രതികരിക്കുമെന്നതിന് ലോകം ശ്വാസമടക്കി കാത്തിരിക്കുകയായിരുന്നു. മാസങ്ങളോളം യാതൊരു പ്രതികരണവും ഉണ്ടായിരുന്നില്ല. മിഡിൽ ഈസ്റ്റിലെ ഒരു സമ്പൂർണ യുദ്ധത്തിന്റെ ഗുരുതരമായ അനന്തരഫലങ്ങൾ കണക്കിലെടുത്ത് പിരിമുറുക്കം കുറയുന്നതായി കാണപ്പെട്ടു.

എന്നാൽ ഇപ്പോൾ ഇസ്രായേലിന്റെ കൊലപാതകങ്ങളും ലെബനനിലെ വിപുലമായ യുദ്ധവും ആ സമവാക്യത്തെ അതിവേഗം മാറ്റിമറിച്ചിരിക്കുകയാണ്.

# ഹെലൻ ചുഴലിക്കാറ്റ്: ഹൃദയാഘാതമരണങ്ങൾക്ക് കാരണമാകുമെന്ന് പഠനം

(ഒന്നാം പേജ് തുടർച്ച)

ലക്ഷത്തിനും ഇടയിൽ മരണത്തിന് കാരണമായതായി ശാസ്ത്രജ്ഞർ പറയുന്നു. അതോടൊപ്പം പ്രകൃതി ദുരന്തത്തിനൊപ്പം മറ്റ് രോഗങ്ങളും മരണത്തിന് കാരണമാകുന്നുണ്ട്. പ്രമേഹം, ആത്മഹത്യ, ശിശുമരണം, ഹൃദയാഘാതം തുടങ്ങിയ കാരണങ്ങളാൽ ഈ മരണങ്ങൾ സംഭവിച്ചതായി ഗവേഷകർ കണ്ടെത്തി. ഹൃദ്രോഗമാണ് അടുത്ത ഏറ്റവും സാധാരണമായ കാരണം, അതിനുശേഷം ക്യാൻസറാണ്.

1930 മുതൽ 2015 വരെ അറ്റ്ലാന്റിക്, ഗൾഫ് തീരങ്ങളിൽ വീശിയടിച്ച 501 ഉഷ്ണമേഖലാ ചുഴലിക്കാറ്റുകളിൽ നിന്നുള്ള ഡാറ്റയുടെ സ്റ്റാറ്റിസ്റ്റിക്കൽ വിശകലനവും ഓരോ ചുഴലിക്കാറ്റിന് തൊട്ടുമുമ്പും ശേഷവും ഓരോ സംസ്ഥാനത്തിനുള്ളിലെ വിവിധ ജനസംഖ്യയുടെ മരണനിരക്കും അടിസ്ഥാനമാക്കിയാണ് സ്റ്റാൻഫോർഡ് യൂണിവേഴ്സിറ്റിയിലെ പരിസ്ഥിതി സാമൂഹിക ശാസ്ത്ര പ്രൊഫസറായ സോളമൻ ഹ്സിയാങ് പഠനം നടത്തിയത്.

"ഓരോ കൊടുങ്കാറ്റിനും ശേഷവും ഇത്തരത്തിലുള്ള അധിക മരണനിരക്ക് ഒരു സംസ്ഥാനത്ത് ഉണ്ടായിട്ടുണ്ട്" ഹ്സിയാങ് എപിയോട് പറഞ്ഞു. രാജ്യവ്യാപകമായി 100 മരണങ്ങളിൽ മൂന്നിലധികവും ഉഷ്ണമേഖലാ ചുഴലിക്കാറ്റുമായി ബന്ധപ്പെട്ടതാണെങ്കിലും, ചില വിഭാഗങ്ങളിൽ ഈ സംഖ്യ വളരെ കൂടുതലാണ്. കറുത്തവർഗ്ഗക്കാർ ചുഴലിക്കാറ്റിനെ തുടർന്ന് മരിക്കാനുള്ള സാധ്യത വെള്ളക്കാരേക്കാൾ മൂന്നിരട്ടിയാണെന്ന് പഠനം കണ്ടെത്തി. പ്രകൃതിദുരന്തങ്ങൾക്ക് ശേഷം നേരിടുന്ന അസമത്വത്തെ കുറിച്ചും അനുഭവങ്ങളെ കുറിച്ചും വർഷങ്ങളായി പല കറുത്തവർഗക്കാരും ഉന്നയിക്കുന്ന ആശങ്കകൾക്ക് ഈ കണ്ടെത്തൽ വ്യക്തമായ ചിത്രം നൽകുന്നു.

# വൈദ്യുതി ലാഭിക്കാൻ വോയേജർ 2ലെ ഉപകരണം ഓഫ് ചെയ്ത് നാസ

ന്യൂയോർക്ക്: വൈദ്യുതി ലാഭിക്കാൻ, നാസ അതിന്റെ ദീർഘകാല വോയേജർ 2 ബഹിരാകാശ പേടകത്തിലെ മറ്റൊരു ശാസ്ത്ര ഉപകരണം സ്വിച്ച് ഓഫ് ചെയ്തു.





വോയേജർ 2 ന്റെ പ്ലാസ്മ സയൻസ് ഉപകരണം ചാർജ്ജ് ചെയ്ത ആറ്റങ്ങളുടെ ഒഴുക്ക് അളക്കാൻ രൂപകൽപ്പന ചെയ്തിരിക്കുന്നതാണ്. സെപ്തംബർ അവസാനത്തോടെ പവർ ഓഫ് ചെയ്തതിനാൽ ബഹിരാകാശ പേടകത്തിന് കഴിയുന്നത്ര കാലം പര്യവേക്ഷണം നടത്താനാകും.

2030 ൽ ഇതിൻരെ മടക്കം പ്രതീക്ഷിക്കാമെന്ന് ബഹിരാകാശ ഏജൻസി ചൊവ്വാഴ്ച പറഞ്ഞു.



# ഈ രാജ്യത്ത് ജോലി ചെയ്യാൻ ആരും ആഗ്രഹിക്കും

ജോലിസമ്മർദ്ദം കാരണം ഇന്ത്യയിൽ പൂനെയിലെ ഇവൈ എന്ന കമ്പനിയിലെ ജീവനക്കാരി അന്ന സെബാസ്റ്റ്യൻ പേരയാൽ മരിച്ചത് രാജ്യത്ത് വലിയ ചർച്ചയായിരുന്നു. ഈ പശ്ചാത്തലത്തിൽ രാജ്യങ്ങളുടെ ജോലിസമയവുമായി ബന്ധപ്പെട്ട വിവരങ്ങൾ പുറത്തുവിട്ടിരിക്കുകയാണ് ലോക തൊഴിലാളി സംഘടന (വേൾഡ് ലേബർ ഓർഗനൈസേഷൻ).

റിപ്പോർട്ട് പ്രകാരം ലോകത്ത് ഏറ്റവും കുറവ് ജോലി സമയം ഉള്ള രാജ്യമാണ് വനവാട്ടു. ഓഷ്യാനിയയിലെ ഒരു രാജ്യമാണ് വനവാട്ടു. വനവാട്ടുവിലെ ജീവനക്കാർ ആഴ്ചയിൽ ശരാശരി 24.7 മണിക്കൂർ മാത്രമാണ് ജോലി ചെയ്യുന്നത്. വനവാട്ടുവിലെ തൊഴിലാളികളിൽ നാല് ശതമാനം പേർ മാത്രമാണ് ആഴ്ചയിൽ 49 മണിക്കൂറിലധികം ജോലി ചെയ്യുന്നത്.

വനവാട്ടുവിന് തൊട്ടുപിന്നിലായി ഉള്ള രാജ്യമാണ് കിരിബതി. കിരിബതിയിലെ ജീവനക്കാർ ആഴ്ചയിൽ ശരാശരി 27.3 മണിക്കൂറാണ് ജോലി ചെയ്യുന്നത്. ഏറ്റവും കുറവ് ജോലി സമയമുള്ള രാജ്യങ്ങളുടെ പട്ടികയിൽ ആദ്യത്തെ 20 സ്ഥാനങ്ങളിലൊന്നും തന്നെ ഇന്ത്യ ഉൾപ്പെട്ടിട്ടില്ലെന്നതാണ് മറ്റൊരു വസ്തുത.

കിരിബതിയ്ക്ക് പിന്നാലെ മൈക്രോനേഷ്യ (30.4 മണിക്കൂർ), റുവാണ്ട (30.4 മണിക്കൂർ), സൊമാലിയ(31.4മണിക്കൂർ), നെതർലാൻഡ്സ്(31.6മണിക്കൂർ), ഇറാഖ്(31.7മണിക്കൂർ), വാലിസ് ആൻഡ് ഫ്യൂട്ടൂന ദ്വീപുകൾ (31.8 മണിക്കൂർ), എത്യോപ്യ(31.9 മണിക്കൂർ), കാനഡ (32.1 മണിക്കൂർ), ഓസ്ട്രേലിയ (32.3മണിക്കൂർ), ന്യൂസിലാന്റ്(33 മണിക്കൂർ) എന്നീ രാജ്യങ്ങളാണ് കുറഞ്ഞ ജോലിസമയമുള്ള രാജ്യങ്ങളുടെ പട്ടികയിലുൾപ്പെട്ടിട്ടുള്ളത്.

ഭൂട്ടാനാണ് ലോകത്ത് ഏറ്റവും ഉയർന്ന ജോലിസമയമുള്ള രാജ്യങ്ങളുടെ പട്ടികയിൽ ഒന്നാം സ്ഥാനത്ത് നിൽക്കുന്ന രാജ്യം. ഭൂട്ടാനിലെ 61 ശതമാനം തൊഴിലാളികളും ആഴ്ചയിൽ 49 മണിക്കൂറിൽ കൂടുതൽ ജോലി ചെയ്യുന്നുണ്ട്. ബംഗ്ലാദേശിലും പാകിസ്ഥാനിലും സമാനമായ സ്ഥിതി നിലനിൽക്കുന്നു. ഈ രണ്ട് രാജ്യങ്ങളിലേയും ജീവനക്കാർ കൂടുതൽ സമയം ജോലി ചെയ്യുന്നുവെന്നാണ് റിപ്പോർട്ടിൽ പറയുന്നത്.

ഇന്ത്യയിലെ 51 ശതമാനം വരുന്ന തൊഴിലാളികളും ആഴ്ചയിൽ 49 മണിക്കൂറോ അതിൽ കൂടുതലോ ജോലി ചെയ്യുന്നുണ്ടെന്നും റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടി. യുഎഇ, ലെസോത്തോ,എന്നീ രാജ്യങ്ങളിലും ജോലിസമയം വളരെ കൂടുതലാണെന്നും റിപ്പോർട്ട് വ്യക്തമാക്കുന്നു.

## മയക്കുമരുന്ന്, ആയുധക്കടത്ത്:

# വൈറ്റ് സുപ്രിമാസിസ്റ്റ് സംഘവുമായി ബന്ധമുള്ള ഡസൻ കണക്കിന് ആളുകൾ പിടിയിൽ

ലോസ് ഏഞ്ചൽസ്: സാൻ ഫെർണാണ്ടോ വാലി ആസ്ഥാനമായുള്ള വൈറ്റ് സുപ്രിമാസിസ്റ്റ് സംഘമെന്ന് പ്രോസിക്യൂട്ടർമാർ വിളിക്കുന്ന 68 ഓളം അംഗങ്ങൾക്കെതിരെ മയക്കുമരുന്ന് കടത്ത്, ആയുധ ലംഘനങ്ങൾ എന്നീ കുറ്റങ്ങൾ ചുമത്തി കേസ് രജിസ്റ്റർ ചെയ്തു. കോവിഡ് കാലത്ത് നടത്തിയ ക്രിമിനൽ ഓപ്പറേഷൻ ഉൾപ്പെടെ ഫെഡറൽ കുറ്റപത്രവുമായി ബന്ധപ്പെട്ട് ബുധനാഴ്ചയാണ് അറസ്റ്റ് ചെയ്തത്. വായ്പ തട്ടിപ്പും ഇവർക്കെതിരെ ആരോപിക്കുന്നുണ്ട്.

യുഎസ് അറ്റോർണി ഓഫീസ് പറയുന്നതനുസരിച്ച്, ലോസ് ഏഞ്ചൽസ് പൊലീസ് ഡിപ്പാർട്ട്മെന്റും മറ്റ് ഏജൻസികളും ഉൾപ്പെട്ട തുടർച്ചയായ റെയ്ഡുകളിൽ കുറ്റപത്രത്തിൽ പേരുള്ള 29 പേരെ ബുധനാഴ്ച അറസ്റ്റ് ചെയ്തു. പതിമൂന്ന് പ്രതികൾ ഇതിനകം കസ്റ്റഡിയിലുണ്ടെന്ന് പ്രോസിക്യൂട്ടർമാർ പറഞ്ഞു.





സംഘത്തിന് ആര്യൻ ബ്രദർഹുഡുമായും മെക്സിക്കൻ മാഫിയയുമായും ബന്ധമുണ്ടെന്നും അതിലെ അംഗങ്ങൾ നാസി ടാറ്റൂകൾ, ഗ്രാഫിറ്റികൾ, ഐക്കണോഗ്രഫി എന്നിവ ഉപയോഗിച്ച് അവരുടെ തീവ്രവാദ പ്രത്യയശാസ്ത്രം ഉപയോഗിക്കുന്നുണ്ടെന്നും പ്രോസിക്യൂട്ടർമാർ വ്യക്തമാക്കി.

# 'ടോയ്‌ലറ്റ് ഫ്ളഷ് ചെയ്തില്ല! 13 കാരി ഏഴ് വയസുകാരി സഹോദരിയെ കുത്തിക്കൊന്നു

മിഷിഗൺ: ടോയ്‌ലറ്റ് ഫ്ളഷ് ചെയ്യുന്നതിനെ ചൊല്ലിയുണ്ടായ തർക്കത്തെ തുടർന്ന് യുഎസിൽ 13 വയസുകാരി തന്റെ 7 വയസുള്ള സഹോദരിയെ കുത്തിക്കൊന്നു. ദ ഇൻഡിപെൻഡന്റ് റിപ്പോർട്ട് ചെയ്യുന്നതനുസരിച്ച്, ശനിയാഴ്ച മിഷിഗണിൽ കൗമാരക്കാരി അവളുടെ അനുജത്തിയെ ബേബി സിറ്റ് ചെയ്യുന്നതിനിടെയാണ് സംഭവം.

ഉച്ചയ്ക്ക് ഒരു മണിയോടെ ഉദ്യോഗസ്ഥർ സംഭവസ്ഥലത്തെത്തിയപ്പോൾ പത്തിലധികം കുത്തേറ്റ കുട്ടിയെ ഗുരുതര പരിക്കുകളോടെ ശുചിമുറിയിൽ കണ്ടെത്തുകയായിരുന്നു. ഉടൻ തന്നെ ആശുപത്രിയിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ലെന്ന് ഉദ്യോഗസ്ഥർ വ്യക്തമാക്കി.

ടോയ്‌ലറ്റ് ഫ്ളഷ് ചെയ്യുന്നതിനെക്കുറിച്ച് ശുചിമുറിയിൽ ഒരു കുറിപ്പ് വച്ചിരുന്നതായും ഇതേചൊല്ലി ഇരുവരും തമ്മിൽ വാക്ക് തർക്കമുണ്ടായതായും പൊലീസ് പറഞ്ഞതായി ദി ഇൻഡിപെൻഡന്റ് റിപ്പോർട്ട് ചെയ്യുന്നു. തർക്കത്തിനിടെ, 13 വയസ്സുകാരി തന്റെ അനുജത്തിയുടെ വയറിലും തലയിലും കഴുത്തിലും കറി കത്തിയും വേട്ടയ്ക്ക് ഉപയോഗിക്കുന്ന കത്തിയും ഉപയോഗിച്ച് കുത്തുകയും തുടർന്ന് 911ലേയ്ക്ക് വിളിച്ച് വിവരം അറിയിക്കുകയുമായിരുന്നു.

പതിമൂന്നുകാരിക്കെതിരെ ഇപ്പോൾ ഫസ്റ്റ് ഡിഗ്രി ആസൂത്രിത കൊലപാതകം, ക്രിമിനൽ കൊലപാതകം, ഫസ്റ്റ് ഡിഗ്രി ബാലപീഡനം തുടങ്ങി നിരവധി ആരോപണങ്ങൾ നേരിടുന്നുണ്ടെന്ന് പ്രോസിക്യൂട്ടർ ഓഫീസ് അറിയിച്ചു. അവൾ വളരെ ശാന്തയായിരുന്നുവെന്നും ഒരു വികാരവും കാണിച്ചില്ലെന്നും ഡിറ്റക്ടീവ് സക്കറി ഡിജിയാകോമോ പറഞ്ഞു.

പ്രായപൂർത്തി ആകാത്തതിനാൽ ഇരയുടെയും സംശയിക്കപ്പെടുന്നവരുടെയും വ്യക്തിവിവരങ്ങൾ പുറത്തുവിട്ടിട്ടില്ല. ആക്രമണം നടക്കുമ്പോൾ മൂത്ത മകളെ രണ്ട് മണിക്കൂർ ഇളയ സഹോദരിയെനോക്കാൻവിട്ടിരുന്നതായി മാതാപിതാക്കൾ പൊലീസിനോട് പറഞ്ഞു. സഹോദരങ്ങൾ തമ്മിൽ മുമ്പ് സാധാരണ സഹോദരങ്ങൾ തമ്മിൽ നടക്കുന്ന തരത്തിലുള്ള വാദങ്ങൾ മാത്രമേ ഉണ്ടായിരുന്നുള്ളൂവെന്ന് മാതാപിതാക്കൾ വ്യക്തമാക്കുന്നു.




## BABYSITTER WANTED

**ഷിക്കാഗോയിൽ താമസിക്കുന്ന യുവ** ദമ്പതികൾക്ക് ഒന്നര വയസ്സുള്ള കുട്ടിയെ നോക്കാൻ ബേബി സിറ്റിംഗിന് ആളെ ആവശ്യമുണ്ട്. താൽപ്പര്യമുള്ളവർ വിളിക്കുക

**പോൾ വടകര (708-307-1122)**

#100224

## CARETAKER WANTED

**ഒരു വൃദ്ധന്റെ കാര്യങ്ങൾ** നോക്കാൻ പാചകം അറിയുന്ന ആരോഗ്യമുള്ള ഒരു സ്ത്രീയെ സ്ഥിരമായി വേണം. താമസ സൗകര്യങ്ങൾ ഉണ്ട്.

**താല്പര്യമുണ്ടെങ്കിൽ ഈ നമ്പറിൽ**

**224-382-3669**

ബന്ധപ്പെടുകയോ മെസ്സേജ് വിടുകയോ ചെയ്യുക

#100224






## ഉണ്ണിയീശോയോടുള്ള നെവേന



ഇഹലോകവാസികളായ ഞങ്ങളേരോരുത്തരോടുമുള്ള സ്നേഹത്താൽ മനുഷ്യാവതാരം ചെയ്ത് ഞങ്ങളുടെ ഇടയിലേക്ക് വരുവാൻ തിരുമനസ്സായ ഉണ്ണിയീശോയെ അങ്ങയെ ഞങ്ങൾ ആരാധിക്കുന്നു. പാപികളായ ഞങ്ങളുടെ അയോഗ്യതകൾ പരിഗണിക്കാതെ ഞങ്ങളിൽ ഒരുവനായിത്തീരുവാൻ തിരുമനസ്സായ ഉണ്ണിയീശോയെ, കാലിത്തൊഴുത്തിൽ പിറന്ന് എളിമയോടെയും വിനയത്തിന്റെയും മാതൃകയായി ജീവിച്ചതിന് ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു.

പാപികളായ ഞങ്ങളിൽ അനുഗ്രഹ വർഷം ചൊരിഞ്ഞുകൊണ്ടിരിക്കുന്ന അങ്ങേയ്ക്കു ഞങ്ങൾ നന്ദിപറയുന്നു. അങ്ങേ തിരുമുമ്പിൽ അണഞ്ഞ് ഈ നെവേനയിൽ ഇന്നു ഞങ്ങൾ പ്രത്യേകമായി അപേക്ഷിക്കുന്നു..... ആവശ്യങ്ങൾ ഞങ്ങൾക്ക് ഒരോരുത്തർക്കും സാധിച്ചുതരണമെന്ന് തകർന്ന ഹൃദയത്തോടുകൂടി അങ്ങയോട് ഞങ്ങൾ അപേക്ഷിക്കുന്നു.

ആമേൻ

**എലിസബത്ത്, മോർട്ടൻഗ്രോവ്** #100224

## പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവേ, എനിക്ക് എല്ലാം വെളിപ്പെടുത്തുകയും എനിക്കു വഴി കാണിച്ചുതരികയും എന്നോടു മറ്റുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും, മറക്കുവാനും കഴിവുതരുന്ന ദൈവീക ദാനം തരികയും എന്റെ ജീവിതത്തിൽ എന്റെ എല്ലാ ചിന്തകളിലും ഉള്ളവനുമായ അങ്ങേയ്ക്ക് ഞാൻ നന്ദി പറയുന്നു. എത്രവലിയ ഭൗതീകാഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷംപോലും അങ്ങയിൽ നിന്ന് അകലുവാനോ വേർപ്പെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ലയെന്ന് ഞാൻ തീർത്തുപറയുന്നു. നിത്യാമഹത്വത്തിൽ അങ്ങയോടുകൂടെ ആയിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവഹിതത്തിനു വിധേയപ്പെട്ടുകൊണ്ട് ഞാൻ അങ്ങയോടു ചോദിക്കുന്നു...

ഈ പ്രാർത്ഥന വിശ്വാസത്തോടെ മൂന്നുദിവസം അടുപ്പിച്ചു പ്രാർത്ഥിക്കുക. മൂന്നുദിവസത്തിനുശേഷം നിങ്ങളുടെ അപേക്ഷ തീർച്ചയായും സഫലീകരിക്കും. അപേക്ഷിക്കുന്നതിനുമുൻപ് താഴെ പറയുന്ന രണ്ട് കാര്യങ്ങളിൽ ഒന്ന് ചെയ്തിരിക്കുമെന്ന് ഉറപ്പു നൽകുക.

1. അപേക്ഷ സാധ്യമായാൽ ഈ പ്രാർത്ഥന പ്രസിദ്ധീകരിക്കും.

2. ഈ പ്രാർത്ഥനയുടെ പകർപ്പുകൾ എത്ര അധികം ആളുകളിൽ എത്തിക്കാമോ അത്രയധികം ആളുകളിൽ എത്തിക്കും. ഇത് പരിശുദ്ധാത്മാവിന്റെ അത്ഭുതങ്ങൾ പ്രചരിപ്പിക്കാൻ വേണ്ടിയാണ്.

**ഒരു വിശ്വാസി** #100224

## SEEKING BRIDE

**Parents are seeking** proposal for their son 48 years, US Citizen, working with a MNC in Texas, having two children in first marriage (14 year boy & 12 year daughter (Joint custody), Height 182cm, weight 168.

**Ph: 281-631-5103**

**longwood81@yahoo.com**

#100224

**Seeking proposal for** the son 28 years old Living in Dubai working a pvt. LL C company as an engineer at planning section. His education qualification is BE. Mechanic Engineeringfrom Herroitwatt college Dubai campus. Native place Changanacherry. Born and brought up in Dubai. Father passed away. 2 elder sisters married and settled. Mother is working and staying in Dubai with Orville. Seekingan alliancefrom Romancatholic girl. Now mother and son here in Chicago.

**Contact 00971502811046**

**Mail to: susanpadiyath@gmail.com**

#100224

## SEEKING BRIDEGROOM

**Roman Catholic parents** invite propsals for their daughter 26years, Height 5'7, Weight 68kg, BSc Nursing, working as a Registered Nurse (St. Georges NHS Trust, Tooting) in London, UK from the parents of professionally qualified christian matches. Interesting parents may contact with details.

**Contact: 708-304-2116**

**Mail: sibymathayi@icloud.com**

#100224

Newspaper for Malayalees Worldwide ◆Estd.2020
വാചകം VACHAKAM
ബന്ധപ്പെടുക:
773-888-2242,
773-842-9149
vachakamonline@gmail.com
news@vachakam.com
Vachakam.com
For E-Paper reading visit Vachakam.com

# അക്കാര്യത്തിൽ അമേരിക്കയാണ് മുന്നിൽ!

ഇന്ത്യയാണ് ലോകത്ത് ഏറ്റവും കൂടുതൽ ക്രൂഡ് ഓയിൽ ഇറക്കുമതി ചെയ്യുന്ന രാജ്യങ്ങളിൽ ഒന്ന്. വലിയ ക്രൂഡ് ഓയിൽ ഉത്പാദനമൊന്നും ഇല്ലാത്ത ഒരു രാജ്യം എന്നതിനാൽ തന്നെ തങ്ങൾക്ക് ആവശ്യമായ എണ്ണയുടെ ഭൂരിപക്ഷവും, അതായത് 85 ശതമാനത്തോളം എണ്ണ വിവിധ വിദേശ രാജ്യങ്ങളിൽ നിന്നായി ഇറക്കുമതി ചെയ്യുകയാണ് സാധരണയായി ചെയ്യുന്നത്.

അതേസമയം ലോകത്ത് ഏറ്റവും കൂടുതൽ ക്രൂഡ് ഓയിൽ ഇറക്കുമതി ചെയ്യുന്ന രാജ്യങ്ങളുടെ പട്ടിക എടുക്കുകയാണെങ്കിൽ ഇന്ത്യ മൂന്നാമതാണ്. അപ്പോൾ ഒന്നും രണ്ടും സ്ഥാനങ്ങളിൽ വരുന്നത് ആരായിരിക്കും. ലോകത്ത് ഏറ്റവും കൂടുതൽ ക്രൂഡ് ഓയിൽ ഉത്പാദിപ്പിക്കുന്നതും ഇറക്കുമതി ചെയ്യുന്നതുമായ രാജ്യങ്ങളുടെ പട്ടിക പരിശോധിക്കാം.

ഇലക്ട്രിക് വാഹനങ്ങളുടെ വർധിച്ച ഉപയോഗം അടക്കമുള്ള വിവിധ കാരണങ്ങളാൽ വരും വർഷങ്ങളിൽ തന്നെ ലോകത്തെ ക്രൂഡ് ഓയിൽ ആവശ്യകതയിൽ വലിയ ഇടിവ് ഉണ്ടായേക്കുമെന്ന റിപ്പോർട്ടുകളും ഇതോടൊപ്പം പുറത്ത് വരുന്നുണ്ട്. വികസിത രാജ്യങ്ങളിൽ 2023 ൽ പ്രതിദിനം ക്രൂഡ് ഓയിൽ ഉപഭോഗം 46 ദശലക്ഷം ബാരലാണെങ്കിൽ 2030 ഓടെ ഇത് 43 ദശലക്ഷത്തിൽ താഴെയായി കുറയുമെന്നാണ് ഒരു റിപ്പോർട്ട് വ്യക്തമാക്കുന്നത്.



അതോടൊപ്പം വികസിത രാജ്യങ്ങളിലെ ക്രൂഡ് ഓയിൽ ആവശ്യകതയിൽ ഇടിവ് ഉണ്ടാകുമ്പോൾ തന്നെ ഏഷ്യയിലെ അതിവേഗം വളരുന്ന സമ്പദ്വ്യവസ്ഥകളായ ഇന്ത്യയുടേയും ചൈനയുടെയും പെട്രോകെമിക്കൽ വ്യവസായവും ആഗോള എണ്ണ ഉപഭോഗവും വർധിക്കുകയും ചെയ്തേക്കാം. 2024 ഏപ്രിൽ 11 ന് മൊത്തം ലോക എണ്ണ ഉപഭോഗം 99.95 ദശലക്ഷം ബി/ഡിയിൽ എത്തിയെന്നാണ് കണക്കത്. ഏറ്റവും മികച്ച പത്ത് എണ്ണ ഉതാപാദക രാജ്യങ്ങൾ 2023ൽ പ്രതിദിനം ഏകദേശം 61.08 ദശലക്ഷം ബാരൽ (ബി/ഡി) ഉപയോഗിച്ചു, ഇത് ആഗോള എണ്ണ ഉപഭോഗത്തിന്റെ 61% ശതമാനമാണ്.

അതേസമയം ലോകത്ത് ഏറ്റവും കൂടുതൽ ക്രൂഡ് ഓയിൽ ഉപഭോഗ രാജ്യം അമേരിക്കയാണ്. കണക്കുകൾ പ്രകാരം 20.1 മില്യൺ ബി പി ഡി ക്രൂഡ് ഓയിലാണ് അമേരിക്ക ഓരോ ദിവസവും ഉപയോഗിക്കുന്നത്. ആകെ ലോക വിഹിതത്തിന്റെ 20 ശതമാനം വരും ഇത്. ഈ പട്ടികയിൽ 15.15 മില്യൺ ബി പി ഡിയുമായി ചൈന രണ്ടാമതും 5.05 മില്യൺ ബി പി ഡിയുമായ ഇന്ത്യ മൂന്നാമതും വരുന്നത്. ലോകവിഹിതത്തിൽ ഇത് യഥാക്രമം ഇത് 15 ശതമാനവും 5 ശതമാനവുമാണ്. പട്ടികയിൽ റഷ്യ (3.68 മില്യൺ ബിപിഡി) നലാമതും സൗദി അറേബ്യ അഞ്ചാമതും (3.65 മില്യൺ ബിപിഡി) വരുന്നു. ജപ്പാൻ, ബ്രസീൽ, ദക്ഷിണ കൊറിയ, കാനഡ, ജർമ്മനി തുടങ്ങിയ രാജ്യങ്ങളാണ് അഞ്ച് മുതൽ പത്ത് വരേയുള്ള സ്ഥാനങ്ങളിൽ വരുന്നത്.

ഏറ്റവും കൂടുതൽ എണ്ണ ഉത്പാദിപ്പിക്കുന്ന രാജ്യങ്ങളുടെ പട്ടിക പരിശോധിക്കുകയാണെങ്കിൽ സ്വാഭാവികമായും പലരും കരുതുക സൗദി അറേബ്യയായിരിക്കും ഒന്നാമത് വരികയെന്നായിരിക്കും. എന്നാൽ യഥാർത്ഥ കണക്കുകൾ അങ്ങനേയല്ല. 21.91 മില്യൺ ബി പി ഡി ക്രൂഡ് ഓയിൽ ഉത്പാദിപ്പിക്കുന്ന അമേരിക്കയാണ് ലോകത്ത് ഏറ്റവും കൂടുതൽ ക്രൂഡ് ഓയിൽ ഉത്പാദിപിക്കുന്ന രാജ്യം. ലോക വിഹിതത്തിന്റെ 22 ശതമാനം വരും ഇത്.

പട്ടികയിൽ 11.13 മില്യൺ ബി പി ഡി (11 ശതമാനം)യുമായി സൗദി അറേബ്യ രണ്ടാം സ്ഥാനത്തേക്ക് വരുമ്പോൾ തൊട്ടുപിന്നിൽ 10.75 മില്യൺ ബിപിഡിയുമായി റഷ്യ തൊട്ടുപിന്നിലുണ്ട്. റഷ്യയുടേയും ലോക വിഹിതം 11 ശതമാനമാണ്. കാനഡ (5.76 മില്യൺ ബിപിഡി), ചൈന (5.26 മില്യൺ ബിപിഡി) തുടങ്ങിയവരാണ് നാലും അഞ്ചാമതും വരുന്നു. ഇറാഖ്, ബ്രസീൽ, യുഎഇ, ഇറാൻ, കുവൈറ്റ് തുടങ്ങിയ രാജ്യങ്ങളാണ് തുടർന്നുള്ള സ്ഥാനങ്ങളിൽ വരുന്നത്.

പതിറ്റാണ്ടുകളോളം ഇന്ത്യയുടെ ക്രൂഡ് ഓയിൽ ആവശ്യകതയുടെ സിംഹഭാഗവും പൂർത്തീകരിച്ചിരുന്നത് അറബ് രാജ്യങ്ങളിൽ നിന്നുള്ള ഇറക്കുമതിയിലൂടെയാണ്. പ്രത്യേകിച്ച് ഇറാഖ്, സൗദി അറേബ്യ തുടങ്ങിയ രാജ്യങ്ങളിൽ നിന്നായിരുന്നു ഇന്ത്യ പ്രധാനമായും ക്രൂഡ് ഓയിൽ ഇറക്കുമതി ചെയ്തുകൊണ്ടിരുന്നത്. എന്നാൽ 2022 ലെ റഷ്യയുടെ ഉക്രെയിൻ യുദ്ധത്തോടെ ഈ സാഹചര്യം മാറുന്ന കാഴ്ച നാം കണ്ടു.

ഇന്ന് ഇന്ത്യയിലേക്ക് ഏറ്റവും കൂടുതൽ ക്രൂഡ് ഓയിൽ ഇറക്കുമതി ചെയ്യുന്ന രാജ്യമായി റഷ്യ ഉയർന്ന് വപ്പോൾ ഇറാഖിന്റേയും സൗദി അറേബ്യയുടേയും വിഹിതം വലിയ തോതിൽ കുറഞ്ഞു. ഇതിൽ ഏറ്റവും വലിയ തിരിച്ചടിയുണ്ടായിരിക്കുന്നത് സൗദി അറേബ്യക്കാണ്. എന്നാൽ ദീർഘകാലത്തിന് ശേഷം ഇന്ത്യയിലേക്കുള്ള സൗദി അറേബ്യൻ ക്രൂഡ് ഓയിലിന്റെ ലഭ്യത വർധിക്കാൻ പോകുന്നുവെന്ന റിപ്പോർട്ടുകളാണ് ഇപ്പോൾ പുറത്ത് വരുന്നത്. ഇത് ഇന്ത്യക്ക് ക്രൂഡ് ഓയിൽ വിപണിയിൽ വലിയ വിലപേശൽ ശക്തി നൽകുന്നതായും ബിസിനസ് സ്റ്റാന്റേർഡ് റിപ്പോർട്ട് ചെയ്യുന്നു.

# ഹസൻ നസ്രല്ലയുടെ പകരക്കാരനെ അറിയാം

ഹിസ്ബുള്ള നേതാവ് ഹസൻ നസ്രല്ല ഇസ്രായേൽ വ്യോമാക്രമണത്തിൽ വധിക്കപ്പെട്ടതിന് പിന്നാലെ പുതിയ മേധാവിയെ കണ്ടെത്തിക്കഴിഞ്ഞു. നസ്രല്ലയുടെ ബന്ധു കൂടിയായ ഹാഷിം സഫിദ്ദീൻ ആണ് പുതിയ തലവൻ. 64 കാരനായ സഫിദ്ദീൻ ശരീരപ്രകൃതത്തിലും നസ്രലല്ലയുമായി ഏറെ സാമ്യമുള്ള നേതാവാണ്. നേരത്തേ അദ്ദേഹം ഇസ്രായൽ വ്യോമാക്രമണത്തിൽ കൊല്ലപ്പെട്ടതായി അഭ്യൂഹം ഉണ്ടയിരുന്നു. എന്നാൽ സഫിദ്ദീൻ ജീവനോടെ ഉണ്ടെന്ന് സംഘടനയെ ഉദ്ധരിച്ച് റോയിറ്റേഴ്സ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഹിസ്ബുള്ളയുടെ ആദ്യകാലത്ത് നസ്രല്ലയ്ക്കൊപ്പം തന്നെ സംഘടനയിൽ ചേർന്ന് പ്രവർത്തിച്ച വ്യക്തിയാണ് സഫിദ്ദീൻ.

1964 ൽ ദക്ഷിണ ലെബനനിലെ ദെയ്ർഖാനൻ ൽ നഹർ എന്ന സ്ഥലത്താണ് സഫദ്ദീൻ ജനിച്ചത്. 1990 ൽ ഇറാനിൽ തന്റെ പഠനം പൂർത്തിയാക്കി ബെയ്റൂട്ടിൽ എത്തിയതിന് പിന്നാലെ തന്നെ നസ്രല്ലയ്ക്കൊപ്പം പ്രവർത്തനം തുടങ്ങി. ഹിസ്ബുള്ളയുടെ രാഷ്ട്രീയ കാര്യങ്ങളുടെ മേൽനോട്ടം വഹിച്ച് വരികയായിരുന്നു. ഗ്രൂപ്പിന്റെ ജിഹാദ് കൗൺസിൽ അംഗം കൂടിയാണ് സഫിദ്ദീൻ. സംഘടനയുടെ സൈനിക കാരങ്ങ്യളുടെ ചുമതലയാണ് ജിഹാദ് കൗൺസിലിനുള്ളത്.

കഴിഞ്ഞ 30 വർഷമായി ഹിസ്ബുള്ളയുടെ സിവിലിയൻ ഓപ്പറേഷനുകൾ, വിദ്യാഭ്യാസ സംവിധാനങ്ങൾ, സാമ്പത്തിക കാര്യങ്ങൾ എന്നിവയുടെയെല്ലാം മേൽനോട്ടം വഹിച്ചിട്ടുണ്ട് സഫിദ്ദീൻ. സംഘടനയുടെ തന്ത്രപരമായ കാര്യങ്ങളായിരുന്നു നസ്രല്ലയുടെ ചുമതല. നസ്രല്ലയിൽ നിന്നും വ്യത്യസ്തമായി ഏറെ കാലം ഇദ്ദേഹം ഒളിവിലായിരുന്നു. അടുത്തിടെയാണ് രാഷ്ട്രീയമതപരമായ പരിപാടികളിൽ സജീവമായി തുടങ്ങിയത്.



മാത്രമല്ല യു.എസ് നയങ്ങളുടെ കൊടിയ വിമർശകൻ കൂടിയാണ് സഫുദ്ദീൻ. 2017 ൽ യുഎസ് തീവ്രവാദികളുടെ പട്ടികയിൽ സഫീദ്ദിനെ ഉൾപ്പെടുത്തിയിരുന്നു. ഹിസ്ബുള്ളയ്ക്കെതിരായ യുഎസ് നടപടിയെ 2017 ൽ സഫിദ്ദീൻ അതിരൂക്ഷമായി വിമർശിച്ചിരുന്നു. ട്രംപിന്റെ കീഴിലുള്ള മാനസിക വൈകല്യമുള്ള യുഎസ് ഭരണകുടത്തിന് തങ്ങളുടെ ചെറുത്തുനിൽപ്പുകളെ നശിപ്പിക്കാൻ സാധിക്കില്ലെന്നും ഇത്തരം നടപടികളെല്ലാം സംഘടനയെ കൂടുതൽ ശക്തമാക്കുകയേ ഉള്ളൂവെന്നുമാണ് അദ്ദേഹം പറഞ്ഞത്.

സിറിയൻ ഭരണത്തെ പിന്തുണച്ചതിന്റെ പേരിൽ 2017 ൽ സൗദിയും സഫീദ്ദിനെ കരിമ്പട്ടികയിൽ പെടുത്തിയിരുന്നു. അന്തരിച്ച ഇറാൻ ജനറൽ ഖാസിം സുലൈമാനിയുടെ മകൾ സൈനബ് സുലൈമാനിയുടെ ഭർതൃപിതാവ് കൂടിയാണ് സഫിദ്ദീൻ. ഇറാൻ പരമോന്നത നേതാവ് ആയത്തുള്ള ഖമേനിയുമായും അദ്ദേഹത്തിന് ശക്തമായ ബന്ധമുണ്ട്.

നസ്രല്ലയ്ക്ക് പിന്നാലെ മറ്റൊരു ഹിസ്ബുള്ള നേതാവിനെ കൂടി ഇസ്രായേൽ വകവരുത്തിയിരുന്നു. ഹിസ്ബുള്ളയുടെ രഹസ്യാന്വേഷണ വിഭാഗത്തിന്റെ തലവനായ ഹസൻ ഖലീൽ യാസിൻ എന്ന നേതാവിനെ വധിച്ചുവെന്നാണ് ഇസ്രായേൽ അവകാശപ്പെടുന്നത്.

ഇസ്രായേൽ ആക്രമണത്തിൽ ഒരാഴ്ചയ്ക്കിടെ ഏഴ് ഹിസ്ബുള്ള നേതാക്കൾ കൊല്ലപ്പെട്ടതായി റിപ്പോർട്ട്. ഹിസ്ബുള്ള തലവൻ ഹസൻ നസ്രല്ല ഉൾപ്പെടെയുള്ള നേതാക്കളാണ് കൊല്ലപ്പെട്ടത്. നസ്രല്ലയ്ക്ക് ശേഷം ഹിസ്ബുള്ളയുടെ നേതൃസ്ഥാനത്തെത്തുമെന്ന് പ്രതീക്ഷിച്ച നബിൽ കൗകും ഇസ്രായേൽ ആക്രമണത്തിൽ കൊല്ലപ്പെട്ടു. 1980കളിലാണ് നബിൽ ഹിസ്ബുള്ളയിൽ ചേർന്നത്.

ശനിയാഴ്ച ബെയ്റൂട്ടിലെ ഹിസ്ബുള്ള ആസ്ഥാനത്ത് നടത്തിയ വ്യോമാക്രമണത്തിലാണ് ഹസൻ നസ്രല്ല കൊല്ലപ്പെട്ടതെന്നാണ് ഇസ്രായേൽ സൈന്യം അവകാശപ്പെട്ടത്. ഹിസ്ബുള്ളയുടെ സെൻട്രൽ കമാൻഡ് ആസ്ഥാനം ലക്ഷ്യമിട്ടായിരുന്നു ആക്രമണമെന്ന് ഇസ്രായേൽ സൈന്യം വ്യക്തമാക്കിയിരുന്നു.

മൂന്ന് പതിറ്റാണ്ടുകളായി ഹിസ്ബുള്ളയെ നയിച്ചയാളാണ് ഹസൻ നസ്രല്ല. 1985ൽ യുഎസ്എയേയും സോവിയറ്റ് യൂണിയനെയും ഇസ്ലാമിന്റെ പ്രധാനശത്രുക്കളായി പ്രഖ്യാപിച്ച് തുറന്ന കത്തെഴുതിക്കൊണ്ടാണ് ഹിസ്ബുള്ള സ്ഥാപിക്കപ്പെട്ടത്. കൂടാതെ ഇസ്രായേലിനെ ഇല്ലാതാക്കുമെന്നും ഹിസ്ബുള്ള നേതാക്കൾ പറഞ്ഞിരുന്നു.

## ഇസ്രായേൽ ആക്രമണത്തിൽ കൊല്ലപ്പെട്ട മറ്റ് പ്രധാന ഹിസ്ബുള്ള നേതാക്കൾ

### നബിൽ കൗക്

ഹസൻ നസ്രല്ലയെ വധിച്ചതിന് പിന്നാലെ ഇസ്രായേൽ നടത്തിയ വ്യോമാക്രമണത്തിൽ കൊല്ലപ്പെട്ട ഹിസ്ബുള്ളയുടെ പ്രധാന നേതാക്കളിലൊരാളാണ് നബിൽ കൗക്. 1980കളിലാണ് ഇയാൾ ഹിസ്ബുള്ളയിൽ ചേർന്നത്. തെക്കൻ ലെബനനിൽ നടത്തിയ ആക്രമണത്തിൽ പങ്കുണ്ടെന്ന് ആരോപിച്ച് 2020ൽ കൗകിന് അമേരിക്ക ഉപരോധമേർപ്പെടുത്തിയിരുന്നു.

1995 മുതൽ 2010വരെ തെക്കൻ ലെബനനിലെ ഹിസ്ബുള്ളയുടെ സൈന്യാധിപനായിരുന്നു കൗക്. മാധ്യമങ്ങളിൽ മുഖം കാണിച്ചിരുന്ന കൗക് അനുയായികൾക്കായി പ്രഭാഷണങ്ങളും നടത്തിയിരുന്നു.

### ഇബ്രാഹിം അകിൽ

ബെയ്റൂട്ടിൽ ഇസ്രായേൽ നടത്തിയ വ്യോമാക്രമണത്തിലാണ് ഹിസ്ബുള്ളയുടെ മുതിർന്ന നേതാവായ ഇബ്രാഹിം അകിൽ കൊല്ലപ്പെട്ടത്. ഇസ്രായേൽ പ്രദേശങ്ങളിൽ ആക്രമണം നടത്താൻ ഇബ്രാഹിം പദ്ധതിയിട്ടിരുന്നതായി ഇസ്രായേൽ സൈന്യം പറഞ്ഞു.

അമേരിക്ക ആഗോളഭീകരനായി പ്രഖ്യാപിച്ചയാളുകൂടിയാണ് ഇബ്രാഹിം അകിൽ. 1980കളിൽ നിരവധി ആക്രമണങ്ങളിൽ ഇബ്രാഹിം പങ്കെടുത്തിട്ടുണ്ട്. 1983ൽ ബെയ്റൂട്ടിലെ യുഎസ് എംബസിയിലേക്കും യുഎസ് മറീൻ കോർപ്സ് ബാറക്സിലേക്കും നടത്തിയ ബോംബാക്രമണത്തിലും ഇബ്രാഹിം പങ്കെടുത്തിരുന്നു. നിരവധി പേരാണ് ഈ ആക്രമണങ്ങളിൽ കൊല്ലപ്പെട്ടത്.

### അഹ്മദ് വെഹ്ബെ

ഹിസ്ബുള്ളയുടെ മറ്റൊരു പ്രധാന നേതാവാണ് അഹമദ് വെഹ്ബെ. ബെയ്റൂട്ടിൽ ഇസ്രായേൽ നടത്തിയ വ്യോമാക്രമണത്തിലാണ് ഇയാളും കൊല്ലപ്പെട്ടത്.

### അലി കരാകി

ഹിസ്ബുള്ളയെ നയിച്ച പ്രധാന നേതാക്കളിലൊരാളാണ് അലി കരാകി. നിലവിലെ സംഘർഷത്തിലും ഇയാൾ പ്രധാനപങ്കുവഹിച്ചിരുന്നു. നസ്രല്ലയോടൊപ്പം കൊല്ലപ്പെട്ട കരാകിയെപ്പറ്റി കൂടുതൽ വിവരങ്ങൾ ലഭ്യമല്ല.

### മുഹമ്മദ് സുരോർ

ഹിസ്ബുള്ളയുടെ ഡ്രോൺ യൂണിറ്റിന്റെ തലവനായിരുന്നു സുരോർ. ഇസ്രായേലിലേക്ക് നിരീക്ഷണ ഡ്രോണുകൾ അയയ്ക്കുന്നതിലാണ് സുരോറിന്റെ നേതൃത്വത്തിലുള്ള സംഘം ശ്രദ്ധയൂന്നിയിരുന്നത്.

### ഇബ്രാഹിം കൊബൈസി

തെക്കൻ ബെയ്റൂട്ടിൽ ഇസ്രായേൽ നടത്തിയ ആക്രമണത്തിലാണ് ഹിസ്ബുള്ളയുടെ പ്രധാന നേതാക്കളിലൊരാളായ ഇബ്രാഹിം മുഹമ്മദ് കൊബൈസി കൊല്ലപ്പെട്ടത്. ഹിസ്ബുള്ളയുടെ മിസൈൽ യൂണിറ്റിന് നേതൃത്വം നൽകിയിരുന്നത് ഇദ്ദേഹമായിരുന്നു.

# ചുഴലിക്കാറ്റ് സീസണിൽ നിലനിൽക്കാൻ ഫെമയ്ക്ക് മതിയായ ഫണ്ടില്ല; മുന്നറിയിപ്പ് നൽകി മയോർകാസ്

വാഷിംഗ്ടൺ: ഫെഡറൽ എമർജൻസി മാനേജ്മെന്റ് ഏജൻസിക്ക് അടിയന്തര ആവശ്യങ്ങൾ നിറവേറ്റാൻ കഴിയും. എന്നാൽ ഈ ചുഴലിക്കാറ്റ് സീസണിൽ അത് സാധ്യമാക്കാൻ ആവശ്യമായ ധനസഹായം ഇല്ലെന്ന് ആഭ്യന്തര സുരക്ഷാ സെക്രട്ടറി അലജാൻഡ്രോ മയോർകാസ് ബുധനാഴ്ച മാധ്യമപ്രവർത്തകരോട് പറഞ്ഞു. ഹെലിൻ ചുഴലിക്കാറ്റിൽ നിന്നുള്ള നാശനഷ്ടങ്ങൾ വിലയിരുത്താൻ സംസ്ഥാനങ്ങളുമായി ചേർന്ന് പ്രവർത്തിക്കുകയും ഭക്ഷണം, വെള്ളം, ജനറേറ്ററുകൾ, മറ്റ് നിർണായക സാധനങ്ങൾ എന്നിവ വിതരണം ചെയ്യുകയും ചെയ്യുന്നതിനാൽ സാമ്പത്തിക ഞെരുക്കം ഉണ്ടെന്ന് ആഭ്യന്തര സുരക്ഷാ സെക്രട്ടറി വ്യക്തമാക്കുന്നു. കഴിഞ്ഞയാഴ്ച ഫ്ളോറിഡയിൽ ആഞ്ഞടിച്ച കൊടുങ്കാറ്റ് പിന്നീട് തെക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ പലയിടത്തും ആഞ്ഞുവീശി. നഗരങ്ങളിൽ വെള്ളപ്പൊക്കമുണ്ടായി. ചുഴലിക്കാറ്റിനെ തുടർന്ന് 160ലധികം ആളുകൾക്ക് ജീവൻ നഷ്ടപ്പെട്ടു.

ഏജൻസിക്ക് എത്ര അധിക പണം ആവശ്യമായി വരുമെന്ന് മയോർകാസ് വ്യക്തമാക്കിയിട്ടില്ല. എന്നാൽ എയർഫോഴ്സ് വണ്ണിനെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ പരാമർശങ്ങൾ ഈ ആഴ്ച ആദ്യം പ്രസിഡന്റ് ജോ ബൈഡനും ചില നിയമനിർമ്മാതാക്കളും ഉന്നയിച്ച ആശങ്കകൾക്ക് അടിവരയിടുന്നു. സംസ്ഥാനങ്ങളെ സഹായിക്കുന്നതിന് കോൺഗ്രസ് ഒരു അനുബന്ധ ചെലവ് ബിൽ പാസാക്കേണ്ടതുണ്ട്.

''ഞങ്ങൾ ഞങ്ങളുടെ കൈവശമുള്ള പണം കൊണ്ട് അടിയന്തിര ആവശ്യങ്ങൾ നിറവേറ്റുന്നു. മറ്റൊരു ചുഴലിക്കാറ്റ് വീശുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു. സീസണിൽ അത് ഉണ്ടാക്കാൻ ഫെമയ്ക്ക് ഫണ്ടില്ല.''മയോർകാസ് പറഞ്ഞു. ജൂൺ 1 മുതൽ നവംബർ 30 വരെയാണ് ചുഴലിക്കാറ്റ് സീസൺ. എന്നാൽ മിക്ക ചുഴലിക്കാറ്റുകളും സാധാരണയായി സെപ്തംബർ, ഒക്ടോബർ മാസങ്ങളിലാണ് ഉണ്ടാകുന്നത്. ഡിസംബർ 20 വരെ സർക്കാരിന് ധനസഹായം നൽകുന്നതിനുള്ള ഹ്രസ്വകാല ഗവൺമെന്റ് ചെലവ് ബില്ലിന്റെ ഭാഗമായി ഏജൻസിയുടെ ദുരന്ത നിവാരണ ഫണ്ടിലേക്ക് 20 ബില്യൺ ഡോളർ നൽകി. കോൺഗ്രസിന്റെ ഇരുസഭകളും തിരഞ്ഞെടുപ്പ് കഴിയുന്നതുവരെ അവരുടെ സ്വന്തം സംസ്ഥാനങ്ങളിലും ജില്ലകളിലും ആയിരിക്കാനാണ് ഷെഡ്യൂൾ ചെയ്തിരിക്കുന്നത്. കാരണം നിയമനിർമ്മാതാക്കൾ പ്രചാരണത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു.

ചുഴലിക്കാറ്റിൽ നിന്നുള്ള നാശനഷ്ടങ്ങൾക്ക് സാക്ഷ്യം വഹിക്കാനും തകർന്ന കമ്മ്യൂണിറ്റികളെ സഹായിക്കുന്നതിൽ പ്രതിബദ്ധതയും കഴിവും പ്രകടിപ്പിക്കാനും ബൈഡനും വൈസ് പ്രസിഡന്റ് കമലാ ഹാരിസും തെക്കുകിഴക്കൻ മേഖലകളിലുടനീളം പര്യടനം നടത്തുന്നതിനിടെയാണ് മയോർക്കാസ് തന്റെ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചത്. 150,000ലധികം കുടുംബങ്ങൾ ഫെമയിൽ സഹായത്തിനായി രജിസ്റ്റർ ചെയ്തിട്ടുണ്ട്, വരും ദിവസങ്ങളിൽ ഈ എണ്ണം അതിവേഗം ഉയരുമെന്ന് പ്രതീക്ഷിക്കുന്നതായി ഏജൻസി പ്രതിനിധി ഫ്രാങ്ക് മത്രംഗ പറഞ്ഞു.






# ഹസീനയുടെ പുറത്താകൽ ഗൂഢാലോചന! ബുദ്ധികേന്ദ്രം അമേരിക്കയോ?



ബംഗ്ലാദേശ് മുൻ പ്രധാനമന്ത്രി ഷെയ്ഖ് ഹസീനയെ അധികാരത്തിൽ നിന്നും പുറത്താക്കുന്നതിന് ആസൂത്രിതമായ ഗൂഢാലോചന നടന്നുവെന്ന് ബംഗ്ലാദേശിലെ ഇടക്കാല സർക്കാരിന്റെ മുഖ്യ ഉപദേഷ്ടാവ് മുഹമ്മദ് യൂനുസ്. ന്യൂയോർക്കിൽ നടന്ന ക്ലിന്റൺ ഗ്ലോബൽ ഇനീഷ്യേറ്റീവിന്റെ വാർഷികയോഗത്തിലാണ് ഷെയ്ഖ് ഹസീനയെ പുറത്താക്കുന്നതിന് പിന്നിൽ ഗൂഢാലോചന നടന്നെന്ന് മുഹമ്മദ് യൂനുസ് വെളിപ്പെടുത്തിയത്.

ബംഗ്ലാദേശിലെ പ്രതിഷേധത്തിന് പിന്നിൽ ആരാണെന്ന് ആർക്കും കണ്ടെത്താനാവില്ലെന്ന് തന്റെ പ്രസംഗത്തിനിടെ വ്യക്തമാക്കിയിരുന്നു. എന്നാൽ, തന്റെ സഹായിയായ മഹ്ഫൂജ് അബ്ദുള്ള എന്നയാൾക്ക് ഹസീനയെ പുറത്താക്കുന്നതിൽ പങ്കുണ്ടെന്ന സൂചനയും അദ്ദേഹം നൽകി. ഈ പുറത്താക്കൽ സൂക്ഷ്മമായി രൂപകൽപ്പന ചെയ്തതാണെന്നും യാദൃശ്ചികമായി സംഭവിച്ചതല്ലെന്നും അദ്ദേഹം തുറന്നുപറഞ്ഞിരുന്നു.

മുൻ യുഎസ് പ്രസിഡന്റ് ബിൽ ക്ലിന്റണും നിലവിലെ പ്രസിഡന്റ് ജോ ബൈഡനും ചേർന്ന് മുഹമ്മദ് യൂനുസിനെ പരിപാടിയിലേക്ക് സ്വാഗതം ചെയ്തത്. സർക്കാർ സംവരണത്തെ ച്ചൊല്ലിയുള്ള വിദ്യാർഥിപ്രക്ഷോഭം രക്തച്ചൊരിച്ചിലിലേക്ക് നീങ്ങുകയും ഷെയ്ഖ് ഹസീനയുടെ വസതി പ്രക്ഷോഭകാരികൾ കൈയ്യേറുകയും ചെയതോടെ പ്രധാനമന്ത്രി സ്ഥാനത്ത് നിന്നും രാജിവെച്ച ഹസീന ഇന്ത്യയിൽ രാഷ്ട്രീയ അഭയം പ്രാപിക്കുകയായിരുന്നു. ഇതിന് പിന്നാലെ ഇക്കഴിഞ്ഞ ഓഗസ്റ്റിൽ സാമ്പത്തിക വിദഗ്ധനും നോബേൽ പുരസ്കാര ജേതാവുമായ മുഹമ്മദ് യൂനുസിനെ രാജ്യത്തിന്റെ മുഖ്യ ഉപദേഷ്ടാവായി നിയമിച്ചു.

വിദ്യാർഥി പ്രക്ഷോഭത്തിൽ ബാഹ്യശക്തികളുടെ ഇടപെടലുണ്ടായിരുന്നതായി ആശങ്ക ഉയർന്നിരുന്നു. ബംഗ്ലാദേശിന് എല്ലാ വിധ പിന്തുണയും നൽകുമെന്ന് യുഎസ് പ്രസിഡന്റ് ജോ ബൈഡൻ വാഗ്ദാനം ചെയ്തിരുന്നു. യുഎസ്ബംഗ്ലാദേശ് ബന്ധം ജനാധിപത്യ മൂല്യങ്ങളിലും ജനങ്ങൾ തമ്മിലുള്ള ശക്തമായ ബന്ധത്തിലും വേരൂന്നിയതാണെന്നായിരുന്നു വൈറ്റ് ഹൗസ് പ്രസ്താവന.

### പിന്നിൽ അമേരിക്കയോ?

ഷെയ്ഖ് ഹസീനയെ അധികാരത്തിൽ നിന്ന് പുറത്താക്കുന്നതിന് 'ഒരു അദൃശ്യ കൈ'യുടെ പങ്കുണ്ടെന്ന് അന്തർദേശീയ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നു. ഇത് ശരിവയ്ക്കുന്നതാണ് ഇപ്പോൾ പുറത്തുവന്നിരിക്കുന്ന വെളിപ്പെടുത്തൽ. തൊഴിൽ സംവരണ നിയമം പരിഷ്കരിക്കണമെന്നാവശ്യപ്പെട്ട് രക്തച്ചൊരിച്ചിലിലേക്ക് നീങ്ങിയ പ്രക്ഷോഭത്തിൽ ബാഹ്യ ഇടപെടൽ ഉണ്ടായിട്ടുണ്ടെന്ന സൂചനയുണ്ടെന്ന് റിപ്പോർട്ടിൽ വ്യക്തമാക്കിയിരുന്നു. മുഹമ്മദ് യൂനുസിന് ലോക വേദിയിലേക്കുള്ള ഔദ്യോഗിക പരിചയപ്പെടുത്തലായിരുന്നു ക്ലിന്റൺ ഗ്ലോബൽ ഇനീഷ്യേറ്റീവിന്റെ വാർഷിക യോഗമെന്ന് രഹസ്യാന്വേഷണ ഉദ്യോഗസ്ഥർ വെളിപ്പെടുത്തിയിരുന്നു.

യൂനുസും യുഎസുമായുള്ള ബന്ധം നേരത്തെ തന്നെ അറിയപ്പെടുന്നതാണെന്ന് ഒരു ഉദ്യോഗസ്ഥൻ പറഞ്ഞു. ഒരിക്കലും വായ്പകൾ ലഭിക്കാൻ സാധ്യതയില്ലാത്ത സാധാരണക്കാരുടെ ജീവിതം മാറ്റിമറിയ്ക്കുന്നതിൽ ഭൂമിയിൽ യൂനുസിനെപ്പോലെ വളരെ കുറച്ച് ആളുകൾ മാത്രമെ ഉണ്ടായിട്ടുള്ളൂവെന്ന് പരിപാടിക്കിടെ ബിൽ ക്ലിന്റൺ വ്യക്തമാക്കുകയുണ്ടായി.

1980 മുതൽ സഹൃത്തുക്കളാണ് ക്ലിന്റണും യൂനുസും. അന്ന് അർക്കൻസാസിന്റെ ഗവർണറായിരുന്നു ക്ലിന്റൺ. പരമ്പരാഗത ബാങ്കിംഗ് സേവനങ്ങൾ ലഭിക്കാത്ത ദരിദ്രരായ ബംഗ്ലാദേശി സ്ത്രീകളെ ചെറിയ വായ്പകൾ ലഭ്യമാക്കി വിജയകരമായി ശാക്തീകരിക്കുകയും ദാരിദ്ര്യ നിർമാർജനം സാധ്യമാക്കാനും നടത്തിയ ശ്രമങ്ങൾ വിവരിക്കാൻ മുഹമ്മദ് യൂനുസിനെ ക്ലിന്റൺ അക്കാലത്ത് ക്ഷണിച്ചിരുന്നു.

തന്റെ സാമൂഹിക സേവനങ്ങളുടെ തുടക്കകാലത്ത് തന്നിൽ വിശ്വാസമർപ്പിച്ചതിലും വിമർശനങ്ങൾ വകവയ്ക്കാതെ ഒരു ബംഗ്ലാദേശി സാമ്പത്തിക വിദഗ്ധന്റെ ആശയങ്ങൾ അമേരിക്കയിൽ പ്രോത്സാഹിപ്പിച്ചതിനും യൂനുസ് ക്ലിന്റണിനോട് നന്ദി പറഞ്ഞു. തുറമുഖപ്രശ്നത്തിൽ ഒരു രാജ്യവുമായി കരാറിലേർപ്പെടാൻ വിസമ്മതിച്ചതിന് ആ രാജ്യം തന്നെ അധികാരത്തിൽ നിന്ന് പുറത്താക്കാൻ ശ്രമിക്കുന്നതായി ഒരു അഭിമുഖത്തിൽ ഷെയ്ഖ് ഹസീന വെളിപ്പെടുത്തിയിരുന്നു.

വ്യോമതാവളം നിർമിക്കാൻ വാഗ്ദാനം ചെയ്ത് ഒരു 'വെള്ളക്കാരൻ' തന്നെ സമീപിച്ചതായി ഹസീന നേരത്തെ ഒരു അഭിമുഖത്തിൽ വെളിപ്പെടുത്തിയിരുന്നു. കിഴക്കൻ തിമോർ പോലെ ബംഗ്ലാദേശിൽ നിന്ന് ഒരു പുതിയ രാജ്യം വിഭജിക്കാനുള്ള ഗൂഢാലോചനകൾ ഇപ്പോഴും തുടരുകയാണെന്നും അവർ മുന്നറിയിപ്പ് നൽകിയിരുന്നു. 'വെള്ളക്കാരൻ' തന്റെ വാഗ്ദാനങ്ങളുമായി മറ്റ് നിരവധി രാജ്യങ്ങളെ ലക്ഷ്യമിടുന്നുണ്ടെന്നും അവർ അന്ന് വെളിപ്പെടുത്തിയിരുന്നു.

# കാനഡയിലെ ജനനനിരക്ക് എക്കാലത്തെയും താഴ്ന്ന നിലയിൽ



ടൊറന്റോ: കാനഡയിലെ ജനനനിരക്ക് എക്കാലത്തെയും താഴ്ന്ന നിലയിൽ. കാനഡയുടെ ഫെർട്ടിലിറ്റി നിരക്ക് എക്കാലത്തെയും താഴ്ന്ന നിരക്കിലാണെന്ന് സ്റ്റാറ്റിസ്റ്റിക്സ് കാനഡയുടെ റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു. ബ്രിട്ടീഷ് കൊളംബിയയിലാണ് ജനനനിരക്ക് ഏറ്റവും കുറവ്. അതായത് മിക്ക സ്ത്രീകളും ഒരു കുഞ്ഞ് എന്ന പ്രവണതയിലേക്ക് മാറുകയാണ്.

മൊത്തം ഫെർട്ടിലിറ്റി നിരക്ക് കാനഡയിലും മറ്റ് പ്രാവശ്യകളിലും താഴ്ന്ന നിലയിലെത്തി. കനേഡിയൻ ശരാശരിയേക്കാൾ താഴെയാണ് ഒന്റാറിയോ (1.22), നാല് അറ്റ്ലാന്റിക് പ്രവിശ്യകൾ ന്യൂ ബ്രൺസ്വിക്ക് (1.24), പി.ഇ.ഐ. (1.16), ന്യൂഫൗണ്ട്ലാൻഡും ലാബ്രഡോറും (1.08), നോവ സ്കോട്ടിയ (1.05) യുക്കോൺ (1.01) എന്നിവിടങ്ങളിൽ.

2023ലെ മാസം തികയാതെയുള്ള ജനനനിരക്ക്, 8.3 ശതമാനം വർധിച്ചു. കഴിഞ്ഞ 50 വർഷത്തിനിടയിലെ ഏറ്റവും ഉയർന്ന നിരക്കായിരുന്നുവെന്നും ഏജൻസി കൂട്ടിച്ചേർത്തു. പുതിയ അമ്മമാരിൽ 26.5 ശതമാനവും 2023ൽ 35 വയസോ അതിൽ കൂടുതലോ പ്രായമുള്ളവരായിരുന്നു, 1993ൽ ഇത് 10.7 ശതമാനമായിരുന്നു. 2023ൽ പ്രസവത്തിന്റെ ശരാശരി പ്രായം 31.7 വയസ്സായിരുന്നു.

ജി 7 പങ്കാളികളായ ഇറ്റലിയും (1.25) ജപ്പാനും (1.2) ലോകത്തിലെ ഏറ്റവും കുറഞ്ഞ നിരക്കുള്ള ദക്ഷിണ കൊറിയയും (.72), 1980കളിൽ ഒറ്റക്കുട്ടി നയം ഏർപ്പെടുത്തിയ ചൈന പോലും ഇപ്പോൾ കുറഞ്ഞുവരുന്ന ജനസംഖ്യ കൊണ്ട് പൊറുതിമുട്ടുകയാണ്.

കാനഡയിൽ മാത്രമല്ല, മറ്റ് സാമ്പത്തികമായി വികസിത രാജ്യങ്ങളിലും ഫെർട്ടിലിറ്റി നിരക്ക് കുറയുന്നതിന് പിന്നിൽ നിരവധി കാരണങ്ങളുണ്ട്. സ്ത്രീകൾ കരിയറിന് മുൻഗണന നൽകുന്നതാണ് പ്രധാന കാരണം. അതോടൊപ്പം ജീവിതച്ചെലവ്, ഭവന ചെലവ്, എന്നിവയും പ്രധാന ആശങ്കയാണ്.

# കുടിയേറ്റക്കാർക്ക് നേരെ മെക്സിക്കൻ സൈനികരുടെ വെടിവെപ്പ്; ആറ് പേർ കൊല്ലപ്പെട്ടു

മെക്സിക്കോ സിറ്റി: കുടിയേറ്റക്കാരുടെ സംഘത്തിന് നേരെ മെക്സിക്കൻ സൈനികർ നടത്തിയ വെടിവെപ്പിൽ ആറ് കുടിയേറ്റക്കാർ കൊല്ലപ്പെട്ടു. സൈനിക പട്രോളിംഗിൽ നിന്ന് രക്ഷപ്പെടാൻ ശ്രമിച്ച പിക്കപ്പ് ട്രക്കിൽ സഞ്ചരിക്കുകയായിരുന്ന 33 കുടിയേറ്റക്കാരുടെ സംഘത്തിന് നേരെയാണ് വെടിവെപ്പ് നടന്നത്. പ്രതിരോധ മന്ത്രാലയം ബുധനാഴ്ച പ്രസ്താവനയിലൂടെയാണ് ഇക്കാര്യം അറിയിച്ചത്.

ഈജിപ്ഷ്യൻ, നേപ്പാളി, ക്യൂബൻ, ഇന്ത്യൻ, പാകിസ്ഥാൻ പൗരന്മാർ ഉൾപ്പെട്ട സംഘത്തിൽ നിന്ന് ചൊവ്വാഴ്ച വൈകുന്നേരത്തെ സംഭവത്തിൽ 10 കുടിയേറ്റക്കാർക്ക് പരിക്കേറ്റതായി മന്ത്രാലയം കൂട്ടിച്ചേർത്തു. രാത്രി 9 മണിക്ക് മുമ്പാണ് സംഭവം നടന്നതെന്ന് മന്ത്രാലയം പ്രസ്താവനയിൽ പറഞ്ഞു.

ചൊവ്വാഴ്ച പട്രോളിംഗ് സംഘം ഗ്വാട്ടിമാലൻ അതിർത്തിയിലൂടെ തപചുലയിൽ നിന്ന് 40 കിലോമീറ്റർ (25 മൈൽ) അകലെയുള്ള ഹുയിക്സ്റ്റ്ല പട്ടണത്തിന് സമീപമുള്ള ഒരു ഹൈവേയിലൂടെ സഞ്ചരിക്കുകയായിരുന്നു.




SERVING OUR COMMUNITY FOR OVER 31 YEARS

INSURANCE AND FINANCIAL SERVICES

Insurance Issued by The Prudential Insurance Company of America, Newark, NJ and its affiliates.

PAM-210
1/2020

Paul Vadukumcherry
Financial Professional
CA Insurance License 0N09917
The Prudential Insurance Company of America
523 N. Zenith Drive
Glenview, IL 60025
Phone: 847-815-9491
Paul.vadukumcherry@prudential.com

Prudential

# വൈകാരികതയെ ചൂഷണം ചെയ്യുന്നു; മനാഫിനെതിരെ അർജുന്റെ കുടുംബം

കോഴിക്കോട്: ഷിരൂരിൽ മണ്ണിടിച്ചിലിൽ അകപ്പെട്ട് നാടിനും വീടിനും നൊമ്പരമായി അർജുൻ മണ്ണിലലിഞ്ഞെങ്കിലും വിവാദങ്ങളൊഴിയുന്നില്ല. അർജുന്റെ ലോറി ഉടമ മനാഫിനെതിരെ ഗുരുതര ആരോപണവുമായി കുടുംബം രംഗത്തെത്തി. കുടുംബത്തിന്റെ വൈകാരികതയെ ചൂഷണം ചെയ്യുന്നതായി അർജുന്റെ സഹോദരി ഭർത്താവ് ജിതിൻ. ചില വ്യക്തികൾ വൈകാരികമായി മാർക്കറ്റ് ചെയ്യുന്നു. ഫണ്ട് പിരിവ് നടത്തുന്നു.

ഇപ്പോൾ അതിരൂക്ഷമായ സൈബർ ആക്രമണം നേരിടുകയാണ്. ഇനിയും അത് തുടർന്നാൽ ശക്തമായി പ്രതികരിക്കുമെന്നും ജിതിൻ വാർത്താസമ്മേളനത്തിൽ പറഞ്ഞു. കുടുംബത്തിനായി പല കോണുകളിൽ നിന്നും പണം പിരിക്കുന്നു.

ഇത് കുടുംബം അറിഞ്ഞിട്ടില്ല. ഞങ്ങൾക്ക് ആ പണം ആവശ്യമില്ല. അർജുന് 75,000 രൂപ ശമ്പളം ഉണ്ടായിരുന്നുവെന്ന് പറഞ്ഞു പരത്തുന്നു. ഇതിന്റെ പേരിൽ കുടുംബത്തിനെതിരെ രൂക്ഷമായ സൈബർ ആക്രമണമാണ് നടക്കുന്നത്.

കുടുംബത്തിന് ഇത് തികയുന്നില്ലേ എന്ന തരത്തിലാണ് പ്രചാരണങ്ങളുണ്ടാക്കുന്നത്. ഇത് വാസ്തവ വിരുദ്ധമാണ്. നാലാമത്തെ മകനായി അർജുന്റെ മകനെ വളർത്തുമെന്ന് പറഞ്ഞതും വേദനിപ്പിച്ചു. കുട്ടിയെ വളർത്തുമെന്ന് എന്തടിസ്ഥാനത്തിലാണ് മനാഫ് പറയുന്നത്. മനാഫും ഈശ്വർ മാൽപെയും ചേർന്ന് നടത്തിയത് നാടക പരമ്പരയാണ്. അവരുടെ യുട്യൂബ് ചാനലിന് വരിക്കാരെ കൂട്ടാൻ നാടകം കളിക്കുകയായിരുന്നുവെന്നും കുടുംബം ആരോപിച്ചു.



കർണാടക എസ്.പിയും എം. എൽ.എയും മനാഫിനെതിരെ പരാതി നൽകാൻ ആവശ്യപ്പെട്ടിരുന്നു. എന്നാൽ യഥാർത്ഥ ലോറി ഉടമയായ മുബീൻ ആത്മാർത്ഥമായി ഇത്രനാളും കൂടെ നിന്നതോർത്താണ് അത് ചെയ്യാതിരുന്നത്. മനാഫ് മാദ്ധ്യമങ്ങളുടെ മുമ്പിൽ മാത്രമാണ് കുടുംബത്തിന്റെ കൂടെയുണ്ടെന്ന് പറയുന്നത്. ഇതുവരെ നേരിൽ പറഞ്ഞിട്ടില്ല. പുതുതായി വാങ്ങുന്ന ലോറിക്ക് അർജുന്റെ പേര് ഇടാൻ അനുവദിക്കില്ല. ആദ്യ ഘട്ടത്തിൽ ഒരേ ദിശയിലാണ് അന്വേഷണം പോയിരുന്നത്. എന്നാൽ രണ്ടാം ഘട്ടത്തിൽ ദിശ മാറി.

പൊതു സമൂഹത്തിന് മുമ്പിൽ തങ്ങളുടെ കുടുംബത്തെ ഇനിയും പരിഹാസ്യരാക്കരുത്. അർജുന്റെ ഭാര്യയ്ക്കും മകനും ജീവിക്കാനുള്ള സാഹചര്യം സർക്കാർ ഒരുക്കിക്കൊടുത്തിട്ടുണ്ട്. കുടുംബത്തെ മുന്നോട്ട് കൊണ്ടുപോകാൻ നിലവിൽ ബുദ്ധിമുട്ടുകളില്ല. എല്ലാ കുടുംബത്തിലും ഉള്ളത് പോലുള്ള ബുദ്ധിമുട്ടുകളുണ്ട്. സാമ്പത്തികപ്രശ്നങ്ങളുണ്ട്. എന്നാൽ അർജുൻ നഷ്ടപ്പെട്ടു എന്ന് കരുതി ആരുടേയും മുന്നിൽപോയി പിച്ച തെണ്ടേണ്ട സാഹചര്യമില്ലെന്നും കുടുംബം പറഞ്ഞു.

അതേസമയം, അർജുനെ കണ്ടെത്താനുള്ള തെരച്ചിലിന് ഒപ്പം നിന്ന എല്ലാവർക്കും നന്ദിയുണ്ടെന്നും കുടുംബം പറഞ്ഞു. അർജുന്റെ അച്ഛൻ പ്രേമൻ, അമ്മ ഷീല, ഭാര്യ കൃഷ്ണപ്രിയ സഹോദരി അഞ്ജു, അഭിരാമി, സഹോദരൻ എന്നിവരും ജിതിനൊപ്പം ഉണ്ടായിരുന്നു.

### ലോറിക്ക് അർജുന്റെ പേരിടാൻ അനുവദിക്കില്ല

കോഴിക്കോട്: മനാഫ് മാദ്ധ്യമങ്ങളുടെ മുമ്പിൽ മാത്രമാണ് കുടുംബത്തിന്റെ കൂടെയുണ്ടെന്ന് പറയുന്നത്. ഇതുവരെ നേരിൽ പറഞ്ഞിട്ടില്ല. പുതുതായി വാങ്ങുന്ന ലോറിക്ക് അർജുന്റെ പേരിടാൻ അനുവദിക്കില്ലെന്നും അർജുന്റെ കുടുംബാംഗങ്ങൾ വാർത്താസമ്മേളനത്തിൽ വ്യക്തമാക്കി.

### ആരോപണം നിഷേധിച്ച് മനാഫ്

അർജുന്റെ കുടുംബത്തിന്റെ ആരോപണങ്ങൾ മനാഫ് നിഷേധിച്ചു. താൻ പി.ആർ വർക്ക് നടത്തിയിട്ടില്ല. യൂട്യൂബ് ചാനൽ തുടങ്ങി എന്നത് സമ്മതിക്കുന്നു. അതിൽ ഇനി ഇഷ്ടമുള്ളത് ഇടും. അർജുന്റെ കുടുംബം എത്ര തള്ളിപ്പറഞ്ഞാലും അവരെ സ്വന്തം കുടുംബമായാണ് കാണുന്നത്. അവർക്ക് ഇനിയും ആവശ്യങ്ങൾ വരുമ്പോൾ കൂടെ നിൽക്കും.

രണ്ടുമാസത്തിലേറെയാണ് ഗംഗാവലിപ്പുഴയോരത്ത് വാടക വീടെടുത്ത് താമസിച്ചത്. ആ സമയങ്ങളിൽ നൂറുകണക്കിനാളുകളാണ് ദിവസേന വിളിച്ചത്. അവർക്കെല്ലാം അർജുന്റെ തെരച്ചിലിന്റെ വിവരങ്ങളറിയണം. അങ്ങനെയാണ് ഒരു യൂട്യൂബ് ചാനൽ നിർമ്മിച്ചത്.

കൂടെയുണ്ടായിരുന്ന മാദ്ധ്യമപ്രവർത്തകരാണ് അത് നിർമ്മിച്ചു നൽകിയത്. അർജുന്റെ മൃതദേഹം വീട്ടിൽ സംസ്കരിച്ചശേഷം ആ യൂട്യൂബ് പ്രവർത്തിച്ചിട്ടില്ല. അതിനുവേണ്ടി മാത്രമായിരുന്നു അത്. വിവാദങ്ങൾ ഉയർന്ന സാഹചര്യത്തിൽ അതുമായി മുന്നോട്ട് പോകുമെന്നും മനാഫ് പറഞ്ഞു.









## അൻവറിന്റെ പാർട്ടിയിലേക്കില്ല, സി.പി.എമ്മിനെ തള്ളിപ്പറയില്ല: ജലീൽ



പി.വി. അൻവർ രൂപീകരിക്കുന്ന പുതിയ പാർട്ടിയിലേക്കില്ലെന്ന് ഇടത് സ്വതന്ത്ര എം.എൽ.എ കെ.ടി. ജലീൽ. അൻവറിന്റെ പുതിയ രാഷ്ട്രീയ നീക്കത്തോട് വിയോജിപ്പുണ്ട്. സി.പി.എമ്മിന്റെ സഹയാത്രികനായി തുടരുമെന്നും ജലീൽ വളാഞ്ചേരിയിൽ വാർത്താസമ്മേളനത്തിൽ പറഞ്ഞു.

പാർട്ടിയോടോ മുന്നണിയോടോ നന്ദികേട് കാണിക്കില്ല. വെടിവച്ചു കൊല്ലുമെന്ന് പറഞ്ഞാലും മുഖ്യമന്ത്രിയേയോ പാർട്ടിയെയോ തള്ളിപ്പറയില്ല. അങ്ങനെ വന്നാൽ ഒരുവിഭാഗം സംശയത്തിന്റെ നിഴലിൽ നിറുത്തപ്പെടും. അത് കേരളത്തെ വലിയ വർഗീയ ധ്രുവീകരണത്തിലേക്ക് നയിക്കും.

അൻവർ പൊലീസ് സേനയെ കുറിച്ച് പറഞ്ഞകാര്യങ്ങളിൽ ശരികളുണ്ടെന്ന് താൻ ഫെയ്സ്ബുക്കിൽ കുറിച്ചിരുന്നു. മുഖ്യമന്ത്രിയേയും പാർട്ടിയേയും നേരിൽ കണ്ട് അറിയിക്കുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിലാണ് അന്വേഷണസംഘം രൂപീകരിച്ചത്. റിപ്പോർട്ട് വരുംവരെ കാത്തിരിക്കണമെന്ന് അൻവറിനോട് അഭ്യർത്ഥിക്കുകയും അദ്ദേഹം അത് സമ്മതിക്കുകയും ചെയ്തതാണ്.

പിന്നീട് കാര്യങ്ങൾ കൈവിട്ടുപോയി. അഭിപ്രായവും വിമർശനവും പറയും. അൻവറിനെ സഹായിക്കുന്ന നിലപാട് എടുത്തിട്ടില്ല. അന്വേഷണം ശരിയായ ദിശയിൽ പോകുന്നുവെന്നാണ് തന്റെ ബോധ്യം. ആ ബോധ്യം അൻവറിന് ഉണ്ടാവണമെന്നില്ലെന്നും ജലീൽ പറഞ്ഞു. ഇനി തനിക്ക് ഒരുപദവിയും വേണ്ട. എഴുത്ത്, യാത്ര, പഠനങ്ങൾ തുടങ്ങിയ കാര്യങ്ങളുമായി മന്നോട്ടുപോവും.

# ഡിജിപിയുടെ റിപ്പോർട്ട് അജിത്തിനെതിരെന്ന് സൂചന, അജിത്തിനെ മാറ്റിയേക്കും

തിരുവനന്തപുരം: എ.ഡി.ജി.പി എം.ആർ. അജിത്കുമാർ ആർ.എസ്.എസ് നേതാക്കളുമായി രഹസ്യചർച്ച നടത്തിയത് പെരുമാറ്റച്ചട്ട ലംഘനവും ഔദ്യോഗിക പദവിയുടെ ദുരുപയോഗവുമാണെന്ന് ഡി.ജി.പിയുടെ അന്വേഷണത്തിൽ കണ്ടെത്തിയതായി സൂചന.

ഈ സാഹചര്യത്തിൽ ക്രമസമാധാന ചുമതലയിൽ നിന്നൊഴിവാക്കുകയോ പൊലീസിന് പുറത്തേക്ക് മാറ്റുകയോ വേണമെന്ന് ഡി.ജി.പി ശുപാർശ ചെയ്തേക്കും.

ആർ.എസ്.എസ് നേതാക്കളെ പരിചയപ്പെടാനാണ് പോയതെന്ന എ.ഡി.ജി.പിയുടെ വാദം ഡി.ജി.പി തള്ളി. അധികാര സ്ഥാനങ്ങളില്ലാത്ത ഈ നേതാക്കളെ കാണേണ്ട ആവശ്യം അജിത്തിന് ഇല്ലായിരുന്നു എന്നാണ് വിലയിരുത്തൽ. ഡി.ജി.പി മുഖ്യമന്ത്രിക്ക് റിപ്പോർട്ട് നൽകേണ്ടത് ഇന്നാണ്.

മലപ്പുറം ജില്ലാ പൊലീസ് മേധാവിയുടെ ഓഫീസ് വളപ്പിലെ മരങ്ങൾ മുറിച്ചുകടത്തൽ, ഓൺലൈൻ ചാനലുടമയിൽ നിന്ന് ഒന്നരക്കോടി കൈക്കൂലി, കള്ളക്കടത്ത് സ്വർണം തട്ടിയെടുക്കൽ, കവടിയാറിൽ ആഡംബര മാളികയുണ്ടാക്കൽ, അവിഹിത സ്വത്ത്സമ്പാദനം തുടങ്ങിയ ആരോപണങ്ങൾ വിജിലൻസാണ് അന്വേഷിക്കുന്നത്. അതിന് ആറ് മാസമുണ്ട്.

പൂരം കലക്കിയതിലെ ഗൂഢാലോചന ക്രൈംബ്രാഞ്ചും എ.ഡി.ജി.പി അജിത്കുമാറിനെതിരെ ഡി.ജി.പിയും അന്വേഷിക്കാനുള്ള ആഭ്യന്തരസെക്രട്ടറിയുടെ ശുപാർശയും മുഖ്യമന്ത്രി ഉടൻ അംഗീകരിക്കും.

### എ.ഡി.ജി.പിയെ മാറ്റണം, മുഖ്യമന്ത്രിയെ കണ്ട് ബിനോയ് വിശ്വം



ആർ.എസ്.എസ് നേതാക്കളെ സന്ദർശിച്ച അജിത് കുമാറിനെ മാറ്റണമെന്ന നിലപാട് കടുപ്പിച്ച് സി.പി.ഐ. ഇന്നലെ മുഖ്യമന്ത്രി പിണറായി വിജയനുമായി എ.കെ.ജി സെന്ററിൽ നടന്ന കൂടിക്കാഴ്ചയിൽ സി.പി.ഐ സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വമാണ് നിലപാട് കടുപ്പിച്ചത്. ഇന്നു ചേരുന്ന സി.പി.ഐ സംസ്ഥാന എക്സിക്യൂട്ടീവിനും, സി.പി.എം സംസ്ഥാന സെക്രട്ടേറിയറ്റിനും മുന്നോടിയായയാണ് കൂടിക്കാഴ്ച നടന്നത്.

വിവാദങ്ങളിൽപ്പെട്ട എ.ഡി.ജി.പിയെ നിയമസഭ തുടങ്ങും മുമ്പ് മാറ്റണമെന്ന് ബിനോയ് വിശ്വം ആവർത്തിപ്പോൾ ഡി.ജി.പിയുടെ റിപ്പോർട്ട് കിട്ടിയശേഷം തീരുമാനിക്കാമെന്ന് മുഖ്യമന്ത്രി മറുപടി പറഞ്ഞു. എ.ഡി.ജി.പിക്കെതിരെ നടപടിയുണ്ടായില്ലെങ്കിൽ പാർട്ടിക്ക് കടുത്ത നിലപാടിലേക്ക് കടക്കേണ്ടിവരുമെന്നും ബിനോയ് വിശ്വം മുഖ്യമന്ത്രിയെ അറിയിച്ചു.

### അജിത്തിന് പകരം ആര്, പൊലീസിൽ ചൂട് ചർച്ച

തിരുവനന്തപുരം: എ.ഡി.ജി.പി എം.ആർ അജിത്കുമാറിനെ ക്രമസമാധാന ചുമതലയിൽ നിന്ന് മാറ്റിയാൽ പകരം ആരെന്ന് പൊലീസിൽ ചൂടേറിയ ചർച്ച. ക്രൈംബ്രാഞ്ച് എ.ഡി.ജി.പി എച്ച്.വെങ്കടേശിനെയാണ് കേട്ടിരുന്നത്. എന്നാൽ പൂരം കലക്കിയതിൽ ക്രൈംബ്രാഞ്ച് അന്വേഷണത്തിന് ശുപാർശ ചെയ്തിരിക്കെ, വെങ്കടേശിനെ മാറ്റുമോയെന്ന് വ്യക്തമല്ല.

അജിത്തിനെ പൊലീസിന് പുറത്തേക്ക് മാറ്റിയാൽ ജയിൽ മേധാവി ബൽറാം കുമാർ ഉപാദ്ധ്യയയെ ക്രമസമാധാന ചുമതലയിൽ നിയമിച്ചേക്കാം. അജിത്തിനെ ജയിൽ മേധാവിയാക്കാനുമിടയുണ്ട്. അജിത്തിനെ ബറ്റാലിയനിൽ നിലനിറുത്തുമോയെന്നും മുഖ്യമന്ത്രിയാണ് തീരുമാനിക്കേണ്ടത്.

അജിത്തിനൊപ്പം ഏതാനും എ.ഡി.ജി.പിമാരെയും മാറ്റും. ഇന്റലിജൻസ് മേധാവി മനോജ് എബ്രഹാമിന് മാറ്റമുണ്ടാവില്ല. എക്സൈസ് കമ്മിഷണർ മഹിപാൽ യാദവ്, പരിശീലന വിഭാഗത്തിലെ പി.വിജയൻ, പൊലീസ് ആസ്ഥാനത്തെ എസ്.ശ്രീജിത്ത് എന്നിവർക്ക് മാറ്റത്തിനിടയുണ്ട്.









# മലപ്പുറം പ്രസ്താവന പിടിവള്ളിയാക്കി അൻവർ; ന്യൂനപക്ഷ വോട്ട് ചോർത്താൻ പുതിയ പാർട്ടി



മലപ്പുറം: രാഷ്ട്രീയ പാർട്ടി രൂപീകരിക്കാനുള്ള നീക്കം പി.വി.അൻവർ വേഗത്തിലാക്കിയത് മുഖ്യമന്ത്രിയുടെ മലപ്പുറം പ്രസ്താവന വിവാദമായതിന് പിന്നാലെ. മുസ്‌ലിം സമുദായത്തിന്റെ അതൃപ്തി തിരിച്ചറിഞ്ഞ അൻവർ ന്യൂനപക്ഷ സംരക്ഷകനാവാനുള്ള അനുയോജ്യ സമയമെന്നത് കൂടി വിലയിരുത്തിയാണ് പൊടുന്നനെ പാർട്ടി രൂപീകരണ പ്രഖ്യാപനം നടത്തിയത്.

നിലമ്പൂരിലെ രാഷ്ട്രീയ വിശദീകരണ യോഗത്തിൽ പാർട്ടി രൂപീകരണം ഇപ്പോൾ അജൻഡയിലില്ലെന്ന് അൻവർ വ്യക്തമാക്കിയിരുന്നു. സോഷ്യൽ മീഡിയയിലുംയുവാക്കൾക്കുമിടയിൽനിലവിലുള്ള അനുകൂല സാഹചര്യം അവസരമാക്കണമെന്ന ചിന്തയും പാർട്ടി പ്രഖ്യാപനത്തിലുണ്ട്. യോഗങ്ങളിലെ ജനാവലിയും ആത്മവിശ്വാസമേകി. മുസ്‌ലിം ലീഗിൽ നിന്നും കോൺഗ്രസിൽ നിന്നുമെത്തി സി.പി.എമ്മുമായി സഹകരിക്കുന്ന നേതാക്കളുടെ പൊതുവേദി രൂപീകരിക്കാനും പിന്നീട് രാഷ്ട്രീയ പാർട്ടിയിലേക്ക് ചുവടു വയ്ക്കാനുമായിരുന്നു അൻവറിന്റെ ആദ്യ തീരുമാനം. നിയോജക മണ്ഡലാടിസ്ഥാനത്തിൽവിശദീകരണയോഗങ്ങൾക്ക്ശേഷം ജനഹിതമറിഞ്ഞ് തുടർനടപടിയെടുക്കാനും പദ്ധതിയിട്ടു. തനിക്ക് മുന്നിൽ വാതിലടച്ച കോൺഗ്രസിനേയും മുസ്‌ലിം ലീഗിനേയും സമ്മർദ്ദത്തിലാക്കാനാണ് പാർട്ടി പ്രഖ്യാപനമെന്ന വിലയിരുത്തലുമുണ്ട്.

ന്യൂനപക്ഷപിന്നാക്ക ക്ഷേമമാവും തന്റെ പാർട്ടിയുടെ ലക്ഷ്യമെന്ന് വ്യക്തമാക്കിയ അൻവർ മലബാറിലെ ഇടത് മുസ്‌ലിം വോട്ടുകളിലാണ് കണ്ണു വച്ചിട്ടുള്ളത്. ആർ.എസ്.എസ് ബന്ധമാരോപിച്ച് മുഖ്യമന്ത്രിയേയും പൊലീസിനേയുംനിരന്തരംപ്രതിക്കൂട്ടിലാക്കിയഅൻവർ, മുഖ്യമന്ത്രിയുടെ മലപ്പുറം പ്രസ്താവനയോടെ തന്റെ നിലപാട് ശരിയെന്ന് ബോദ്ധ്യപ്പെട്ടില്ലേയെന്ന ചോദ്യവും ഉയർത്തിയിട്ടുണ്ട്. മുസ്‌ലിം ഭൂരിപക്ഷ ജില്ലയായ മലപ്പുറത്തെ ദേശദ്രോഹികളുടെ നാടാക്കി രാജ്യം മുഴുവൻ അറിയിക്കാനാണ് മുഖ്യമന്ത്രി ശ്രമിച്ചതെന്നാണ് അൻവർ ചൂണ്ടിക്കാട്ടിയത്. സി.പി.എം മലപ്പുറം ജില്ലാ സെക്രട്ടറിയെ ആർ.എസ്.എസുകാരനെന്ന്വിശേഷിപ്പിച്ചതിനൊപ്പംമലപ്പുറത്ത്ക്രിമിനൽ കേസുകളുടെ എണ്ണം വർദ്ധിപ്പിക്കാൻ മുൻ എസ്.പി സുജിത്ദാസിന് ഒത്താശ ചെയ്തെന്ന ആരോപണവും ഉന്നയിച്ചിട്ടുണ്ട്. പുതിയ പാർട്ടിക്ക് ഇടത് ആശയങ്ങൾ കൂടി ഉൾക്കൊള്ളിച്ച നയരേഖയുണ്ടാക്കാനും ആലോചനയുണ്ട്. ക്രിസ്ത്യൻ വോട്ട് ലക്ഷ്യമിട്ട് വന്യമൃഗശല്യമടക്കം ഉയർത്തിക്കാട്ടി മലയോര മേഖല കേന്ദ്രീകരിച്ച് 60 മണ്ഡലങ്ങളിൽ പര്യടനം നടത്തും.

'അഭിമുഖത്തിലെ പരാമർശം പി.ആർ ഏജൻസി ഒപ്പിച്ച പണിയാണെന്ന മുഖ്യമന്ത്രിയുടെന്യായീകരണംപച്ചക്കള്ളം. പത്രം തെറ്റായിട്ടാണ് അഭിമുഖം പ്രസിദ്ധീകരിച്ചതെങ്കിൽ അച്ചടിച്ച് വന്ന ദിവസം മുഖ്യമന്ത്രിയും അദ്ദേഹത്തിന്റെ ഓഫീസും ഇടപെടേണ്ടതായിരുന്നു. എന്നാൽ 32 മണിക്കൂർ കഴിഞ്ഞ് വിവാദവുംപ്രതിഷേധങ്ങളുംഉയർന്നതോടെയാണ് മുഖ്യമന്ത്രിയുടെ ഓഫീസ് ഒരു നാടകം കളിച്ചത്. മുഖ്യമന്ത്രി സ്ഥാനം ഒഴിയുന്നതാണ് നല്ലത്' എന്ന് പി.വി. അൻവർ എം.എൽ.എ പറഞ്ഞു.

### പി.ആർ ഏജൻസിക്കെതിരെ കേസെടുക്കുമോ: സതീശൻ

തിരുവനന്തപുരം:മുഖ്യമന്ത്രിപറയാതെയാണ് നാട്ടിൽ ഭിന്നിപ്പുണ്ടാക്കുന്ന കാര്യം എഴുതിക്കൊടുത്തതെങ്കിൽ പി.ആർ ഏജൻസിക്കെതിരെ കേസെടുക്കാൻ തയ്യാറാകുമോയെന്ന്പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ. പി.ആർ ഏജൻസി ആവശ്യപ്പെട്ടത് അനുസരിച്ചാണ് ദി ഹിന്ദു ദിനപത്രം മുഖ്യമന്ത്രിയുടെ അഭിമുഖത്തിന് തയാറായത്. മുഖ്യമന്ത്രിയുടെ അനുവാദത്തോടെയാണ് പി.ആർ പ്രതിനിധികൾ പത്രത്തിന് കുറിപ്പ് നൽകിയതെന്നും അഭിമുഖത്തിൽ പറയാത്ത കാര്യം ബുദ്ധിപൂർവം എഴുതി ചേർത്താണെന്നും അദ്ദേഹം മാദ്ധ്യമങ്ങളോട് വ്യക്തമാക്കി. മുഖ്യമന്ത്രിയുടെ പ്രസ് സെക്രട്ടറിയും മാദ്ധ്യമ ഉപദേശകനും മാസം 12 ലക്ഷം മുടക്കിയുള്ള സോഷ്യൽ മീഡിയ കൂട്ടവും പി.ആർ.ഡിയും ഉള്ളപ്പോഴാണ് അഭിമുഖത്തിനായി പി.ആർ ഏജൻസിയെ ചുമതലപ്പെടുത്തിയതെന്നും അദ്ദേഹം പരിഹസിച്ചു.

### വിവാദങ്ങൾക്കിടെ സി.പി.എം നേതൃയോഗം ഇന്നു മുതൽ

രാഷ്ട്രീയ വിവാദങ്ങൾക്കിടെ സി.പി.എം നേതൃയോഗങ്ങൾക്ക് ഇന്ന് തുടക്കം. ഇന്നു സംസ്ഥാന സെക്രട്ടേറിയറ്റും നാളെ സംസ്ഥാന സമിതിയുമാണു ചേരുക. വിവാദങ്ങൾ സെക്രട്ടേറിയറ്റ് ചർച്ച ചെയ്യാനാണു സാധ്യത. വിഷയങ്ങളെ പ്രതിരോധിക്കാനുള്ള പരിപാടികൾക്ക് നാളെ ചേരുന്ന സി.പി.എം സംസ്ഥാന സമിതി അന്തിമ രൂപം നൽകിയേക്കും. മുഖ്യമന്ത്രിയെ സംരക്ഷിച്ചുകൊണ്ടുള്ള നിലപാടാണു സി.പി.എം നേതൃത്വം ഇതുവരെയും സ്വീകരിച്ചിട്ടുള്ളത്.









# കേരളത്തിൽ ഉദ്യോഗം കിനാവിൽ: കണക്കുകളുമായി കേന്ദ്ര സർവേ



ഓർക്കാപ്പുറത്ത് എന്ന മലയാള ഹിറ്റ് സിനിമയിലെ ഫ്രെഡി എന്നു പേരുള്ള മോഹൻലാലിന്റെ ആംഗ്ലോ ഇന്ത്യൻ കഥാപാത്രം നെടുമുടി വേണു അനശ്വരനാക്കിയ നിക്കോളാസ് എന്ന 'പപ്പ'യോടു പറയുന്ന അനശ്വര ഡയലോഗ്: 'എന്തെങ്കിലും ഒരു ജോലി കിട്ടിയിരുന്നെങ്കിൽ കുറച്ചുദിവസം ലീവെടുത്ത് വീട്ടിൽ ചുമ്മാ ഇരിക്കാമായിരുന്നു.' മോഹൻലാൽ കയ്യിൽ നിന്ന് ഇട്ടതാണ് മൂന്നര പതിറ്റാണ്ടിനിപ്പുറവും മലയാളിയുടെ ദൈനംദിന സംഭാഷണങ്ങളിൽ തമാശയായി കടന്നുവരുന്ന ഈ തിരിപ്പടക്കമെന്ന് സംവിധായകൻ കമൽ സമ്മതിച്ചിരുന്നു.

ലാലിന്റെ ഡയലോഗ് ഏകദേശം അതേ അർത്ഥത്തിൽ ഓർമ്മിപ്പിച്ച് ഉത്തരേന്ത്യയിൽനിന്നുള്ള ചില സാമൂഹിക മാധ്യമ അക്കൗണ്ടുകളിൽ ഈയിടെ കേരളത്തിനെതിരേ വൻതോതിൽ ട്രോളുകൾ പ്രചരിച്ചു. പീരിയോഡിക് ലേബർ ഫോഴ്സ് സർവേ(പി.എൽ.എഫ്.എസ്) യുടെ കണക്കുകളിൽ കേരളത്തിലെ ഉയർന്ന തൊഴിലില്ലായ്മാ നിരക്ക് പുറത്തുവന്നതോടെയാണതുണ്ടായത്. ഏപ്രിൽ ജൂൺ മാസങ്ങളിലായി പതിനഞ്ചിനും ഇരുപത്തൊമ്പതിനും വയസുകാർക്കിടയിലെ തൊഴിലില്ലായ്മാ നിരക്ക് കേരളത്തിൽ 27.7% ശതമാനമാണെന്നാണ് പി.എൽ.എഫ്.എസ് വ്യക്തമാക്കിയത്.

തൊഴിലില്ലായ്മാ നിരക്കിന്റെ ദേശീയ ശരാശരിയായ 16.8 ശതമാനത്തെക്കാൾ കുറവാണ് ഉത്തരേന്ത്യയിലെ ചില സംസ്ഥാനങ്ങളുടെ തൊഴിലില്ലായ്മയെന്ന് ചേർത്തുവച്ചായിരുന്നു ട്രോളുകൾ. ഉത്തരേന്ത്യൻ സംസ്ഥാനങ്ങളുടെ 'ഗൾഫ്' കേരളമാണെന്നതു വേറെ കാര്യം.

യഥാർഥത്തിൽ കേരളത്തിലെ തൊഴിലില്ലായ്മാ നിരക്ക് അത്രയെളുപ്പത്തിൽ വിശകലനം നടത്താൻ സാധിക്കുന്നതാണോ? സംസ്ഥാനത്ത് തൊഴിലുകളൊന്നുമില്ലെന്ന തീർപ്പിലേക്ക് എത്താൻ സാധിക്കുമോ? കൂടാതെ, ഈയൊരു സാഹചര്യം സംസ്ഥാനത്തെ സമ്പദ്‌വ്യവസ്ഥയെ വല്ലാതെ ഉലയ്ക്കുന്നുവെന്നു കരുതേണ്ടതുണ്ടോ? പി.എൽ.എഫ്.എസ് റിപ്പോർട്ട് പുറത്തുവന്നശേഷം ഇങ്ങനെ പല ചോദ്യങ്ങളാണ് സാമൂഹിക, സാമ്പത്തിക ശാസ്ത്രജ്ഞർ പരസ്പരം പങ്കുവച്ചുകൊണ്ടിരിക്കുന്നത്.

മൂന്നു ദശലക്ഷത്തോളം വരുന്ന ഇതര സംസ്ഥാന തൊഴിലാളികൾക്ക് കേരളത്തിൽ തൊഴിൽ ലഭിക്കുന്നുവെന്നിരിക്കേ എന്തുകൊണ്ടാണ് കേരളത്തിലെ തൊഴിലില്ലായ്മാ നിരക്ക് വർധിക്കുന്നതെന്ന ചോദ്യത്തിലേക്കു സംക്രമിക്കുന്നു ഇവരുടെ ചർച്ചകളെല്ലാം. പീരിയോഡിക് ലേബർഫോഴ്സ് സർവേ റിപ്പോർട്ട് പ്രകാരം തൊഴിലില്ലായ്മ ഏറ്റവും കൂടുതലുള്ള ഇന്ത്യൻ സംസ്ഥാനങ്ങളിൽ ഗോവയാണ് (8.5) മുന്നിലുള്ളത്. 7.2 ശതമാനം നിരക്കുമായി കേരളം രണ്ടാം സ്ഥാനത്ത്.

കേരളത്തിലെ തൊഴിലില്ലായ്മ നിരക്ക് ദേശീയ ശരാശരിയേക്കാൾ കൂടുതലാണെന്ന് പറയുന്ന പി.എൽ.എഫ്.എസ് റിപ്പോർട്ട് സംസ്ഥാനത്തെ യുവജനങ്ങളെ ഏറെ ആശങ്കപ്പെടുത്തുന്നു.

2023 ജൂലൈ മുതൽ 2024 ജൂൺ വരെയുള്ള കാലയളവിലെ കണക്കാണ് കേന്ദ്ര സ്റ്റാറ്റിസ്റ്റിക്സ് ആൻഡ് പ്രോഗ്രാം ഇംപ്ലിമെന്റേഷൻ മന്ത്രാലയം പുറത്തുവിട്ട പി.എൽ.എഫ്.എസ് റിപ്പോർട്ടിലുള്ളത്. 2017-18 വർഷത്തിൽ 11.4 ശതമാനമായിരുന്ന നിരക്ക് ഇപ്പോൾ 7.2 ൽ എത്തി എന്നത് കേരളത്തിന് ആശ്വാസകരമാണെങ്കിലും രാജ്യത്തെ തൊഴിലില്ലായ്മ നിരക്കിൽ കേരളം ഒന്നാമതാണെന്ന കണക്ക് ഗൗരവതരം തന്നെ.

അര ദിവസത്തിൽ ഒരു മണിക്കൂർ പോലും തൊഴിൽ ലഭിക്കാത്ത വ്യക്തികളെയാണ് സാമ്പത്തിക വിദഗ്ധർ തൊഴിൽ രഹിതരായി കണക്കാക്കുന്നത്. 2017മുതൽ 2022 വരെയുള്ള കേരളത്തിന്റെ കണക്കുകൾ പരിശോധിച്ചാൽ, 2022-2023 കാലയളവിൽ തൊഴിലില്ലായ്മ നിരക്ക് കുറവാണെന്ന് കാണാൻ കഴിയും. എന്നാൽ കഴിഞ്ഞ രണ്ട് വർഷങ്ങളായി അത് മാറ്റമില്ലാതെ തുടരുകയാണ്. അതുപോലെ, ഈ വർഷങ്ങളിലെല്ലാം കേരളത്തിലെ തൊഴിലില്ലായ്മ ദേശീയ ശരാശരിയേക്കാൾ കൂടുതലാണ്.

2024 ലെ ലോക്സഭ തെരഞ്ഞെടുപ്പിന് മുന്നോടിയായി സി.എസ്.ഡി.എസ്-ലോക്നീതി നടത്തിയ സർവ്വെ പ്രകാരം ആർക്ക് വോട്ട് ചെയ്യണമെന്ന തീരുമാനത്തെ ഏറ്റവും കൂടുതൽ സ്വാധീനിച്ച ഘടകം തൊഴിലില്ലായ്മ ആയിരുന്നു. കൂടാതെ നരേന്ദ്ര മോദി സർക്കാരിനെ ഇഷ്ടപ്പെടാതിരിക്കുന്നതിനുള്ള പ്രധാന കാരണങ്ങളിൽ ഒന്ന് വർദ്ധിച്ചുവരുന്ന തൊഴിലില്ലായ്മയാണെന്നും സർവ്വെ കണ്ടെത്തി. തെരഞ്ഞെടുപ്പിൽ, ഭരണകക്ഷിയായ എൻ.ഡി.എയ്ക്ക് എതിരെയുണ്ടായ ജനവികാരത്തിന് ഒരു മുഖ്യകാരണം തൊഴിലില്ലായ്മയാണ് എന്ന് പൊതുവെ വിലയിരുത്തപ്പെട്ടിരുന്നു. യോഗ്യതയ്ക്കനുസരിച്ച് തൊഴിൽ ലഭ്യമല്ലാത്തതും കുറഞ്ഞ നിരക്കിലുള്ള ശമ്പള വ്യവസ്ഥയും തൊഴിലില്ലായ്മ രൂക്ഷമാക്കാൻ കാരണമായിട്ടുണ്ട്. പി.എൽ.എഫ്.എസ് സർവ്വെ ആ നിഗമനങ്ങൾക്ക് അടിവരയിടുന്നു.

ഏറ്റവും പ്രധാനമായി കണ്ടെത്തേണ്ട ഒന്നാണ് ഉന്നതവിദ്യാഭ്യാസം ലഭിച്ച സ്ത്രീകളുടെ അവസ്ഥ. മതിയായ വിദ്യാഭ്യാസ യോഗ്യതകൾ ഉണ്ടായിരുന്നിട്ടും 11.6 ശതമാനം സ്ത്രീകൾ കേരളത്തിൽ തൊഴിൽരഹിതരാണ്. അതിൽത്തന്നെ ബിരുദം പൂർത്തിയാക്കിയ 26.6 ശതമാനം സ്ത്രീകൾ തൊഴിൽരഹിതരായുണ്ട്. ബിരുദാനന്തര ബിരുദമുള്ള 23.7 ശതമാനം സ്ത്രീകളും, വിവിധ കോഴ്സുകളിൽ ഡിപ്ലോമയുള്ള 18.3 ശതമാനം സ്ത്രീകളും, പ്ലസ്ടു യോഗ്യതയുള്ള 20.7 ശതമാനം സ്ത്രീകളും കേരളത്തിൽ തൊഴിലില്ലായ്മ നേരിടുന്നതായി സർവേയിൽ കണ്ടെത്തി.

പി.എൽ.എഫ്.എസ് സർവ്വെ റിപ്പോർട്ട് പ്രകാരം ഉന്നത വിദ്യാഭ്യാസ യോഗ്യതയുള്ളവരിലാണ് കേരളത്തിൽ തൊഴിലില്ലായ്മ ഏറ്റവും രൂക്ഷമായി നിലനിൽക്കുന്നത്. വിദ്യാഭ്യാസം പൂർത്തിയാക്കിയിട്ടും 7.2 ശതമാനം വ്യക്തികൾ കേരളത്തിൽ തൊഴിൽ രഹിതരാണ്. എന്തുകൊണ്ടാണ് വിദ്യാഭ്യാസപരമായും സാമൂഹികപരമായും ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളേക്കാൾ ഏറെ മുന്നിൽ നിൽക്കുന്ന കേരളത്തിന് ഇത്തരമൊരു അവസ്ഥയെന്നത് തീർച്ചയായും ചർച്ച ചെയ്യപ്പെടേണ്ട കാര്യമാണ്.

ബിരുദം പൂർത്തിയാക്കിയ 21.3 ശതമാനം ആളുകളാണ് കേരളത്തിൽ തൊഴിൽ രഹിതരായി കണക്കാക്കപ്പെടുന്നത്. ബിരുദാനന്തര ബിരുദവും അതിന് മുകളിലുള്ള യോഗ്യതയുമുള്ള 18.2 ശതമാനം ആളുകളും കേരളത്തിൽ തൊഴിൽ രഹിതരാണ്. ഡിപ്ലോമയും മറ്റ് സർട്ടിഫിക്കറ്റ് കോഴ്സുകളും പൂർത്തിയാക്കിയ 10.2 ശതമാനം ആളുകൾക്ക് കേരളത്തിൽ തൊഴിലില്ല. പ്ലസ്ടു വിജയിച്ചിട്ടും തൊഴിൽ രഹിതരായി തുടരുന്നത് 10.9 ശതമാനം ആളുകളാണെന്നും സർവ്വെ റിപ്പോർട്ട് പറയുന്നു.

1980 കളുടെ തുടക്കം മുതൽ അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ അതിരൂക്ഷമായ സംസ്ഥാനമാണ് കേരളം. തൊഴിലിനെക്കുറിച്ചും തൊഴിലിന്റെ മാന്യതയെക്കുറിച്ചുമെല്ലാം സമൂഹം ഉണ്ടാക്കിവെച്ച തെറ്റായ മൂല്യങ്ങളുടെ ഒരു പ്രതിഫലനമാണിത്. സർക്കാർ ജോലി എന്ന് പറയുന്നതിന് മാത്രമേ മാന്യതയുള്ളൂ,സർക്കാർ ജോലിയാണ് ഏറ്റവും എളുപ്പമുള്ളത് എന്ന ധാരണയുണ്ട്. കായികാധ്വാനം ആവശ്യമില്ലാത്ത തൊഴിലുകൾ ആണ് ജോലി എന്ന തെറ്റിദ്ധാരണ കേരള സമൂഹത്തിലുണ്ട്. ഒരു സർക്കാർ ഉദ്യോഗസ്ഥന് ഒരു വർഷം ശരാശരി 220 ദിവസമേ ജോലിയുള്ളൂ.

ഗുജറാത്തിലൊക്കെ സർക്കാർ ജോലിക്ക് പോകുന്നത് രണ്ടാംതരം സംഗതിയായാണ് കാണുന്നത്. സംരംഭകർ ആവാൻ കഴിവില്ലാത്തവർ സർക്കാർ ജോലിക്ക് പോകുന്നു. വിവാഹ മാർക്കറ്റിൽ എല്ലാം സർക്കാർ ജോലിക്കാർ പിന്തള്ളപ്പെട്ടുപോകുന്നുണ്ട്. നേരെ തിരിച്ചാണ് കേരളത്തിൽ. ഇവിടുത്തെ സർക്കാർ ഓഫീസിലെ പ്യൂണിന്, തൊഴിലില്ലാതെ നടക്കുന്ന പിഎച്ച്.ഡിക്കാരനെക്കാൾ വിവാഹ മാർക്കറ്റിൽ സ്ഥാനമുണ്ട്. ഇതിന്റെ വേരുകൾ തേടേണ്ടത് ജാതിവ്യവസ്ഥയുമായി ബന്ധപ്പെട്ടാണ്.

## 'എജ്യൂക്കേറ്റഡ് അൺഎംപ്ലോയ്മെന്റ്'

കേരളത്തിലെ 'എജ്യൂക്കേറ്റഡ് അൺ എംപ്ലോയ്മെന്റ്' എന്നത് സമൂഹത്തിലെ മൂല്യങ്ങളുടെ പ്രശ്നമാണ്. യുവാക്കളെ സ്വയംപര്യാപ്തതയുള്ളവരാക്കി മാറ്റുകയല്ല, മറിച്ച് ഡിഗ്രികൾ ജയിപ്പിക്കുകയും ജീവിതത്തിലവരെ പരാജയപ്പെടുത്തുകയുമാണ് സമൂഹം ചെയ്യുന്നത്. 'ആവശ്യാധിഷ്ഠിതമായ സാർവത്രിക പെൻഷൻ കേരളത്തിൽ ഏർപ്പെടുത്തണം.ഇത്തരത്തിലുള്ള സാമൂഹിക സുരക്ഷിതത്വം നൽകിയാൽ കൂടുതൽ ചെറുകിട സംരംഭകർ ഉണ്ടാവുകയും വിദ്യാഭ്യാസത്തിന് പുറകെ മാത്രം പോകുന്നത് കുറയ്ക്കാൻ സാധിക്കുകയും ചെയ്യും.

കുടിയേറ്റം ഒരു പരിധി കഴിഞ്ഞാൽ പരിഹാരമല്ല. കാരണം വിദേശ നാടുകൾ കുടിയേറ്റത്തെ നിയന്ത്രിക്കും. മാത്രമല്ല ഇത്തരം രാജ്യങ്ങളിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, റോബോട്ടിക്സ് എന്നീ സങ്കേതികവിദ്യകൾ വരുമ്പോൾ മാനുവൽ ആയി ചെയ്യുന്ന പല ജോലികളുടെയും സാധ്യത ഇല്ലാതെയാകും. തൊഴിലിന് മാന്യതയുണ്ടാവുക, ചെറുകിട സംരംഭങ്ങളിൽ ജോലി ചെയ്യുന്നവർക്ക് കൂടുതൽ സാമ്പത്തിക സുരക്ഷ ഏർപ്പെടുത്തുക എന്നീ ആശയങ്ങളാണ് ഇനി വേണ്ടത്.'

തൊഴിലിനുവേണ്ടിയുള്ള കനത്ത പ്രതിഷേധങ്ങളോ അല്ലെങ്കിൽ വലിയൊരു കൂട്ടം ആളുകൾ നിർമാണപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതോ ഒന്നും ഇതേ തൊഴിലില്ലായ്മ നിലനിൽക്കുന്ന കേരളത്തിൽ കാണാൻ സാധിക്കില്ല. കേരളത്തിലെ ഉയർന്ന തൊഴിലില്ലായ്മാ നിരക്ക് എന്തുകൊണ്ടാണെന്നതിനു രണ്ടു കാരണങ്ങൾ ചൂണ്ടിക്കാണിക്കുന്നു ട്രേഡ് യൂണിയൻ നേതാക്കൾ. 'ഒന്നാമതായി വിദ്യാസമ്പന്നരായ ജനത പൂർണ വൈദഗ്ധ്യമില്ലാത്തതോ വിദഗ്ധപരിശീലനം ആവശ്യമില്ലാത്തതോ ആയ തൊഴിലുകൾ സ്വീകരിക്കാൻ വൈമുഖ്യം കാണിക്കുന്നു. എല്ലാ തൊഴിലുകളും ബഹുമാനമർഹിക്കുന്നതല്ലെന്ന കാഴ്ചപ്പാടാണ് കേരളീയർക്കുള്ളത്. ഇക്കാരണംകൊണ്ടുതന്നെയാണ് ഭൂരിപക്ഷം പേരും ഓഫിസ് ഉദ്യോഗങ്ങൾക്കുവേണ്ടി കാത്തിരിക്കുന്നത്.'

കേരളാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ലൈവ് രജിസ്റ്റർ പ്രകാരം അഞ്ചു ലക്ഷത്തിലധികം ബിരുദധാരികളും 1.2 ലക്ഷത്തോളം ബിരുദാനന്തര ബിരുദക്കാരും 37000 എൻജിനീയർമാരും 2000 ഡോക്ടർമാരും സർക്കാർ ജോലിക്കായുള്ള വിളിയും പ്രതീക്ഷിച്ച് കാത്തിരിക്കുകയാണ്. കൂടുതൽ തൊഴിലവസരങ്ങൾ ഉത്പാദിപ്പിക്കാൻ സാധിക്കുന്ന വ്യാവസായിക മേഖലകൾ കേരളത്തിൽ കുറവാണെന്നതും തൊഴിലില്ലായ്മയുടെ മറ്റൊരു കാരണമാണ്. ജനുവരി 2024ൽ പ്രസിദ്ധീകരിച്ച 2023ലെ കേരളാ എക്കണോമിക് റിവ്യൂയിൽ, കേരള സമ്പദ്‌വ്യവസ്ഥയുടെ നട്ടെല്ലെന്നു വിളിക്കാവുന്നത് സേവനമേഖലയിലുൾപ്പെടുന്ന വിദ്യാഭ്യാസമേഖലയാണ്. കശുവണ്ടി, കയർ എന്നിങ്ങനെ കയറ്റുമതി ഗുണനിലവാരമുള്ള ഉൽപ്പന്നങ്ങളുടെ പ്രധാന വാണിജ്യകേന്ദ്രമായിരുന്നു ഒരിക്കൽ കേരളം.



ബാബു കദളിക്കാട്

നിർഭാഗ്യവശാൽ ആക്രമണോത്സുക തൊഴിലാളി സംഘടനാപ്രവർത്തനം മൂലം വ്യാവസായിക ഉൽപാദനമേഖലയ്ക്ക് വളരാൻ സാധിച്ചില്ല. ഏതൊരു സംസ്ഥാനത്തും ഏറ്റവും കൂടുതൽ തൊഴിലുൽപാദിപ്പിക്കപ്പെടുന്നത് ഉൽപ്പാദനമേഖലകളിൽനിന്നാണ്. കാലാവസ്ഥാവ്യതിയാനം, വേതന പരിഷ്കരണംപോലെ കൃത്യമായി രൂപകൽപ്പന ചെയ്യാത്ത നയങ്ങൾ എന്നിവയാൽ കാർഷികമേഖലയും തകർന്നു.

തൊഴിലില്ലായ്മയാൽ കേരളത്തിൽനിന്ന് അഭ്യസ്തവിദ്യരായ യുവാക്കൾ ഗൾഫ് നഗരങ്ങൾ നിർമിക്കുന്ന തൊഴിലാളികളായി. പെട്രോൾ പണം കേരളത്തിലേക്ക് ഒഴുകാൻ തുടങ്ങിയതോടെ ഇവിടത്തെ സാമൂഹിക, സാമ്പത്തിക സ്ഥിതിഗതികൾ മെച്ചപ്പെട്ടു. ഇത് വിദ്യാഭ്യാസ നിലവാരം വർധിപ്പിച്ചു. കാലം കഴിഞ്ഞപ്പോൾ വൈദഗ്ധ്യമില്ലാത്ത തൊഴിലുകളോട് ആളുകൾക്ക് വൈമുഖ്യം തോന്നിത്തുടങ്ങി. ഇന്ന് എല്ലാവർക്കും ഒന്നുകിൽ സർക്കാർ ജോലി വേണം അല്ലെങ്കിൽ വിദേശത്തു പോണം. സർക്കാർ ജോലി വേണ്ടവർ എംപ്ലോയ്മെന്റിൽ രജിസ്റ്റർ ചെയ്ത് കാത്തിരിക്കും. എന്നാൽ മതിയായ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിൽ സർക്കാരുകളും പരാജയപ്പെട്ടതോടെ തൊഴിലില്ലായ്മാ നിരക്ക് വർധിച്ചു. കണക്കുകൾ പരിശോധിച്ചാൽ 30:30:30 എന്നൊരു സമവാക്യമാണ് നമുക്ക് കേരളത്തിൽ കാണാൻ സാധിക്കുക. ഏകദേശം മൂന്ന് ദശലക്ഷം പേർക്കാണ് ഇവിടെ തൊഴിലില്ലാത്തത്, മൂന്നു ദശലക്ഷത്തിലധികം പേർ വിദേശത്ത് ജോലി ചെയ്യുന്നുണ്ട്. കേരളത്തിൽ മൂന്നു ദശലക്ഷത്തോളം അന്യസംസ്ഥാന തൊഴിലാളികളും ജോലി ചെയ്യുന്നു.

യഥാർഥത്തിൽ കേരളത്തിൽ തൊഴിലുകളുണ്ടെന്നും എന്നാൽ ഇവിടെയുള്ള തൊഴിലുകൾ സ്വീകരിക്കാൻ കേരളത്തിലെ യുവസമൂഹം വിമുഖത കാണിക്കുന്നതാണ് അധികരിച്ച തൊഴിലില്ലായ്മ നിരക്കിനു കാരണമെന്നുമാണ് വിദഗ്ധ നിരീക്ഷണം. ഈ വിമുഖത തന്നെയാണ് അവരെ വിദേശത്തേക്ക് കുടിയേറാൻ പ്രേരിപ്പിക്കുന്ന ഘടകം. കാർഷിക, വ്യാവസായികോൽപ്പാദന മേഖലകളിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിൽ സർക്കാർ പരാജയപ്പെടുന്നതും കേരളത്തിലെ തൊഴിലില്ലായ്മാ നിരക്ക് വർധിക്കാനുള്ള കാരണമാണെന്ന് നിരീക്ഷകർ പറയുന്നു. അതേസമയം വൈദഗ്ധ്യം ആവശ്യമില്ലാത്ത എല്ലാ തൊഴിൽ മേഖലകളിലും ഇതര സംസ്ഥാന തൊഴിലാളികളുടെ ബാഹുല്യവുമുണ്ട്. തൊഴിലുറപ്പ് പദ്ധതിയാകട്ടെ രചനാത്മകത അന്യമാണെന്ന വിമർശനമേറ്റ് പാതി തമാശ തന്നെയായി മുന്നോട്ടുപോകുന്നു.



# പി. ആർ ഏജൻസിയിൽ കുരുങ്ങി മുഖ്യമന്ത്രിയുടെ ഓഫീസ്

തിരുവനന്തപുരം: മുഖ്യമന്ത്രിയുടെ പ്രതിച്ഛായ വർദ്ധിപ്പിക്കുന്നതിന് സ്വകാര്യ പി.ആർ ഏജൻസികളെ ആശ്രയിക്കുന്നുവെന്ന ആരോപണം കനത്തതോടെ, തള്ളാനും കൊള്ളാനും വയ്യാത്ത അവസ്ഥയിൽ സി.പി.എമ്മും മുഖ്യമന്ത്രിയുടെ ഓഫീസും. ഡൽഹിയിൽ 'ദ ഹിന്ദു' പത്രത്തിന് മുഖ്യമന്ത്രി നൽകിയ അഭിമുഖത്തിലെ മലപ്പുറം വിരുദ്ധ പരാമർശം കെയ്സൻ എന്ന പി.ആർ എജൻസിയുടെ ആവശ്യപ്രകാരം ഉൾപ്പെടുത്തിയതാണെന്ന പത്രത്തിന്റെ വിശദീകരണം പുറത്തുവന്ന് ഒരു ദിവസം പിന്നിട്ടിട്ടും അത് സ്ഥിരീകരിക്കാനോ, നിഷേധിക്കാനോ സർക്കാരോ പാർട്ടിയോ തയ്യാറായിട്ടില്ല.

അതിനിടെ, മുഖ്യമന്ത്രിക്കും പാർട്ടിക്കും പി.ആർ ഏജൻസിയുടെ ആവശ്യമില്ലെന്ന വാദമുയർത്താൻ സി.പി.എം മന്ത്രിമാരും മുതിർന്ന നേതാക്കളും നടത്തിയ മത്സരവും കൗതുകമായി. ആർ.എസ്.എസ്എ.ഡി.ജി.പി കൂടിക്കാഴ്ചയും അൻവറിന്റെ ആരോപണങ്ങളുമടക്കം നാളെ തുടങ്ങുന്ന നിയമസഭാ സമ്മേളനത്തെ പ്രക്ഷുബ്ധമാക്കുമെന്ന് ഉറപ്പായിരിക്കെയാണ് എരിതീയിൽ എണ്ണയൊഴിച്ചതുപോലെ മുഖ്യമന്ത്രിയുടെ അഭിമുഖവും വിവാദമായത്. മന്ത്രിസഭായോഗവും, സി.പി.എം, സി.പി.ഐ നേതൃയോഗങ്ങളും ഇന്ന് ചേരാനിരിക്കെ, എ.ഡി.ജി.പി അജിത് കുമാറിനെ മാറ്റുന്ന കാര്യത്തിൽ തീരുമാനം പ്രതീക്ഷിക്കുകയാണ് സി.പി.ഐ നേതൃത്വം.



### പരിഹസിച്ച് പ്രതിപക്ഷം

തന്നെ ഈ നാടിനറിയാമെന്നും മറ്റാരുടെയും ഉപദേശം തേടുമെന്ന് സാമാന്യ ബുദ്ധിയുള്ള ആരും കരുതില്ലെന്നും 2020 മേയ് 19ന് മുഖ്യമന്ത്രി വാർത്താസമ്മേളനത്തിൽ പറഞ്ഞിരുന്നു. എന്നാൽ, അതേ മുഖ്യമന്ത്രിക്ക് വേണ്ടിയല്ലേ ഇപ്പോൾ പി.ആർ ഏജൻസി അഭിമുഖം സംഘടിപ്പിച്ചതെന്ന് പ്രതിപക്ഷം പരിഹസിക്കുന്നു.

അഭിമുഖത്തിൽമലപ്പുറംപരാമർശം വിവാദമായതോടെയാണ് മുഖ്യമന്ത്രി പറയാത്ത കാര്യമാണ് വന്നതെന്നും തിരുത്തൽ വേണമെന്നും പ്രസ് സെക്രട്ടറി 'ദ ഹിന്ദു' പത്രത്തിന് കത്തെഴുതിയത്. അഭിമുഖം സംഘടിപ്പിച്ചത് പി.ആർ ഏജൻസിയാണെന്ന കാര്യം പുറത്തു വന്നതാവട്ടെ, പത്രത്തിന്റെ ഖേദപ്രകടനത്തിലും. ഇത് ഫലത്തിൽ സർക്കാരിന് വെളുക്കാൻ തേച്ചത് പാണ്ടായി.

### കൂട്ടിച്ചേർത്തത് മുൻ എം. എൽ. എയുടെ മകൻ

മുഖ്യമന്ത്രിയുമായിപത്രലേഖികനടത്തിയ അഭിമുഖത്തിൽ കെയ്സൻ ഏജൻസിയുടെ രണ്ട് പേരും ഉണ്ടായിരുന്നുവെന്നാണ് റിപ്പോർട്ട്. കെയ്സൻ സി.ഇ.ഒ വിനീത് ഹാണ്ഡയും റിലയൻസിന്റെ പൊളിറ്റിക്കൽ സ്ട്രാറ്റജിസ്റ്റ് സുബ്രഹ്മണ്യനും. സി.പി.എം മുൻ എം.എൽ.എ ടി.കെ.ദേവകുമാറിന്റെ മകനായ സുബ്രഹ്മണ്യനാണ് മുഖ്യമന്ത്രി പറയാത്ത ഭാഗംകൂടി അഭിമുഖത്തിൽ ഉൾപ്പെടുത്താൻ ആവശ്യപ്പെട്ടതെന്നാണ് വിവരം.

വസ്തുതകൾ ഇത്ര വ്യക്തമായിരിക്കെയാണ്, മുഖ്യമന്ത്രിക്ക് പി.ആർ ഏജൻസിയുടെ ആവശ്യമില്ലെന്ന വാദവുമായി മന്ത്രിമാരടക്കം രംഗത്തെത്തിയത്.

### മുഖ്യമന്ത്രി എഴുതിക്കൊടുത്തത്: സുധാകരൻ

കൽപ്പറ്റ: മലപ്പുറത്തെക്കുറിച്ചുള്ള പരാമർശം മുഖ്യമന്ത്രി എഴുതിക്കൊടുത്തതെന്ന് കെ.പി.സി.സി പ്രസിഡന്റ് കെ. സുധാകരൻ. ഈ വിഷയത്തിൽ മുഖ്യമന്ത്രിയുടെ വിശദീകരണം ശുദ്ധ അസംബന്ധമാണെന്ന് വയനാട്ടിൽ മാദ്ധ്യമ പ്രവർത്തകരോട് അദ്ദേഹം പറഞ്ഞു. മുഖ്യമന്ത്രിയുടെ അനുവാദം വാങ്ങാതെ പി.ആർ ഏജൻസി ഇത്തരമൊരു പരാമർശം ദി ഹിന്ദു പത്രത്തിന് നൽകില്ല. 1970 മുതൽ പിണറായിക്ക് ബി.ജെ.പി ബന്ധമുണ്ട്. അവരുടെ വോട്ട് വാങ്ങി ആദ്യമായി എം.എൽ.എയായ വ്യക്തിയാണ് പിണറായി. അതിന് ശേഷമുള്ള തിരഞ്ഞെടുപ്പുകളിലും ബി.ജെ.പി സഹായവും പിന്തുണയും പിണറായി തേടിയിട്ടുണ്ട്.

ബി.ജെ.പിയുമായി വർഷങ്ങളായി നല്ലബന്ധമുള്ള വ്യക്തിയാണ് അദ്ദേഹം. ആ ബന്ധത്തിന്റെ പേരിൽ അദ്ദേഹത്തിന് വ്യക്തിപരമായും സാമ്പത്തികമായും പല നേട്ടങ്ങളും കിട്ടിയിട്ടുണ്ട്. നാടിനേക്കാളും ജനങ്ങളേക്കാളും മുഖ്യമന്ത്രിക്ക് പ്രധാന്യം സ്വന്തം കുടുംബത്തിന്റെ സുരക്ഷിതത്വമാണെന്നും സുധാകരൻ പറഞ്ഞു.

### പി. ആർ ഏജൻസി ചെലവ് വെളിപ്പെടുത്തണം:വി. മുരളീധരൻ

എട്ടുവർഷത്തെ പി.ആർ ഏജൻസി ചെലവ് സർക്കാർ വെളിപ്പെടുത്തണമെന്ന് മുൻകേന്ദ്രമന്ത്രി വി. മുരളീധരൻ ആവശ്യപ്പെട്ടു. പി.ആർ.ഡിയെയും പ്രസ് സെക്രട്ടറിയെയും ഒഴിവാക്കി ഏജൻസികളെ ഉപയോഗിക്കുന്നതിനെതിരെ നേരത്തെയും വിമർശനങ്ങളുണ്ടായതാണ്. അന്ന് നിഷേധിച്ച മുഖ്യമന്ത്രി പിണറായി വിജയൻ എത്രരൂപ ഇതിന് ചെലവഴിച്ചെന്നെങ്കിലും വ്യക്തമാക്കണം

### പെരുമഴയത്തെ കുമിള: മന്ത്രി ശിവൻകുട്ടി

മുഖ്യമന്ത്രിക്ക് പി.ആർ ഏജൻസിയുണ്ടെന്ന ആരോപണത്തെ പെരുമഴയത്തുണ്ടാകുന്ന കുമിളയായി കണ്ടാൽ മതിയെന്ന് മന്ത്രി വി. ശിവൻകുട്ടി. തിരുവനന്തപുരത്ത് മാദ്ധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

മുഖ്യമന്ത്രി പിണറായി വിജയന് പി.ആർ ഏജൻസിയുടെ ആവശ്യമില്ല. കേരള രാഷ്ട്രീയത്തിൽ നിരവധി വിവാദങ്ങൾ ഉണ്ടായിട്ടുണ്ട്. എന്നാൽ സർക്കാരോ നേതാക്കളോ പി.ആർ ഏജൻസിയുടെ സഹായത്തോടെയാണ് പ്രവർത്തിക്കുന്നതെന്ന ആക്ഷേപമുണ്ടായിട്ടില്ല. അൻവർ വിഷയത്തിലുള്ള നിലപാട് മുഖ്യമന്ത്രിയും പാർട്ടിയും നേരത്തെ വ്യക്തമാക്കിയിട്ടുണ്ടെന്നും ശിവൻകുട്ടി പറഞ്ഞു.









# സംവത്സരങ്ങൾക്കു ശേഷം കോൺഗ്രസ്സിലുണ്ടായ ഐക്യം ശുഭപര്യവസായി ആകുമോ..?




അയോധ്യയിലെ ബാബറി മസ്ജിദ് പ്രശ്നം കേരളത്തിലെ യു.ഡി.എഫ് സംവിധാനത്തിൽ തന്നെ വലിയ വിള്ളലാണുണ്ടാക്കിയത്. മുസ്ലിംലീഗിലെ സംസ്ഥാന നേതൃത്വത്തോട് ഇടഞ്ഞു നിന്നിരുന്ന ഇബ്രാഹിം സുലൈമാൻ സേട്ട് ഇടതുമുന്നണിയോട് അനുഭാവം കാണിക്കാൻ തുടങ്ങി. തീർന്നില്ല അബ്ദുൽ നാസർ മദനി ഒരു രാഷ്ട്രീയപാർട്ടി രൂപീകരിച്ചു പി.ഡി.പി. ഇവരുടെ പിന്തുണയും ഇടതു മുന്നണിക്ക് തന്നെയായിരുന്നു. ബാബറി മസ്ജിദ് തകർന്നു തരിപ്പണമായതോടെ ഉരുണ്ടുകൂടിയ പ്രശ്നങ്ങളുടെ അലയൊലി ഒറ്റപ്പാലം മണ്ഡലത്തിൽ അതിശക്തമാണെന്ന് ആയിടയ്ക്കൊരു ഇന്റലിജൻസിന്റെ റിപ്പോർട്ട് ഉണ്ടായി.

> **1993ൽ ഒറ്റപ്പാലത്തു അങ്ങേറിയ ഉപതിരഞ്ഞെടുപ്പ് പ്രചാരണം അവസാനിച്ചതോടെ യു.ഡി.എഫ് ക്യാമ്പിൽ കടുത്ത മ്ലാനത പരന്നു. റിസൾട്ട് വന്നപ്പോൾ അതിന്റെ കാരണം വ്യക്തമായി. 1. 32 ലക്ഷം വോട്ടിന് യു.ഡി.എഫ് തോറ്റമ്പി. ബാബറി മസ്ജിദ് തകർത്തതിനോടുള്ള മുസ്ലീങ്ങളുടെ അതിരൂക്ഷ പ്രതികരണം ആയിരുന്നു ആ തെരഞ്ഞെടുപ്പ് ഫലം എന്നാണ് മുസ്ലീം ലീഗ് വിലയിരുത്തിയത്.**



അത് സംസ്ഥാന നേതൃത്വം കേന്ദ്ര ആഭ്യന്തരമന്ത്രാലയത്തെ അറിയിച്ചു. കേന്ദ്ര ആഭ്യന്തരമന്ത്രാലയത്തിന്റെ താൽപര്യപ്രകാരം തെരഞ്ഞെടുപ്പ് കമ്മീഷൻ പോളിംഗ് മൂന്ന് മാസം കൂടി നീട്ടി. സത്യത്തിൽ ഇത് ക്രമസമാധാന നില തകർന്നിരിക്കുന്നുവെന്ന് സമ്മതിക്കുന്നതിന് തുല്യമായിരുന്നു. പ്രതിപക്ഷം അടങ്ങിയിരുന്നില്ല. ഭരണപക്ഷം തോറ്റോടുകയാണെന്ന് അവർ ആക്ഷേപം ചോരിഞ്ഞു. 1993 മെയ് 19ന് നടത്താനിരുന്ന ഉപ തിരഞ്ഞെടുപ്പ് ഓഗസ്റ്റ് 19 ലേക്ക് മാറ്റി.

തിരഞ്ഞെടുപ്പ് പ്രചാരണം കഴിഞ്ഞതോടുകൂടി യു.ഡി.എഫ് ക്യാമ്പിൽ മ്ലാനത പരന്നു. റിസൾട്ട് വന്നപ്പോൾ അതിന്റെ കാരണം വ്യക്തമായി. 1. 32 ലക്ഷം വോട്ടിന് യു.ഡി.എഫ് തോറ്റമ്പി. ബാബറി മസ്ജിദ് തകർത്തതിനോടുള്ള മുസ്ലീങ്ങളുടെ അതിരൂക്ഷ പ്രതികരണം ആയിരുന്നു ആ തെരഞ്ഞെടുപ്പ് ഫലം. ഇത് ഉഗ്രമായ താക്കീത് എന്ന് കൊരമ്പയിൽ അഹമ്മദ് ഹാജി പരസ്യമായി പറയുകയും ചെയ്തു. ഒടുവിൽ എല്ലാത്തിനും കാരണം ബാബറി മസ്ജിദ് ആണെന്ന് പറഞ്ഞു കരുണാകരൻ തലയൂരാൻ ശ്രമിക്കുകയായിരുന്നു.

കേരളത്തിലെ കോൺഗ്രസിലെ പടല പിണക്കം നാൾക്ക് നാൾ ഏറി കൊണ്ടിരുന്നു. പ്രസ്സ് ഫോട്ടോഗ്രാഫർമാരുടെ മുന്നിൽ ചിരിക്കുകയും കെട്ടിപ്പിടിക്കുകയും ചെയ്യുന്ന കോൺഗ്രസ് നേതാക്കൾ പരസ്പരം പഴി ചാരലും പാരവെപ്പുമായി നീങ്ങുകയാണ്. കോട്ടയം, തൃശ്ശൂർ ഡിസിസി തിരഞ്ഞെടുപ്പുകളിലെ തർക്കവും ഷാനവാസ് അടക്കമുള്ളവർക്കെതിരായ അച്ചടക്ക നടപടിയുമാണ് കോൺഗ്രസിലെയും യു.ഡി.എഫിലെയും പ്രധാന ചർച്ചാ വിഷയം.

ഇതിനിടെ ഡൽഹിയിൽ വച്ച് മറ്റൊരു സംഭവം ഉണ്ടായി. ആ വർഷത്തെ എ.ഐ.സി.സി സമ്മേളനം അമേഠിയിലെ കഠോരയിലെ രാജീവ് നഗറിൽ ആണ് നടത്താൻ നിശ്ചയിച്ചത്. അതിനൊരു ബഡ്ജറ്റ് ഉണ്ടാക്കി. അഞ്ചു കോടി രൂപ. ഉത്തർപ്രദേശിലെ പി.സി.സി ഉടൻതന്നെ നെടു നെടുങ്കൻ പന്തലും പ്രതിനിധികൾക്ക് താമസിക്കാൻ രണ്ടായിത്തോളം താൽക്കാലിക ഷെഡുകളും തയ്യാറാക്കി.

എന്നാൽ ഗതികേടന്ന് അല്ലാതെന്തു പറയാൻ..! സമ്മേളനം തുടങ്ങാൻ കേവലം രണ്ടുനാൾ മാത്രം അവശേഷിക്ക് ഒരു വലിയ കൊടുങ്കാറ്റ് ഉരുണ്ടുകൂടി. സമ്മേളന നഗരി ആകെ അലങ്കോലപ്പെട്ടു. കേരളത്തിൽ നിന്ന് എത്തിയ നേതാക്കളെല്ലാം ഡൽഹിയിൽ ഒത്തുകൂടിയിട്ടുണ്ട്. എ.ഐ.സി.സി സമ്മേളനം മാറ്റിവച്ചത് കൊണ്ട് ആ ദിവസങ്ങളിൽ ഇവർക്ക് അവിടെ കാര്യമായ പരിപാടികൾ ഒന്നും തന്നെ ഉണ്ടായിരുന്നില്ല. ഉമ്മൻചാണ്ടിയുടെ മുറിയിൽ യാദൃശ്ചികമായി ചിലരെല്ലാം ഒത്തുകൂടി. അതിനിടെ പല ചർച്ചകൾക്കും ഇടയിൽ ഉടൻ കേരളത്തിൽ നിന്ന് വരുന്ന മൂന്ന് രാജ്യസഭാ സീറ്റുകളിലേക്ക് ആരൊക്കെ നിൽക്കണമെന്ന് അനൗദ്യോഗിക ചർച്ചയായി.

ഒരെണ്ണം എൽ.ഡി.എഫിനുള്ളതാണ്. ബാക്കി രണ്ട് കോൺഗ്രസിന് അവകാശപ്പെട്ടതാണ്. ഔദ്യോഗികമായി മുന്നണിയിൽ ഈ വിഷയം ചർച്ച ചെയ്തിട്ടില്ല. എങ്കിലും ഡൽഹിയിലെ ആ ദർബാറിൽ രാജ്യസഭാ സീറ്റ് സംബന്ധിച്ച് കൊണ്ടുപിടിച്ച ചർച്ച തന്നെ നടക്കുകയാണ്. ഒന്ന് എ ഗ്രൂപ്പിനും മറ്റൊന്ന് ഐ ഗ്രൂപ്പിനും എന്ന് ഉറപ്പിച്ച മട്ടിൽ സംസാരം നീങ്ങുകയാണ്. ഇതിനിടെ ഈ ചർച്ചകളിൽ എല്ലാം സജീവമായി നിന്ന ഒരു വ്യക്തി വളരെ തന്ത്രപരമായി 104-ാം മുറിയിലേക്ക് വലിഞ്ഞു.

അവിടെ കെ. കരുണാകരൻ ആണ് താമസിച്ചിരുന്നത്. ചാരനായി എത്തിയ ആ വ്യക്തി കരുണാകരന്റെ ചെവിയിൽ മൊഴിഞ്ഞു. അറിഞ്ഞില്ലേ ഉമ്മൻചാണ്ടിയുടെ മുറിയിൽ എ ഗ്രൂപ്പ് യോഗം ചേർന്നു രാജ്യസഭാ സീറ്റ് ആയിരുന്നു വിഷയം. സീറ്റുകളിൽ ഒരെണ്ണം എക്കാർ അങ്ങ് ഉറപ്പിച്ചു. മറ്റൊന്ന് വേണമെങ്കിൽ ഐ ഗ്രൂപ്പിനെടുക്കാം. അങ്ങിനെ തീരുമാനമായി. ഇത് കേട്ടതോടെ കരുണാകരൻ ക്ഷുഭിതനായി.

സംസ്ഥാനത്തെ ഏറ്റവും മുതിർന്ന നേതാവും, കേന്ദ്ര പാർലമെന്ററി ബോർഡ് അംഗവുമായ താൻ ഇവിടെ ഇരിക്കുമ്പോൾ, തന്നോട് ഒരു വാക്കുപോലും പറയാതെ രാജ്യസഭാ സീറ്റ് തീരുമാനിക്കാൻ മാത്രം വളർന്നവർ ആരെന്ന് എനിക്കറിയണം. സത്യത്തിൽ ഐ-എ ഗ്രൂപ്പ് ഇത്രമാത്രം അകൽച്ചയിലേക്ക് മുങ്ങിത്താഴുന്നത് ഈ ഒരു സംഭവത്തിന് ശേഷമായിരുന്നു.

ചാര പ്രവർത്തനം നടത്തിയ ആളെ തിരിച്ച് അറിഞ്ഞതോടുകൂടി ഉമ്മൻചാണ്ടിക്ക് വലിയ പ്രയാസമായി. വെറുതെ സംസാരിച്ച ആ വകകാര്യങ്ങൾ കാര്യങ്ങൾ അപ്പോൾ തന്നെ കരുണാകരനെ അറിയിക്കേണ്ട വല്ല കാര്യവുമുണ്ടോ..! കരുണാകരനെ ഇനി എങ്ങിനെയാണ് കാര്യങ്ങൾ പറഞ്ഞു ധരിപ്പിക്കുക. സത്യം അദ്ദേഹം അറിയണമല്ലോ. അതുകൊണ്ട് ഇനിയുള്ള ഐക്യ ചർച്ചകൾക്ക് അല്പം വിട്ടുവീഴ്ച ഒക്കെ ആകാമെന്ന് ഉമ്മൻചാണ്ടിയും കൂട്ടരും നിശ്ചയിച്ചു.



ജോഷി ജോർജ്

കാര്യങ്ങൾ പറഞ്ഞു തീർക്കാൻ ശങ്കരനാരായണനെ മധ്യസ്ഥൻ ആക്കി. ഉമ്മൻചാണ്ടിയെയും പി.സി. ചാക്കോയെയും ചർച്ചയ്ക്ക് ക്ഷണിച്ചു. ഡൽഹിയിൽ കരുണാകരനും ആന്റണിയും അതിന് അനുകൂലഭാവം പ്രകടിപ്പിച്ചതോടെ കാര്യങ്ങൾ കുറച്ചുകൂടിഎളുപ്പമായി.

എന്നാൽ വയലാർ രവിക്ക് ഇതിൽ കാര്യമായി ഒന്നും ചെയ്യാനായില്ല. കാരണം അദ്ദേഹത്തിന്റെ ഭാര്യ മേഴ്സി ചികിത്സയുടെ ഭാഗമായി ന്യൂയോർക്കിലാണ്. വയലാർ രവിയും ഉണ്ട് കൂടെ. രവിയെ ഫോണിൽ ബന്ധപ്പെട്ടുകൊണ്ടിരുന്നു. രമേശ് ചെന്നിത്തലയും കാർത്തികേയനും ആന്റണിയേയും കരുണാകരനെയും നേരിൽ കാണാൻ തയ്യാറായി ഒടുവിൽ അവർ അഹമ്മദ് പട്ടേലിനെയും കണ്ടു മൂപ്പനാർ കരുണാകനോടും ഉമ്മൻചാണ്ടിയോടും സംസാരിച്ചു. അങ്ങിനെ പല വഴിക്ക് ചർച്ചകൾ നടന്നു. തിരുത്തൽ വാദികളെ കാര്യമായി ഗൗനിക്കുന്നില്ല എന്ന് ഒരു തോന്നൽ രമേശ് ചെന്നിത്തലക്കും കാർത്തികയനും ഉണ്ടായി. ഉടൻ കാർത്തികേയൻ ഒരു പത്രസമ്മേളനം വിളിച്ചു. തിരുത്തൽ വാദികളായ തങ്ങളെ ഉൾക്കൊള്ളാത്ത ഐക്യം എന്നത് വെറുമൊരു സങ്കല്പം മാത്രമാണെന്ന് തുറന്നടിച്ചു. അതൊന്നും കാര്യമായി എടുത്തില്ല ഹൈക്കമാന്റ്. അങ്ങനെ നാളുകൾ നീണ്ട പ്രശ്നത്തിന് ഡൽഹിയിൽ ഒരു പരിഹാരമായി.

സംഘടന തിരഞ്ഞെടുപ്പ് സംബന്ധമായ എല്ലാ തർക്കങ്ങളും ഇതോടെ പര്യവസാനിച്ചതായി അഹമ്മദ് പട്ടേൽ ഡൽഹിയിൽ പത്രക്കാരെ വിളിച്ചുകൂട്ടി അറിയിച്ചു. ഈ കരാർ അനുസരിച്ച് ആന്റണി ഗ്രൂപ്പിന് 26 കെ.പി.സി.സി അംഗങ്ങളെ കൂടി ലഭിക്കും. ഇതിൽ 16 പേരെ ഇപ്പോഴുള്ള ഒഴിവിൽ എടുക്കും. നിലവിലുള്ള പത്ത് കെ.പി.സി.സി അംഗങ്ങളെ രാജിവെപ്പിച്ചിട്ടായിരിക്കും ബാക്കി പത്തു പേരെ ഉൾക്കൊള്ളുക. കെ.പി.സി.സി നിർവാഹ സമിതിയിൽ ആന്റണി ഗ്രൂപ്പിന് 10 പേരുടെ പ്രാതിനിത്യം ഉണ്ടാകും. മൂന്ന് ഔദ്യോഗിക ഭാരവാഹികളെയും നൽകും. കോട്ടയത്ത് ഡി.സി.സി പ്രസിഡന്റായി ആന്റണി ഗ്രൂപ്പിൽ നിന്ന് തന്നെ ഒരാൾക്ക് വരാം.

എന്നാൽ തൃശ്ശൂർ കരുണാകര വിഭാഗത്തിന് ആയിരിക്കും. എല്ലാത്തരം അച്ചടക്കനടപടികളും പിൻവലിക്കും. എന്നാൽ ഷാനവാസിന്റെ കാര്യത്തിൽ വയലാർ രവി ന്യൂയോർക്കിൽ നിന്ന് മടങ്ങി വന്നതിനു ശേഷം ഒരു തീരുമാനത്തിലെത്താം എന്ന് നിശ്ചയിച്ചു. ഇതറിഞ്ഞതോടെ തിരുത്തൽ വാദി ഗ്രൂപ്പ് അതിശക്തമായി പൊട്ടിത്തെറിച്ചു. എന്ത് മണ്ണാങ്കട്ട ഐക്യമാണിത്... ഇതൊന്നും നടക്കാൻ പോകുന്നില്ല അട്ടഹസിച്ചു. ഷാനവാസും ഏറെ ക്ഷുഭിതനാണ്.

ചില പ്രമാണിമാരുടെ സ്ഥാനമാനങ്ങൾ നിലനിർത്താൻ വേണ്ടിയുള്ള ഒരു തട്ടിക്കൂട്ട് പരിപാടിയാണിത്. ഇതിനെ നഖശികാന്തം എതിർക്കും. ഉന്നയിച്ച ഒരു പ്രശ്നത്തിനും ന്യായമായ പരിഹാരം ഉണ്ടായിട്ടില്ല എന്ന് അഭിപ്രായക്കാരൻ ആയിരുന്നു വി.എം. സുധീരൻ. അദ്ദേഹവും ഈ കരാറിനെ തള്ളിപ്പറഞ്ഞു. തിരുത്തൽ വാദികളും സുധീരനും പറഞ്ഞതിൽ ചില വാസ്തവങ്ങൾ ഉണ്ട് എന്ന് എല്ലാവർക്കും അറിയാം. പക്ഷേ, അതേക്കുറിച്ച് തിരുത്തൽ വാദികളൊഴികെ മറ്റാരും പറയാനില്ല എന്നതാണ് വസ്തുത.

(തുടരും)

## 'ഛീ പൂ' !!! അൻവർ കാണിച്ചത് പിറപ്പ് പണിയെന്ന് എം.എം മണി

ഇടുക്കി: പി.വി അൻവറിനെതിരെ ആഞ്ഞടിച്ച് സി.പി.എം എം.എൽ.എ എം.എം മണി. അൻവർ കാണിച്ചത് പിറപ്പ്പണിയെന്ന് എം.എം മണി പറഞ്ഞു.

അൻവർ പോയാൽ 'ഛീ പൂ' എന്നും എം.എം മണി പറഞ്ഞു. അൻവർ പോയാൽ ഇടതുമുന്നണിക്ക് ഒന്നും സംഭവിക്കാനില്ല. തന്നെ പുറത്താക്കിയാലും തന്നെ കേൾക്കാൻ ആള് വരും.

പാർട്ടിക്ക് പി.ആർ ഇല്ല. താഴെ മുതൽ മുകളിൽ വരെ സിസ്റ്റമായി പ്രവർത്തിക്കുന്ന പാർട്ടിയാണ് സി.പി.എമ്മെന്നും എം.എം മണി പറഞ്ഞു.

ഇടതുപക്ഷ മുന്നണിയുടെ ഭാഗമായി ജയിച്ചിട്ട് പിന്നിൽ നിന്ന് കുത്തി. മാന്യതയുണ്ടെങ്കിൽ അൻവർ രാജി വയ്ക്കണമെന്നും എം.എം മണി ആവശ്യപ്പെട്ടു.

## കെ.എസ്.ഇ.ബി ജീവനക്കാർക്ക് ശമ്പളം മുടങ്ങി

തിരുവനന്തപുരം: കെ.എസ്.ഇ.ബി ജീവനക്കാർക്ക് ശമ്പളം മുടങ്ങി. മാസത്തിലെ ആദ്യ പ്രവൃത്തിദിനം ലഭിക്കുന്ന ശമ്പളമാണ് മുടങ്ങിയത്.

എസ്.ബി.ഐയുടെ സാങ്കേതിക തകരാറാണ് കാരണമെന്ന് ജീവനക്കാർ പറയുന്നു. എന്നാൽ, കെ.എസ്.ഇ.ബി ജീവനക്കാർക്കു ശമ്പളം മുടങ്ങിയതായി പരാതി ലഭിച്ചിട്ടില്ലെന്നാണ് എസ്.ബി.ഐ ഔദ്യോഗിക വക്താവിന്റെ പ്രതികരണം.




ഈമാസം ഒന്നിന് ലഭിക്കേണ്ട ശമ്പളം, ഭൂരിഭാഗം പേർക്കും മുടങ്ങിയപ്പോൾ ചിലർക്ക് ലഭിച്ചത് ഇരട്ടി തുക. മറ്റു ചിലർക്ക് അക്കൗണ്ടിൽ നിന്നു വലിയ തുക നഷ്ടമായെന്നും പരാതിയുണ്ട്.

സാമ്പത്തിക പ്രതിസന്ധിയുണ്ടെങ്കിലും ശമ്പളവും പെൻഷനും കൃത്യമായി നൽകാറുള്ള കെ.എസ്.ഇ.ബിയിൽ നിന്ന് ഒന്നാം തീയതി തന്നെ മുഴുവൻ ജീവനക്കാരുടെയും ശമ്പളത്തിനുള്ള ചെക്ക് എസ്.ബി.ഐക്കു കൈമാറിയെന്ന് ഫിനാൻസ് വിഭാഗം അധികൃതർ പറഞ്ഞു.

# ലോകോത്തര സൗകര്യങ്ങളുള്ള ബംഗളൂരുവിലെ സെന്റർ ഓഫ് എക്സലൻസ്



ഇന്ത്യൻ ക്രിക്കറ്റ് കൺട്രോൾ ബോർഡ് (ബിസിസിഐ) ബംഗളൂരുവിലെ പുതിയ ദേശീയ ക്രിക്കറ്റ് അക്കാദമി (എൻസിഎ) ഔദ്യോഗികമായി തുറന്നു. ബിസിസിഐ സെക്രട്ടറി ജയ് ഷാ വിഭാവനം ചെയ്ത ഈ അത്യാധുനിക സൗകര്യം, ഇന്ത്യയിലുട നീളമുള്ള സ്പോർട്സ് സയൻസിലെ മുന്നേറ്റങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും അടുത്ത തലമുറയിലെ ക്രിക്കറ്റ് പ്രതിഭകളെ വളർത്തിയെടുക്കാനും ലക്ഷ്യമിട്ടുള്ളതാണ്. ഈ ലോകോത്തര സൗകര്യത്തെ ബിസിസിഐ സെന്റർ ഓഫ് എക്സലൻസ് എന്നാണ് നാമകരണം ചെയ്തിരിക്കുന്നത്.

40 ഏക്കറിലായി വ്യാപിച്ചുകിടക്കുന്ന ഈ വിശാലമായ സൗകര്യം ഇന്ത്യയിൽ ക്രിക്കറ്റ് പ്രതിഭകളെ പരിപോഷിപ്പിക്കുന്നതിനും കായിക ശാസ്ത്രം വികസിപ്പിക്കുന്നതിനുമുള്ള പ്രഭവകേന്ദ്രമായി മാറുന്നതിനാണ് രൂപകൽപ്പന ചെയ്തിരിക്കുന്നത്.

സമഗ്രമായ പരിശീലന സൗകര്യങ്ങൾ പ്രദാനം ചെയ്യുന്നതിനുള്ള അതിന്റെ കഴിവ് എടുത്തുകാട്ടിക്കൊണ്ട് ഇൻഡോർ, ഔട്ട്ഡോർ ഏരിയകൾ ഉൾപ്പെടെ ആകെ മൂന്ന് ഗ്രൗണ്ടുകളും 86 പിച്ചുകളുമാണ് സെന്റർ ഓഫ് എക്സലൻസിന്റെ സവിശേഷത.

കേന്ദ്രത്തിന്റെ ഹൃദയഭാഗത്ത് മൂന്ന് ലോകോത്തര ക്രിക്കറ്റ് മൈതാനങ്ങളുണ്ട്. പ്രധാന ഗ്രൗണ്ടായ ഗ്രൗണ്ട് എയിൽ 85 യാർഡ് അതിർത്തിയുണ്ട്. വിപുലമായ ഫ്ളഡ്ലൈറ്റിംഗും അത്യാധുനിക പ്രക്ഷേപണ സൗകര്യങ്ങളും കൊണ്ട് സജ്ജീകരിച്ചിരിക്കുന്ന ഇതിന് ലൈറ്റുകൾക്ക് കീഴിൽ മത്സരങ്ങൾ ഹോസ്റ്റുചെയ്യാനും സംപ്രേക്ഷണം ചെയ്യാനും കഴിയും. ബി, സി ഗ്രൗണ്ടുകൾ യഥാക്രമം ഒഡീഷയിലെ കലഹണ്ടിയിൽ നിന്നുള്ള 11 മാണ്ഡ്യ മണ്ണ് പിച്ചുകളും 9 ബ്ലാക്ക് കോട്ടൺ മണ്ണ് പിച്ചുകളും ഉൾക്കൊള്ളുന്ന 75 യാർഡ് ബൗണ്ടറികളുള്ള സമർപ്പിത പരിശീലന ഗ്രൗണ്ടുകളായി വർത്തിക്കുന്നു.

കൂടാതെ നൂതനമായ ഒരു ഭൂഗർഭ ഡ്രെയിനേജ് സിസ്റ്റം മഴയ്ക്ക് ശേഷം വേഗത്തിൽ വീണ്ടെടുക്കൽ ഉറപ്പാക്കുന്നു. അതുകൊണ്ടുതന്നെ മറ്റ് തടസങ്ങൾ കുറയ്ക്കുകയും സ്ഥിരമായ കളി ഷെഡ്യൂൾ നിലനിർത്താൻ സഹായിക്കുകയും ചെയ്യുന്നു. ഇംഗ്ലീഷ് കൗണ്ടി ഗ്രൗണ്ടുകളെ അനുസ്മരിപ്പിക്കുന്ന വൈറ്റ് പിക്കറ്റ് ഫെൻസിംഗും പച്ചപ്പ് നിറഞ്ഞ ഇരിപ്പിടങ്ങളും ഉപയോഗിച്ചാണ് ഗ്രൗണ്ട് രൂപകൽപ്പന ചെയ്തിരിക്കുന്നത്.

### സമഗ്ര പരിശീലനത്തിനുള്ള സംവിധാനങ്ങൾ അറിയാം

മുംബൈ ചുവന്ന മണ്ണ്, മാണ്ഡ്യ മണ്ണ്, കാളഹണ്ടി കറുത്ത പരുത്തി മണ്ണ്, കോൺക്രീറ്റ് പിച്ചുകൾ എന്നിവയുൾപ്പെടെ ഒൻപത് ക്ലസ്റ്ററുകളായി ക്രമീകരിച്ചിരിക്കുന്ന ഗ്രൗണ്ടിനൊപ്പം പരിശീലനത്തിനായി ശ്രദ്ധേയമായ 45 ഔട്ട്ഡോർ നെറ്റ് പിച്ചുകളും കേന്ദ്രം വാഗ്ദാനം ചെയ്യുന്നു. ഇവയെല്ലാം യുകെയിൽ നിന്നുള്ള സുരക്ഷാ വലകളാൽ വേർതിരിച്ചിരിക്കുന്നു. കൂടാതെ നെറ്റിനോട് ചേർന്ന് ഒരു ഫീൽഡിംഗ് പരിശീലന ഏരിയയും പ്രകൃതിദത്ത പുല്ലും മോണ്ടോ സിന്തറ്റിക് പ്രതലവുമുള്ള ആറ് ഔട്ട്ഡോർ റണ്ണിംഗ് ട്രാക്കുകളും ഉണ്ട്.

ലോകോത്തര ഇൻഡോർ പരിശീലന സൗകര്യം യുകെയിൽ നിന്നും ഓസ്ട്രേലിയയിൽ നിന്നുമുള്ള പ്രീമിയം ടർഫുകളുള്ള എട്ട് പിച്ചുകളും 80 മീറ്റർ കോമൺ റൺഅപ്പ് ഏരിയയും ഉൾക്കൊള്ളുന്നു. വലിയ, ശക്തിയേറിയ ഗ്ലാസ് പാനലുകൾ സ്വാഭാവിക വെളിച്ചം അനുവദിക്കുന്നു. സംയോജിത ക്യാമറകൾ വിശകലന ആവശ്യങ്ങൾക്കായി പ്ലേ ക്യാപ്ചർ ചെയ്യുന്നതിനാൽ, അത്ലറ്റുകൾക്ക് കാലാവസ്ഥയോ സമയമോ പരിഗണിക്കാതെ പരിശീലനം നൽകാമെന്ന് ഉറപ്പാക്കുന്നു.

### അത്യാധുനിക സൗകര്യങ്ങൾ

സൗത്ത് പവലിയൻ, 45,000 ചതുരശ്ര അടിയിൽ വ്യാപിച്ചുകിടക്കുന്ന G+2 ഘടനയിൽ, ഏതാണ്ട് 3,000 ചതുരശ്ര അടി വിസ്തീർണമുള്ള ഏറ്റവും വലിയ ഡ്രസ്സിംഗ് റൂമുകളിലൊന്ന് ഉൾപ്പെടുന്നു. അതിൽ ജാക്കൂസി, ലോഞ്ച്, മസാജ് റൂം, കിറ്റ് റൂം, വിശ്രമമുറികൾ എന്നിവ ഉൾപ്പെടുന്നു. ഇന്ത്യയുടെ ക്രിക്കറ്റ് പൈതൃകം പ്രദർശിപ്പിക്കുന്ന ശ്രദ്ധാപൂർവം ക്യൂറേറ്റ് ചെയ്ത ഒരു ഹാൾ ഓഫ് ഫെയിം ഇതിലുണ്ടാകും.

അത്യാധുനിക പ്രക്ഷേപണ സൗകര്യങ്ങളുള്ള കമന്റേറ്റർ, മാച്ച് റഫറി റൂമുകൾ, വിശാലമായ പ്രസ് കോൺഫറൻസ് ഏരിയ, വിഐപി ലോഞ്ച്, ഡൈനിംഗ് ഏരിയ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസുകൾ എന്നിവ അധിക സവിശേഷതകളിൽ ഉൾപ്പെടുന്നു. 15,000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള G+1 കെട്ടിടമായ ഡൈനിംഗ് ആൻഡ് ഡോർമിറ്ററി ബ്ലോക്ക്, ഭാവിയിലെ വിപുലീകരണത്തിനുള്ള വ്യവസ്ഥകളോടെ പുരുഷസ്ത്രീ ഡോർമിറ്ററികൾ ഉൾപ്പെടെ ജീവനക്കാർക്ക് ഭക്ഷണവും താമസവും വാഗ്ദാനം ചെയ്യുന്നു.

### ഹൈടെക് സ്പോർട്സ് സയൻസ് ആന്റ് മെഡിസിൻ ബ്ലോക്ക്

സ്പോർട്സ് സയൻസ് ആന്റ് മെഡിസിൻ (എസ്എസ്എം) ബ്ലോക്ക് 16,000 ചതുരശ്ര അടി വിസ്തീർണമുള്ള മികച്ച ഇൻക്ലാസ് ഉപകരണങ്ങളുമായി സജ്ജീകരിച്ചിരിക്കുന്നു. ഇതിൽ നാല് അത്ലറ്റിക് ട്രാക്കുകളും ഉയർന്ന നിലവാരമുള്ള മോണ്ടോ റബ്ബർ ഫ്ളോറിംഗും ഉൾപ്പെടുന്നു. ഫിസിയോതെറാപ്പി റീഹാബ് ജിം, സ്പോർട്സ് സയൻസ് ആൻഡ് മെഡിസിൻ ലാബ്, അത്യാധുനിക സാങ്കേതിക വിദ്യയുള്ള റിക്കവറി ഏരിയ, ജക്കൂസി, നീരാവിക്കുളം, സ്റ്റീം ബാത്ത്, അണ്ടർവാട്ടർ പൂൾ സ്പാ, കോൾഡ് ഷവർ ഏരിയ എന്നിവയും ബ്ലോക്കിലുണ്ട്.

കൂടാതെ 80 പേർക്ക് ഇരിക്കാവുന്ന മീറ്റിംഗ് റൂം, കോച്ചുകളുടെ ഏരിയ, 25x12 മീറ്റർ നീന്തൽക്കുളം എന്നിവയും ഈ സൗകര്യത്തിന്റെ ഭാഗമാണ്. ഓഡിയോവിഷ്വൽ, പ്രൊജക്ടർ സൗകര്യങ്ങൾ പരിശീലന സെഷനുകൾ, അവതരണങ്ങൾ, ഫിറ്റ്നസ് ക്ലാസുകൾ എന്നിവയും ലഭ്യമാക്കും.

### ക്രിക്കറ്റിനപ്പുറം പ്രതിബദ്ധത

ഈ സൗകര്യം ക്രിക്കറ്റിന് മാത്രമല്ല, കായിക ശാസ്ത്രത്തിന്റെ പുരോഗതിക്കും വിവിധ വിഭാഗങ്ങളിലെ കായികതാരങ്ങളെ പിന്തുണയ്ക്കുന്നതിനും വേണ്ടി സമർപ്പിച്ചിരിക്കുന്നു. അത്യാധുനിക സ്പോർട്സ് സയൻസ് ആന്റ് മെഡിസിൻ സൗകര്യം മുൻനിര ഇന്ത്യൻ ഒളിമ്പ്യൻമാർക്കായി തുറന്നിടും, ഇത് ഇന്ത്യൻ കായിക ഇക്കോസിസ്റ്റത്തിന്റെ മൊത്തത്തിലുള്ള വളർച്ചയ്ക്ക് സംഭാവന നൽകും.

### ഇന്ത്യൻ കായിക രംഗത്ത് ഒരു പുതിയ യുഗം

ഇന്ത്യയിലെ കായിക പരിശീലനത്തിലും വികസനത്തിലും വിപ്ലവം സൃഷ്ടിക്കാൻ ബിസിസിഐ സെന്റർ ഓഫ് എക്സലൻസ് ഒരുങ്ങുന്നു. ലോകോത്തര സൗകര്യങ്ങളോടും മികവിനോടുള്ള പ്രതിബദ്ധതയോടും കൂടി, അടുത്ത തലമുറയിലെ കായിക താരങ്ങളെ വളർത്തുന്നതിനും ആഗോള കായിക രംഗത്ത് രാജ്യത്തിന്റെ പദവി ഉയർത്തുന്നതിനുമുള്ള ബിസിസിഐയുടെ സമർപ്പണമാണ് പുതിയ പരിശാലന കേന്ദ്രം.

## ശരദ് പവാർ വീണ്ടും കോടതിയിൽ; ക്ലോക്ക് ചിഹ്നം ഉപയോഗിക്കാൻ അജിത്തിനെ അനുവദിക്കരുത്

മുംബൈ: വരാനിരിക്കുന്ന മഹാരാഷ്ട്ര നിയമസഭാ തിരഞ്ഞെടുപ്പിൽ അജിത് പവാർ വിഭാഗം, നാഷണലിസ്റ്റ് കോൺഗ്രസ് പാർട്ടിയുടെ (എൻസിപി) ചിഹ്നമായ 'ക്ലോക്ക്' ചിഹ്നം ഉപയോഗിക്കുന്നത് തടയണമെന്ന് ആവശ്യപ്പെട്ട് ശരദ് പവാർ സുപ്രീം കോടതിയിൽ പുതിയ ഹർജി സമർപ്പിച്ചു.

വോട്ടർമാർക്കിടയിൽ ആശയക്കുഴപ്പം ഒഴിവാക്കാൻ അജിത് പവാർ പുതിയ തിരഞ്ഞെടുപ്പ് ചിഹ്നത്തിനായി അപേക്ഷിക്കണമെന്ന് ശരദ് പവാർ തന്റെ ഹർജിയിൽ വാദിക്കുന്നു.

പാർട്ടിയിലെ ഭിന്നിപ്പിന് ശേഷം ഇന്ത്യൻ തിരഞ്ഞെടുപ്പ് കമ്മീഷനാണ് ക്ലോക്ക് ചിഹ്നം അജിത് പവാർ വിഭാഗത്തിന് അനുവദിച്ചത്. ഔദ്യോഗിക എൻസിപിയായി അംഗീകരിക്കപ്പെട്ടതും അജിത് വിഭാഗമാണ്. കുഴൽ വിളിക്കുന്ന മനുഷ്യന്റെ ചിഹ്നമാണ് ശരദ് പവാർ വിഭാഗത്തിന് ലഭിച്ചത്.

25 വർഷമായി ക്ലോക്ക് ചിഹ്നം തന്റെ പാർട്ടിയുടെ അവിഭാജ്യ ഘടകമാണെന്നും അജിത്ത് ഇത് ഉപയോഗിക്കുന്നത് ആളുകൾ തെറ്റിദ്ധരിക്കാൻ ഇടയാവുമെന്നും ശരദ് പവാർ ഹർജിയിൽ ആരോപിക്കുന്നു.

അടുത്തിടെ നടന്ന പാർലമെന്റ് തെരഞ്ഞെടുപ്പിൽ വോട്ടർമാർക്ക് ആശയക്കുഴപ്പം ഉണ്ടായതായി കണ്ടെന്നും ഹർജിയിൽ പരാമർശിക്കുന്നു.

ഒക്ടോബർ 15ന് സുപ്രീം കോടതി കേസ് പരിഗണിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## തമിഴ്നാട്ടിൽ ആർ.എസ്.എസ് റൂട്ട് മാർച്ച് നടത്താം; മദ്രാസ് ഹൈക്കോടതി

ചെന്നൈ: വിജയദശമി ദിനത്തിൽ തമിഴ്നാട്ടിലെ വിവിധ ഇടങ്ങളിൽ ആർ.എസ്.എസ് റൂട്ട് മാർച്ച് നടത്തുന്നതിന് അനുമതി നൽകാൻ മദ്രാസ് ഹൈക്കോടതിയുടെ ഉത്തരവ്.

പുതിയ നിബന്ധനകൾ വെക്കാതെ ജനുവരിയിൽ കോടതി പുറപ്പെടുവിച്ച ഉത്തരവിലെ മാർഗനിർദേശങ്ങൾ അനുസരിച്ച് അനുമതി നൽകാനാണ് കോടതി നിർദേശം.

മറ്റ് മതങ്ങളുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളും കെട്ടിടങ്ങളും ഉണ്ടെന്ന കാരണത്താൽ റൂട്ട് മാർച്ചിന് അനുമതി നിഷേധിക്കാൻ പാടില്ലെന്ന് കോടതി വ്യക്തമാക്കി. വിജയദശമി ദിനത്തിൽ വൈകിട്ട് സംസ്ഥാനത്ത് 58 ഇടങ്ങളിൽ റൂട്ട് മാർച്ചും സമ്മേളനവും നടത്താനാണ് ആർ.എസ്.എസ് ഒരുങ്ങുന്നത്.

എന്നാൽ പലയിടത്തും പൊലീസ് അനുമതി നൽകുന്നില്ലെന്ന് ചൂണ്ടിക്കാട്ടി വിവിധ ജില്ലകളിലെ ആർ.എസ്.എസ് നേതാക്കൾ ഹർജി സമർപ്പിക്കുകയായിരുന്നു.

എല്ലാ ഹർജികളും കോടതി ഒരുമിച്ച് പരിഗണിക്കുകയും അനാവശ്യമായ നിബന്ധനകൾകാട്ടി മാർച്ചിന് അനുമതി നിഷേധിക്കരുതെന്ന് പൊലീസിന് നിർദേശം നൽകുകയുമായിരുന്നു.






# രാജ്യസുരക്ഷ ശക്തമാക്കാൻ ചൈനീസ് ഉപകരണങ്ങൾക്ക് കടുത്ത നിയന്ത്രണം

ന്യൂഡൽഹി: രാജ്യസുരക്ഷയും സൈബർ സെക്യൂരിറ്റിയും ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ചൈനയിൽ നിന്ന് ഇറക്കുമതി ചെയ്യുന്ന സിസി ടി.വി അടക്കം ഉപകരണങ്ങൾക്ക് കടുത്ത നിയന്ത്രണമേർപ്പെടുത്താൻ കേന്ദ്ര സർക്കാർ. ലെബനനിലെ പേജർ സ്ഫോടനപരമ്പരയുടെ പശ്ചാത്തലത്തിലാണിത്.



ചൈനീസ് നിർമ്മിത സിസി ടി.വി ക്യാമറകൾ കേന്ദ്രസർക്കാർ നിർദ്ദേശിക്കുന്ന പ്രത്യേക ലാബുകളിൽ സുരക്ഷാ പരിശോധന നടത്തി സർട്ടിഫിക്കേഷൻ നേടണം. ഇത് നിയമപ്രകാരം നിർബന്ധമാക്കി. ഇത്തരം ക്യാമറകളിലെ സുരക്ഷാ ചട്ടക്കൂടിൽ സംശയമുയർന്നിരുന്നു. ഇതിനകത്തെ മുഖ്യഘടകങ്ങൾ ഇനി സർക്കാർ നിയോഗിക്കുന്ന ഏജൻസികൾ പരിശോധിച്ച് അംഗീകരിച്ചാൽ മാത്രമേ ജനങ്ങളിലേക്ക് എത്തുകയുള്ളൂ.

രാജ്യസുരക്ഷയിൽ വീഴ്ചയുണ്ടാകാതിരിക്കാൻ ഈ നടപടി അനിവാര്യമാണെന്നാണ് കേന്ദ്ര നിലപാട്. ഒക്ടോബർ എട്ടോടെ ഇതു സംബന്ധിച്ച സർക്കാർ നയം പ്രാബല്യത്തിൽ വരുമെന്നാണ് സൂചന.

**പരിശോധന ഇവയ്ക്ക്**

1. സിസി ടി.വി
2. വെള്ളത്തിന്റെയും വൈദ്യുതിയുടെയും ഉപയോഗം അളക്കുന്ന സ്മാർട്ട് മീറ്റർ
3. പാർക്കിംഗ് സെൻസറുകൾ
4. ഡ്രോണുകളുടെ ഭാഗങ്ങൾ, ലാപ്ടോപ്, ഡെസ്ക്ടോപ് കമ്പ്യൂട്ടർ

**ഇന്ത്യൻ ഉപകരണങ്ങൾക്ക് പ്രിയമേറും**

ചൈനീസ് ഉത്പന്നങ്ങൾക്ക് കടുത്ത നിയന്ത്രണം വരുന്നതോടെ, അവിടെ നിന്നുള്ള ഇറക്കുമതി കുറയും. ഇത് സിസി ടി.വി ക്യാമറകൾ അടക്കം നിർമ്മിക്കുന്ന ഇന്ത്യൻ കമ്പനികൾക്ക് ഗുണകരമാകുമെന്നാണ് വിലയിരുത്തൽ. സി.പി.പ്ലസ്, ഹിക്‌വിഷൻ, ദഹുവ കൺട്രോൾ എന്നീ കമ്പനികളുടെ സിസി ടി.വി ക്യാമറകളാണ് ഇന്ത്യൻ വിപണിയിൽ 60 ശതമാനത്തിലധികം വിറ്റുപോകുന്നത്.

ഇതിൽ സി.പി.പ്ലസ് ഇന്ത്യൻ കമ്പനിയായതിനാൽ പ്രശ്നം നേരിടില്ല. മറ്റു രണ്ടു കമ്പനികളും ചൈനീസാണ്. ഇവരുടെ സാന്നിദ്ധ്യം കുറയുതോടെ ഈ മേഖലയിലെ മറ്റു ഇന്ത്യൻ കമ്പനികൾക്ക് പ്രയോജനം ലഭിച്ചേക്കും. നേരത്തെ യു.എസും ഇതേ ചൈനീസ് കമ്പനികളുടെ ഉപകരണങ്ങൾ സുരക്ഷയുടെ പേരിൽ വിലക്കിയിരുന്നു.

**സഹകരിക്കാൻ തയ്യാറെന്ന് ചൈന**

ഉഭയകക്ഷി ബന്ധം മെച്ചപ്പെടുത്താൻ ഇന്ത്യയുമായി സഹകരിക്കാൻ തയ്യാറെന്ന് ഇന്ത്യയിലെ ചൈനീസ് അംബാസിഡർ ഷൂ ഫിയെഹോംഗ്. പീപ്പിൾസ് റിപ്പബ്ലിക് ഓഫ് ചൈന നിലവിൽ വന്നതിന്റെ 75ാം വാർഷികം ഒക്ടോബർ ഒന്നിനായിരുന്നു. ഇതോടനുബന്ധിച്ച് രാഷ്ട്രപതി ദ്രൗപദി മുർമു, ചൈനീസ് പ്രസിഡന്റ് ഷീ ജിൻ പിംഗിന് അയച്ച ആശംസാ സന്ദേശത്തോടാണ് ഇന്ത്യയിലെ ചൈനീസ് അംബാസിഡർ പ്രതികരിച്ചത്.

പരസ്പര ബഹുമാനം, വിശ്വാസം, സഹകരണം എന്നിവയുമായി ബന്ധപ്പെട്ട തത്വങ്ങളുടെ അടിസ്ഥാനത്തിൽ ആരോഗ്യകരവും സുസ്ഥിരവുമായ രീതിയിൽ നയതന്ത്ര ചർച്ചകൾക്ക് സന്നദ്ധമാണെന്ന് അദ്ദേഹം അറിയിച്ചു. ഇന്ത്യ പാക് അതിർത്തിയിലെ സൈനിക വിന്യാസത്തിൽ പോംവഴി കാണാത്തിടത്തോളം ഇരുരാജ്യങ്ങളുമായുള്ള സംഘർഷാവസ്ഥ തുടരുമെന്ന് അടുത്തിടെ വിദേശകാര്യമന്ത്രി എസ്. ജയശങ്കർ പറഞ്ഞിരുന്നു.



# ഗാന്ധി ജയന്തി ദിനത്തിൽ 10,000 കോടിയുടെ പദ്ധതികൾക്ക് തുടക്കമിട്ട് മോദി

ന്യൂഡൽഹി: ഗാന്ധി ജയന്തിദിനമായിരുന്ന ഇന്നലെ കേന്ദ്രസർക്കാരിന്റെ 'സ്വച്ഛ് ഭാരത് മിഷന്' പത്ത് വർഷം തികഞ്ഞു. ഇതിന്റെ ഭാഗമായി 10,000 കോടിയുടെ പദ്ധതികൾക്ക് പ്രധാനമന്ത്രി നരേന്ദ്രമോദി തുടക്കമിട്ടു. സ്വച്ഛ് ഭാരത്, അമൃത് 2.0 മിഷനുകളുടെ ഭാഗമായി രാജ്യമൊട്ടാകെ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ അടക്കം നിർമ്മിക്കുകയാണ് ലക്ഷ്യം. 2014 ഒക്ടോബർ രണ്ടിനാണ് സ്വച്ഛ് ഭാരത് മിഷൻ ആരംഭിച്ചത്.

പദ്ധതി സമൃദ്ധിയുടെ പുതിയ പാതയായി മാറുകയാണെന്ന് ഇന്നലെ ഡൽഹിയിൽ സംഘടിപ്പിച്ച പരിപാടിയിൽ മോദി പറഞ്ഞു. 21-ാം നൂറ്റാണ്ടിലെ ഏറ്റവും വലിയ ജനകീയ പ്രസ്ഥാനത്തെ ജനം വിജയത്തിലെത്തിച്ചു. പൊതുജനാരോഗ്യത്തിൽ മികച്ച മാറ്റങ്ങളുണ്ടാക്കി. 1000 വർഷം കഴിഞ്ഞാലും പദ്ധതിയെ കുറിച്ച് ജനം ഓർമ്മിക്കും. അടിസ്ഥാന ശുചീകരണ പ്രവർത്തനങ്ങൾ പോലും മുൻസർക്കാരുകൾ നടത്തിയില്ലെന്നും മോദി കുറ്റപ്പെടുത്തി.

ജനസംഖ്യയിലെ 60 ശതമാനത്തിന് തുറസായ സ്ഥലങ്ങളിൽ മലമൂത്ര വിസർജനം നടത്തേണ്ട അവസ്ഥയായിരുന്നു. സ്ത്രീകൾ ഏറെ ബുദ്ധിമുട്ടുകൾ അനുഭവിച്ചു. ദളിതരെയും പിന്നാക്ക ഗോത്രവർഗ വിഭാഗങ്ങളെയും അപമാനിക്കുന്ന സാഹചര്യമായിരുന്നു. ടോയ്‌ലെറ്റുകളുടെ നിർമ്മാണം അടക്കം ഈ സാഹചര്യത്തിന് മാറ്റമുണ്ടാക്കിയെന്ന് മോദി പറഞ്ഞു.

മൈക്രോസോഫ്റ്റ് സ്ഥാപകൻ ബിൽ ഗേറ്റ്സ്, ആത്മീയനേതാവ് ശ്രീ ശ്രീ രവിശങ്കർ, വ്യവസായി രത്തൻ ടാറ്റ, വേൾഡ് ബാങ്ക് പ്രസിഡന്റ് അജയ് ബാങ്ക, ലോകാരോഗ്യ സംഘടന ഡയറക്ടർ ജനറൽ ഡോ. ടെഡ്രോസ് അദാനോം ഗെബ്രേയേസിസ് എന്നിവർ പദ്ധതിയെ പ്രകീർത്തിച്ചു.

# അമ്മയെ കൊന്ന് പാകം ചെയ്ത യുവാവിന് വധശിക്ഷ

മുംബയ്: അമ്മയെ ക്രൂരമായി കൊന്ന് ശരീരഭാഗങ്ങൾ പാചകം ചെയ്ത് ഭക്ഷിച്ച കേസിൽ യുവാവിന് വിധിച്ച വധശിക്ഷ ശരിവച്ച് ബോംബെ ഹൈക്കോടതി. 2021 ജൂലായിൽ കോലാപൂർ സെഷൻസ് കോടതി വിധിച്ച വധശിക്ഷ ജസ്റ്റിസുമാരായ രേവതി മൊഹിതേഡെരെ, പൃഥ്വിരാജ് ചവാൻ എന്നിവരടങ്ങിയ ബെഞ്ച് ശരിവച്ചു. സമൂഹ മനഃസാക്ഷിയെ പിടിച്ചുകുലുക്കിയ നരഭോജന കേസാണിതെന്നും ക്രൂരവും പ്രാകൃതവുമായ കുറ്റകൃത്യത്തിന് പ്രതിക്ക് വധശിക്ഷ തന്നെ നൽകണമെന്നും ജസ്റ്റിസുമാരായ രേവതിമൊഹിതേദേരെ,പൃഥ്വിരാജ് ചവാൻ എന്നിവരടങ്ങിയ ഡിവിഷൻ ബെഞ്ച് വ്യക്തമാക്കി. പ്രതി സുനിൽ കുച്ച്കൊരവി(42)25,000 രൂപ പിഴയുമൊടുക്കണമെന്ന് കോടതി നിരീക്ഷിച്ചു. പന്നിയുടെയും പൂച്ചയുടെയും മാംസം അയാൾ ശീലമാക്കിയിരുന്നതിനാൽ മാംസം ഭക്ഷിക്കുന്നതിനായി സമാനമായ രീതിയിൽ അമ്മയെയും കൊന്നിട്ടുണ്ടാകാം.

അപൂർവങ്ങളിൽ അപൂർവമായ കേസാണ്. നരഭോജന കേസാണ്.ക്രൂരവും പ്രാകൃതവും ഭയാനകവുമാണ്.

കൊലപ്പെടുത്തുക മാത്രമല്ല, അവരുടെ തലച്ചോറ്, ഹൃദയം, കരൾ, വൃക്ക, കുടൽ എന്നിവ നീക്കം ചെയ്യുകയും പാകംചെയ്യുകയുംചെയ്തു. കുറ്റവാളിയുടെ മനപരിവർത്തനം സാധ്യമല്ല. ജീവപര്യന്തം തടവ് ലഭിച്ചാൽ, അയാൾ ജയിലിലും സമാനമായ കുറ്റകൃത്യം ചെയ്തേക്കാം. കുറ്റക്കാരനോട് ദയ കാണിക്കാനാവില്ല. അമ്മയുടെ ജനനേന്ദ്രിയം പോലും കീറിമുറിച്ചയാളാണ് പ്രതി. ആ അമ്മ അനുഭവിക്കേണ്ടി വന്ന പീഡനവും വേദനയും സങ്കൽപിക്കാൻ പോലും കഴിയുന്നതല്ലെന്നും കോടതി നിരീക്ഷിച്ചു.

# ഡോ. ആർതി സരിൻ സായുധസേനാ മെഡിക്കൽ സർവീസസ് ഡയറക്ടർ ജനറൽ

ന്യൂഡൽഹി : സായുധസേനാ മെഡിക്കൽ സർവീസസ് ഡയറക്ടർ ജനറലായി സർജൻ വൈസ് അഡ്മിറൽ ഡോ. ആർതി സരിൻ ചുമതലയേറ്റു. ആദ്യമായാണ് ഒരു വനിത ഈ പദവിയിലെത്തുന്നത്. സായുധസേനയിലെ മെഡിക്കൽ നയവുമായിബന്ധപ്പെട്ടകാര്യങ്ങൾ നടപ്പാക്കാനുള്ള ഉത്തരവാദിത്വം മെഡിക്കൽ സർവീസസ് ഡയറക്ടർജനറലിനാണ്.നാവിക വ്യോമസേനാ സേനകളി



ലെ മെഡിക്കൽ സർവീസ് ഡയറക്ടർ ജനറൽ, ആംഡ് ഫോഴ്സസ് മെഡിക്കൽ കോളേജ് ഡയറക്ടർ എന്നീ പദവികളിൽ പ്രവർത്തിച്ചിട്ടുണ്ട്. 1985 ലാണ് ആർതി സരിൻ സായുധസേനാ മെഡിക്കൽ സർവീസിൽ ജോയിൻ ചെയ്തത്. അതിവിശിഷ്ട സേവാ മെഡൽ, വിശിഷ്ട സേവാ മെഡൽ എന്നിവ നൽകി ആദരിച്ചിട്ടുണ്ട്. കൊൽക്കത്തയിൽ ജൂനിയർ ഡോക്ടർ ബലാത്സംഗത്തിനിരയായി കൊല്ലപ്പെട്ട സംഭവത്തിന്റെ പശ്ചാത്തലത്തിൽ സുപ്രീംകോടതി മെഡിക്കൽ പ്രൊഫഷണലുകളുടെ സുരക്ഷ ഉറപ്പാക്കാൻ ദേശീയ ദൗത്യസേന രൂപീകരിച്ചിരുന്നു. ഇതിന്റെ അദ്ധ്യക്ഷയായി ഡോ. ആർതി സരിനെയാണ് കോടതി തിരഞ്ഞെടുത്തത്.







സോഷ്യൽമീഡിയ വാചകം

# വേർപിരിയലിന്റെ വക്കിലും പരസ്യ വാക്കുതർക്കവുമായി ജെന്നിഫറും ബെന്നും



ഹോളിവുഡിലെ വേർപിരിഞ്ഞ ദമ്പതികളായ ജെന്നിഫർ ലോപ്പസും ബെൻ അഫ്‌ലെക്കും വിവാഹമോചനത്തിന്റെ അന്തിമ പോരാട്ടത്തിലാണ്. അതിനിടയിൽ ഇരുവരും പരസ്യമായി വാക്കുതർക്കത്തിൽ ഏർപ്പെട്ടെന്നാണ് പുറത്തുവരുന്ന റിപ്പോർട്ട്. ഇരുവരും വിവാഹമോചനത്തിന്റെ നടുവിലാണ്. ഇപ്പോൾ ഇരവരുടേയും പ്രശ്നം പൊതുജനശ്രദ്ധ ക്ഷണിച്ചുവരുത്തിയിരിക്കുകയാണ്.സമീപകാല റിപ്പോർട്ടുകൾ പ്രകാരം, മുമ്പ് ബെന്നിഫർ എന്നറിയപ്പെട്ടിരുന്ന ഡ്യൂപ്പ് ബെവർലി ഹിൽസിൽ നടന്ന ചൂടേറിയ തർക്കത്തിൽ എല്ലാവരുടെയും ശ്രദ്ധ പിടിച്ചുപറ്റുകയുണ്ടായി. ജെന്നിഫർ ലോപ്പസും ബെൻ അഫ്‌ലെക്കും പൊതുസ്ഥലത്ത് വാക്ക് തർക്കത്തിൽ ഏർപ്പെട്ടെന്ന് മാർക്കയിൽ പ്രസിദ്ധീകരിച്ച ഒരു റിപ്പോർട്ട് വ്യക്തമാക്കുന്നു.റിപ്പോർ്ട്ട് അനുസരിച്ച്, അഫ്‌ലെക്റ്റും ലോപ്പസും പൊതുസ്ഥലത്ത് വാക്ക് തർക്കത്തിൽ ഏർപ്പെടുന്നതായി കണ്ടു. അവരുടെ കുട്ടികളുമായി പുറത്തുപോയ സമയത്ത് ഉച്ചത്തിൽ പരസ്യമായ ഇരുവരും തർക്കത്തിൽ ഏർപ്പെടുന്നത് കണ്ടുവെന്നാണ് റിപ്പോർട്ട്. ബെന്നിന്റെ മകൻ സാമുവലും ജെന്നിഫറിന്റെ ഇരട്ടകളായ മാക്സും എമ്മും ഇവർക്കൊപ്പം ഉണ്ടായിരുന്നു.പിരിമുറുക്കത്തിനിടയിൽ, ബെൻ സമീപത്ത് നിൽക്കുമ്പോൾ ലോപ്പസ് കണ്ണുനീർ തുടയ്ക്കുന്നത് കണ്ടുവെന്നും ജെന്നിഫർ ഒരുപാട് വേദനിക്കുന്നതായും റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. കുട്ടികൾ പിരിമുറുക്കത്തിന് സാക്ഷ്യം വഹിക്കാൻ ജെന്നിഫർ ആഗ്രഹിക്കുന്നില്ലെങ്കിലും, സാഹചര്യം അവളെ അതിൽ മോചിതയാക്കുന്നില്ലെന്ന് വ്യക്തമാണ്. ജെന്നിഫർ ലോപ്പസിന്റെയും ബെൻ അഫ്‌ലെക്കിന്റെയും സങ്കീർണ്ണമായ വിവാഹമോചനത്തെക്കുറിച്ച് പറയുമ്പോൾ, അവർ ഇരുവരും ആദ്യം കാര്യങ്ങൾ നല്ല രീതിയിൽ അവസാനിപ്പിക്കാൻ തീരുമാനിച്ചിരുന്നു. എന്നാൽ അവരുടെ വേർപിരിയൽ കൂടുതൽ സങ്കീർണ്ണമായതിനാൽ പ്രതിസന്ധികൾ കൂടുതൽ രൂക്ഷമാകുകയാണ്. തങ്ങളുടെ രണ്ടാം വിവാഹവാർഷികത്തോടനുബന്ധിച്ചാണ് ജെന്നിഫർ ഔദ്യോഗികമായി വിവാഹമോചനത്തിന് അപേക്ഷ നൽകിയത്.

## ബാലകൃഷ്ണയ്ക്കെതിരെ ജൂനിയർ എൻടിആർ ആരാധകർ രംഗത്ത്



തെലുങ്ക് സിനിമാ സൂപ്പർ താരമാണ് നന്ദമൂരി ബാലകൃഷ്ണ എന്ന ബാലയ്യ. ആരാധകരുടെ പ്രിയ താരമാണെങ്കിലും പൊതുവേദികളിൽ അപമര്യാദയോടെ പെരുമാറുന്നതും സംസാരിക്കുന്നതും ബാലകൃഷ്ണയുടെ പതിവ് രീതിയാണ്. എന്തൊക്കെ പ്രശ്നങ്ങൾ ഉണ്ടായാലും താരത്തെ നിയന്ത്രിക്കാൻ തെലുങ്ക് സിനിമാ ലോകത്ത് മിക്കവരും മുതിരില്ല. രാഷ്ട്രീയത്തിലും സിനിമാ രംഗത്തും വലിയ സ്വാധീനം ബാലകൃഷ്ണയ്ക്കുണ്ട്. ഇപ്പോഴിതാ സ്വന്തം കുടുംബാംഗമായ ജൂനിയർ എൻടി ആറിനെ തള്ളിപ്പറഞ്ഞിരിക്കുകയാണ് ബാലകൃഷ്ണ. ഐഫ അവാർഡ് വേദിയിലാണ് ജൂനിയർ എൻടി ആറിനെ അവഗണിച്ച് ബാലകൃഷ്ണ സംസാരിച്ചത്. തന്റെ താര കുടുംബത്തിലെ അടുത്ത തലമുറയെക്കുറിച്ച് സംസാരിക്കുകയായിരുന്നു നടൻ. പിന്മുറക്കാരായി എന്റെ മകനും കൊച്ചുമകനുമുണ്ട്. പിന്നെ ആരാണുള്ളത് എന്നാണ് ബാലകൃഷ്ണ ചോദിച്ചത്. ബാലകൃഷ്ണയുടെ സഹോദരൻ നന്ദമൂരി ഹരികൃഷ്ണയുടെ മകനാണ് ജൂനിയർ എൻടിആർ. മുത്തച്ഛൻ എൻടി രാമറാവുവിന്റെ യഥാർത്ഥ പിന്മുറക്കാരനെന്ന് ആരാധകർ വാഴ്ത്തുന്ന താരം. എന്നാൽ ബാലകൃഷ്ണ നടനെ മനപ്പൂർവം അവഗണിച്ചെന്ന് ആരാധകർ പറയുന്നു. സോഷ്യൽ മീഡിയയിൽ കടുത്ത വിമർശനം ബാലകൃഷ്ണയ്ക്ക് നേരെ വരുന്നുണ്ട്. ബാലകൃഷ്ണ ജൂനിയർ എൻടിആറിന്റെ പേര് ഒഴിവാക്കിയതിന് പിന്നിൽ മറ്റ് ചില കാരണങ്ങളുണ്ടെന്നും വാദമുണ്ട്. ജൂനിയർ എൻടി ആറിനെ അംഗീകരിക്കാൻ ബാലകൃഷ്ണയും കുടുംബവും എപ്പോഴും മടിച്ചിട്ടുണ്ട്. നന്ദമൂരി ഹരികൃഷ്ണയ്ക്ക് തന്റെ രണ്ടാം ഭാര്യ ശാലിനി നന്ദമൂരിയിൽ ജനിച്ച മകനാണ് നന്ദമൂരി താരക രാമ റാവു എന്ന ജൂനിയർ എൻടിആർ. ആദ്യ ഭാര്യയിൽ ഇദ്ദേഹത്തിന് വേറെ മക്കളുണ്ട്.

## വനിത വിജയകുമാർ നാലാമതും വിവാഹിതയാകുന്നു



നടി വനിത വിജയകുമാർ നാലാമതും വിവാഹിതയാകുന്നു. ഡാൻസ് കൊറിയോഗ്രാഫറായ റോബർട്ട് മാസ്റ്ററാണ് വരൻ. ഒക്ടോബർ 5ന് ഇരുവരുടെയും വിവാഹം നടക്കും. വനിത തന്നെയാണ് ഇക്കാര്യം സോഷ്യൽ മീഡിയയിലൂടെ അറിയിച്ചത്. പ്രശസ്ത തമിഴ് നടൻ വിജയകുമാറിന്റെ മകളാണ് വനിത. വിജയ് ചിത്രം ചന്ദ്രലേഖയിലൂടെയാണ് വനിത ആദ്യമായി സിനിമയിൽ എത്തുന്നത്. 1997ൽ ഹിറ്റ്ലർ ബ്രദേഴ്സ് എന്ന ചിത്രത്തിലൂടെ മലയാളത്തിലും വനിത അരങ്ങേറ്റം കുറിച്ചു. അടുത്തിടെ തമിഴ് ബിഗ് ബോസിലും വനിത തൻറെ സാന്നിധ്യം അറിയിച്ചിരുന്നു.

## ഇതുവരെ ഒരു സിനിമയുടെയും സ്ക്രിപ്റ്റ് കേട്ടിട്ടില്ല, ഇനി കേൾക്കുകയുമില്ലെന്ന് വിനായകൻ



ഇതുവരെ ഒരു സിനിമയുടേയും സ്ക്രിപ്റ്റ് കേട്ടിട്ടില്ലെന്നും സിനിമാ ജീവിതം തീരുന്നതു വരെ ഒരു സ്ക്രിപ്റ്റും കേൾക്കുകയുമില്ലെന്നും നടൻ വിനായകൻ. സ്ക്രിപ്റ്റ് കേൾക്കുന്നത് തന്റെ ഏരിയ അല്ലെന്നും അദ്ദേഹം പറയുന്നു. തെക്ക് വടക്ക് സിനിമയുമായി ബന്ധപ്പെട്ട നടത്തിയ അഭിമുഖത്തിലാണ് വിനായകൻ ഇക്കാര്യം പറയുന്നത്. 'കോമഡിക്കാർ എന്ന ഒരു ലൈൻ, മിമിക്രിക്കാർ എന്ന ഒരു ലൈൻ, അഭിനയിക്കുക മാത്രം ചെയ്യുന്ന വലിയ ആളുകൾ, അങ്ങനെയൊന്നും ഇല്ല. തിലകൻ സാറും ഒടുവിൽ സാറും ഈ പറയുന്ന സാറന്മാരും ഇല്ലെങ്കിൽ ഈ സ്റ്റാർസ് എന്നു പറയുന്നവരാരും ഇല്ല, സത്യം അതാണ്.'- വിനായകൻ പറഞ്ഞു. തന്റെ ഏറ്റവും പുതിയ ചിത്രമായ തെക്ക് വടക്കിന്റെ ഭാഗമായി ഔദ്യോഗിക പേജിൽ പ്രസിദ്ധീകരിച്ച ഇൻറർവ്യൂവിലാണ് വിനായകൻറെ വാക്കുകൾ. വിനായകനും സുരാജ് വെഞ്ഞാറമൂടും പ്രധാന വേഷങ്ങളിൽ എത്തുന്ന ചിത്രമാണ് 'തെക്ക് വടക്ക്'. റിട്ടയേർഡ് കെഎസ്ഇബി എഞ്ചിനീയറായ മാധവൻ എന്ന കഥാപാത്രത്തെയാണ് വിനായകൻ ചിത്രത്തിൽ അവതരിപ്പിക്കുന്നത്. മാധവന്റെ ബേസിക് ബോഡി ഡിസൈൻ തനിക്ക് വളരെ ഇഷ്ടമായി, അതാണ് ഈ സിനിമയിലേക്ക് വരാനുള്ള കാരണമെന്നും വിനായകൻ പറയുന്നു. ചുരുളി, നൻപകൽ നേരത്ത് മയക്കം എന്നിവയ്ക്കു ശേഷം എസ്. ഹരീഷ് രചിച്ച സിനിമ സംവിധാനം ചെയ്യുന്നത് പ്രേം ശങ്കറാണ്. 'തമാശകൾ കേട്ട് ഒറ്റക്കിരുന്ന് പൊട്ടിച്ചിരിക്കും. ബന്ധങ്ങളില്ല ഇപ്പോൾ. ഞാൻ തന്നെയാണ് ഏറ്റവും വലിയ തമാശ. ചില ആളുകൾ നമ്മളെ അഭിനയിപ്പിച്ച് കരയിപ്പിക്കും. ചില ആളുകൾ അഭിനയിപ്പിച്ച് ചിരിപ്പിച്ചു കളയും. അൾട്ടിമേറ്റായി എല്ലാവരും അഭിനേതാക്കളാണ്.'-വിനായകൻ പറഞ്ഞു. തെക്കു വടക്ക് മനസിൽ മാത്രമുള്ള യുദ്ധമല്ല, രണ്ടു വ്യക്തികൾ തമ്മിലുള്ള യുദ്ധമാണെന്നും' വിനായകൻ പറയുന്നു.



# ഹാരിയും ചാൾസും തമ്മിലുള്ള കൂടിക്കാഴ്ചയിൽ കാമില എന്തിന് അസ്വസ്ഥതയാകണം?



ഹാരിയും ചാൾസ് രാജാവും കണ്ടുമുട്ടുന്നത് കാത്തിരിക്കുകയാണ് സോഷ്യൽ മീഡിയ. എന്നാൽ ഇരുവരുടേയും കൂടിക്കാഴ്ചയ്ക്ക് കാമിലയ്ക്ക് അത്ര താൽപര്യം പോരെന്നാണ് പുറത്തുവരുന്ന റിപ്പോർട്ട്. ഹാരി രാജകുമാരന്റെ യുകെ സന്ദർശന വേളയിൽ കാൻസർ ചികിത്സയ്ക്കിടയിലുള്ള ചാൾസിന്റെ ആരോഗ്യത്തെക്കുറിച്ചുള്ള ആശങ്കകൾ ചൂണ്ടിക്കാട്ടി കാമില രാജ്ഞി തന്റെ ഭർത്താവ് ചാൾസ് രാജാവിനോട് അകലം പാലിക്കാൻ ആവശ്യപ്പെട്ടതായാണ് പുതിയ റിപ്പോർട്ട്. വേർപിരിഞ്ഞ അച്ഛനും മകനും തമ്മിലുള്ള പുനഃസമാഗമം രാജാവിനെ ഗുരുതരമായി ബാധിക്കുമെന്ന് രാജ്ഞി ആശങ്കാകുലയാണെന്നാണ് റിപ്പോർട്ടിൽ പറയുന്നത്. വെൽചൈൽഡ് അവാർഡ് ദാന ചടങ്ങിൽ പങ്കെടുക്കാൻ ഹാരി രാജകുമാരൻ ലണ്ടനിലെത്തുന്ന അതേ സമയത്താണ് ചാൾസ് രാജാവും സ്കോട്ട്ലൻഡിൽ എത്തുക. എന്നാൽ ഇരുവരുടേയും കൂടിക്കാഴ്ച സംബന്ധിച്ച് ഇരുവശത്തുനിന്നും ഔദ്യോഗിക അറിയിപ്പുകളൊന്നും ലഭിച്ചിട്ടില്ല. ഹാരിയെ ക്ഷണിച്ചാൽ സ്കോട്ട്ലൻഡിൽ ഒരു മുഖാമുഖം സാധ്യമാകുമെന്ന് അകത്തുള്ളവർ തന്നെ അഭിപ്രായപ്പെടുന്നുവെന്നാണ് വിവരം. എന്നിരുന്നാലും, അച്ഛനും മകനും ഒത്തുചേരാനുള്ള ഏതൊരു പദ്ധതിക്കും തടയിടാൻ കാമില ഉറച്ചുനിൽക്കുന്നതായാണ് പല കോണുകളിൽ നിന്നും വ്യക്തമാകുന്ന വിവരം.



## 28 കാരനായ കാമുകനൊപ്പം ലണ്ടൻ തെരുവിൽ പ്രണയാതുരയായി 66 കാരി മഡോണ

അറുത്തിയാറുകാരിയായ മഡോണ തന്റെ 28 കാരനായ കാമുകൻ അക്കീം മോറിസിനൊപ്പം ലണ്ടനിലെ ഒരു പ്രണയയാത്രയിലാണ്. അതിന്റെ ചിത്രങ്ങളാണ് ഇപ്പോൾ സോഷ്യൽമീഡിയയിൽ തരംഗമായിരിക്കുന്നത്. മെറ്റീരിയൽ ഗേൾ ഹിറ്റ് മേക്കർ തിങ്കളാഴ്ച സോഷ്യൽ മീഡിയയിൽ യാത്രയുടെ ചില ഫോട്ടോകൾ പങ്കിട്ടിരുന്നു. ഒരു ഫോട്ടോയിൽ, പോപ്പ് രാജ്ഞി തന്റെ കുട്ടികാമുകനൊപ്പെ ചെൽസി എഫ്സിയിൽ സ്റ്റാംഫോർഡ് ബ്രിഡ്ജ് സ്റ്റേഡിയത്തിന്റെ സ്റ്റാൻഡിൽ ഇരിക്കുന്നത് കാണാം. ''ലണ്ടൻ കോളിംഗ്....സ്റ്റുവർട്ട് പ്രൈസിനൊപ്പം ബാക്ക് ഇൻ ദി സ്റ്റു. ചെൽസി പോകൂ!''- 66 കാരിയായ പോപ്പ് ഐക്കൺ, മോറിസിനൊപ്പമുള്ള തന്റെ മധുര നിമിഷങ്ങൾ ഫീച്ചർ ചെയ്യുന്ന പോസ്റ്റിന് അടിക്കുറിപ്പ് നൽകി.വെസ്റ്റ് ലണ്ടനിലെ ചെൽസി ഫുട്ബോൾ ക്ലബിന് ചുറ്റും ഇരുവരും ചുറ്റിക്കറങ്ങുന്നതിന്റെ നിരവധി ഫോട്ടോകൾ പങ്കിട്ടിരിക്കുന്നത്. തന്റെ യാത്രക്കായി മഡോണ പിങ്ക് ആക്സന്റുകളുള്ള ഒരു കറുത്ത ബോംബർ ജാക്കറ്റും ടൈറ്റുകളും അടങ്ങുന്ന വളരെ ക്രെയ്സി ലുക്കിലാണ് പ്രത്യക്ഷപ്പെട്ടത്.



## പ്രശ്നങ്ങൾക്കിടയിലും കശ്മീര ഷാ ഗോവിന്ദയെ കാണാൻ ഓടിയെത്തി

ഗോവിന്ദയും അനന്തരവനും തമ്മിലുള്ള കുടുംബ വഴക്കുകൾക്കിടയിലും നടൻ കൃഷ്ണ അഭിഷേകിന്റെ ഭാര്യ കശ്മീര ഷാ ബുധനാഴ്ച രാവിലെ ആശുപത്രയിലെത്തി അദ്ദേഹത്തെ സന്ദർശിച്ചു. അബദ്ധത്തിൽ സ്വന്തം റിവോൾവറിൽ നിന്നും കാലിൽ വെടിയേറ്റ് ആശുപത്രിയിൽ ചികിത്സയിലാണ് ഗോവിന്ദ.ആശുപത്രിക്ക് പുറത്ത് തടിച്ചുകൂടിയ നവമാധ്യമങ്ങൾക്ക് മുഖം നൽകാതെ കാശ്മീര ആശുപത്രിക്കുള്ളിലേയ്ക്ക് ഓടിക്കയറുയായിരുന്നു. ഗോവിന്ദയെ കാണാൻ ഭർത്താവ് കൃഷ്ണനില്ലാതെ കശ്മീര ഒറ്റയ്ക്കാണ് ആശുപത്രിയിൽ എത്തിയത്. രണ്ടുപേരുമായും തനിക്ക് നല്ല ബന്ധമില്ലെന്ന് ഗോവിന്ദയുടെ ഭാര്യ സുനിത അഹൂജ ഒരു അഭിമുഖത്തിൽ വെളിപ്പെടുത്തിയിരുന്നു. കൃഷ്ണ ഒരു പ്രധാന കഥാപാത്രത്തെ അവതരിപ്പിക്കുന്ന കപിൽ ശർമ്മ ഷോയുടെ നെറ്റ്ഫ്ലിക്സ് പതിപ്പിൽ താൻ ഇതുവരെ പ്രത്യക്ഷപ്പെട്ടിട്ടില്ലെന്ന് സുനിത വെളിപ്പെടുത്തിയിരുന്നു.

# സൂപ്പർ താരങ്ങൾ രാത്രിയിൽ വിളിച്ച് മുറിയിലേക്ക് ക്ഷണിച്ചിട്ടുണ്ട്: മല്ലിക



ബോളിവുഡിലെ മിന്നും താരമായിരുന്നു മല്ലികാ ഷെരാവത്ത്. ബോളിവുഡിലെ പല നായകൻമാരും രാത്രിയിൽ വിളിച്ചിട്ടുണ്ട് എന്ന് മല്ലിക ഷെരാവത്ത് തുറന്നു പറഞ്ഞത് ചർച്ചയായിരിക്കുകയാണ്. മല്ലികാ ഷെരാവത്ത് ദുരനുഭവങ്ങൾ വെളിപ്പെടുത്തുന്ന വീഡിയോ സാമൂഹ്യ മാധ്യമങ്ങളിൽ പ്രചരിക്കുന്നുണ്ട്.സിനിമയിൽ ബോൾഡായ കഥാപാത്രങ്ങൾ ചെയ്ത ആളാണ് താൻ എന്നതിനാൽ പുറത്തും അങ്ങനെയാണെന്നാണ് ബോളിവുഡിലെ ചിലർ കരുതിയത്. നായകൻമാരിൽ ചിലർ തന്നെ രാത്രി വിളിച്ച് കാണാൻ ആവശ്യപ്പെടും. ഞാൻ നിങ്ങളെ എന്തിനാണ് രാത്രി വന്ന് കാണുന്നത് എന്ന് തിരിച്ചു അവരോട് ചോദിക്കാറുണ്ടെന്ന് നടി വ്യക്തമാക്കുന്നു. സിനിമയിൽ ബോൾഡ് കഥാപാത്രങ്ങൾ ചെയ്യാറില്ലേ എന്താണ് രാത്രിയിൽ കണ്ടാൽ പ്രശ്നമെന്നാണ് തിരിച്ചു ചോദിക്കുകയാണ് അവർ ചെയ്യാറുള്ളത്.നിരസിച്ചതിനാൽ പിന്നീട് താൻ ശരിക്കും സിനിമാ ഇൻഡസ്ട്രിയിൽ നിന്ന് മാറ്റിനിർത്തപ്പെടുകയും ചെയ്തു. വിട്ടുവീഴ്ചകൾക്ക് ഞാൻ തയ്യാറാകും എന്നാണ് താരങ്ങൾ കരുതിയത്. ഞാൻ അതിന് തയ്യാറാകാൻ ഒരുക്കമല്ലായിരുന്നു. ഒരിക്കലും മൂല്യങ്ങളിൽ ഒരു കാരണവശാലം വിട്ടുവീഴ്ച താൻ ചെയ്യില്ലെന്നും മല്ലിക ഷെറാവത്ത് വ്യക്തമാക്കുന്നു.

# അൻവർ എന്ന കോടാലിയും പിണറായി എന്ന പുലിമുരുകനും; സി.പി.എം നേതൃത്വം അമ്പരപ്പിൽ

**കേരളാ വിൻഡോ**


ആന്റണി ചടയംമുറി

‘നരേന്ദ്രമോദി ഈ പാർട്ടിയുടെ ഐശ്വര്യം’ എന്ന ബോർഡ് വച്ചുകൊണ്ടാണ്. പിണറായി വിജയന്റെ സർക്കാർ ഭരിച്ചുകൊണ്ടിരിക്കുന്നതെന്ന് പ്രതിപക്ഷവും പി.വി.അൻവറും പറയുന്നു. നിലമ്പൂരിലെ അൻവറിന്റെ പ്രസംഗവും കോഴിക്കോട് മുതലക്കുളത്തെ പ്രസംഗവും താരതമ്യം ചെയ്യുമ്പോൾ സി.പി.എം. അൻവറിനെ ‘രാഷ്ട്രീയമായി’ കൈകാര്യം ചെയ്യുന്നതിൽ പരാജയപ്പെട്ടുവോ എന്ന് സംശയിക്കുന്നവരുണ്ടാകാം.

ഭരണതലത്തിലും പാർട്ടിതലത്തിലും അൻവറിനെതിരെയുള്ള പടനീക്കത്തെ ചെറുക്കാൻ മുഖ്യമന്ത്രി നേരിട്ടിറങ്ങിയിട്ടുണ്ട്. എന്നാൽ മുഖ്യമന്ത്രിയുടെ ചുവടുകളിലെ പിഴവുകൾ തുടരുകയാണ്. മുഖ്യമന്ത്രിയെ ‘രഹസ്യമായി’ നിയന്ത്രിക്കുന്നവരുടെ തലച്ചോറിലെ ആൾത്താമസമില്ലായ്മ അദ്ദേഹത്തെ കുരുക്കുകളിൽ നിന്ന് കുടുക്കുകളിലേക്ക് നയിക്കുകയാണോയെന്ന് സംശയിക്കണം.





### പിണറായിക്കും മോദിക്കും ’എഴുപത്തിയഞ്ചി’ന്റെ ചെറുപ്പമോ?

2024 സെപ്തംബർ 18നാണ് നരേന്ദ്രമോദിക്ക് 75 വയസ്സ് പൂർത്തിയായത്. പിണറായി 78 കാരനാണ്. ബി.ജെ.പിയിൽ പഴയ പടക്കുതിരകളായ അദ്വാനിയെയും മുരളീ മനോഹർജോഷിയെയുമെല്ലാം ‘വീട്ടിലിരുത്താൻ’ മോദി 75 വയസ്സ് എന്ന പ്രായപരിധി



പടവാളാക്കി. സി.പി.എമ്മിൽ സഖാവ് ബാലാനന്ദൻ, എം.എം.ലോറൻസ്, ആനത്തലവട്ടം എന്നിവരെ പാർട്ടി നിബന്ധനയനുസരിച്ച് ‘മുതിർന്നനേതാക്കൾ’ എന്ന പൊന്നാട പുതപ്പിച്ച് പിണറായി നിശ്ശബ്ദനാക്കിയെങ്കിലും, ഇപ്പോൾ പ്രായപരിധിക്കെല്ലാം പുല്ലുവില കൽപ്പിച്ച് മൂന്നാം വട്ടവും മുഖ്യമന്ത്രിയാകാമെന്ന അത്യാഗ്രഹം പിണറായി പ്രകടിപ്പിച്ചു കഴിഞ്ഞു.

പാർട്ടിയിലെ പലനേതാക്കളും ബുധനാഴ്ച (ഒക്.2) രാവിലെ മാധ്യമങ്ങളെ കണ്ടപ്പോൾ മുഖ്യന്റെ ഈ ‘പൂതി’ പരസ്യമാക്കിയിട്ടുണ്ട്. ‘മുത്തിചത്ത് കട്ടിലൊഴിയുമെന്ന്’ കരുതിയിരുന്ന പല സി.പി.എം നേതാക്കളും പാർട്ടിയെന്ന കട്ടിലൊടിഞ്ഞാലും ‘നാൻ താൻ പെരിയവൻ’ എന്ന പിണറായിയുടെ നിലപാടിൽ സംശയാലുക്കളാണ്. റിയാസിനു പിന്നാലെ മന്ത്രി ശിവൻകുട്ടിയും മുഖ്യമന്ത്രിക്ക് പ്രതിരോധം തീർത്തുവെങ്കിലും, മന്ത്രിയുടെ ‘ശരീര ഭാഷ’യിൽ ഒരുതരം നിസ്സഹായത തെളിഞ്ഞു കണ്ടു.

### പി.ആർ. വിവാദത്തിലും കാവിനിറമെന്ന് പരാതി

മുഖ്യമന്ത്രിക്കായി പബ്ലിക്റിലേഷൻസ് ചുമതല ഏറ്റെടുത്ത കെയ്സൻ ഏജൻസിയുടെ ഓഹരികളിൽ 75 ശതമാനവും റിലയൻസുമായി ബന്ധപ്പെട്ട ഒരു കമ്പനിയുടേതാണെന്ന വാർത്തകൾ, രാഷ്ട്രീയത്തിലുള്ള കുത്തകകളുടെ നിഗൂഢ ഇടപെടലുകൾക്ക് സൂചനയാണ്. മാത്രമല്ല പല രാഷ്ട്രീയനേതാക്കൾക്കും ജനപ്രിയരെന്ന ചമയമൊരുക്കാനുള്ള മേക്കപ്പ് വിദ്യ ഈ കമ്പനികൾ ഫലപ്രദമായി പ്രയോജനപ്പെടുത്തുവെന്നും ആരോപണമുണ്ട്. യു.പി.യിൽ മുഖ്യമന്ത്രി യോഗി ആദിത്യനാഥിനെ ‘വെള്ളപൂശിയ’ ഏജൻസിയാണ് കൈസൻ. ഇതോടെ കൈസനെ പിണറായിക്കുവേണ്ടി നിയോഗിച്ചതിൽ ആർ.എസ്.എസിന്റെ പങ്ക് എല്ലാവരും സംശയിക്കുന്നു. മാത്രമല്ല, ഇടതു പാർട്ടിനേതാക്കളുടെ പല മക്കളും അംബാനി, അദാനിമാരുടെ കമ്പനികളിൽ ഉദ്യോഗസ്ഥരാണെന്ന രഹസ്യവും പി.ആർ. വിവാദത്തിലൂടെ വെളിപ്പെട്ടു കഴിഞ്ഞു. ഹരിപ്പാട്ട് സി.പി.എം. എം.എൽ.ഏ.യായിരുന്ന നേതാവിന്റെ മകന് റിലയൻസിലാണ് ജോലി. സുബ്രഹ്മണ്യൻ എന്നുപേരുള്ള ഈ വ്യക്തി മുഖ്യമന്ത്രിയുമായുള്ള അഭിമുഖ മധ്യേകേരള ഹൗസിൽ ഉണ്ടായിരുന്നുവെന്ന് മാധ്യമങ്ങൾ പറയുന്നു. സ്വർണ്ണക്കടത്തും ഹവാല പണമിടപാടും മലപ്പുറം ജില്ലയോട് മാത്രം ബന്ധപ്പെടുത്തുന്ന മുഖ്യമന്ത്രിയുടെ പരാമർശം നാക്കുപിഴയാണെന്നോ വാക്ക് പിഴയാണെന്നോ ഉള്ള വിവാദം അഭിമുഖം പ്രസിദ്ധീകരിച്ച ‘ദ ഹിന്ദു’ വിനെക്കൊണ്ട് മാപ്പപേക്ഷ നടത്തിയാൽ തീരില്ലെന്ന് തീർച്ചയായിട്ടുണ്ട്. അഭിമുഖം പ്രസിദ്ധീകരിച്ച് 32 മണിക്കൂർ കഴിഞ്ഞാണ് മുഖ്യമന്ത്രിയുടെ ഭാഗത്തുനിന്ന് കോഴിക്കോട്ട് വച്ച് ഈ വിവാദത്തിൽ മറുപടിയുണ്ടായത്. മലബാർ രാഷ്ട്രീയത്തിൽ ഈ വിവാദമുണ്ടാക്കിയ ‘മുറിവ്’ ഉണക്കാൻ പാലൊളിയേയും ടി.കെ. ഹംസയേയും പാർട്ടി രംഗത്തിറക്കിയെങ്കിലും, ആ നീക്കങ്ങളൊന്നും ഇതേവരെ ഫലിച്ചിട്ടില്ല.

### പാർട്ടിയും ഭരണവുംലേറ്റാണ്, പല കാര്യങ്ങളിലും...

പുകഞ്ഞ കൊള്ളി പുറത്തെന്നാണ് പഴഞ്ചൊല്ല്. എന്നാൽ അൻവറിന്റെ കാര്യത്തിൽ ‘തീരുമാനങ്ങൾ’ മുഖ്യമന്ത്രിക്ക് വിട്ടത് പാർട്ടിക്ക് ഒരു തരത്തിൽ വിനയായി. അൻവറിനെതിരെയുള്ള പൊലീസ് പരാതിയിൽ കേസെടുക്കാൻ 24 ദിവസമാണ് വൈകിയത്. അതും ജോസ് കെ.മാണി ഗ്രൂപ്പിന്റെ ഒരു പ്രാദേശികനേതാവിന്റെ മകന്റെ വന്ദ്യ പിതാവിനെ (പഴയൊരുകോൺഗ്രസ് വിമതനാണ് കക്ഷി) ഇതിനായി രംഗത്തിറക്കേണ്ടിവന്നത് സി.പി.എമ്മിന്റെ ബലഹീനതയായി കരുതുന്നവരുണ്ട്. എടമണ്ണയിലും മറ്റും അൻവറിന്റെ കൈയും കാലും വെട്ടുമെന്നു അട്ടഹസിച്ച ഒരു കടത്തനാടൻ കമ്മ്യൂണിസ്റ്റ് പോരാളിയെയും അൻവറിനെതിരെ കേസ് കൊടുക്കാൻ സി.പി.എംന് കിട്ടിയില്ലേയെന്ന് പലരും ചോദിക്കുന്നു.

### സക്കറിയയുടെ ലേഖനവും സി.പി.എംന്റെ സ്ഥിതിയും

കഴിഞ്ഞയാഴ്ച മനോരമ പത്രത്തിൽ സക്കറിയയുടെ ഒരു ലേഖനമുണ്ടായിരുന്നു. മനുഷ്യർ എങ്ങനെ മരിക്കുന്നുവെന്ന ചിന്ത പങ്കുവെച്ചുകൊണ്ട് വെങ്കി രാമകൃഷ്ണൻ എന്ന നൊബേൽ ജേതാവിന്റെ ഒരു ഗ്രന്ഥത്തെ സക്കറിയ തന്റെ പംക്തിയിൽ പരിചയപ്പെടുത്തിയിരുന്നു. വെങ്കി രാമകൃഷ്ണൻ തമിഴ്നാട്ടിലെ ചിദംബരം സ്വദേശിയാണ്. യു.കെ., യു.എസ്.എ. തുടങ്ങിയ രാജ്യങ്ങളുടെ പൗരത്വമുള്ളയാൾ. 2009ൽ കെമിസ്ട്രിയിൽ മറ്റ് രണ്ടുപേരോടൊപ്പം നൊബേൽ പങ്കിട്ട വെങ്കിയുടെ സ്കൂൾ വിദ്യാഭ്യാസം പഴയ ബറോഡയിലെ (ഇപ്പോൾ വഡോദര) ജീസസ് ആൻഡ് മേരി കോൺവെന്റ് സ്കൂളിലായിരുന്നു. മനുഷ്യ ശരീരത്തിലെ കോടിക്കണക്കിനു കോശസമൂഹങ്ങൾ നിരന്തരം നടത്തിക്കൊണ്ടിരിക്കുന്ന സമ്പർക്കവും സംവേദനവുമാണ് മനുഷ്യനിൽ ജീവൻ നിലനിർത്തുന്നതെന്ന് വെങ്കി രാമകൃഷ്ണൻ ശാസ്ത്രീയമായ തെളിവുകൾ സഹിതം അവകാശപ്പെടുന്നു. ഒരർത്ഥത്തിൽ പാർട്ടികളുടെയും പ്രസ്ഥാനങ്ങളുടെയും സ്ഥിതിയും ഏതാണ്ട് ഇതുപോലെതന്നെ. പശ്ചിമബംഗാളിൽ 220 എം.എൽ.എമാരും 32 എം.പി.മാരും ഉണ്ടായിരുന്ന സി.പി.എമ്മിന് ഇന്ന് ആ സംസ്ഥാനത്ത് ഒറ്റ ജനപ്രതിനിധിപോലും ഇല്ലാതായത് ജനങ്ങളോടുള്ള സമ്പർക്കവും സംവേദനവും ഇല്ലാതെപോയതുകൊണ്ടാണ്. അൻവർ പാർട്ടിനേതൃത്വത്തെക്കുറിച്ചും ഭരണനേതൃത്വത്തെക്കുറിച്ചും ആരോപിക്കുന്നതും ഈപോരായ്മകൾ തന്നെ. സെക്രട്ടറിയേറ്റിനു മുന്നിൽ നിന്ന് നോക്കിയാൽ കാണാവുന്ന ഫ്ളാറ്റിൽ ശിവശങ്കറും സ്വപ്നയുമൊരുമിച്ച് താമസിച്ചിരുന്ന കാര്യം അറിയാതെപോയ മുഖ്യമന്ത്രിയെയും പാർട്ടിയെയും അൻവർ പ്രതിക്കൂട്ടിൽ നിർത്തുകയാണ്.

### കരിപ്പൂരിലെ കള്ളക്കടത്തും കണ്ണൂരിലെനേതാക്കളും

188 കേസുകൾ. 123കോടിയുടെ ഹവാല പണം. ഇതെല്ലാം മലപ്പുറത്തിന്റെ പേരിൽ ചാർത്തപ്പെടുമ്പോൾ 2019ൽ തിരുവനന്തപുരത്ത് 2019ൽ 1 വർഷം കൊണ്ട് 709 കിലോ ഗ്രാം കടത്തിയ ഹൈന്ദവ നാമധാരിയായ ഒരു കസ്റ്റംസ് ഉദ്യോഗസ്ഥനെയും ഡിപ്ലോമാറ്റിക് ചാനൽ വഴി 120ലേറെ കിലോഗ്രാം സ്വർണ്ണം കടത്തിയ സ്വപ്നയെയും മുഖ്യമന്ത്രി ഏത് ദേശവിരുദ്ധരുടെ പട്ടികയിൽ പെടുത്തും? സ്വർണ്ണക്കടത്തിൽ ശിവശങ്കറിന് 50 ലക്ഷവും സ്വപ്നയ്ക്ക് 6കോടിയും പിഴ ചുമത്തിയ കാര്യവും കസ്റ്റംസ് രേഖകളിലുണ്ട്.

സ്വർണ്ണക്കടത്തായാലും ഹവാലയായാലും മയക്കു മരുന്നായാലും അത്തരം കുറ്റകൃത്യങ്ങൾ തടയാനുള്ള എല്ലാ സംവിധാനങ്ങളും സർക്കാരിന്റെ കൈവശമുണ്ട്. എന്നാൽ, ഈ കുറ്റകൃത്യങ്ങൾ തടയേണ്ടവർ, കുറുക്കു വഴിയിൽകേന്ദ്രസംസ്ഥാന ഭരണകൂടങ്ങളെ കബളിപ്പിച്ച് പണമുണ്ടാക്കുമ്പോൾ, ആ പ്രക്രിയ തൂങ്ങിച്ചത്തവന്റെ ഏതോ ഒരു അവയവത്തിൽ കെട്ടിത്തൂങ്ങുന്ന ഹീനന്മാരുടേതായി രൂപാന്തരപ്പെടുന്നുണ്ട്. പൊലീസ് പക്ഷപാതപരമായി പെരുമാറുന്നുവെന്ന ആരോപണത്തെക്കാൾ കടുപ്പം കൂടിയ ആരോപണമാണിത്.

### ഒടുവിൽ പാർട്ടിയുടെ ബഡായി ‘ഭാവി കടമകൾ’ !

ലോക്സഭാ ഇലക്ഷനുശേഷം പാർട്ടി നടത്തിയ വിശകലനങ്ങൾ കഴിഞ്ഞ പാർട്ടിയുടെ സംസ്ഥാന കമ്മിറ്റി ചർച്ച ചെയ്ത് ‘ഭാവി കടമകൾ’ എന്നപേരിൽ ഒരു വാറോല പുറത്തിറക്കിയിട്ടുണ്ട്. ‘സന്ദേശം’ സിനിമയിൽചോദിക്കുന്നതുപോലെ എന്തുകൊണ്ട് പാർട്ട ി തോറ്റുവെന്ന ചോദ്യത്തിന് നേരിട്ടുള്ള ഒരു മറുപടി നൽകുന്നില്ല. എങ്കിലും പാർട്ടിയുടെ വിദ്യാർത്ഥി വിഭാഗത്തെ കർശനമായി നിയന്ത്രിക്കണം, ക്ഷേത്രങ്ങൾ കേന്ദ്രമാക്കിയുള്ള പ്രവർത്തനം ശക്തിപ്പെടുത്തണം, സ്ത്രീകളുടെയും കുട്ടികളുടെയും പാർട്ടി കൂട്ടായ്മകൾ ഫലപ്രദമായി പ്രയോജനപ്പെടുത്തണം, നവമാധ്യമങ്ങളിലെ സാന്നിധ്യത്തിനു പ്രാധാന്യം നൽകണം തുടങ്ങിയ നിർദ്ദേശങ്ങൾ ’ഭാവി കടമകൾ’ എന്നരേഖയിലുണ്ട്.

1992 മാർച്ചിൽ ചിന്താ പബ്ലിഷേഴ്സ് പുറത്തിറക്കിയ ഇ.എം.എസിന്റെ ഒരു കൈപ്പുസ്തകമുണ്ട്. പേര് : യുവാക്കളുടെ ഇന്നത്തെ കടമകൾ. ഈ ചെറുഗ്രന്ഥത്തിലെ അവസാനത്തെ (എട്ട്) അധ്യായത്തിൽ യുവജന പ്രസ്ഥാനങ്ങളുടെ കടമകൾ വിവരിക്കുന്നുണ്ട്. നമ്പൂതിരിപ്പാട് അഞ്ചാമത്തെ കടമയായി നിർദ്ദേശിച്ചിട്ടുള്ളത് തൊഴിലില്ലായ്മ ഇല്ലാതാക്കലാണ്. എന്നാൽ ഇക്കാര്യത്തിൽ ഭരണകർത്താക്കൾക്ക് എതിരെ ഒരു മുദ്രാവാക്യം പോലും ഉയർത്താൻ കഴിയാത്ത വിധം ഇടതു യുവജന പ്രസ്ഥാനങ്ങൾ വന്ധ്യംകരിക്കപ്പെട്ടിരിക്കുകയാണിപ്പോൾ.

### ജയിക്കാൻ കഴിഞ്ഞില്ലെങ്കിലും തോൽപ്പിക്കാനാകും മക്കളേ...

പി.വി. അൻവർ പുതിയ പാർട്ടി രൂപീകരിക്കുമെന്ന് പ്രഖ്യാപിച്ചു കഴിഞ്ഞു. അടുത്ത പഞ്ചായത്തു തെരഞ്ഞെടുപ്പിൽ സംസ്ഥാനത്തെ എല്ലാ വാർഡുകളിലും തന്റെ പാർട്ടിയുടെ സ്ഥാനാർത്ഥികളുണ്ടാകുമെന്നാണ് അൻവർ ബുധനാഴ്ച മാധ്യമങ്ങളോട് പറഞ്ഞത്. മലബാർ രാഷ്ട്രീയത്തിൽ ഈ നീക്കം പുതിയ ധ്രുവീകരണങ്ങൾക്ക് വഴി തെളിക്കാം. അൻവർ യു.ഡി.എഫിന്റെയും അസംതൃപ്തരായ സി.പി.എമ്മിന്റെയും അണികളിൽ പ്രതീക്ഷവയ്ക്കാം. സി.പി.എം. ആകട്ടെ ബി.ജെ.പി.യിൽ നിന്ന് ചോർന്നു കിട്ടുന്ന വോട്ടുകളും ലക്ഷ്യം വയ്ക്കേണ്ടിവരാം. മുസ്ലീം പ്രീണനത്തിൽ പ്രതിക്കൂട്ടിലായ പിണറായി മുസ്ലീം വിരുദ്ധ നിലപാടിലൂടെ സി.പി.എമ്മിനെ നയിക്കുന്നത് ഏത് ‘ഗോ ശാല’യിലേക്കായിരിക്കും? സുരേഷ്ഗോപിയുടെ കമ്മീഷണർ ഫെയിം ഭാഷയിൽ നമുക്കും പറയാം: വെയ്റ്റ് ആൻഡ് സീ !

◗ ആന്റണി ചടയംമുറി

# ‘വിജയ് സാറിൽ നിന്ന് ഒരുപാട് പഠിക്കാൻ പറ്റി, വളരെ പ്രൊഫഷണൽ’; അബ്യുക്ത





തമിഴ് സിനിമയിൽ കുറച്ചു കാലങ്ങളായി ഏറ്റവുമധികം പ്രീറിലീസ് പബ്ലിസിറ്റി ലഭിക്കുന്നത് വിജയ് ചിത്രങ്ങൾക്കാണ്. അദ്ദേഹത്തിനുള്ള ആരാധകവൃന്ദം തന്നെ അതിന് കാരണം. ഏറ്റവുമൊടുവിൽ തിയറ്ററുകളിലെത്തിയ ഗോട്ട് (ദി ഗ്രേറ്റസ്റ്റ് ഓഫ് ഓൾ ടൈം) മറ്റ് പല കാരണങ്ങളാലും ശ്രദ്ധ നേടിയിരുന്നു.വിജയ് രാഷ്ട്രീയ പാർട്ടി പ്രഖ്യാപിച്ചതിന് ശേഷമെത്തുന്ന ചിത്രം എന്നതായിരുന്നു അതിൽ പ്രധാനം. ചിത്രത്തിലെ മറ്റ് കഥാപാത്രങ്ങൾക്കും ഇതേ ഹൈപ്പ് ലഭിച്ചിരുന്നു. ചിത്രത്തിൽ വിജയ്‌യുടെ മകളായി എത്തിയ നടിയെയും ആരാധകർ തിരയുന്നുണ്ട്. പ്രശസ്ത ഛായാഗ്രാഹകൻ വി മണികണ്ഠന്റെ മകളായ അബ്യുക്ത മണികണ്ഠനാണ് വിജയിയുടെ മകളായി എത്തിയത്. ഇപ്പോഴിതാ വിജയ് യുമായി സ്ക്രീൻ പങ്കിട്ട അനുഭവത്തെക്കുറിച്ച് പറയുകയാണ് അബ്യുക്ത.ഞാൻ മുമ്പ് പരസ്യങ്ങൾ ചെയ്തിട്ടുണ്ട്, ക്യാമറയ്ക്ക് മുന്നിൽ നിൽക്കുന്നത് പുതിയ കാര്യമായിരുന്നില്ല, എന്നാൽ പരസ്യങ്ങൾക്ക് വേണ്ടി അഭിനയിക്കുന്നതും സിനിമകൾക്ക് വേണ്ടിയുള്ള അഭിനയവും തികച്ചും വ്യത്യസ്തമാണ്.എന്റെ സിനിമാ അരങ്ങേറ്റത്തിൽ തന്നെ ഇൻഡസ്ട്രിയിലെ വലിയ വ്യക്തിത്വങ്ങൾക്കൊപ്പം പ്രവർത്തിക്കാൻ കഴിഞ്ഞത് നന്നായി. അവരിൽ നിന്ന് ഞാൻ ഒരുപാട് പഠിച്ചു, പ്രത്യേകിച്ച് വിജയ് സാർ. എന്റെ മിക്കവാറും എല്ലാ സീനുകളും അദ്ദേഹത്തിനൊപ്പമായിരുന്നു. സെറ്റിൽ അദ്ദേഹം വളരെ ദയയുള്ളവനായിരുന്നു. എന്റെ അച്ഛൻ ഒരു ഛായാഗ്രാഹകൻ ആയതിനാൽ, ഒരു ഫിലിം ഷൂട്ട് എങ്ങനെയായിരിക്കുമെന്നും ക്യാമറയിൽ എങ്ങനെ അഭിനയിക്കണമെന്നും പറഞ്ഞുതന്ന് സഹായിച്ചു. അച്ഛനൊപ്പം ഓം ശാന്തി ഓം, ബ്രഹ്മാസ്ത്ര തുടങ്ങിയ സിനിമകളുടെ സെറ്റിൽ പോയിട്ടുണ്ട്.അതോടൊപ്പം വെങ്കട്ട് പ്രഭു സാർ നന്നായി സഹായിച്ചു. അഭിനയം എനിക്ക് പുതിയതാണ്, സിനിമയിൽ തുടരാനാണു ഞാൻ ആഗ്രഹിക്കുന്നത്. അടുത്ത മികച്ച അവസരത്തിനായി കാത്തിരിക്കുകയാണ് -അബ്യുക്ത പറഞ്ഞു.

## സൂര്യയുടെ ‘കങ്കുവ’ എത്തുന്നത് ത്രീഡിയിൽ




ആരാധകർ ഏറെ ആകാംക്ഷയോടെ കാത്തിരിക്കുന്ന ചിത്രമാണ് സൂര്യ- സിരുത്തൈ ശിവ ചിത്രം കങ്കുവ. ചിത്രത്തിന്റെ ത്രീഡി ജോലികൾ പുരോഗമിക്കുകയാണെന്ന് അറിയിച്ചിരിക്കുകയാണ് ഛായാഗ്രാഹകൻ വെട്രി പളനിസാമി. സോഷ്യൽ മീഡിയയിൽ പോസ്റ്റ് പങ്കുവെച്ചാണ് ഇദ്ദേഹം ഇക്കാര്യം അറിയിച്ചിരിക്കുന്നത്. 350 കോടിയെന്ന വമ്പൻ ബജറ്റിലാണ് ചിത്രം ഒരുങ്ങുന്നത്. ‘കങ്കുവയ്ക്ക് ആവേശകരമായ ത്രീഡി വർക്ക് നടക്കുന്നു, ചിത്രത്തിന്റെ ഭാഗമാക്കാൻ സാധിച്ചതിൽ സന്തോഷമുണ്ടെ’ന്നാണ് വെട്രി പളനിസാമി ട്വിറ്ററിൽ കുറിച്ചത്. നേരത്തെ ചിത്രത്തിലെ സൂര്യയുടെ എഡിറ്റ് ചെയ്ത ചിത്രങ്ങൾ വെട്രി പങ്കുവെച്ചിരുന്നു. ഇത് നിമിഷനേരം കൊണ്ടാണ് സോഷ്യൽ മീഡിയ ഏറ്റെടുത്തിരുന്നത്. സിനിമയുടെ ഓവർസീസ് വിതരണാവകാശം 40 കോടിക്ക് വിറ്റുപോയെന്ന് റിപ്പോർട്ടുകൾ ഉണ്ടായിരുന്നു. തമിഴ് സിനിമയുടെ ചരിത്രത്തിൽ തന്നെ ഏറ്റവും വലിയ ഓവർസീസ് തുകകളിൽ ഒന്നാണിത്.യുഎഇ ആസ്ഥാനമായുള്ള പ്രശസ്ത ബാനറായ ഫാർസ് ഫിലിംസാണ് സിനിമയുടെ ഓവർസീസ് വിതരണാവകാശം സ്വന്തമാക്കിയിരിക്കുന്നത്. ബോളിവുഡ് നടൻ ബോബി ഡിയോൾ വില്ലനായി എത്തുന്ന ചിത്രത്തിലെ നായികാ വേഷം ചെയ്യുന്നത് ദിഷ പഠാണിയാണ്.

## ദളപതിയിൽ വില്ലനായി ബോബി ഡിയോൾ



നടൻ വിജയ്‌യുടെ അവസാന ചിത്രമായ ’ദളപതി 69 ’ ൽ ബോളിവുഡ് താരം ബോബി ഡിയോളും. ചിത്രത്തിന്റെ നിർമാതാക്കളായ കെവിഎൻ പ്രൊഡക്ഷൻസ് തന്നെയാണ് ഇക്കാര്യം സമൂഹ മാധ്യമത്തിലൂടെ പുറത്ത് വിട്ടത്. ’ഇപ്പോൾ 100% ഔദ്യോഗികമായിരിക്കുന്നു, ബോബി ഡിയോൾ ദളപതി 69 ൽ അഭിനയിക്കും. ഇത് പ്രഖ്യാപിക്കുന്നതിൽ അതിയായ സന്തോഷവും ആവേശവുമുണ്ട്’, കെവിഎൻ പ്രൊഡക്ഷൻസ് എക്സിൽ കുറിച്ചു.എച്ച്. വിനോദാണ് ചിത്രം സംവിധാനം ചെയ്യുന്നത്. അനിരുദ്ധ് രവിചന്ദറാണ് ചിത്രത്തിന്റെ സംഗീത സംവിധാനം നിർവഹിക്കുന്നത്.ദളപതി വിജയ്‌യുടെ അവസാന ചിത്രത്തിൽ വില്ലനായിട്ടാകും ബോബി ഡിയോൾ എത്തുക എന്നാണ് സ്ഥിരീകരിക്കാത്ത റിപ്പോർട്ടുകൾ.

## വേട്ടയ്യന്റെ സെൻസറിങ് പൂർത്തിയായി ; ചിത്രത്തിന് യു/എ സർട്ടിഫിക്കറ്റ്



സൂപ്പർസ്റ്റാർ രജനികാന്ത് നായകനാകുന്ന വേട്ടയ്യന്റെ സെൻസറിങ് പൂർത്തിയായി. നിർമാതാക്കളായ ലൈക്ക പ്രൊഡക്ഷൻസ് ആണ് ചിത്രത്തിന്റെ സെൻസറിങ് പൂർത്തിയായ വിവരം പങ്കുവെച്ചിരിക്കുന്നത് .യു/എ സർട്ടിഫിക്കറ്റാണ് ചിത്രത്തിന് ലഭിച്ചിരിക്കുന്നത്. നിരൂപക പ്രശംസ നേടിയ ജയ് ഭീമിന്റെ സംവിധായകനായ ടിജെ ജ്ഞാനവേൽ ചിത്രം സംവിധാനം ചെയ്യുന്നത്.രണ്ട് മണിക്കൂർ നാല്പത്തിമൂന്ന് മിനിറ്റാണ് വേട്ടയ്യന്റെ ദൈർഘ്യം. അതിൽ ആദ്യ പകുതി ഒരു മണിക്കൂർ ഇരുപത് മിനിറ്റും രണ്ടാം പകുതി ഒരു മണിക്കൂർ ഇരുപത്തിയൊന്ന് മിനിറ്റുമാണ്.രജനികാന്തിനെ കൂടാതെ ഫഹദ് ഫാസിൽ, അമിതാഭ് ബച്ചൻ, ദുഷാര വിജയൻ, കിഷോർ, റിതിക സിങ്, ജി എം സുന്ദർ, രോഹിണി, റാവൊ രമേശ്, രമേശ് തിലക് എന്നിവരാണ് വേട്ടയ്യനിലെ മറ്റു അഭിനേതാക്കൾ.

## നിക്കോൾ കിഡ്മാന്റെ ’ബേബി ഗേൾ’ ട്രെയിലർ പുറത്തിറങ്ങി



ഏറെ പ്രതീക്ഷയോടെ കാത്തിരിക്കുന്ന നിക്കോൾ കിഡ്മാന്റെ ബേബി ഗേൾ ട്രെയിലർ പുറത്തിറങ്ങി. ഹാരിസ് ഡിക്കിൻസൺ അവതരിപ്പിക്കുന്ന പ്രായം കുറഞ്ഞ ഇന്റേണുമായി അപകടകരമായ ഒരു ബന്ധത്തിൽ അകപ്പെടുന്ന, ഒരു ബിസിനസുകാരിയെയാണ് നിക്കോൾ അവതരിപ്പിക്കുന്നത്.ഹലീന റെയ്ജിൻ ആണ് സംവിധാനം. നിക്കോളിന്റെയും ഹാരിസിന്റെയും കഥാപാത്രങ്ങൾ തമ്മിലുള്ള ആദ്യ കണ്ടുമുട്ടലിൽ നിന്നാണ് ട്രെയിലർ ആരംഭിക്കുന്നത്. രണ്ടുപേരും താമസിയാതെ ഒരു ബന്ധം ആരംഭിക്കുന്നു, അത് അവളുടെ വ്യക്തിജീവിതത്തെ വഴിതെറ്റിക്കുന്നു. ഈ സംഘർഷഭരിതമായ അവസ്ഥയാണ് ചിത്രത്തിന്റെ ഉള്ളടക്കം.വാനിറ്റി ഫെയറുമായുള്ള ഒരു അഭിമുഖത്തിൽ, ബേബിഗേൾ മുമ്പെങ്ങുമില്ലാത്തവിധം തന്നെ തുറന്നുകാട്ടിയതായി നിക്കോൾ പങ്കുവെച്ചിരുന്നു. കഴിഞ്ഞ മാസം വെനീസ് ഫിലിം ഫെസ്റ്റിവലിൽ ബേബിഗേൾ അതിന്റെ വേൾഡ് പ്രീമിയർ നടത്തിയിരുന്നു, അവിടെ ചിത്രത്തിന് മികച്ച പ്രതികരണം ലഭിച്ചു.



# രണ്ട് വമ്പൻ സിനിമകളുമായി പ്രിയദർശൻ

ഹിന്ദി സിനിമയിൽ ഒരു കാലത്ത് വൻഹിറ്റുകൾ ഒരുക്കിയ സംവിധായകനാണ് പ്രിയദർശൻ. എന്നാൽ കുറേ കാലമായി സിനിമയിൽനിന്നു തന്നെ വിട്ടു നിൽക്കുകയായിരുന്നു സംവിധായകൻ.ഇപ്പോഴിതാ രണ്ടു വമ്പൻ സിനിമകളുമായി ബോളിവുഡിലേക്ക് തിരിച്ചു വരുകയാണ് പ്രിയദർശൻ. 2025 ന്റെ തുടക്കത്തിൽ ചിത്രീകരണം ആരംഭിക്കുമെന്ന് പ്രതീക്ഷിക്കുന്ന 'ഭൂത് ബംഗ്ലാ' എന്ന ഒരു ഹൊറർ-കോമഡി ചിത്രമാണ് ആദ്യത്തേത്.ദീർഘകാലത്തിന് ശേഷം നടൻ അക്ഷയ് കുമാറുമായി വീണ്ടും ഒന്നിക്കുന്നതായി പ്രിയദർശൻ അടുത്തിടെ പ്രഖ്യാപിച്ചിരുന്നു. സെയ്ഫ് അലി ഖാനും ബോബി ഡിയോളും അഭിനയിക്കുന്ന ഒരു ത്രില്ലറും അദ്ദേഹം സംവിധാനം ചെയ്യുന്നുണ്ട്.വിജയ് യുടെ അവസാന സിനിമയായി കരുതുന്ന വിജയ് 69 ന്റെ പ്രൊഡക്ഷൻ ഹൗസായ കെ.വി.എൻ. പ്രൊഡക്ട്സിനു വേണ്ടിയും പ്രിയൻ ഒരു സിനിമയൊരുക്കുമെന്ന് കേൾക്കുന്നുണ്ട്. കൊറോണ പേപ്പേഴ്സാണ് പ്രിയന്റെ അവസാന മലയാളം പടം.

# ഗോവിന്ദയുടെ കരിയർ തകർന്ന വഴി ഇങ്ങനെ



എൺപതുകളിൽ ബോളിവുഡിൽ വൻതാരമൂല്യമുള്ള നായക നടനായിരുന്നു ഗോവിന്ദ. എന്നാൽ രണ്ടായിരത്തിന്റെ തുടക്കത്തോടെ ഗോവിന്ദയുടെ താരമൂല്യം കുത്തനെ ഇടിഞ്ഞു. മറ്റ് താരങ്ങൾ ഗോവിന്ദയെ മറി കടന്ന് മുന്നോട്ട് പോയി. ഗോവിന്ദയുടെ കരിയറിലെ വീഴ്ച അക്കാലത്ത് ബോളിവുഡിൽ ചർച്ചയായതാണ്.അമിതമായ വിശ്വാസവും അന്ധവിശ്വാസവും ഗോവിന്ദയുടെ കരിയറിൽ വിനയായിട്ടുണ്ടെന്നാണ് സഹപ്രവർത്തകർ പറയുന്നത്. നടനെ അടുത്തറിഞ്ഞ പ്രമുഖ ഫിലിം അനലിസ്റ്റ് കോമൽ നഹ്ത ഒരിക്കൽ ഇതേക്കുറിച്ച് തുറന്ന് സംസാരിക്കുകയുണ്ടായി. വളരെയധികം കഴിവുള്ള നടനാണ് ഗോവിന്ദ. എന്നാൽ അന്ധവിശ്വാസം നടനെ വീഴ്ചയിലേക്ക് നയിച്ചു. ജോത്സ്യത്തിൽ ഗോവിന്ദ വല്ലാതെ വിശ്വസിച്ചു.എന്ത് ചെയ്യണം എന്ത് ചെയ്യരുത് എന്ന് തീരുമാനിക്കുന്നത് ജോത്സ്യൻമാർ പറയുന്നതനുസരിച്ചായിരുന്നു. ഇവർ പറയുന്നത് അക്ഷരംപ്രതി ഗോവിന്ദ അനുസരിക്കുമായിരുന്നെന്ന് കോമൽ നഹ്ത തുറന്ന് പറഞ്ഞു. താൻ കേട്ടറിഞ്ഞ ഒരു കാര്യവും ഇദ്ദേഹം അന്ന് പങ്കുവെച്ചു. ഒരു പേന നിങ്ങൾക്ക് നാശം കൊണ്ട് വരുമെന്ന് ജോത്സ്യൻ ഗോവിന്ദയോട് പറഞ്ഞു.

# കമൽഹാസന് പകരം രജനികാന്ത്? അറ്റ്ലിയുടെ ചിത്രത്തിൽ അഴിച്ചുപണി





സൽമാൻ ഖാനും കമൽഹാസനും ഒന്നിക്കുന്ന സംവിധായകൻ അറ്റ്ലിയുടെ പുതിയ സിനിമയുടെ ചിത്രീകരണം 2025ൽ ആരംഭിക്കുമെന്ന് അടുത്തിടെ റിപ്പോർട്ട് ഉണ്ടായിരുന്നു. എന്നാൽ ഈ മൾട്ടി സ്റ്റാർ ആക്ഷൻ സിനിമയുടെ കാസ്റ്റിങ്ങിൽ കാര്യമായ അഴിച്ചുപണിക്കൊരുങ്ങുകയാണ്. അറ്റ്ലി സംവിധാനം ചെയ്യുന്ന ഈ സിനിമയിൽ നിന്ന് കമൽ ഹസൻ മാറുമെന്നും പകരം തമിഴിൽ നിന്ന് സൂപ്പർസ്റ്റാർ രജിനികാന്തിനെ കൊണ്ടുവരാനുള്ള ശ്രമങ്ങൾ നടക്കുകയാണെന്നുമുള്ള വിവരങ്ങളാണ് പുറത്തുവരുന്നത്. ഈ ചർച്ചകൾ സിനിമാപ്രേമികൾക്കിടയിലും സോഷ്യൽ മീഡിയയിലും വ്യാപകമായി പ്രചരിക്കുന്നുണ്ടെങ്കിലും ചിത്രത്തിന്റെ അണിയറയിൽ നിന്നോ കമൽഹാസന്റെ ഭാഗത്ത് നിന്നോ ഇതുവരെ സ്ഥിരീകരണമൊന്നും ഉണ്ടായിട്ടില്ല. ജൂലൈ മാസത്തിലാണ് സൺ പിക്ചേഴ്സിന്റെ ബാനറിൽ സൽമാൻ ഖാനും കമൽ ഹാസനും പ്രധാന വേഷങ്ങളിലെത്തുന്ന ആക്ഷൻ സിനിമയുമായി സംവിധായകൻ ആറ്റ്ലി എത്തുന്നുവെന്ന വാർത്ത പുറത്തുവരുന്നത്. അന്നുതന്നെ സിനിമ പാൻഇന്ത്യൻ ഹിറ്റാകാനുള്ള സാധ്യതയുണ്ടെന്ന വിലയിരുത്തലുകളുണ്ടായിരുന്നു. രണ്ടു താരങ്ങളും ഡേറ്റ് നൽകിയാൽ ഉടൻ ചിത്രീകരണം ആരംഭിക്കാമെന്ന തരത്തിൽ മറ്റെല്ലാ സന്നാഹങ്ങളും ഇതിനോടകം തയ്യാറായി കഴിഞ്ഞിരുന്നു.

## പൊന്നിയിൻ സെൽവൻ 1 ഇറങ്ങിയിട്ട് രണ്ട് വർഷം; ഒത്തുകൂടി താരങ്ങൾ



മണിരത്നത്തിന്റെ സിനിമാറ്റിക് മാസ്റ്റർപീസായ 'പൊന്നിയിൻ സെൽവൻ-1' പുറത്തിറങ്ങിയിട്ട് രണ്ട് വർഷം. 2022-ൽ സിനിമ ലോകത്തെ പിടിച്ചുലച്ച ഈ ചിത്രം പ്രേക്ഷകരിൽ പ്രതിധ്വനിച്ചുകൊണ്ടിരിക്കുകയാണ്. ഇപ്പോഴിതാ ചിത്രത്തിന്റെ രണ്ടാം വാർഷികത്തിൽ ഒത്തുകൂടിയിരിക്കുകയാണ് താരങ്ങൾ. നടൻ വിക്രം, ജയംരവി, കാർത്തി, നടിമാരായ ഐശ്വര്യ റായ് ബച്ചൻ, തൃഷ, ശോഭിത ധൂലിപാല, ഐശ്വര്യ ലക്ഷ്മി എന്നിവർ ഒരുമിച്ചെത്തിയ ഗ്രൂപ്പ് ഫോട്ടോ ഇതിനകം സോഷ്യൽ മീഡിയയിൽ വൈറലായിട്ടുണ്ട്. തമിഴ് ചരിത്രത്തിന്റെയും തമിഴ് സാഹിത്യത്തിന്റെയും ചരിത്രത്തിലെ അത്ഭുതങ്ങളിൽ ഒന്നായാണ് പൊന്നിൻ സെൽവന്റെ കഥയും ചോള സാമ്രാജ്യത്തിന്റെ ചരിത്രവും രേഖപ്പെടുത്തുന്നത്. പ്രശസ്ത തമിഴ് സാഹിത്യകാരൻ കൽക്കി കൃഷ്ണമൂർത്തിയുടെ നോവലിനെ ആധാരമാക്കിയാണ് മണിരത്നം 'പൊന്നിയിൻ സെൽവൻ' ഒരുക്കിയിരിക്കുന്നത്. എ ആർ റഹ്മാന്റെ സംഗീതവും രവി വർമ്മന്റെ ഛായാഗ്രഹണവും തോട്ടാ ധരണിയുടെ കലാ സംവിധാനവും 'പൊന്നിയിൻ സെൽവ'നിലെ ആകർഷക ഘടകങ്ങളായിരുന്നു. പത്താം നൂറ്റാണ്ടിൽ, ചോള ചക്രവർത്തിയുടെ സിംഹാസനത്തിന് നേരിടേണ്ടി വന്ന പ്രതിസന്ധികളും അപകടങ്ങളും സൈന്യത്തിനും ശത്രുക്കൾക്കും ഇടയിൽ നടക്കുന്ന പോരാട്ടങ്ങളുമാണ് ചിത്രത്തിൽ ആവിഷ്കരിച്ചിരിക്കുന്നത്.

## നിത്യഹരിത മലയാള സിനിമാഗാനങ്ങൾ

133



Movie Anupallavi (1979)
Director Baby
Lyrics Bichu Thirumala
Music KJ Joy
Singers KJ Yesudas

എൻ സ്വരം പൂവിടും ഗാനമേ
എൻ സ്വരം പൂവിടും ഗാനമേ
ഈ വീണയിൽ നീ അനുപല്ലവി
ഈ വീണയിൽ നീ അനുപല്ലവി
എൻ സ്വരം പൂവിടും ഗാനമേ
ഈ വീണയിൽ നീ അനുപല്ലവി
(എൻ സ്വരം...)
ഒരുമിഴിയിതളിൽ ശുഭശകുനം
മറുമിഴിയിതളിൽ അപശകുനം
ഒരുമിഴിയിതളിൽ ശുഭശകുനം
മറുമിഴിയിതളിൽ അപശകുനം
വിരൽമുന തഴുകും നവരാഗമേ..(2)
വരൂ വീണയിൽ നീ അനുപല്ലവി
(എൻ സ്വരം...)
ഇനിയൊരു ശിശിരം തളിരിടുമോ?
അതിലൊരു ഹൃദയം കതിരിടുമോ?
ഇനിയൊരു ശിശിരം
തളിരിടുമോ?
അതിലൊരു ഹൃദയം
കതിരിടുമോ?
കരളുകളുരുകും
സംഗീതമേ..(2)
വരൂ വീണയിൽ
നീ അനുപല്ലവി
(എൻ സ്വരം...)



# അനുദിനം പ്രസക്തിയേറിവരുന്ന ഗാന്ധി

**തികച്ചും വ്യത്യസ്തമായ മതങ്ങളേയും ഭാഷകളേയും ജീവിത രീതികളേയും കോർത്തിണക്കി മത സുദായ സൗഹാർദം ഉറപ്പിക്കാൻ ഗാന്ധിജി നടത്തിയ ശ്രമങ്ങളാണ് മഹത്തായ ഇന്ത്യയുടെ അടിത്തറ. സമൂഹത്തിലെ അടിച്ചമർത്തപ്പെട്ട ജനതയ്ക്ക് സാമൂഹിക പരിഗണന നൽകുന്നതിൽ വിദ്യാഭ്യാസത്തിനുള്ള പങ്കിനെക്കുറിച്ച് ഗാന്ധിജിക്ക് വ്യക്തമായ കാഴ്ചപ്പാടുണ്ടായിരുന്നു. പ്രവേശന സമയത്ത് മുഴുവൻ ഫീസ് അടയ്ക്കാതിരുന്നതിനാൽ ഐഐടിയിൽ പഠിക്കാനാകാതെ വന്ന ദളിത് വിദ്യാർത്ഥിയുടെ സഹായത്തിനായി ഈയിടെ സുപ്രീം കോടതി ശക്തമായി ഇടപെട്ടത് ഈ ഗാന്ധിയൻ ബോധ്യം നീതിപീഠത്തിനുണ്ടായതുകൊണ്ടു തന്നെയാണ്.**

ഇന്ത്യ എന്ന മഹാരാജ്യത്തെ ഒന്നിപ്പിച്ചു നിർത്താൻ വിത്തുപാകിയവരിൽ പ്രധാനിയായ ഗാന്ധിജിയുടെ ജന്മദിനം കടന്നുപോകുമ്പോൾ, ആരൊക്കെ തുടച്ചുമാറ്റാൻ ശ്രമിച്ചാലും മായാതെ കൂടുതൽ വെൺമയോടെ പ്രശോഭിക്കുന്നു ആ മുഖം എന്നാൽ, 1947 ഓഗസ്റ്റിൽ ഇന്ത്യാമഹാരാജ്യം അധികാര കൈമാറ്റത്തിന്റെ ആഘോഷങ്ങളിൽ മുഴുകുമ്പോൾ പ്രമുഖമായ ആ മുഖം മാത്രം ഉണ്ടായില്ല, മോഹൻദാസ് കരംചന്ദ് ഗാന്ധി. രാജ്യ തലസ്ഥാനത്തെ അധികാര കൈമാറ്റത്തിന്റെ ആഘോഷങ്ങളിൽ ഗാന്ധിജി എവിടെയായിരുന്നുവെന്നല്ലേ ?

സ്വാതന്ത്ര്യലബ്ധിയുടെ സന്തോഷത്തേക്കാൾ വിഭജനത്തിന്റെ വേദനയിലായിരുന്നു ഗാന്ധിജി. ''എനിക്ക് സ്വാതന്ത്ര്യ പ്രഖ്യാപനത്തേക്കാൾ പ്രധാനം ഹിന്ദു -മുസ്ലിം സമാധാനമാണ്. ഓഗസ്റ്റ് 15ന് എനിക്ക് ആഹ്ളാദിക്കാൻ ആകുന്നില്ല. നിങ്ങളെ കബളിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. എന്നാൽ നിങ്ങൾ ആഘോഷങ്ങളിൽ പങ്കെടുക്കരുത് എന്ന് പറയുന്നുമില്ല. പക്ഷേ നിരാശാജനകമായ കാര്യം ഇതാണ്, നമുക്ക് കിട്ടിയ സ്വാതന്ത്ര്യത്തിൽ ഇന്ത്യ - പാകിസ്താൻ വിദ്വേഷത്തിന് വഴിവയ്ക്കുന്ന വിത്തുകളുണ്ട്'' ഗാന്ധിജി പറഞ്ഞു.

അതിർത്തിയിൽ വെറുപ്പും വിദ്വേഷവും ജനഹൃദയങ്ങളിൽ ആളിപ്പടരുന്ന ദിനങ്ങളിൽ കൽക്കട്ടയ്ക്ക് സമീപം ബെലിഘട്ടയിലായിരുന്നു ഗാന്ധി. ഓഗസ്റ്റ് ആറ് വൈകിട്ട് ലാഹോറിൽ നിന്നാണ് അദ്ദേഹം കൽക്കട്ടയ്ക്ക് പുറപ്പെട്ടത്. അവിടെ നിന്ന് ബംഗ്ലദേശിന്റെ ഭാഗമായ നൊവഖാലിലെത്തുകയായിരുന്നു ലക്ഷ്യം. വിഭജനം നടക്കുകയാണെങ്കിൽ നൊവഖാലിയിലെ ഹിന്ദുക്കളുടെ സംരക്ഷണത്തിനായി എത്തുമെന്ന് അദ്ദേഹം ഉറപ്പുനൽകിയിരുന്നു. ഈ വാക്ക് പാലിക്കാനായിരുന്നു യാത്ര.

കൽക്കട്ടയിലെത്തിയ ഗാന്ധിജിയെ മുസ്ലീംലീഗ് ജില്ലാ അധ്യക്ഷൻ മുഹമ്മദ് ഉസ്മാന്റെ നേതൃത്വത്തിലുള്ള സംഘം സന്ദർശിച്ചു. കൽക്കട്ടയിൽ തുടരണമെന്നും അവിടെയുള്ള മുസ്ലീങ്ങളുടെ സംരക്ഷണം ഉറപ്പാക്കണമെന്നും അവർ ഗാന്ധിജിയോട് അഭ്യർത്ഥിച്ചു. നൊവഖാലിയിലെ ഹിന്ദുക്കളുടെ സംരക്ഷണം ഉറപ്പു നൽകുകയാണെങ്കിൽ കൽക്കട്ടയിൽ തുടരാമെന്ന് ഗാന്ധിജി സംഘത്തെ അറിയിച്ചു. വാക്ക് പാലിക്കപ്പെട്ടില്ലെങ്കിൽ മരണംവരെ നിരാഹാരം ഇരിക്കുമെന്നും ഗാന്ധിജി പറഞ്ഞു.



ഓഗസ്റ്റ് 11ന് ഗാന്ധിജിയെ കാണാൻ ബംഗാൾ മുൻ പ്രധാനമന്ത്രിയായ എച്ച് എസ് സുഹ്രവർദിയെത്തി. കൽക്കട്ടയിലെ മുസ്ലീങ്ങളുടെ ഭാവിയിൽ അദ്ദേഹവും ആശങ്ക പ്രകടിപ്പിച്ചു. നൊവഖാലിയിലെ ഹിന്ദുക്കളുടെ സുരക്ഷ ഉറപ്പാക്കിയാൽ കൽക്കട്ടയിൽ തുടരാമെന്ന് ഗാന്ധിജി അദ്ദേഹത്തിനും ഉറപ്പ് നൽകി. ഒരുമിച്ച് താമസിക്കാം എന്നും അവസാന ശ്വാസം വരെ ഒരുമിച്ചു പോരാടാം എന്നും ഗാന്ധിജി പറഞ്ഞു. അത് അദ്ദേഹം ചെവിക്കൊണ്ടു. സ്വാതന്ത്ര്യലബ്ധിയിൽ നിരവധി അഭിനന്ദന സന്ദേശങ്ങൾ ഗാന്ധിജിക്ക് ആ ദിനം ലഭിച്ചു. എന്നാൽ ആഘോഷങ്ങളിൽ പങ്കാളിയാകാൻ അദ്ദേഹം തയ്യാറായില്ല.

ബെലിഘട്ടയിലെ മുസ്ലിം ഭൂരിപക്ഷ മേഖലയിൽ ആളൊഴിഞ്ഞ ഒരു പഴയ മുസ്ലീം തറവാട്ടിൽ ഇരുവരും താമസം ആരംഭിച്ചു. ഇതാണ് പിന്നീട് ഗാന്ധി മന്ദിരമായത്. മുസ്ലീങ്ങളെ മാത്രം രക്ഷിക്കാനാണ് എത്തിയത് എന്ന് ആരോപിച്ച് ഒരു കൂട്ടം ഹിന്ദു യുവാക്കൾ ഗാന്ധിജിയെ ആദ്യദിനം തന്നെ തടഞ്ഞു. ഓഗസ്റ്റ് 14ലെ വൈകുന്നേര പ്രാർത്ഥനയ്ക്കു ശേഷം 24 മണിക്കൂർ ഉപവാസം ആചരിക്കാൻ ഗാന്ധിജി ആഹ്വാനം ചെയ്തു. രാജ്യത്തിന്റെ അഭിവൃദ്ധിക്കായായിരുന്നു ഉപവാസം. എന്നാൽ അന്നും ഗാന്ധിജിയുടെ വാസസ്ഥലം ആക്രമിക്കപ്പെട്ടു. ക്രുദ്ധരായ സംഘത്തെ ശാന്തരാക്കി പറഞ്ഞയയ്ക്കാൻ ഏറെ സമയം എടുത്തു. രാത്രി 11 മണിയോടെയാണ് രംഗം ശാന്തമായത്.

അർധരാത്രി പാർലമെന്റിന്റെ സെൻട്രൽ ഹാളിൽ അധികാര കൈമാറ്റം നടക്കുമ്പോൾ, പ്രശ്നപരിഹാരത്തിന് ശേഷം ക്ഷീണിതനായി ഉറങ്ങുകയായിരുന്നു ഗാന്ധിജി. ഓഗസ്റ്റ് 15ന് രാവിലെ 3.45ന് എന്നത്തേയും പോലെ അദ്ദേഹം എഴുന്നേറ്റ് സ്ഥിരം ദിനചര്യകൾ പിന്തുടർന്നു. സ്വാതന്ത്ര്യലബ്ധിയിൽ നിരവധി അഭിനന്ദന സന്ദേശങ്ങൾ അദ്ദേഹത്തിന് ആ ദിനം ലഭിച്ചു. എന്നാൽ ആഘോഷങ്ങളിൽ പങ്കാളിയാകാൻ ഗാന്ധിജി തയ്യാറായില്ല. സമാധാനത്തിനായി ശ്രമിക്കണം, അധികാരം അഴിമതിയിലേക്ക് നയിച്ചേക്കാം, പാവങ്ങൾക്ക് വേണ്ടി നിരന്തരം പ്രവർത്തിക്കണം എന്നായിരുന്നു പുതുതായി ചുമതലയേറ്റ ബംഗാൾ മന്ത്രിസഭയോട് ഗാന്ധിജിക്ക് പറയാനുണ്ടായിരുന്നത്.

മറ്റിടങ്ങളിൽ നിന്ന് വ്യത്യസ്തമായി കൽക്കട്ടയിൽ വിഭജന കാല അക്രമങ്ങൾ കുറവായിരുന്നു. ഗാന്ധിജിയുടെ ഇടപെടലുകൾക്ക് ഇതിൽ പ്രധാന പങ്കുണ്ട്. ഓഗസ്റ്റ് 13 മുതൽ സമാധാനത്തിനുള്ള നിതാന്തശ്രമത്തിൽ ആയിരുന്നു ഗാന്ധിജി. അക്രമാസക്തരായ, പരസ്പരം കൊലവിളി നടത്തുന്ന ജനക്കൂട്ടത്തെ നിയന്ത്രിക്കാൻ അദ്ദേഹത്തിന് ആദ്യമായില്ല. എന്നാൽ നിരന്തര ശ്രമം പിന്നീട് ഫലം കണ്ടു. പഞ്ചാബിൽ 55,000 പട്ടാളങ്ങൾ ഉണ്ട് എന്നാൽ കലാപം അനിയന്ത്രിതമായിരുന്നു. ബംഗാളിൽ ഒരു മനുഷ്യനെ ഉ

## ഡൽഹി ഡെർബാർ

ണ്ടായുള്ളു അവിടെ കലാപവും ഇല്ല; വിഭജന കാലത്തെ മൗണ്ട്ബാറ്റൻ പ്രഭു പറഞ്ഞ വാക്കുകളാണിത്.

തികച്ചും വ്യത്യസ്തമായ മതങ്ങളേയും ഭാഷകളേയും ജീവിത രീതികളേയും കോർത്തിണക്കി മത സുദായ സൗഹാർദം ഉറപ്പിക്കാൻ ഗാന്ധിജി നടത്തിയ ശ്രമങ്ങളാണ് മഹത്തായ ഇന്ത്യയുടെ അടിത്തറ. സമൂഹത്തിലെ അടിച്ചമർത്തപ്പെട്ട ജനതയ്ക്ക് സാമൂഹിക പരിഗണന നൽകുന്നതിൽ വിദ്യാഭ്യാസത്തിനുള്ള പങ്കിനെക്കുറിച്ച് ഗാന്ധിജിക്ക് വ്യക്തമായ കാഴ്ചപ്പാടുണ്ടായിരുന്നു. പ്രവേശന സമയത്ത് ഫീസ് അടയ്ക്കാതിരുന്നതിനാൽ ഐഐടിയിൽ പഠിക്കാനാകാതെ വന്ന ദളിത് വിദ്യാർത്ഥിയുടെ സഹായത്തിനായി ഈയിടെ സുപ്രീം കോടതി ശക്തമായി ഇടപെട്ടത് ഈ ഗാന്ധിയൻ ബോധ്യം നീതിപീഠത്തിനുണ്ടായതുകൊണ്ടു തന്നെയാണ്. ഭരണഘടനയിലെ 142ാം വകുപ്പനുസരിച്ച് സവിശേഷ അധികാരം ഉപയോഗിപ്പെടുത്തിയാണ് യുപിയിലെ മുസാഫർ നഗറിലെ അതുൽ കുമാറിന് ഐഐടി സീറ്റ് തിരിച്ചു നൽകാൻ സുപ്രീം കോടതി വിധിച്ചത്. അന്ന് ഐഐടിയിൽ സീറ്റുറപ്പിക്കാൻ അഡ്മിഷൻ ഫീസായി 17,500 രൂപ ജൂൺ 24ന് മുമ്പ് അടയ്ക്കാനായിരുന്നു നിർദ്ദേശം. കൂലിപ്പണിക്കാരന്റെ മകനായ അതുലിന് ആ തുക മുഴുവൻ പറഞ്ഞ സമയത്ത് അടയ്ക്കാനായില്ല. അതോടെ സീറ്റ് നഷ്ടപ്പെട്ടു. തികച്ചും പിന്നോക്കാവസ്ഥയിൽ ഏറെ പ്രയാസപ്പെട്ടു പഠിച്ചു വിജയിച്ച ആളെ അങ്ങിനെ തള്ളിക്കളയാനാകില്ലെന്ന് വ്യക്തമാക്കിയ കോടതി ഉടൻ അവിടെ അതുലിന് പ്രവേശനം നൽകാൻ ഐഐടിയോട് ആവശ്യപ്പെടുകയായിരുന്നു. മഹാത്മജിയുടെ ഉൾക്കാഴ്ചയോട് തൊട്ടുനിൽക്കുന്ന സുപ്രീം കോടതി വിധിയെ നമുക്കാ ഗാന്ധിജിയുടെ വിജയമായല്ലേ കാണാനാകൂ.

*എമ എൽസ എൽവിൻ*

# വംശീയ വിദ്വേഷത്തിന്റെ ഇരുണ്ട ചരിത്രത്തിന് വിട

വംശീയ വിദ്വേഷം എന്നത് അമേരിക്കയിൽ ഇന്നും ഒരു തീരാകളങ്കമാണ്. ഇപ്പോൾ കറുത്ത വർഗക്കാരായ അമേരിക്കക്കാരോടുള്ള വംശീയ വിദ്വേഷത്തിന്റെ ഇരുണ്ട ചരിത്രത്തോട് വിട ചൊല്ലിയിരിക്കുകയാണ് കാലിഫോർണിയ സ്റ്റേറ്റ്. പുതിയ നിയമം പാസായതോടെ അടിമത്തത്തിനും സംസ്ഥാനത്തെ കറുത്ത വർഗക്കാരായ അമേരിക്കക്കാരോടും കാണിച്ച വംശീയ വിദ്വേഷത്തിനും അതിന്റെ നീണ്ടുനിൽക്കുന്ന പ്രത്യാഘാതങ്ങളോടും കാലിഫോർണിയ ഔപചാരികമായി ക്ഷമാപണം നടത്തും.




കാലിഫോർണിയയുടെ ഗവർണറായ ഗേവിൻ ന്യൂസോം ആണ് പുതിയ നിയമത്തിൽ ഒപ്പുവെച്ചത്. ആഫ്രിക്കൻ വംശജരായ അമേരിക്കക്കാർക്ക് വംശീയ അസമത്വത്തിന് കാരണമായ പതിറ്റാണ്ടുകൾ പഴക്കമുള്ള നിയമങ്ങൾ തിരുത്തുന്നതാണ് പുതിയ നിയമം. കായികതാരങ്ങളുടെ മുടിക്കെതിരേയുള്ള വിവേചനം അവസാനിപ്പിക്കുന്നതിനുള്ള നിയമത്തിലും ന്യൂസോം ഒപ്പുവെച്ചു.

അടിമത്തം പ്രോത്സാഹിപ്പിക്കുന്നതിനും അനുവദിക്കുന്നതിനും തങ്ങൾ വഹിച്ച പങ്കിന്റെ ഉത്തരവാദിത്വം കാലിഫോർണിയ ഏറ്റെടുക്കുന്നു. അതുപോലെ നിയന്തരമായ വംശീയ അസമത്വങ്ങൾ നിലനിന്ന ചരിത്രവും തങ്ങൾ ഏറ്റെടുക്കുന്നുവെന്ന് ഗവർണർ പ്രസ്താവനയിൽ അറിയിച്ചു. പതിറ്റാണ്ടുകൾ നീണ്ട അധ്വാനത്തെ അടിസ്ഥാനമാക്കി കാലിഫോർണിയ ഇപ്പോൾ ഒരു സുപ്രധാന ചുവടുവയ്പ്പ് നടത്തുകയാണ്. മുൻകാലങ്ങളിലെ ഗുരുതരമായ അനീതികൾ തിരിച്ചറിയുന്നതിനും അതുണ്ടാക്കിയ ദോഷങ്ങൾക്ക് പരിഹാരം ഉണ്ടാക്കുന്നതിനും വേണ്ടിയാണിതെന്ന് അദ്ദേഹം പറഞ്ഞു.

പ്രശസ്തമായ ഒരു സ്വാധീനമേഖലയിൽ നിന്ന് സർക്കാർ അന്യായമായി പിടിച്ചെടുത്ത സ്വത്ത് വീണ്ടെടുക്കാനോ നഷ്ടപരിഹാരം നൽകാനോ കറുത്തവർഗക്കാരായ കുടുംബങ്ങളെ സഹായിക്കുന്ന ഒരു നിർദേശം ബുധനാഴ്ച വീറ്റോ ചെയ്തിരുന്നു. ഇതിന് ശേഷമാണ് ന്യൂസോം ബില്ലുകളിൽ ഒപ്പിട്ടത്.

1850ലാണ് കാലിഫോർണിയ ഒരു സ്വതന്ത്ര സംസ്ഥാനമായി യൂണിയനിൽ ചേരുന്നത്. എന്നാൽ അടിമത്തവും അത് അംഗീകരിക്കുന്ന നയങ്ങളും സമ്പ്രദായങ്ങളും കാലിഫോർണിയ അനുവദിച്ചിരുന്നു. ഇത് കറുത്തവർഗക്കാരെ വീടുകൾ വാങ്ങുന്നതിൽ നിന്നും ബിസിനസ് തുടങ്ങുന്നതിൽ നിന്നും തടയുന്നു. കറുത്ത വർഗ്ഗക്കാരെ പൊലീസ് ഭയപ്പെടുത്തുകയും അവരെ അക്രമിക്കുകയും അവരുടെ അയൽ പ്രദേശങ്ങൾ മലിനമാക്കുകയും ചെയ്തതായി ഒരു ഫസ്റ്റ്ഇൻദനേഷൻ സ്റ്റേറ്റ് റിപ്പറേഷൻസ് ടാസ്ക് ഫോഴ്സ് പ്രസിദ്ധീകരിച്ച റിപ്പോർട്ടി പറയുന്നു.

ഫെഡൽ തലത്തിൽ കറുത്തവർഗക്കാർക്കുണ്ടായ നഷ്ടപരിഹാരം സംബന്ധിച്ച് പഠിക്കാനുള്ള ശ്രമങ്ങൾ കോൺഗ്രസിൽ പതിറ്റാണ്ടുകളായി സ്തംഭിച്ച അവസ്ഥയിലാണ് ഉള്ളത്. ഇല്ലിനോയിസും ന്യൂയോർക്കും അടുത്തിടെ നഷ്ടപരിഹാര കമ്മിഷനുകൾ രൂപവത്കരിക്കുന്നതിനുള്ള നിയമങ്ങൾ പാസാക്കിയിരുന്നു.

# മുംബൈ വിടും, രോഹിത് ശർമ അടുത്ത സീസണിൽ കളിക്കുക ഈ ടീമിൽ?



ഇന്ത്യൻ പ്രീമിയർ ലീഗിന്റെ 2025 സീസണിന് മുന്നോടിയായി മെഗാ സ്റ്റാർ ലേലം നടക്കാനിരിക്കുകയാണ്. ലേലവുമായി ബന്ധപ്പെട്ട സുപ്രധാന അപ്ഡേറ്റുകൾ ബിസിസിഐ കഴിഞ്ഞ ദിവസം പുറത്തുവിട്ടു. മെഗാ ലേലത്തിന് മുമ്പ് ടീമുകൾക്ക് പരമാവധി ആറ് കളിക്കാരെ നിലനിർത്താനാകുമെന്നാണ് വിവരങ്ങൾ. ഇത് റിട്ടൻഷനിലൂടെയോ ആർടിഎം ഓപ്ഷനിലൂടെയോ ആകാം. ഈ വിവരങ്ങൾ പുറത്ത് വന്നതിന് പിന്നാലെ ഓരോ ഫ്രാഞ്ചൈസികളും ആരെയൊക്കെ നിലനിർത്തുമെന്ന കാര്യത്തിൽ ക്രിക്കറ്റ് പ്രേമികൾ ചർച്ചകൾ ആരംഭിച്ചുകഴിഞ്ഞു. ഐപിഎല്ലിലെ ഏറ്റവും മികച്ച ടീമുകളിലൊന്നായ മുംബൈ ഇന്ത്യൻസ് ആരെ നിലനിർത്തുമെന്ന ആകാംക്ഷയിലാണ് ആരാധകർ. അതേസമയം, അവരുടെ മുൻ ക്യാപ്റ്റൻ രോഹിത് ശർമ്മ ടീമിൽ തുടരില്ലെന്ന് വ്യക്തമാക്കുന്ന റിപ്പോർട്ടുകളും പുറത്തുവന്നു. കഴിഞ്ഞ സീസണിൽ ക്യാപ്റ്റൻ സ്ഥാനത്ത് നിന്ന് പുറത്തായ രോഹിത് ശർമ്മ ഇനി മുംബൈ ഇന്ത്യൻസിൽ തുടരാൻ ആഗ്രഹിക്കുന്നില്ലെന്നാണ് റിപ്പോർട്ട്. വരാനിരിക്കുന്ന ഐപിഎൽ സീസണിൽ താരം ലഖ്നൗ സൂപ്പർ ജയന്റ്സിന് വേണ്ടി കളിക്കാനുള്ള സാധ്യത വളരെ ശക്തമാണെന്ന് വിവിധ ദേശീയ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നു. എന്നാൽ ഐപിഎൽ മെഗാ ലേലത്തിന് മുൻപ് ട്രേഡ് വിൻഡോ ഇല്ലാത്തതിനാൽ രോഹിതിനെ ടീമിലെത്തിക്കാൻ ആഗ്രഹിക്കുന്ന ലക്നൗവിന് അതിനായി ലേലത്തിൽ വമ്പൻ തുക മുടക്കേണ്ടി വരുമെന്ന് ഉറപ്പാണ്. വരാനിരിക്കുന്ന സീസണ് മുൻപ് കെ എൽ രാഹുൽ ലക്നൗ വിടാനാണ് സാധ്യത. കഴിഞ്ഞ മൂന്ന് സീസണുകളിലും ലക്നൗവിന്റെ നായകനായിരുന്നു രാഹുൽ. രാഹുൽ പോകുന്നതോടെ വരുന്ന ഒഴിവിൽ രോഹിതിനെ സ്വന്തമാക്കി ടീമിന്റെ പുതിയ നായകനാക്കാൻ ലക്നൗ തീരുമാനിച്ചേക്കുമെന്നാണ് റിപ്പോർട്ടുകൾ പറയുന്നത്.

# പാക് ക്യാപ്റ്റൻ സ്ഥാനം രാജിവെച്ച് ബാബർ അസം



ഏകദിന, ടി20 ക്യാപ്റ്റൻ സ്ഥാനത്ത് നിന്ന് രാജിവെച്ച് പാകിസ്ഥാൻ ക്രിക്കറ്റ് താരം ബാബർ അസം. ഒരു വർഷത്തിനിടെ രണ്ടാം തവണയാണ് അദ്ദേഹം ഈ പദവി ഒഴിയുന്നത്. സോഷ്യൽമീഡിയയിലൂടെയാണ് ബാബർ അസം ഇക്കാര്യം അറിയിച്ചത്. സെപ്റ്റംബറിൽ തന്റെ തീരുമാനം പാകിസ്ഥാൻ ക്രിക്കറ്റ് ബോർഡിനെയും ടീം മാനേജ്മെന്റിനെയും അറിയിച്ചിട്ടുണ്ടെന്നും ബാബർ അസം കൂട്ടിച്ചേർത്തു. നായകസ്ഥാനം കാര്യമായ ജോലിഭാരം കൂട്ടിയെന്നും സ്ഥാനമൊഴിയുന്നതിലൂടെ ടീമിന് ബാറ്റുകൊണ്ട് കൂടുതൽ സംഭാവന നൽകാൻ കഴിയുമെന്നും ബാബർ പ്രത്യാശ പ്രകടിപ്പിച്ചു. അന്താരാഷ്ട്ര ക്രിക്കറ്റ് കൗൺസിന്റെ ടെസ്റ്റ് റാങ്കിങ്ങിന്റെ ആദ്യ പത്തിൽ നിന്ന് പുറത്തായതിന് തൊട്ടുപിന്നാലെയാണ് താരത്തിന്റെ തീരുമാനം.'പ്രിയ ആരാധകരേ, ഞാൻ ഇന്ന് നിങ്ങളുമായി ചില വാർത്തകൾ പങ്കിടുകയാണ്. കഴിഞ്ഞ മാസം പിസിബിക്കും ടീം മാനേജ്മെന്റിനും നൽകിയ അറിയിപ്പ് പ്രകാരം പാകിസ്ഥാൻ പുരുഷ ക്രിക്കറ്റ് ടീമിന്റെ ക്യാപ്റ്റൻ സ്ഥാനം രാജിവയ്ക്കാൻ ഞാൻ തീരുമാനിച്ചു,'- ബാബർ അസം എക്സിൽ കുറിച്ചു.ഒരു വർഷത്തിനിടെ ഇത് രണ്ടാം തവണയാണ് നായകസ്ഥാനത്ത് നിന്ന് ബാബർ രാജിവെക്കുന്നത്. കഴിഞ്ഞ വർഷം ഒക്ടോബർ-നവംബർ മാസങ്ങളിൽ ഇന്ത്യയിൽ നടന്ന ഏകദിന ലോക കപ്പിലെ പാകിസ്ഥാന്റെ മോശം പ്രകടനത്തെ തുടർന്നാണ് ബാബർ മൂന്ന് ഫോർമാറ്റുകളുടെയും ക്യാപ്റ്റൻ സ്ഥാനം ആദ്യം ഒഴിഞ്ഞത്.

# റൊണാൾഡോ വിരമിക്കാനൊരുങ്ങുന്നു?




ആധുനിക ഫുട്ബോളിലെ രണ്ട് ഇതിഹാസങ്ങളാണ് ലയണൽ മെസ്സിയും ക്രിസ്റ്റ്യാനോ റൊണാൾഡോയും.എന്നാൽ ക്രിസ്റ്റ്യാനോ റൊണാൾഡോ റയൽ മാഡ്രിഡ് വിട്ടതോടെ താരത്തിന്റെ കരിയർ താഴേക്ക് പോയി. ലയണൽ മെസ്സി അർജന്റീനയ്ക്ക് ലോകകപ്പ് നേടിക്കൊടുത്തപ്പോഴും റൊണാൾഡോയ്ക്ക് അടുത്ത കാലത്തൊന്നും മികവിന്റെ നിലവാരത്തിലേക്ക് ഉയരാനായിട്ടില്ല.നിലവിൽ അൽ നാസർ എഫ്സിക്കായാണ് റൊണാൾഡോ കളിക്കുന്നത്. 39കാരനായ റൊണാൾഡോയ്ക്ക് ഇനിയൊരു ലോകകപ്പ് കളിക്കാനുള്ള ബാല്യം ശേഷിക്കുന്നില്ല. കരിയറിന്റെ അവസാന സമയത്തിലൂടെ കടന്ന് പോകുന്ന റൊണാൾഡോ ഇപ്പോഴിതാ വിരമിക്കൽ സൂചന നൽകിയത് വൈറലായിരിക്കുകയാണ്. അവാർഡുകൾ നോക്കി കളിക്കാൻ ഇനി സമയമില്ലെന്നാണ് റൊണാൾഡോ പറയുന്നത്. മികച്ച താരമാവുകയെന്നതോ പുരസ്കാരങ്ങൾ നേടുകയോ എന്നതോ ഇപ്പോൾ എന്നെ സംബന്ധിച്ച് പ്രധാനപ്പെട്ട കാര്യമല്ല. മികച്ച ഫുട്ബോൾ കളിച്ച് ടീമിനെ ജയിപ്പിക്കുക എന്നത് മാത്രമാണ് ഇപ്പോൾ ആഗ്രഹിക്കുന്നത്' റൊണാൾഡോ പറഞ്ഞു.സൗദി ക്ലബ്ബിനൊപ്പം റൊണാൾഡോ മികച്ച പ്രകടനമാണ് നടത്തുന്നത്. എന്നാൽ യൂറോപ്പ ലീഗിലെ പ്രകടനത്തിന്റെയത്ര ശ്രദ്ധ പിടിച്ചുപറ്റാൻ റൊണാൾഡോയ്ക്ക് കഴിഞ്ഞില്ല.

# 'ബാസ്ബോളിന്' മറുപടിയായി ഇന്ത്യയുടെ 'ഗംബോൾ'; ഇംഗ്ലണ്ട് കരുതിയിരിക്കണമെന്ന് ഗിൽക്രിസ്റ്റ്

ഇന്ത്യയുടെ ആക്രമണ ശൈലിയാണ് ക്രിക്കറ്റ് ലോകത്ത് ഇപ്പോൾ ചർച്ചാവിഷയം. ബംഗ്ലാദേശിനെതിരായ കാൺപൂർ ടെസ്റ്റിനിടെ, മഴ കാരണം രണ്ട് ദിവസം നഷ്ടമായിട്ടും ആക്രമണാത്മക ബാറ്റിംഗ് ശൈലിയിലൂടെ സന്ദർശകരെ ഞെട്ടിക്കാൻ ഇന്ത്യക്കായി. ഇതിഹാസ ക്രിക്കറ്റ് താരങ്ങളായ മൈക്കൽ വോണും ആദം ഗിൽക്രിസ്റ്റും ഇന്ത്യൻ ടീമിൽ നിന്നുള്ള പുതിയ സമീപനത്തെക്കുറിച്ച് ചർച്ച ചെയ്തു. സംഭാഷണത്തിനിടെ ആദം ഗിൽക്രിസ്റ്റ് ഇന്ത്യയുടെ ബാറ്റിംഗ് ശൈലിയെ 'ഗാംബോൾ' എന്ന് വിശേഷിപ്പിച്ചു. (ഗൗതം) ഗംഭീർ ഇതിനകം ഗാംബോളിന് പേറ്റന്റ് നേടിയിട്ടുണ്ട്. ഇനി ഇംഗ്ലണ്ട് കരുതലോടെയാണ് മുന്നേറേണ്ടതെന്ന് ഗിൽക്രിസ്റ്റ് പറഞ്ഞു. ഇന്ത്യ ഇംഗ്ലണ്ടിന്റെ മാതൃക പകർത്തുകയാണെന്ന വോണി



ന്റെ പരാമർശം ഉടൻ തന്നെ സോഷ്യൽ മീഡിയ പ്രതികരണത്തിന് കാരണമായി. ബാസ്ബോളിന്റെ ഉയർച്ചയ്ക്ക് മുമ്പ് ആക്രമണാത്മക ക്രിക്കറ്റ് കളിക്കാനുള്ള ഇന്ത്യയുടെ കഴിവ് അദ്ദേഹം വില കുറച്ചെന്ന് ആരോപിച്ച് നിരവധി ഇന്ത്യൻ ആരാധകരും മുൻ ഇംഗ്ലണ്ട് ക്യാപ്റ്റനെ വിമർശിച്ചു. ഏറ്റവും ദൈർഘ്യമേറിയ ഫോർമാറ്റിൽ ആക്രമണാത്മക ക്രിക്കറ്റ് കളിച്ചതിന്റെ ഒരു നീണ്ട ചരിത്രമാണ് ഇന്ത്യക്കുള്ളത്, ഇംഗ്ലണ്ടിന്റെ മുഖ്യ പരിശീലകനായി ബ്രണ്ടൻ മക്കല്ലം നിയമിതനായതിനുശേഷം ഇംഗ്ലണ്ടിന്റെ ടെസ്റ്റ് ടീമിൽ ആക്രമണാത്മക കളി ശൈലി കൊണ്ടുവന്നതിന് അദ്ദേഹത്തിന്റെ പേരിൽ നിന്ന് ഉയർന്നുവന്ന പദമാണ് ബാസ്ബോൾ. അതുപോലെ, ഇന്ത്യയുടെ മുഖ്യ പരിശീലകൻ ഗൗതം ഗംഭീറിന്റെ പേരിലാണ് 'ഗംബോൾ' ഉരിത്തിരിഞ്ഞിരിക്കുന്നത്.

# അപകടത്തിന് ശേഷം ആദ്യമായി പൊതുവേദിയിൽ; മൈക്കൽ ഷൂമാക്കർ മകളുടെ വിവാഹത്തിൽ പങ്കെടുത്തതായി റിപ്പോർട്ട്





ആൽപ്സ് പർവതനിരകളിലെ സ്കീയിംഗിനിടെ അപകടത്തിൽപ്പെട്ട് പരിക്കേറ്റ് കഴിഞ്ഞ 11 വർഷമായി റേസിംഗ് ട്രാക്കുകളിൽ നിന്ന് വിട്ടുനിൽക്കുകയാണ് ഏഴ് തവണ ഫോർമുല വൺ ലോകചാമ്പ്യനായ ജർമ്മൻ താരം മൈക്കൽ ഷൂമാക്കർ.രണ്ട് ശസ്ത്രക്രീയകൾക്കൊടുവിൽ ജീവൻ തിരിച്ചുപിടിച്ചെങ്കിലും ശരീരത്തിന്റെ ചലനാവസ്ഥയും ബോധവും നഷ്ടമായിരുന്നു. ഇപ്പോഴിതാ റേസിംഗ് ആരാധകർക്ക് സന്തോഷ വാർത്ത എത്തിയിരിക്കുകയാണ്.മകൾ ജിന ഷൂമാക്കർ വിവാഹത്തിൽ മൈക്കൽ പങ്കെടുത്തതായാണ് റിപ്പോർട്ട്. സ്പെയ്നിലെ മജോർക്കയിലെ യാസ്മിൻ വില്ലയിലായിരുന്നു ചടങ്ങുകൾ. അരമണിക്കൂർ കൊണ്ട് വിവാഹചടങ്ങുകൾ പൂർത്തിയായതുമായാണ് വിവരം.കുതിര സവാരിയിലെ മിന്നും താരവുമായ ജിന ഷൂമാക്കർ കാമുകനായ ഇയാൻ ബെത്കെയാണ് വിവാഹം ചെയ്തത്. 2017-ൽ സ്വിറ്റ്സർലൻഡിൽ നടന്ന എഫ്ഇഐ വേൾഡ് റെയ്നിങ് ചാംപ്യൻഷിപ്പ് ഉൾപ്പെടെ നിരവധി മത്സരങ്ങളിൽ വിജയിച്ചിട്ടുള്ള ജിന മരിയ 2018 ഫെബ്രുവരിയിൽ, നാഷനൽ റെയ്നിങ് ഹോഴ്സ് അസോസിയേഷന്റെ മത്സരത്തിൽ സ്വർണ മെഡൽ നേടിയിട്ടുണ്ട്.



## യുവേഫ ചാമ്പ്യൻസ് ലീഗിൽ പി.എസ്.ജിയെ തകർത്തു ആഴ്സണൽ

യുവേഫ ചാമ്പ്യൻസ് ലീഗിൽ ആഴ്സണൽ പി.എസ്.ജിയെ എതിരില്ലാത്ത രണ്ട് ഗോളിന് തകർത്തു. ബുകായോ സാകയും കായ് ഹാവർട്സും നേടിയ ഗോളുകളിലാണ് ആഴ്സണൽ പി.എസ്.ജിയെ വീഴ്ത്തിയത്. ബാഴ്സലോണക്കായി റോബർട്ട് ലെവന്റോവ്സ്കി ഇരട്ടഗോളുകൾ കണ്ടെത്തി. റഫീന്യയും ഇനിഗോ മാർട്ടിനസുമാണ് മറ്റ് സ്കോററർമാർ. മറ്റ് മത്സരത്തിൽ ബയർ ലവർകൂസൻ എ.സി മിലാനെ എതിരില്ലാത്ത ഒരു ഗോളിന് വീഴ്ത്തി. ഗോൾമഴ പെയ്ത മത്സരങ്ങളിൽ ബാഴ്സ യങ് ബോയ്സിനെ എതിരില്ലാത്ത അഞ്ച് ഗോളിനും മാഞ്ചസ്റ്റർ സിറ്റി എതിരില്ലാത്ത നാല് ഗോളിന് സ്ലൊവാൻ ബ്രാട്ടിസ്ലാവയേയും ബൊറൂസിയ ഡോർട്ട്മുണ്ട് ഒന്നിനെതിരെ ഏഴ് ഗോളുകൾക്ക് സെൽറ്റിക്കിനേയും ഇന്റർമിലാൻ എതിരില്ലാത്ത നാല് ഗോളിന് ക്രെവ്ന സ്വെസ്ദയെയും തകർത്തു.



## ബോർഡർ ഗവാസ്കർ ട്രോഫിയിലും ഷമി കളിക്കില്ല

രഞ്ജി ട്രോഫിയിലൂടെ തിരിച്ചുവരവിന് ഒരുങ്ങുന്ന ഇന്ത്യൻ പേസർ മുഹമ്മദ് ഷമിയ്ക്ക് വീണ്ടും പരിക്ക്. പരിശീലനത്തിനിടെ നേരത്തെ പരിക്കേറ്റിരുന്ന അതേയിടത്തിൽ വീണ്ടും പരിക്കേറ്റതായാണ് റിപ്പോർട്ടുകൾ. ഫെബ്രുവരിയിൽ അക്കില്ലസ് ടെൻഡോൺ ശസ്ത്രക്രിയയെ തുടർന്ന് ഷമി നാഷണൽ ക്രിക്കറ്റ് അക്കാദമിയുടെ മേൽനോട്ടത്തിൽ തിരിച്ചുവരവിനുള്ള ശ്രമത്തിലായിരുന്നു. 2023ലെ ഏകദിന ലോകകപ്പിൽ 24 വിക്കറ്റുകളുമായി തിളങ്ങിയ താരം അതിന് ശേഷം ഇന്ത്യയ്ക്കായി ഇതുവരെയും കളിച്ചിട്ടില്ല. നവംബർ 22 മുതൽ ഓസ്ട്രേലിയയിൽ ആരംഭിക്കുന്ന ബോർഡർ- ഗവാസ്കർ ട്രോഫിയിൽ താരം തിരിച്ചെത്തുമെന്നാണ് കരുതിയിരുന്നെങ്കിലും പുതിയ പരിക്കിനെ തുടർന്ന് പരമ്ബരയും നഷ്ടമാകുമെന്നാണ് റിപ്പോർട്ടുകൾ.



## ടെസ്റ്റ് റാങ്കിങ്: മുന്നേറ്റവുമായി ഇന്ത്യൻ താരങ്ങൾ

# ഒന്നാമനായി ബുംറ



അന്താരാഷ്ട്ര ക്രിക്കറ്റ് കൗൺസിലിന്റെ ടെസ്റ്റ് റാങ്കിംഗിൽ മുന്നേറി ഇന്ത്യൻ താരങ്ങൾ. ബൗളർമാരുടെ റാങ്കിംഗിൽ ജസ്പ്രീത് ബുംറ ഒന്നാം സ്ഥാനത്തേക്ക് തിരിച്ചെത്തി.870 പോയിന്റുമായാണ് താരം ഒന്നാമതെത്തിയത്. ഇന്ത്യൻ താരം രവിചന്ദ്രൻ അശ്വിനാണ് ഈ നേട്ടം സ്വന്തമാക്കിയത്. അശ്വിന് 869 പോയിന്റുണ്ട്.ആറാം സ്ഥാനത്തുള്ള രവീന്ദ്ര ജഡേജയാണ് ആദ്യ പത്തിലെ മറ്റൊരു ഇന്ത്യൻ ബൗളർ. 809 പോയിന്റാണ് ജഡേജയ്ക്കുള്ളത്.കഴിഞ്ഞ ഫെബ്രുവരിയിലാണ് ബുംറ ടെസ്റ്റിൽ ഒന്നാം റാങ്കിലെത്തിയത്. ഈ നേട്ടം കൈവരിക്കുന്ന ആദ്യ ഇന്ത്യൻ പേസർ എന്ന അപൂർവതയോടെയാണ് അദ്ദേഹം നേട്ടത്തിന്റെ നെറുകയിലെത്തിയത്.ബാറ്റിങ്ങിൽ യുവതാരം യശസ്വി ജയ്സ്വാളാണ് വലിയ മുന്നേറ്റം നടത്തിയത്. രണ്ട് സ്ഥാനങ്ങൾ മെച്ചെപ്പെടുത്തി മൂന്നാം സ്ഥാനത്തേക്ക് എത്തി. ഇംഗ്ലണ്ടിന്റെ ജൊ റൂട്ടാണ് ഒന്നാമത്. ന്യൂസിലൻഡ് താരം കെയിൻ വില്യംസൺ രണ്ടാമതും. ജയ്സ്വാളിന്റെ കരിയറിലെ ഏറ്റവും മികച്ച റാങ്കിങ്ങാണിത്. 792 പോയിന്റാണ് താരത്തിനുള്ളത്. ബംഗ്ലാദേശിനെതിരായ പരമ്ബരയിൽ ടോപ് സ്കോററായതാണ് താരത്തെ തുണച്ചത്.ആറ് സ്ഥാനങ്ങൾ മെച്ചപ്പെടുത്തി ആറാം റാങ്കിലേക്ക് എത്താൻ വിരാട് കോഹ്ലിക്കായി. 724 പോയിന്റാണ് കോഹ്ലിക്കുള്ളത്.അതേസമയം, രോഹിത് ശർമയ്ക്കും ഋഷഭ് പന്തിനും റാങ്കിങ്ങിൽ തിരിച്ചടിയുണ്ടായി. ബംഗ്ലാദേശിനെതിരായ പരമ്ബരയിലെ മോശം പ്രകടനം രോഹിതിനെ 15-ാം സ്ഥാനത്തേക്ക് പിന്തള്ളി.

## ലോകകപ്പിന് ശേഷം മെസ്സിയുടെ സ്വഭാവം മാറി; പി.എസ്.ജി താരം

2022 ഖത്തർ ലോകകപ്പ് വിജയത്തിന് ശേഷം ലയണൽ മെസ്സിയുടെ സ്വഭാവത്തിൽ കാര്യമായ മാറ്റം വന്നതായി മുൻ പിഎസ്ജി ഡിഫൻഡറും ഫ്രഞ്ച് സൂപ്പർ താരവുമായ ജെറോം റോത്തൻ.വളരെ സൗമ്യനായ വ്യക്തിയായിരുന്ന മെസിക്ക് ലോക ചാമ്ബ്യനായതിന് മാറ്റം സംഭവിച്ചതായി താരം ആരോപിച്ചു. ലോകകപ്പ് ക്വാളിഫയറിലെ അർജന്റീന - ബ്രസീൽ മത്സരത്തിൽ മെസി ബ്രസീൽ താരം റോഡ്രിഗോയുമായി വാക്കുതർക്കത്തിലേർപ്പെട്ടതിന് പിന്നാലെയാണ് റോഥൻ ഇക്കാര്യം പറഞ്ഞത്.മറ്റൊരാൾ കാരണം നമ്മൾ വലുതാണ് എന്നതാണ് അർജന്റൈൻ ദേശീയതയുടെ ചിന്ത. അവർക്ക് കുറച്ചുകൂടി ക്ലാസ് ഉണ്ടായിരിക്കണം,' റോഥൻ കൂട്ടിച്ചേർത്തു.

# ഹൃദയത്തെ കാക്കാം പൊന്നുപോലെ; വിദഗ്ധർ നിർദേശിക്കുന്ന 10 ജീവിതശൈലി മാറ്റങ്ങൾ ശ്രദ്ധിക്കൂ



അലസമായ ജീവിതശൈലിയും റെഡി ടു ഈറ്റ് ഭക്ഷണങ്ങളുടെ വർദ്ധിച്ച പ്രവണതയും കാരണം ആഗോളതലത്തിൽ ഹൃദ്രോഗികളുടെ എണ്ണം വർദ്ധിച്ചു വരികയാണ്. ആരോഗ്യകരമായ ജീവിതശൈലിയും ശരിയായ ഭക്ഷണശീലവും പിന്തുടർന്നാൽ ഹൃദയാരോഗ്യം സംരക്ഷിക്കാനാകും. ഹൃദയാരോഗ്യത്തിനായി വിദഗ്ധർ ശുപാർശ ചെയ്യുന്ന 10 ജീവിതശൈലി മാറ്റങ്ങൾ ഇതാ:

### പുകവലി ഉപേക്ഷിക്കുക

നിങ്ങളുടെഹൃദയാരോഗ്യംമെച്ചപ്പെടുത്താൻ നിങ്ങൾക്ക് ചെയ്യാവുന്ന ഏറ്റവും വലിയ ജീവിതശൈലി മാറ്റമാണ് പുകവലി ഉപേക്ഷിക്കുന്നത്. പുകയിലയിലെ രാസവസ്തുക്കൾ നിങ്ങളുടെ ഹൃദയത്തെയുംരക്തക്കുഴലുകളെയും നശിപ്പിക്കുകയും നിങ്ങളുടെ രക്തത്തിലെ ഓക്സിജൻ കുറയ്ക്കുകയും രക്തസമ്മർദ്ദവും ഹൃദയമിടിപ്പും വർദ്ധിപ്പിക്കുകയും ചെയ്യുന്നു.

### സമീകൃതാഹാരം കഴിക്കുക

സസ്യാധിഷ്ഠിത ഭക്ഷണങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുക, സംസ്കരിച്ചതും റെസ്റ്റോറന്റ് ഭക്ഷണങ്ങളും പരിമിതപ്പെടുത്തുക, പഞ്ചസാര, മാംസം, പാലുൽപ്പന്നങ്ങൾ, ചീസ് എന്നിവയുടെ ഉപഭോഗം കുറയ്ക്കുക.

### പതിവായി വ്യായാമം ചെയ്യുക

കുറഞ്ഞത് 150 മിനിറ്റ് മിതമായ തീവ്രതയുള്ള ശാരീരിക പ്രവർത്തനങ്ങൾ അല്ലെങ്കിൽ 30 മിനിറ്റ്, ആഴ്ചയിൽ അഞ്ച് ദിവസം ചെയ്യുക. നടത്തം, സൈക്ലിങ്, നീന്തൽ തുടങ്ങിയ മിതമായ ശാരീരിക വ്യായാമങ്ങൾ ആഴ്ചയിൽ എല്ലാ ദിവസവും കുറഞ്ഞത് 30 മിനിറ്റെങ്കിലും ശീലമാക്കണം. എപ്പോഴും ആക്ടീവായിരിക്കുക എന്നത് ഹൃദയാരോഗ്യം സംരക്ഷിക്കുന്നതിൽ പ്രധാനമാണ്. ഇത് രക്തപ്രവാഹത്തെ പ്രോത്സാഹിപ്പിക്കുകയുംഹൃദയനിരക്കുംഹൃദയാരോഗ്യവും മെച്ചപ്പെടുത്തുകയും ചെയ്യും

### ആരോഗ്യകരമായ ഭാരം നിലനിർത്തുക

അമിതഭാരമോ പൊണ്ണത്തടിയോ നിങ്ങളുടെ ഹൃദ്രോഗ സാധ്യത വർദ്ധിപ്പിക്കുന്നു. ആരോഗ്യകരമായ ഭാരം നേടുന്നതിനും നിലനിർത്തുന്നതിനും പോഷകസമൃദ്ധമായ ഭക്ഷണങ്ങൾ കഴിക്കുകയും പതിവായി വ്യായാമം ചെയ്യുകയും ചെയ്യുക.

### രക്തസമ്മർദ്ദം

നിങ്ങളുടെ രക്തസമ്മർദ്ദം പതിവായി നിരീക്ഷിക്കുകയും ആവശ്യമെങ്കിൽ അത് കുറയ്ക്കുകയും ചെയ്യുക.

### പ്രമേഹം നിയന്ത്രിക്കുക

നിങ്ങൾക്ക് പ്രമേഹമുണ്ടെങ്കിൽ, നിങ്ങളുടെ രക്തത്തിലെ പഞ്ചസാരയുടെ അളവ് നിയന്ത്രിക്കുന്നതിനും ഹൃദ്രോഗ സാധ്യത കുറയ്ക്കുന്നതിനും നിങ്ങളുടെ ഹെൽത്ത് കെയർ ടീമിനൊപ്പം പ്രവർത്തിക്കുക.

### മതിയായ ഉറക്കം

സമ്മർദ്ദം, മാനസികാവസ്ഥ, ഹൃദയ സംബന്ധമായ ആരോഗ്യം എന്നിവ നിയന്ത്രിക്കാൻ സഹായിക്കുന്നതിന് രാത്രിയിൽ 7 -9 മണിക്കൂർ ഉറങ്ങുക.

### സമ്മർദ്ദം കുറയ്ക്കുക

വ്യായാമം, ധ്യാനം, അല്ലെങ്കിൽ പ്രിയപ്പെട്ടവരുമായിസമയംചിലവഴിക്കുക തുടങ്ങിയ സമ്മർദ്ദം കുറയ്ക്കുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടുക. ഉയർന്ന തലത്തിലുള്ള സമ്മർദ്ദം മോശം ആരോഗ്യഅവസ്ഥയ്ക്ക് കാരണമാകും.

### മദ്യം പരിമിതപ്പെടുത്തുക

മിതമായ മദ്യപാനം ഹൃദയത്തിന് ചില ഗുണങ്ങൾ ഉണ്ടാക്കുമെങ്കിലും അമിതമായാൽ രക്തസമ്മർദം കൂട്ടുകയും ഹൃദ്രോഗങ്ങൾക്ക് കാരണമാകുകയും ചെയ്യും.

### പോസിറ്റീവ് സോഷ്യൽ കണക്ഷനുകൾ കെട്ടിപ്പടുക്കുക

കുടുംബാംഗങ്ങളുമായും സുഹൃത്തുക്കളുമായും ബന്ധം വളർത്തുക, നിങ്ങളുടെ സോഷ്യൽ നെറ്റ്വർക്ക് വിപുലീകരിക്കുന്നതിന് സോഷ്യൽ ഗ്രൂപ്പുകളിലോ ക്ലബ്ബുകളിലോ ചേരുന്നത് പരിഗണിക്കുക.

# ജോലിസ്ഥലത്തെ സമ്മർദ്ദം സ്വൈര്യം കെടുത്തുന്നോ? കുറയ്ക്കാൻ 7 ലളിതമായ വഴികൾ



യുവ പ്രൊഫഷണലുകൾക്ക് ജോലിസ്ഥലത്തെ സമ്മർദ്ദം കൂടിവരികയാണെന്നാണ് റിപോർട്ടുകൾ. വെൽനസ് പ്ലാറ്റ്ഫോമായ YourDOST-ൽ നിന്നുള്ള ഇമോഷണൽ വെൽനസ് സ്റ്റേറ്റ് ഓഫ് എംപ്ലോയീസ് റിപ്പോർട്ട് അനുസരിച്ച്, 21നും 30നും ഇടയിൽ പ്രായമുള്ള 64 ശതമാനം ജീവനക്കാരും ഉയർന്ന സമ്മർദത്തോട് പോരാടുകയാണ്.

ഈ കണ്ടെത്തലുകൾ തൊഴിൽ ശക്തിയിൽ വർദ്ധിച്ചുവരുന്ന മാനസിക ആരോഗ്യ പ്രതിസന്ധിയെക്കുറിച്ച് തുറന്നുകാട്ടുന്നു. കാരണം ചെറുപ്പക്കാരായ ജീവനക്കാർ ജോലിയിലും പുറത്തും വർദ്ധിച്ചുവരുന്ന സമ്മർദ്ദങ്ങളാണ് നേരിടുന്നത്.

ഈ സാഹചര്യങ്ങളെ അതിജീവിക്കാൻ ചിലപ്പോൾ ഒറ്റയ്ക്ക് സാധിക്കണമെന്നില്ല മറ്റുള്ളവരുടെ സഹായം ആവശ്യമായ സാഹചര്യമുണ്ടാകാം. ചില ടിപ്സുകൾ പിന്തുടർന്നാൽ സമ്മർദങ്ങളിൽ നിന്ന് ആശ്വാസം കണ്ടെത്താനാകും.

1. ജോലിക്കിടയിൽ ഇടവേളകൾ കണ്ടെത്തുക. കുറച്ചു നേരം ഓഫീസിൽ നിന്നും മാറി നിൽക്കൂ. ഒരു ചെറിയ നടത്തം പോലും സഹായിക്കും.
2. നിങ്ങൾക്ക് ഏറ്റവും പ്രധാനപ്പെട്ട കാര്യങ്ങൾ ലിസ്റ്റ് ചെയ്യുക. പ്രാധാന്യമുള്ള കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധ ചെലുത്തുക.
3. ശ്വസന വ്യായാമങ്ങൾ മനസ്സിനെ ശാന്തമാക്കാൻ സഹായിക്കുന്നു. ഇത് പരീക്ഷിക്കുക.
4. വർക്ക് ഡെസ്ക് വൃത്തിയായി സൂക്ഷിക്കുക. അലങ്കോലമായ അന്തരീക്ഷം മനസ്സിനെ തളർത്താൻ സാധ്യതയുണ്ട്.
5. നിങ്ങൾ ഉയർന്ന തലത്തിലുള്ള സമ്മർദ്ദം അനുഭവിക്കുന്നുണ്ടെങ്കിൽ, അതിനെക്കുറിച്ച് നിങ്ങളുടെ സഹപ്രവർത്തകരെയും മേലുദ്യോഗസ്ഥരെയും അറിയിക്കുക.
6. വ്യായാമം ചെയ്യാൻ ശ്രമിക്കുന്നതും നല്ലതാണ്.
7. ജീവിതനിലവാരം വർധിപ്പിക്കുന്ന പ്രധാന ഘടകങ്ങളിലൊന്നാണ് ഹോബികൾ. ഇത് ഓരോ വ്യക്തിയുടെയും സൃഷ്ടിപരമായ കഴിവുകളെയും സ്വാധീനിക്കുന്നുണ്ട്. ജീവിതത്തിൽ ശുഭചിന്തകൾ വളർത്തുന്ന ഹോബികൾ എല്ലാവർക്കും വേണം. ഇത് സമ്മർദം അകറ്റാൻ മികച്ച മാർഗമാണ്.

# വെള്ളമടിച്ച് കിളി പോയോ..? ഹാംഗ് ഓവർ മാറ്റാൻ ചില ടിപ്സുകൾ



മദ്യപാനത്തിന്റെ പാർശ്വഫലങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ് ഹാങ് ഓവർ. തലവേദന, ക്ഷീണം, തളർച്ച അങ്ങനെ പല ബുദ്ധിമുട്ടുകളാണ് ഹാങ് ഓവർ സമ്മാനിക്കുക. മദ്യത്തിന്റെ ഗുണനിലവാരവും അളവും ഇതിന് കാരണമാകുന്നുണ്ടെന്ന് പരക്കെ വിശ്വസിക്കപ്പെടുന്നുണ്ടെങ്കിലും, പാനീയത്തിലെ ചേരുവകളും ഒരു പ്രധാന പങ്ക് വഹിക്കുന്നുണ്ടെന്ന് ആരോഗ്യ വിദഗ്ധർ പറയുന്നു.

ഉത്തർപ്രദേശിലെ മീററ്റിലെ ലാലാ ലജ്പത് റായ് മെഡിക്കൽ കോളേജിലെ ന്യൂറോളജി വിഭാഗം മേധാവി ഡോ.ദീപിക സാഗർ പറയുന്നത് ഹാംഗ് ഓവർ ലക്ഷണങ്ങളെ ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിന് ഈ ഘടകങ്ങൾ മനസ്സിലാക്കുന്നത് നിർണായകമാണ്.

മദ്യം കഴിക്കുന്നത് നിർജ്ജലീകരണത്തിലേക്ക് നയിക്കുന്നു. ഇത് വഴി വാസോപ്രെസിൻ എന്ന ഹോർമോണിന്റെ ഉത്പാദനത്തെ തടസ്സപ്പെടുത്തുന്നു.

ആൽക്കഹോൾ വാസോപ്രെസിൻ അളവ് കുറയ്ക്കമ്പോൾ ശരീരം നിർജ്ജലീകരണത്തിനുള്ള സാധ്യത വർദ്ധിപ്പിക്കുകയും തലവേദന ഉണ്ടാകുകയും ചെയ്യുമെന്ന് ഡോ. സാഗർ പറഞ്ഞു.

അതോടൊപ്പം മദ്യത്തിന്റെ ഗുണനിലവാരം തലവേദനയ്ക്കും കാരണമാകുന്നു. ഗുണമേന്മ കുറഞ്ഞ മദ്യത്തിൽ കൺജെനേഴ്സ് എന്ന് വിളിക്കപ്പെടുന്ന കൂടുതൽ ഉൽപ്പന്നങ്ങൾ അടങ്ങിയിരിക്കുന്നു, ഇത് തലവേദനയും മറ്റ് ഹാംഗ് ഓവർ ലക്ഷണങ്ങളും വർദ്ധിപ്പിക്കുന്നു.

മദ്യത്തിലെ പ്രധാന ഘടകമായ എത്തനോൾ രക്തത്തിലെ പഞ്ചസാരയുടെ അളവിനെ ബാധിക്കുന്നു, ഇത് തലവേദന, തലകറക്കം, ക്ഷീണം എന്നിവയ്ക്ക് കാരണമാകും.

കൂടാതെ, ഇടയ്ക്കിടെയുള്ള മൂത്രമൊഴിക്കൽ നിർജ്ജലീകരണത്തിന് കാരണമാകും. ഗുണമേന്മ കുറഞ്ഞ മദ്യത്തിൽ മായം കലർന്ന അല്ലെങ്കിൽ ദോഷകരമായ രാസവസ്തുക്കളുടെ സാന്നിധ്യവും തലവേദനയ്ക്ക് കാരണമാകും.

### ഹാങ് ഓവർ എങ്ങനെ നിയന്ത്രിക്കാം

കഴിക്കുന്ന മദ്യത്തിന്റെ അളവ് നിയന്ത്രിക്കുക എന്നതുതന്നെയാണ് പ്രധാന കാര്യം. ഹാങ് ഓവറിന്റെ തീവ്രതയെ ബാധിക്കുന്ന മറ്റു നിരവധി ഘടകങ്ങളുണ്ട്. അതുകൊണ്ടു തന്നെ ചില കാര്യങ്ങൾ ചെയ്തും മറ്റ് ചിലത് ചെയ്യാതിരുന്നുകൊണ്ടും ഹാങ് ഓവർ ബുദ്ധിമുട്ടുകൾ കുറയ്ക്കാനാവും.

ഹാങ് ഓവർ മാറാൻ വീണ്ടും മദ്യം കഴിക്കാതിരിക്കുക. ഇത് അസ്വസ്ഥതകളും ബുദ്ധിമുട്ടുകളും കൂട്ടുകയേ ഉള്ളൂ.

താൽക്കാലിക ആശ്വാസം ഒരുപക്ഷേ തോന്നിയാലും നിർജലീകരണം ഉൾപ്പെടെയുള്ളവ വീണ്ടും സംഭവിക്കുന്നതിനാൽ ഹാങ് ഓവറിൽ നിന്നുള്ള മോചനം അകലെയാവുകയേയുള്ളൂ.

### കഫീൻ ഒഴിവാക്കുക

ക്ഷീണവും തളർച്ചയും മാറാൻ കാപ്പി കുടിക്കാതിരിക്കുക. കഫീൻ ഉള്ളിൽ ചെല്ലുമ്പോൾ കൂടുതൽ നിർജലീകരണം സംഭവിക്കുകയാണ് ചെയ്യുന്നത്. പകരം ഹെർബൽ ടീ, കരിക്കിൻവെള്ളം തുടങ്ങിയവ കഴിക്കാം.

### വറുത്തതും പൊരിച്ചതുമായ ഭക്ഷണം ഒഴിവാക്കുക

വറുത്തതും പൊരിച്ചതുമായ ഭക്ഷണങ്ങൾ ഹാങ് ഓവർ കൂടുതൽ ബുദ്ധിമുട്ടുള്ളതാക്കും. മാത്രമല്ല, ഇവ ദഹനവ്യവസ്ഥയ്ക്കു മേൽ കൂടുതൽ സമ്മർദം ചെലുത്തും. അതിനാൽ ഇത്തരം ഭക്ഷണങ്ങൾ പരമാവധി ഒഴിവാക്കുക.

### കഠിന വ്യായാമങ്ങൾ ഒഴിവാക്കുക

ഹാങ് ഓവറിനൊപ്പം കടുത്ത വ്യായാമം ചെയ്ത് ശരീരത്തെ കൂടുതൽ ബുദ്ധിമുട്ടിക്കാതിരിക്കുക. വേണമെങ്കിൽ ലഘുവ്യായാമങ്ങൾ ആകാം. കഠിനമായ വ്യായാമം ശരീരത്തെ വീണ്ടും ക്ഷീണിപ്പിക്കുകയും നിർജലീകരണത്തിലേക്ക് നയിക്കുകയും ചെയ്യും.

### ഹാങ്ഓവർ മാറ്റാൻ

ആവശ്യത്തിന് വെള്ളം കുടിക്കുക.

മദ്യം നിർജലീകരണത്തിന് കാരണമാകും. അതിനാൽ, ശരീരത്തിന് നഷ്ടപ്പെട്ട വെള്ളം വീണ്ടും നൽകുക. വെള്ളം കുടിക്കുന്നത് ശരീരത്തിൽ ജലാംശം നിലനിർത്തുകയും ദോഷകരമായ വസ്തുക്കളെ പുറന്തള്ളാൻ ഒരു പരിധിവരെ സഹായിക്കുകയും ചെയ്യുന്നു.

### പോഷകസമൃദ്ധമായ പ്രഭാതഭക്ഷണം

പോഷകസമൃദ്ധമായ പ്രഭാതഭക്ഷണം രക്തത്തിലെ പഞ്ചസാരയുടെ അളവ് നിയന്ത്രിക്കാൻ സഹായിക്കുന്നു. അന്നജം, പ്രോട്ടീൻ, കൊഴുപ്പ് എന്നിവ അടങ്ങിയ ഭക്ഷണം കഴിക്കുന്നത് ശരീരത്തിന് ആവശ്യമായ പോഷകങ്ങളും ഊർജവും നൽകുന്നു.

### വിശ്രമം

മദ്യം ഉറക്കത്തെ ബാധിക്കും. അതിനാൽ നിങ്ങളുടെ ശരീരത്തിന് പതിവിലും അൽപ്പം വിശ്രമം നൽകുക.

### ഇഞ്ചി അല്ലെങ്കിൽ കുരുമുളക് ചായ കുടിക്കുക

ഓക്കാനം ഉൾപ്പെടെയുള്ള ഹാംഗ് ഓവർ പ്രശ്നങ്ങൾക്ക് ഒരു പരിധിവരെ ഇഞ്ചി ചായ സഹായിക്കും. വയറ്റിലെ അസ്വസ്ഥതകൾക്കും തലവേദനയ്ക്കും പെപ്പർമിന്റ് ടീ സഹായിക്കും.

ശരീരത്തിലെ ജലാംശം നിലനിർത്തുന്നതിനൊപ്പം ദഹനസംബന്ധമായ തകരാറുകൾ പരിഹരിക്കാനും ഇവയ്ക്ക് കഴിയും.




## കീശ കാലിയാവില്ല; ആൻഡ്രോയ്ഡ് യൂസർമാർക്ക് 'ജെമിനി ലൈവ്' ഇനി സൗജന്യം

ആൻഡ്രോയ്ഡ് യൂസർമാർക്ക് സന്തോഷവാർത്ത. ജെമിനി ലൈവ് ചാറ്റ്ബോട്ട് എഐ അസിസ്റ്റന്റ് സേവനം സൗജന്യമാക്കി ഗൂഗിൾ. മുമ്പ് ജെമിനി അഡ്വാൻസ്ഡ് സബ്സ്ക്രൈബർമാർക്ക് മാത്രമായിരുന്നു ഈ ചാറ്റ്ബോട്ട് ലഭ്യമായിരുന്നത്. എല്ലാ ആൻഡ്രോയ്ഡ് യൂസർമാർക്കും ജെമിനി ലൈവ് ചാറ്റ്ബോട്ട് സൗജന്യ നിരക്കിൽ ലഭ്യമാകും.

ജെമിനി ആപ്പ് വഴി നേരിട്ട് ചോദ്യങ്ങൾ ചോദിക്കാനും, സംശയനിവാരണത്തിനും ഇനി ഫ്രീയായി ആപ്പ് ഉപയോഗിക്കാം. നിലവിലെ പതിപ്പ് ഇംഗ്ലീഷിൽ മാത്രമാണ് ലഭ്യമെങ്കിലും, മറ്റ് ഭാഷകളിലും പിന്തുണ ലഭ്യമാക്കാൻ ഗൂഗിൾ പദ്ധതിയിടുന്നു.

ജെമിനി ലൈവിൽ ഇതുവരെ ജിമെയിൽ, യൂട്യൂബ് മ്യൂസിക് എന്നിവ ഉൾപ്പെടുത്തിയിട്ടില്ലെങ്കിലും, ഭാവിയിലെ അപ്ഡേറ്റുകളിൽ ഉപയോക്താക്കൾക്ക് ഈ ഫീച്ചറുകൾ പ്രതീക്ഷിക്കാം. കൂടാതെ ഭാവിയിൽ ഐഒഎസ് ആപ്പിൽ ജെമിനി ലൈവ് അവതരിപ്പിക്കാനും ഗൂഗിൾ പദ്ധതിയിടുന്നു.

അതോടൊപ്പം ജെമിനി ലൈവ് 10 വോയ്സ് ഓപ്ഷനുകളും വാഗ്ദാനം ചെയ്യുന്നു, അത് ഉപയോക്താക്കളെ അവരുടെ മുൻഗണനകൾക്ക് അനുയോജ്യമായ രീതിയിൽ എഐയുടെ ടോണും ശൈലിയും ക്രമീകരിക്കാൻ അനുവദിക്കുന്നു.

### 4.8 കോടിയുടെ ഫെരാരി കാർ മോഷണം പോയി;

## കണ്ടെത്താൻ സഹായിച്ചത് കുഞ്ഞൻ ആപ്പിൾ എയർപോഡ്!!



ആപ്പിളിന്റെ ഉൽപ്പന്നങ്ങൾ നിസാരക്കാരനല്ലെന്ന് പലരും പറയുന്നുണ്ടെങ്കിലും അത് ഇപ്പോൾ യാഥാർത്ഥ്യമായിരിക്കുകയാണ്. യുഎസിലെ കണക്റ്റിക്കട്ടിൽ മോഷ്ടിച്ച 4.8 കോടി രൂപ വിലമതിക്കുന്ന ഫെരാരി കാർ വീണ്ടെടുക്കാൻ ആപ്പിൾ എയർപോഡ്സ് സഹായിച്ച കഥയാണ് ഇപ്പോൾ ടെക് ലോകം ചർച്ച ചെയ്യുന്നത്. ഐവിറ്റ്നസ് ന്യൂസാണ് ഇക്കാര്യം റിപ്പോർട്ട് ചെയ്തിരിക്കുന്നത്.

മോഷ്ടിച്ച കാറിനുള്ളിൽ ഉടമയുടെ എയർപോഡുകൾ ഉണ്ടായിരുന്നു. കണക്റ്റിക്കട്ടിലെ നഗരമായ വാട്ടർബറിയിലെ ഓട്ടോതെഫ്റ്റ് ടാസ്ക് ഫോഴ്സ് എയർപോഡ് ട്രാക്ക് ചെയ്താണ് കാറിലേക്ക് എത്തിയത്. സൗത്ത് മെയിൻ സ്ട്രീറ്റിന് സമീപമുള്ള ഗ്യാസ് സ്റ്റേഷനിൽ നിന്നാണ് കാർ കണ്ടെത്തിയത്.

സെപ്തംബർ 16ന് ഗ്രീൻവിച്ചിൽ നിന്നായിരുന്നു കാർ മോഷണം പോയത്. ആപ്പിളിന്റെ ഫൈൻഡ് മൈ ഫീച്ചറാണ് ഇതിനായി ഉപയോഗിച്ചത്. ഐക്ലൗഡ് അക്കൗണ്ട് ഉപയോഗിച്ച് ആപ്പിളിന്റെ ലൊക്കേഷൻ ട്രാക്ക് ചെയ്യാൻ അന്വേഷണ സംഘത്തിന് കഴിഞ്ഞു. വാട്ടർബറിയിലെ താമസക്കാരനായ ഡിയോൺ ഷോണ്ടൺ ആണ് മോഷണത്തിന് പിന്നിൽ. ഇയാളെ അന്വേഷണ സംഘം അറസ്റ്റ് ചെയ്തിട്ടുണ്ട്.

**ഫൈൻഡ് മൈ ഉപയോഗിച്ച് എയർപോഡുകൾ എങ്ങനെ ട്രാക്ക് ചെയ്യാം?**

1. ഫൈൻഡ് മൈ ആപ്ലിക്കേഷൻ തുറക്കുക.
2. നിങ്ങൾ ആപ്ലിക്കേഷൻ തുറക്കുമ്പോൾ, താഴെയുള്ള പാനലിൽ, പീപ്പിൾ (People), ഡിവൈസെസ് (Devices), ഐറ്റംസ് (Items), മി (Me). ഇതിൽ ഡിവൈസെസ് എന്ന ഓപ്ഷൻ തുറക്കുക. അതിൽ എയർപോഡ്സ് തിരഞ്ഞെടുക്കുക.
3. അടുത്തതായി മാപ്പ് ഉപയോഗിച്ച് ലൊക്കേറ്റ് ചെയ്യുക.
4. നിങ്ങളുടെ അടുത്തല്ല എയർപോഡെങ്കിൽ Get Directions എന്ന ഓപ്ഷൻ തിരഞ്ഞെടുക്കുക.
5. അടുത്താണെങ്കിൽ Play Sound ക്ലിക്ക് ചെയ്യുക.

### സ്നാപ്ഡ്രാഗൺ 6 ജെൻ, 5000 എംഎഎച്ച് ബാറ്ററി;

## കിടിലൻ ഫീച്ചറുകളുമായി മോട്ടോ ജി75 5ജി

മോട്ടറോളയുടെ ഏറ്റവും പുതിയ ജി സീരീസ് സ്മാർട്ട്ഫോണായ മോട്ടോ ജി 75 5ജി പുറത്തിറങ്ങി. സ്നാപ്ഡ്രാഗൺ സിക്സ്ത്ത് ജെനറേഷൻ ചിപ്സെറ്റ് 3യിൽ വരുന്നതാണ് ഫോൺ.



**പ്രത്യേകത**

ഡബിൾ നാനോ സിം ഇടാൻ കഴിയുന്നതാണ് മോട്ടോ ജി75 5ജി സ്മാർട്ട്ഫോണിന്റെ പ്രത്യേകത. ആൻഡ്രോയ്ഡ് 14 പ്ലാറ്റ്ഫോമിൽ വരുന്ന ഫോണിനുള്ളത് 6.78 ഇഞ്ചിന്റെ ഫുൾ എച്ച്ഡി+ ഡിസ്പ്ലേയാണ്.

സ്ക്രീനിന് ഗോറില്ല ഗ്ലാസ് 5 സുരക്ഷ നൽകിയിരിക്കുന്നു. ഫ്രണ്ട് ക്യാമറ 16 മെഗാ പിക്സലാണ്. മിലിറ്ററി നിലവാരത്തിലുള്ള MILSTD 810H സർട്ടിഫിക്കറ്റും ഐപി68 റേറ്റിംഗും വരുന്ന ഫോൺ പൊടിപടലങ്ങളിലും വെള്ളത്തിനടിയിലും സുരക്ഷ ഉറപ്പാക്കുമെന്ന് പ്രതീക്ഷിക്കാം.

ബ്ലൂടൂത്ത് 5.4, ജിപിഎസ്, എൽടിഇപിപി, ഗ്ലോനാസ് ഗലീലിയോ, എൻഎഫ്സി, യുഎസ്ബി ടൈപ്പ്സി പോർട്ട്, വൈഫൈ 802.11 എന്നിവയാണ് 5ജിക്ക് പുറമെ ഫോണിലുള്ള മറ്റ് കണക്റ്റിവിറ്റികൾ.

5000 എംഎഎച്ച് ബാറ്ററിക്കൊപ്പം വരുന്നത് 30 വാട്ട്സ് വയേർഡ് ഫാസ്റ്റ് ചാർജറും 15 വാട്ട്സ് വയർലെസ് ചാർജിംഗ് സംവിധാനവുമാണ്. പൂജ്യത്തിൽ നിന്ന് 50 ശതമാനത്തിലേക്ക് ചാർജ് എത്താൻ 25 മിനിറ്റ് മതിയെന്നാണ് കമ്പനി അവകാശപ്പെടുന്നത്. മൂന്ന് നിറങ്ങളിലുള്ള ഫോൺ യൂറോപ്പിന് പുറമെ ലാറ്റിനമേരിക്കയിലും തെരഞ്ഞെടുക്കപ്പെട്ട ഏഷ്യാ പസിഫിക് രാജ്യങ്ങളിലും ലഭ്യമാകും.

എട്ട് ജിബി റാമും 256 ജിബി സ്റ്റോറേജും വരുന്ന മോഡലിന് യൂറോപ്പിൽ 299 യൂറോയാണ് (ഏതാണ്ട് 27,000 ഇന്ത്യൻ രൂപ) വില. മൈക്രോ എസ്ഡി കാർഡിലൂടെ സ്റ്റോറേജ് 1 ടിബി വരെയായി ഉയർത്താം.




## നിർദേശം നൽകിയാൽ മതി, മെറ്റ ഫോട്ടോ എഡിറ്റ് ചെയ്ത് കയ്യിൽ തരും; ഫീച്ചറുമായി വാട്ട്സ്ആപ്പ്

വീണ്ടും വ്യത്യസ്തമായ ഫീച്ചറുമായി വാട്ട്സ്ആപ്പ്. പിക്ചർ കാളിറ്റിക്കായാണ് പുതിയ ഫീച്ചർ വാട്സ്ആപ്പ് കൊണ്ടുവരുന്നത്.

മെറ്റ എഐക്ക് ശബ്ദ നിർദേശം നൽകിയാൽ ഫോട്ടോകൾ എഡിറ്റ് ചെയ്ത് ലഭിക്കുന്നതാണ് ഇതിൽ ഏറ്റവും ശ്രദ്ധേയമായ സംവിധാനം.

റിയൽടൈം വോയ്സ് മോഡിലൂടെ മെറ്റ എഐയുമായി സംസാരിച്ച് ഫോട്ടോ എഡിറ്റ് ചെയ്യാൻ ആവശ്യപ്പെടാം. വാട്സ്ആപ്പിന്റെ ബീറ്റ വേർഷനിൽ കുറച്ച് കാലമായി പ്രത്യക്ഷപ്പെട്ടിരിക്കുന്ന വോയ്സ് മോഡ് ഫീച്ചർ ഉടൻ വ്യാപകമായി അവതരിപ്പിക്കപ്പെടും.

മെറ്റ എഐയുമായി ഫോട്ടോകൾ പങ്കിടാനും ചാറ്റ്ബോട്ടിനോട് ചോദിച്ച് എഡിറ്റ് ചെയ്യാനും കഴിയും. ചിത്രങ്ങളിലെ അനാവശ്യ ഭാഗങ്ങൾ നീക്കം ചെയ്യാനും പശ്ചാത്തലം മാറ്റാനും സാധിക്കും. മെറ്റ കണക്ട് ഇവന്റിലാണ് കമ്പനി ഈ ഫീച്ചർ അവതരിപ്പിച്ചത്. വാട്ട്സ്ആപ്പ് ഉപയോക്താക്കൾക്ക് വേവ്ഫോം ബട്ടൺ അമർത്തി മെറ്റ എഐയുമായി സംസാരിക്കാം.

ഒരു ചിത്രം അയച്ചുകൊടുത്താൽ അതെന്താണ് എന്ന് മെറ്റ എഐ വിശദീകരിക്കുന്ന ഫീച്ചറും അണിയറയിൽ ഒരുങ്ങുകയാണ്. ഫോട്ടോയുടെ ഉള്ളടക്കത്തെ കുറിച്ച് വാട്ട്സ്ആപ്പ് യൂസർമാർക്ക് ചോദ്യങ്ങൾ ചോദിക്കാം. മെറ്റ എഐ ഇതിന് ഉത്തരം നൽകും.

വേൾഡ് വാചകം

# 'സാഹചര്യം മുതലെടുക്കരുത്, പാശ്ചാത്യ രാജ്യങ്ങൾ പശ്ചിമേഷ്യ വിട്ടുപോകണം'; ആയത്തുല്ല ഖമേനി

ടെഹ്റാൻ : പാശ്ചാത്യ രാജ്യങ്ങൾ പശ്ചിമേഷ്യ വിട്ടുപോകണമെന്ന് ഇറാന്റെ പരമോന്നത നേതാവ് ആയത്തുല്ല അലി ഖമേനി. ഇറാൻറെ ഇസ്രയേൽ മിസൈൽ ആക്രമണത്തോടെ പശ്ചിമേഷ്യയിലെ സ്ഥിതിഗതികൾ സങ്കീർണമായതിന് ശേഷം ഇതാദ്യമായാണ് പരമോന്നത നേതാവ് പൊതുവേദിയിൽ പ്രത്യക്ഷപ്പെടുന്നത്. നസ്റല്ലയുടെ മരണത്തിൽ ഇറാൻ ഇപ്പോഴും വിലപിക്കുകയാണെന്ന് ഖമേനി പറഞ്ഞു. എന്നാൽ വിലപിക്കുക എന്നതിനർത്ഥം വിഷമിച്ച് മൂലയിൽ ഇരിക്കുക എന്നല്ലെന്നും പരമോന്നത നേതാവ് കൂട്ടിച്ചേർത്തു. നമ്മുടെ മേഖലയിലെ പ്രശ്നത്തിന്റെ മൂലകാരണം, ഈ സംഘർഷങ്ങളും യുദ്ധങ്ങളും, ഈ മേഖലയിൽ സമാധാനത്തിന് വേണ്ടി വാദിക്കുന്നവരുടെ സാന്നിധ്യമാണ്. അതായത്, അമേരിക്കയും ചില യൂറോപ്യൻ രാജ്യങ്ങളുമാണെന്നും അദ്ദേഹം കുറ്റപ്പെടുത്തി.സ്ഥിതിഗതികൾ വഷളാക്കാൻ ഇറാൻ ഉദ്ദേശിക്കുന്നില്ലെന്ന് യൂറോപ്യൻ വിദേശകാര്യ മന്ത്രിമാരുമായുള്ള നയതന്ത്ര ഫോൺകോളിൽ ഇറാൻ വിദേശകാര്യ മന്ത്രി അബ്ബാസ് അരാഗ്ചി വ്യക്തമാക്കിയിരുന്നു. ഇസ്രയേൽ ലെബനനിൽ നടത്തുന്ന ആക്രമണങ്ങൾ പോലെ സിവിലിയൻസിനു നേരെയല്ല ഇറാൻറെ ആക്രമണമെന്നും അരാഗ്ചി വാദിച്ചു. മിസൈൽ ആക്രമണത്തെ കുറിച്ച് യുഎസിനു മുന്നറിയിപ്പ് നൽകിയിട്ടില്ലെന്നും അരാഗ്ചി ബുധനാഴ്ച അറിയിച്ചിരുന്നു. എന്നാൽ, തെഹ്റാനിലെ സ്വിസ് എംബസിയുമായി സന്ദേശം കൈമാറിയതായി അബ്ബാസ് അരാഗ്ചി പറഞ്ഞു. കഴിഞ്ഞ ദിവസമാണ് ഇറാൻ ഇസ്രയേലിലേക്ക് 180ലധികം ബാലിസ്റ്റിക് മിസൈലുകൾ വർഷിച്ചത്. അതിൽ ചിലത് 10,000 എംപിഎച്ച് വേഗതയുള്ള ഹൈപ്പർസോണിക് ഫത്താഹ് മിസൈലുകളാണ്. ഭൂരിഭാഗം മിസൈലുകളും നിർജീവമാക്കിയെന്നാണ് ഇസ്രയേൽ അധികൃതർ പറയുന്നത്.



## ലെബനനിൽ നിന്ന് പലായനം ചെയ്യണമെന്ന് നസ്റല്ലക്ക് ഖമേനിയുടെ സന്ദേശം ലഭിച്ചിരുന്നു

ടെഹ്റാൻ: ഇസ്രായേൽ ആക്രമണത്തിൽ കൊല്ലപ്പെടുന്നതിന് ദിവസങ്ങൾക്ക് മുമ്പ് ലെബനനിൽ നിന്ന് പലായനം ചെയ്യണമെന്ന് ഇറാന്റെ പരമോന്നത നേതാവ് ആയത്തുള്ള അലി ഖമേനി ഹിസ്ബുള്ള നേതാവ് സയ്യിദ് ഹസൻ നസ്റല്ലയ്ക്ക് മുന്നറിയിപ്പ് നൽകിയെന്ന് റിപ്പോർട്ട്. ഹിസ്ബുള്ളക്കുള്ളിൽ ഇറാൻ ചാരൻമാരുണ്ടെന്നും ഇവർ നസ്റല്ലയുടെ വിവരങ്ങൾ മൊസാദിന് നൽകുന്നുണ്ടെന്നും രഹസ്യ വിവരം ലഭിച്ചത് ഖമേനി പങ്കുവെച്ചു.മുതിർന്ന ഇറാനിയൻ റെവല്യൂഷണറി ഗാർഡ്സ് കമാൻഡറായ ബ്രിഗേഡിയർ ജനറൽ അബ്ബാസ് നിൽഫറോഷനായിരുന്നു ഈ ദൂതൻ. ഇസ്രയേൽ നടത്തിയ ആക്രമണത്തിൽ നസ്റല്ലയുടെ ബങ്കറിൽ ഉണ്ടായിരുന്ന നിൽഫറോഷനും കൊല്ലപ്പെട്ടു.ശനിയാഴ്ച മുതൽ ഇറാനിലെ അജ്ഞാതമായ സുരക്ഷിത കേന്ദ്രത്തിലാണ് ഖമേനി. ഇസ്രായേലിന് നേരെ 200 ഓളം മിസൈലുകൾ തൊടുക്കാൻ നേരിട്ട് ഉത്തരവിട്ടത് ഖമേനിയാണെന്ന് മുതിർന്ന ഇറാൻ ഉദ്യോഗസ്ഥൻ പറഞ്ഞു. നസ്റല്ലയുടെയും നിൽഫറോഷന്റെയും മരണത്തിനുള്ള പ്രതികാരമാണ് ആക്രമണമെന്ന് റവല്യൂഷണറി ഗാർഡ്സ് പ്രസ്താവനയിൽ പറഞ്ഞു.



## ടെൽ അവീവ് ഷൂട്ടിംഗിൽ 9 മാസം പ്രായമുള്ള മകനെ രക്ഷിക്കുന്നതിനിടെ ഇസ്രായേൽ സ്ത്രീ കൊല്ലപ്പെട്ടു

ടെൽ അവീവ്: ചൊവ്വാഴ്ച ഇസ്രയേലിലെ ജാഫയിലെ ലൈറ്റ് റെയിൽവേ സ്റ്റേഷനിൽ ഉണ്ടായ വെടിവെപ്പിൽ ഏഴ് പേർ കൊല്ലപ്പെട്ടു. ആക്രമണത്തിന് ഇരയായവരിൽ ഒരാൾ 33 കാരിയായ അമ്മയാണ്. തന്റെ 9 മാസം പ്രായമുള്ള കുഞ്ഞ് ആരിയെ സംരക്ഷിക്കുന്നതിനിടെയാണ്യുവതിക്ക് ജീവൻ നഷ്ടപ്പെട്ടത്. ധീരയായ അവൾ തന്റെ കുഞ്ഞിനെ അപകടത്തിൽ നിന്ന് സംരക്ഷിക്കുകയും തന്റെ കുഞ്ഞിനെ സംരക്ഷിക്കാൻ ജീവൻ നൽകുകയും ചെയ്തതായി ഇസ്രായേലി ഉദ്യോഗസ്ഥർ റിപ്പോർട്ട് ചെയ്തു. ''ഇന്നലെ ടെൽ അവീവിൽ നടന്ന ഭീകരാക്രമണത്തിൽ ഇരയായവരിൽ ഒരാളായ ഇൻബാർ സെഗെവ്-വിഗ്ദർ, തന്റെ 9 മാസം പ്രായമുള്ള മകൻ ആരിയെ സംരക്ഷിക്കുന്നതിനിടെ കൊല്ലപ്പെട്ടു. അവൾ അവന്റെ ജീവൻ രക്ഷിച്ചു. വാക്കുകളില്ല, ഹൃദയം നുറുങ്ങുന്ന വേദന മാത്രം.'' അമ്മയുടെയും മകന്റെയും ചിത്രം പങ്കുവെച്ചുകൊണ്ട് ഇസ്രായേൽ സ്റ്റേറ്റ് എക്സിൽ കുറിച്ചു.

## യുഎൻ മേധാവിയെ രാജ്യത്ത് പ്രവേശിപ്പിക്കാതെ ഇസ്രയേൽ; യുഎൻ ചരിത്രത്തിലെ കളങ്കമെന്ന് ആക്ഷേപം

ജെറുസലേം: ഐക്യരാഷ്ട്രസഭ സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടെറസിനെ രാജ്യത്ത് പ്രവേശിക്കുന്നതിൽ നിന്ന് വിലക്കി ഇസ്രായേൽ. ഗുട്ടെറസ് പക്ഷപാതപരമായി പെരുമാറുന്നുവെന്ന് ആരോപിച്ചാണ് നടപടി. രാജ്യത്തേക്ക് പ്രവേശിക്കുന്നതിൽ നിന്ന് ഇസ്രായേൽ വിലക്കിയിരുന്നു. ഇസ്രായേലിനെതിരായ ഇറാന്റെ മിസൈൽ ആക്രമണത്തെ അസന്ദിഗ്ധമായി അപലപിക്കുന്നതിൽ യുഎൻ മേധാവി പരാജയപ്പെട്ടെന്ന് ഇസ്രായേൽ വിദേശകാര്യ മന്ത്രി ഇസ്രായേൽ കാറ്റ്സ് പറഞ്ഞു.'ഇസ്രയേലിനെതിരായ ഇറാന്റെ ഹീനമായ ആക്രമണത്തെ അസന്നിഗ്ദ്ധമായി അപലപിക്കാൻ കഴിയാത്ത ആർക്കും ഇസ്രായേൽ മണ്ണിൽ കാലുകുത്താൻ അർഹതയില്ല,' കാറ്റ്സ് പറഞ്ഞു. ഹമാസ്, ഹിസ്ബുള്ള, ഹൂത്തികൾ, ഇറാനിൽ നിന്നുള്ള തീവ്രവാദികൾ, ബലാത്സംഗികൾ, കൊലപാതകികൾ എന്നിവർക്ക് പിന്തുണ നൽകുന്ന ഒരു സെക്രട്ടറി ജനറൽ യുഎൻ ചരിത്രത്തിലെ കളങ്കമായി ഓർമ്മിക്കപ്പെടുമെന്നും കാറ്റ്സ് പ്രതികരിച്ചു. ''മിഡിൽ ഈസ്റ്റ് സംഘർഷം രൂക്ഷമായതിന് ശേഷം വർദ്ധിക്കുന്നതിനെ ഞാൻ അപലപിക്കുന്നു. ഇത് നിർത്തണം. ഞങ്ങൾക്ക് തീർത്തും വെടിനിർത്തൽ ആവശ്യമാണ്,' ടെൽ അവീവിലേക്ക് ഇറാൻ ഡസൻ കണക്കിന് ബാലിസ്റ്റിക് മിസൈലുകൾ വിക്ഷേപിച്ചതിന് പിന്നാലെ ഗുട്ടെറസ് എക്സിൽ പ്രതികരിച്ചത് ഇപ്രകാരമാണ്. ''ലെബനനിലെ സംഘർഷം രൂക്ഷമായതിൽ ഞാൻ അതീവ ഉത്കണ്ഠാകുലനാണ്, ഉടനടി വെടിനിർത്തലിന് അഭ്യർത്ഥിക്കുന്നു. ലെബനനിൽ എന്തുവിലകൊടുത്തും ഒരു സമ്പൂർണ യുദ്ധം ഒഴിവാക്കണം, ലെബനന്റെ പരമാധികാരവും പ്രദേശിക സമഗ്രതയും മാനിക്കണം,'' അദ്ദേഹം പറഞ്ഞു.ഗുട്ടെറസിന്റെ പ്രതികരണത്തിൽ ഇസ്രായേൽ സർക്കാർ നിരാശ പ്രകടിപ്പിച്ചു. 'ഒക്ടോബർ 7 ന് ഹമാസ് കൊലയാളികൾ നടത്തിയ കൂട്ടക്കൊലയെയും ലൈംഗിക അതിക്രമങ്ങളെയും ഇതുവരെ അപലപിച്ചിട്ടില്ലാത്ത ഒരു സെക്രട്ടറി ജനറലാണിത്. അവരെ തീവ്രവാദ സംഘടനയായി പ്രഖ്യാപിക്കാനുള്ള ഒരു ശ്രമത്തിനും അദ്ദേഹം നേതൃത്വം നൽകിയിട്ടില്ല,'' കാറ്റ്സ് പറഞ്ഞു.



## മൊസാദിന്റെ ആസ്ഥാനത്ത് ഇറാന്റെ ആക്രമണം; മിസൈൽ വീണ് വൻ ഗർത്തം

ടെൽ അവീവ് : ഇസ്രായേലിനെതിരെ വ്യോമാക്രമണം നടത്തി ഇറാൻ. ഇറാൻ ഇസ്രായേലിലേക്ക് മിസൈൽ തൊടുത്തുവെന്ന് ഇസ്രായേൽ പ്രതിരോധ സേന (ഐഡിഎഫ്) സ്ഥിരീകരിച്ചു.250ലധികം മിസൈലുകൾ ഇസ്രയേലിലേക്ക് ഇറാൻ തൊടുത്തതായാണ് റിപ്പോർട്ടുകൾ. ഈ മിസൈലുകൾ മൊസാദ് ഹെഡ് ഓഫീസിൽ നിന്ന് 1,500 മീറ്റർ അകലെ 30 അടി ആഴവും 50 അടി വീതിയുമുള്ള ഗർത്തം ഉണ്ടാക്കിയതായും പ്രാദേശിക മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നു. മിസൈൽ ആക്രമണത്തെ തുടർന്ന് നിർത്തിയിട്ടിരിക്കുന്ന വാഹനങ്ങൾക്ക് മുകളിൽ മണ്ണും പൊടിപടലങ്ങളും ദൃശ്യങ്ങളിൽ വ്യക്തമാണ്.ജനങ്ങളെയെല്ലാം ബോംബ് ഷെൽട്ടറുകളിലേക്ക് മാറ്റിയതായും ഐഡിഎഫ് സമൂഹ മാധ്യമമായ എക്സിലൂടെ അറിയിച്ചു. ഇസ്രയേലിലെ ഒരുകോടിയോളം വരുന്ന ജനങ്ങളെ ലക്ഷ്യമാക്കിയാണ് ഇറാന്റെ ആക്രമണമെന്നും ഐഡിഎഫ് കൂട്ടിച്ചേർത്തു. 'ഓപ്പറേഷൻ ട്രൂ പ്രോമിസ് കക' എന്നാണ് ഇറാൻ ആക്രമണത്തെ വിശേഷിപ്പിച്ചത്.അതേസമയം, ആക്രമണം നടത്തിയത് തങ്ങളാണെന്ന് ഇറാൻ സ്ഥിരീകരിച്ചു. തിരിച്ചടിച്ചാൽ വലിയ പ്രത്യാഘാതങ്ങൾ നേരിടേണ്ടിവരുമെന്ന് ഇസ്ലാമിക് റെവല്യൂഷണറി ഗാർഡ് കോർപ്സ് (ഐആർജിസി) ഉദ്ധരിച്ച് ഐആർഎൻഎ വാർത്താ ഏജൻസി റിപ്പോർട്ട് ചെയ്തു. ഇസ്മായിൽ ഹനിയയുടെയും ഹസൻ നസ്റുല്ലയുടെയും രക്തസാക്ഷിത്വത്തിനുള്ള പകരമാണ് ആക്രമണമെന്നും ഐആർജിസി വ്യക്തമാക്കി.പരമോന്നത നേതാവ് ആയത്തുല്ല അലി ഖമേനിയുടെ നിർദേശപ്രകാരമാണ് മിസൈൽ വിക്ഷേപണം നടത്തിയതെന്ന് ഇറാനിലെ മുതിർന്ന ഉദ്യോഗസ്ഥൻ റോയിട്ടേഴ്സിനോട് പറഞ്ഞു. മിസൈൽ ആക്രമണത്തിന് തൊട്ടുപിന്നാലെ, ഇസ്രായേലിനെതിരായ ആക്രമണത്തിന് ഇറാൻ കനത്ത വില നൽകേണ്ടിവരുമെന്ന് ഇസ്രായേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹു ആവർത്തിച്ചു.

# തെക്കൻ ലെബനനിൽ ഹിസ്ബുള്ളയുമായുള്ള ഏറ്റുമുട്ടലിൽ 8 ഇസ്രായേൽ സൈനികർ കൊല്ലപ്പെട്ടു

ജെറുസലേം: തെക്കൻ ലെബനനിൽ കരയുദ്ധം ആരംഭിച്ചതിന് ശേഷം ഹിസ്ബുള്ളയുമായുള്ള ഏറ്റുമുട്ടിയപ്പോൾ എട്ട് സൈനികർ കൊല്ലപ്പെട്ടതായി ഇസ്രായേൽ ബുധനാഴ്ച പ്രസ്താവിച്ചു. തങ്ങളുടെ സൈനികർ എങ്ങനെയാണ് കൊല്ലപ്പെട്ടത് എന്നതിനെക്കുറിച്ചുള്ള വിശദാംശങ്ങളൊന്നും ഇസ്രായേൽ സൈന്യം നൽകിയിട്ടില്ലെങ്കിലും ഹിസ്ബുള്ളയുമായി വളരെ അടുത്ത ദൂരത്തിൽ യുദ്ധം നടന്നിട്ടുണ്ടെന്ന് നേരത്തെ വ്യക്തമാക്കിയിരുന്നു. തെക്കൻ ലെബനനിലെ ഇസ്രായേൽ അധിനിവേശത്തിന്റെ രണ്ടാം ദിവസമാണ് ഏറ്റുമുട്ടലുണ്ടായത്.ബുധനാഴ്ച രാവിലെ തങ്ങളുടെ 36-ാം ഡിവിഷൻ ലെബനനിലേക്ക് പ്രവേശിക്കുന്നതിന്റെ ദൃശ്യങ്ങൾ ഇസ്രായേൽ സൈന്യം പുറത്തുവിട്ടിരുന്നു. നിലവിൽ രണ്ട് ഇസ്രായേലി ഡിവിഷനുകൾ തെക്കൻ ലെബനനിൽ സജീവമാണ്. പ്രദേശത്തെ ഹിസ്ബുള്ളയുടെ അടിസ്ഥാന സൗകര്യങ്ങൾ തകർക്കാൻ ലക്ഷ്യമിട്ടാണ് നീക്കം. ഇറാന്റെ പിന്തുണയുള്ള തീവ്രവാദ ഗ്രൂപ്പായ ഹിസ്ബുള്ള, തങ്ങളുടെ പോരാളികൾ കുറഞ്ഞത് മറൂൺ അൽ-റാസ് പട്ടണത്തിൽ വെച്ച് ഇസ്രായേൽ സേനയുമായി ഏറ്റുമുട്ടിയെന്ന് അറിയിച്ചു. ഇതിന് സമീപമുള്ള ഇസ്രയേൽ നഗരമായ അവീവിമിലേകക് റോക്കറ്റ് ആക്രമണം നടത്തിയതായും ഹിസ്ബുള്ള അവകാശപ്പെട്ടു.




## ഇസ്രായേൽ എംബസിക്ക് നേരെയുള്ള സ്ഫോടനം; ഡാനിഷ് പോലീസ് 3 പേരെ കസ്റ്റഡിയിലെടുത്തു



കോപ്പൻഹേഗൻ: കോപ്പൻഹേഗനിലെ വടക്കൻ പ്രദേശത്ത് സ്ഥിതി ചെയ്യുന്ന ഇസ്രായേൽ എംബസിക്ക് സമീപം സ്ഫോടനമുണ്ടായതിൽ ഡാനിഷ് പൊലീസ് അന്വേഷണം തുടങ്ങി. മൂന്ന് പേരെ ചോദ്യം ചെയ്യുന്നതിനായി കസ്റ്റഡിയിലെടുത്തതായി ഡാനിഷ് പോലീസ് അറിയിച്ചു.കോപ്പൻഹേഗനിലെ പ്രധാന റെയിൽവേ സ്റ്റേഷനിൽ ട്രെയിനിൽ വച്ചാണ് രണ്ട് പേരെ പിടികൂടിയത്, മൂന്നാമനെ ഡാനിഷ് തലസ്ഥാനത്ത് വച്ച് പിടികൂടിയതായും സോഷ്യൽ മീഡിയ പ്ലാറ്റ്ഫോം എക്സിൽ പോലീസ് അറിയിച്ചു.പോലീസ് കസ്റ്റഡിയിലെടുത്തവർക്ക് സ്ഫോടനങ്ങളുമായി ബന്ധമുണ്ടോ എന്നത് വ്യക്തമല്ല. മിഡിൽ ഈസ്റ്റിൽ സംഘർഷസാധ്യത രൂക്ഷമാകുന്ന സമയത്താണ് ഇസ്രായേൽ എംബസിക്ക് നേരെയും ആക്രമണമുണ്ടാവുന്നത്. സ്ഫോടനത്തിൽ പരിക്കുകളൊന്നും ഉണ്ടായിട്ടില്ലെന്നും കെട്ടിടത്തിന് കേടുപാടുകൾ സംഭവിച്ചിട്ടില്ലെന്നും ഇസ്രായേൽ എംബസി പ്രസ്താവനയിൽ പറഞ്ഞു.

## 2050-ലെ മൂന്ന് ലോക ശക്തികൾ, ഇന്ത്യയും ചൈനയും അമേരിക്കയും: പ്രവചിച്ച് ടോണി ബ്ലെയർ

ലണ്ടൻ: 2050 ആകുമ്പോഴേക്കും മൂന്ന് ലോകശക്തികളിലൊന്നായി ഇന്ത്യ മാറുമെന്ന് യു.കെ മുൻ പ്രധാനമന്ത്രി ടോണി ബ്ലെയർ. ഇന്ത്യയും ചൈനയും അമേരിക്കയുമായിരിക്കും 2050 ലെ ലോകശക്തികളെന്ന് അദ്ദേഹം പറഞ്ഞു. ആഗോളനേതാക്കൾ മുന്നോട്ട് നയിക്കുന്ന സങ്കീർണമായ ഒരു ലോകക്രമം സൃഷ്ടിക്കപ്പെടുമെന്നും ടോണി ബ്ലെയർ കൂട്ടിച്ചേർത്തു. ഒരു മാദ്ധ്യമത്തിന് നൽകിയ അഭിമുഖത്തിലായിരുന്നു പരാമർശം.ഈ രാജ്യങ്ങൾ രൂപപ്പെടുത്തുന്ന ഒരു മൾട്ടിപോളാർ ലോകവുമായി രാഷ്ട്രങ്ങൾ പൊരുത്തപ്പെട്ടുപോകേണ്ടതുണ്ടെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. 1997 മുതൽ 2007 വരെ ബ്രിട്ടീഷ് പ്രധാനമന്ത്രിയായി സേവനമനുഷ്ഠിച്ച ടോണി ബ്ലെയർ തന്റെ ഭരണകാലത്തേക്കാൾ സങ്കീർണമാണ് നിലവിലെ ആഗോള ഭൂപ്രകൃതിയെന്ന് ചൂണ്ടിക്കാട്ടി. അമേരിക്കയായിരുന്നു അന്നത്തെ ലോകശക്തിയായി കണക്കാക്കപ്പെട്ടിരുന്നത്. എന്നാൽ ചൈനയുടെയും ഇന്ത്യയുടേയും ഉയർച്ച ഇതിനൊരു മാറ്റം കൊണ്ടുവരുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഹിസ്ബുള്ള-ഇസ്രായേൽ പ്രശ്നങ്ങൾ ഒരു വിശാലമായ യുദ്ധത്തിലേക്ക് നയിച്ചേക്കുമെന്നും ടോണി ബ്ലെയർ മുന്നറിയിപ്പ് നൽകി. ഇസ്രായേലിനും പാലസ്തീനുമിടയിൽ സമാധാനത്തിനുള്ള ഏക പ്രായോഗിക മാർഗം ദ്വിരാഷ്ട്ര പരിഹാരമാണെന്നും അദ്ദേഹം ഓർമ്മപ്പെടുത്തി.









Congratulations
Kevin Weds Natasha
Saturday October 5, 2024 Chicago